032:3M93:12 F5 CHITRASALA JANARDANAMENON

032:3M93:12
F5

MUL
037821

Madras University Library.

DOCTRINA VIM PROMOVET INSITAM

Call Number 032:3M93:12 F5

Accession Number 37821

Available for loan from

This book should be returned on or before the date last marked below.

27 OCT 1949

15 DEC 1952

10 FEB 1954

61

Chitrasala

# “ചിത്രശാല”

---

പരിഭാഷകൻ:

## കുന്നത്തു് ജനാർദ്ദനമേനോൻ.

Janardanan Menon

പ്രകാശകൻ:

## കെ. കെ. തമ്പാൻ,

ഭാരതവിഹാരം, പാലക്കാട്ടു്.

1925

---

വില ൧ക. ൮ണ.

Printed at
The Vidya Vilasam Power Press,
CALICUT.
1925.

# സ്വന്തം പ്രസ്താവന.

---

ഈ കൃതിയിലേ വിഷയങ്ങൾ വിവിധജീവിതചിത്രങ്ങളേ പ്രദർശിപ്പിക്കുന്ന കഥകളാകകൊണ്ടാണ് ഇതിന്ന് "ചിത്രശാല"യെന്ന് പേർ കൊടുത്തിരിക്കുന്നത്. ഇതിൽ ആകേ ഒമ്പതു കഥകൾ അടങ്ങീട്ടുണ്ട്. അവയിൽ, ക്ഷുധിതപാഷാണം, പ്രതികാരം, അതിക്രമം, അപസർപ്പണം, പശ്ചാത്താപം, മുക്തിമാർഗ്ഗം എന്നീ ആറു കഥകൾ ഡാക്ടർ രവീന്ദ്രനാഥടാഗൂറും, അക്ഷയപുഷ്പം, ജീവിതശോകം, ലജ്ജാവതി എന്നീ മൂന്നു കഥകൾ ടാഗൂറിന്റെ സഹോദരിയായ സ്വർണ്ണകുമാരിദേവിയും എഴുതീട്ടുള്ളവയാണ്. തർജ്ജമയേ എന്നാലാവുന്നേടത്തോളം സുഗമവും ലളിതവുമാക്കേണ്ടതിലേക്ക് ഇടയ്ക്ക് ചിലേടത്ത് അല്പം നിരങ്കുശത്വം പ്രയോഗിച്ചിട്ടുണ്ട്. ഈ പുസ്തകത്തിന്റെ പകർപ്പവകാശം ഞാൻ എന്റെ മാന്യമിത്രമായ ശ്രീമാൻ കേ. കേ. തമ്പാൻ അവർകൾക്ക്, മുഴുവനമായി ഒഴിഞ്ഞുകൊടുത്തിരിക്കുന്നു.

കുന്നത്ത് ജനാർദ്ദനമേനോൻ,

പരിഭാഷകൻ.

---

# വിഷയാനുക്രമണിക.


| | | |
|---|---|---|
| 1. | ക്ഷുധിതപാഷാണം. | |
| 2. | പ്രതികാരം ... ... | 31 |
| 3. | അതിക്രമം ... ... | 65 |
| 4. | അപസപ്പ്ണം ... ... | 78 |
| 5. | പശ്ചാത്താപം ... ... | 100 |
| 6. | അക്ഷയവൃഷ്ടം ... ... | 111 |
| 7. | മുക്തിമാൎഗ്ഗം ... ... | 126 |
| 8. | ജീവിതശോകം ... ... | 148 |
| 9. | ലജ്ജാവതി ... ... | 172 |


# ശുദ്ധിപത്രം.

| പുറം | വരി | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 35 | 19 | മുകുന്ദൻ | ഗൌരികാന്തൻ |
| 62 | 23 | പിൻപ്പ് | പിൻ |
| 110 | 6 | രിക്കുന്നു | രിക്കുന്ന |
| 182 | 8 | നടത്തുയാണക | നടത്തുകയാണ് |

# "ചിത്രശാല."

## ൧. ക്ഷുധിതപാഷാണം.

ഞാനും എൻേറ ബന്ധുവുംകൂടി നവരാത്രികാലത്ത് നാട്ടിൽ ചെന്നു പാൎത്തിട്ട് കൽക്കട്ടയിലേക്ക് തിരിച്ചു വരുമ്പോൾ തീവണ്ടിയാഫീസ്സിൽ വെച്ച് ആ മനുഷ്യനേ കണ്ടു. ആയാളുടേ ആകൃതിയും പ്രകൃതിയും അലങ്കാരവും കൊണ്ട് ആയാൾ ഒരു പാശ്ചാത്യമുസ്സൽമാനാണെന്ന് ഞങ്ങൾ ധരിച്ചു. എന്നാൽ, ആയാളുടേ സംഭാഷണം കേട്ടപ്പോൾ ആ ധാരണയേപ്പററി ഞങ്ങൾക്കുതന്നേ സംശയമുണ്ടായി. സൃഷ്ടിസ്ഥിതി സംഹാരകൎത്താവായ ദൈവം പോലും ഏതു കാൎയ്യവും ആ മനുഷ്യൻേറ അഭിപ്രായം ഗ്രഹിച്ചിട്ടേ നിൎവ്വഹിക്കാറുള്ളുവെന്ന് തോന്നത്തക്കവണ്ണം അത്രയും കൃതനിശ്ചയത്തോടും സ്പഷ്ടാൎത്ഥത്തോടും കൂടി ഏതു വിഷയത്തേപ്പററിയും വിവദിക്കുവാൻ ആയാൾക്കറിയാം. നാം കേട്ടിട്ടില്ലാത്ത ഏതോ ചില അജ്ഞാതശക്തികൾ മറഞ്ഞിരുന്ന് ലോകത്തിൽ പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നുവെന്നും, റഷ്യക്കാർ നമ്മുടേ രാജ്യത്തേ ആക്രമിക്കുവാൻ വന്നെത്തിക്കഴിഞ്ഞുവെന്നും ആംഗലേയർ അഗാധവും നിഗൂഢവുമായ തന്ത്രങ്ങൾ ഗ്രഹിച്ചിട്ടുള്ളവരാ

ഒന്നും, ഭാരതീയനേതാക്കന്മാൎക്കിടയിൽ ഭിന്നവൃത്തിയാൽ കുഴപ്പം നേരിട്ടിരിക്കുന്നുവെന്നും മററുമുള്ള കാൎയ്യങ്ങൾ ആയാൾ വിവരിച്ചു പറഞ്ഞു, ഇതിന്മുമ്പ് ഞങ്ങൾ അറിഞ്ഞിട്ടില്ലാത്തവയാകയാൽ, വിശ്വാസത്തോടേ കേട്ടുകൊണ്ടിരുന്നു. ആ പുതിയ സ്നേഹിതനാകട്ടേ, പച്ചച്ചിരിയോടുകൂടി—

"പത്രങ്ങൾ ഗ്രഹിക്കാത്ത വാൎത്തകളെത്രയെത്ര

പാതാളത്തിലും പിന്നേ വിണ്ണിലും നടക്കുന്നു!"

എന്ന് പാടി. ഇതിന്മുമ്പ് ഞങ്ങൾ ദേശസഞ്ചാരം ചെയ്തിട്ടുള്ളവരല്ലായ്കയാൽ, ആയാളുടേ നടപടികൾ കണ്ട് വല്ലാതേ സംഭ്രമിച്ചുപോയ ഞങ്ങൾക്ക് നാവിളകിയതേയില്ല. എത്ര തുച്ഛമായ സംഭവമായിരുന്നാലും, ആയാൾ അതിന്നു ശാസ്ത്രീയപ്രമാണങ്ങൾ എടുത്തുദാഹരിക്കും; തൽസംബന്ധമായി ചില വേദവാക്യങ്ങൾ ഉദ്ധരിച്ച് വ്യാഖ്യാനിക്കുകയും ചെയ്യും. അഥവാ, ഏതെങ്കിലുമൊരു പാരസികകവിയുടേ വക പദ്യങ്ങൾ ആയാൾ പാടിക്കേൾപ്പിക്കും. ശാസ്ത്രം, വേദം, പാരസികഭാഷ എന്നിവ ഞങ്ങൾക്ക് അറിഞ്ഞുകൂടാത്തവയാകയാൽ ആയാളിൽ ഞങ്ങൾക്കുണ്ടായ ബഹുമാനം വൎദ്ധിച്ചുകൊണ്ടേ വന്നു. ബ്രഹ്മവിദ്യാസംഘത്തിൽ ചേൎന്നിട്ടുള്ള എന്റെ ബന്ധു, ഈയാൾ ഏതോ ഒരു വക ആകൎഷണശക്തിയാലോ, മന്ത്രശക്തിയാലോ, തേജോമയമൂൎത്തിയാലോ, അഥവാ, ഇതുപോലേയുള്ള മററു വല്ല ദിവ്യശക്തിയാലോ സൎവ്വജ്ഞനായിത്തീൎന്നിട്ടുള്ളവനാണെന്ന് തികച്ചും വിശ്വസിച്ചു. എന്നിട്ട്, ആ അസാധാരണമനുഷ്യന്റെ വാ

യിൽ നിന്ന് വെളിപ്പെടുന്ന ഓരോ വാക്കും എന്റെ ബന്ധുഭക്തിപാരവശ്യത്തോടേ സശ്രദ്ധം കേട്ടുകൊണ്ടിരുന്നതിന്നു പുറമേ, ആ സംഭാഷണത്തിൽ നിന്ന് എന്തോ ചിലതു് ഗ്രന്ഥമായി കുറിച്ചെടുക്കയും ചെയ്തു. ആ അത്ഭുതമനുഷ്യനാവട്ടേ, ഇതുകണ്ടു്, തെല്ലൊന്നു് സന്തോഷിച്ചുവെന്നാണു് എനിക്കു് തോന്നുന്നതു്.

വണ്ടി മാറിക്കയറേണ്ട ആഫിസ്സിൽ എത്തിയപ്പോൾ അവിടേയിറങ്ങി ഞങ്ങൾ „കോത്തിരുപ്പറ”യിൽ ചെന്നുകൂടി. അപ്പോൾ, രാത്രി പത്തു മണിയായിരിക്കുന്നു. വഴിയിൽ എന്തോ തകരാറു് പററിയതിനാൽ വണ്ടിവരുന്നതിന്നു് വളരേ താമസമുണ്ടെന്നറിഞ്ഞു. അതുകൊണ്ടു്, മേശയിന്മേൽ എന്റെ മെത്തവിരിച്ച് സുഖമായൊന്നുറങ്ങാമെന്ന് കരുതി അതിലേക്കു് തുനിഞ്ഞു. അപ്പൊഴാണു് ആ അസാധാരണമനുഷ്യൻ തന്റെ കഥ ആരംഭിച്ചതു്. അന്നു രാത്രി ഞാൻ ഉറങ്ങിട്ടില്ല.

„ഭരണനിർവ്വഹണസംബന്ധമായ ഒന്നുരണ്ടു പ്രശ്നങ്ങളിൽ ഞങ്ങൾ തമ്മിലുണ്ടായ അഭിപ്രായഭേദത്താൽ ജൂനാഗാഡിൽ എനിക്കുണ്ടായിരുന്ന ജോലി കൈവിട്ടുകളഞ്ഞു് ഞാൻ നൈസാമിന്റെ രാജ്യമായ ഹൈദർബാദിൽ ഒരുദ്യോഗസ്ഥനായിച്ചേരുകയും, ആ ഗവമ്മെണ്ടു് എന്നേ, പ്രാപ്തനായ ഒരു യുവാവാണെന്നു കണ്ടു് പരീജ് നഗരത്തിൽ പഞ്ചിനികുതി പിരിക്കേണ്ടതിലേക്കു് കലക്ടരായി നിയമിക്കയും ചെയ്തു.”

ഒരു രമണീയപ്രദേശമാണു് പരീജ്. ഉയർന്നു നില്ക്കുന്ന കുന്നുകളുടേ അടിവാരത്തിലുള്ള തോട്ടങ്ങളിൽ കൂടി,

പാറക്കഷണങ്ങളിൽ ഇടറിക്കൊണ്ടും, വെൺകല്ലുകളേ തഴുകിക്കൊണ്ടും, പ്രശാന്തയായ നടിയേപ്പോലേ കല കലനാദവും പുഞ്ചിരിത്തുമയും ചേൎന്ന് സ്വച്ഛതോയാനദി അവിടേ ഒഴുകിക്കൊണ്ടിരിക്കുന്നു. പുഴയിലേക്ക് അനേകശതം കൽപ്പടികൾ കെട്ടിയിറക്കീട്ടുണ്ട്. അതിന്നരികേ, ആ കുന്നുകളുടേ അടിവാരത്തിൽത്തന്നേ നില്ക്കുന്ന ശ്ലക്ഷ്ണശിലാനിൎമ്മിതമായ ഒരു വിജനഹൎമ്മ്യമുണ്ട്. അതിൽ മാത്രമല്ലാ, അതിന്നു ചുററുമുള്ള പ്രദേശങ്ങളിൽ കൂടിയും ജനനിവാസമില്ല. നഗരവും, പരുത്തിപ്പാണ്ടികശാലയും അകലേയാണ് കിടക്കുന്നത്.

ഏറക്കുറേ ഇരുനൂററിയമ്പതു കൊല്ലങ്ങൾക്കു മുമ്പ് മുഹമ്മദ് ഷാ, ദ്വിതീയൻ തന്റേ സുഖഭോഗങ്ങൾക്കും ആഡംബര പ്രതാപത്തിന്നും വേണ്ടി നിൎമ്മിച്ചതാണ് ഈ വിജനഹൎമ്മ്യം. അദ്ദേഹത്തിന്റേ കാലത്തു് ഈ മാളികയിൽ ധാരായന്ത്രങ്ങളിൽകൂടി പനിനീർ ചൊരിഞ്ഞു കൊണ്ടിരുന്നു. അന്ന് ആ പനിനീരാൽ കുളിർമകൊണ്ട അറകളിൽ, മാർബിൾക്കല്ലു പതിച്ച തറയിൽ, പാരസികയുവതികൾ നീരാടുവാനായി, പൂങ്കുഴൽ അഴിച്ചുലച്ച്, കുളിത്തൊട്ടിയിലേ നിൎമ്മലജലത്തിൽ കൃശവും അനലങ്കൃതവുമായ കഴൽത്തണ്ടുകൾ അലച്ചുകൊണ്ട്, വീണാനാദം പോലേ മധുരമുള്ള സ്വരത്തിൽ ചില ഗജൽകൾ പാടുക പതിവായിരുന്നു.

ആ ധാരായന്ത്രങ്ങൾ ഇനിമേൽ പനിനീർ ചൊരിയുകയില്ല. ആ ഗാനങ്ങളും അടങ്ങിപ്പോയി. മഞ്ഞിൻകട്ടിപോലേ വെണ്മ കൂടിയ പാദങ്ങൾ, കുളിർമയേറിയ മാർ

ബിാം കല്ലുകളിന്മേൽ അണിനിരന്നുകൊള്ളുക ഇനിയുണ്ടാകയുമില്ല. ഇപ്പോഠം ആ മാളിക, പ്രിയതമയേ പിരിഞ്ഞു് ഏകനായി സന്തപിക്കുന്ന എന്നേപ്പോലേയുള്ള ഉദ്യോഗസ്ഥന്നു് നല്ലവണ്ണം യോജിച്ച പാൎപ്പിടമായിത്തീൎന്നിരിക്കുന്നു. ഈ മാളികയിൽ പാൎക്കുതെന്നു് എന്റേ കച്ചേരിയിലേ വൃദ്ധഗുമസ്ഥനായ കരീംഖാൻ എന്നേ നിൎബ്ബന്ധിക്കയുണ്ടായി. ഞാൻ അതിന്നു് വഴിപ്പെടാത്തതു കണ്ടപ്പോഠം അവൻ പറഞ്ഞു:—„ഇതിൽത്തന്നേ പാൎക്കേണമെന്നാണു് ഇഷ്ടമെങ്കിൽ പകൽ സമയത്തു മാത്രം ഇതിൽ വിശ്രമിക്കാം; രാത്രി, ഒരിക്കലും, ഇവിടേകിടക്കരുതു്.” അതും ഞാൻ കൈക്കൊണ്ടില്ല. അവഹേളനപൂൎവ്വമായ ചിരിയാണു് എനിക്കുണ്ടായതു്. ഭൃത്യന്മാർ പകൽ മുഴുവൻ അവിടേയുള്ള ജോലികഠം നടത്തിയതിൽപ്പിന്നേ, രാത്രി അവരവരുടേ വീട്ടിലേക്കു പോകുവാൻ പുറപ്പെട്ടു. ഞാൻ അതു് സമ്മതിച്ചു. സൂൎയ്യൻ അസ്തമിച്ചു കഴിഞ്ഞാൽ, കള്ളന്മാർ കൂടിയും ആ വഴിക്കു് വരികയില്ല. അത്ര ദുഷ്കീൎത്തിയാണു ആ മാളികയ്ക്കുണ്ടായിരിക്കുന്നതു്.

ആഠം പാൎപ്പില്ലാത്ത ആ മാളികയുടേ വിവിക്തഭാവം, സ്വപ്നത്തിൽ കാണുന്ന ഏതോ ഘോരരൂപം പോലേ, എന്റേ ഹൃദയത്തേ ആദ്യംതന്നേ തകൎത്തു. ഞാൻ പകൽ മുഴുവൻ വെളിയിൽ ചെന്നു് വളരേ നേരം മെയ്യുലച്ചു് ജോലി ചെയ്തു് രാത്രി ഈ മാളികയിൽ വന്നു, വളൎന്ന തളൎച്ചയോടുകൂടി മെത്തയിൽ കയറിക്കിടക്കുകയും അപ്പോഠംതന്നേ ഉറങ്ങുകയും ചെയ്യും.

ഇങ്ങിനേ ഒരു വാരം കഴിഞ്ഞപ്പോഴേക്കും ആ മാളി

ക എന്റെ മനസ്സിൽ ഏതാണ്ടൊരുവക ആകർഷണശക്തി ചെലുത്തിത്തുടങ്ങി. അതു് എന്താണെന്നോ എങ്ങിനേയെന്നോ പറയുവാനാവട്ടേ, അതു് ജനങ്ങളേ വിശ്വസിപ്പിക്കുവാനാവട്ടേ എനിക്കു് ശക്തിയില്ല. ആ മാളിക ഒരു സജീവമൂർത്തിയേപ്പോലേ, അതിന്റെ ജ്വരാഗ്നിയാൽ എന്നേ പതുക്കേ പതുക്കേ ദഹിപ്പിച്ചു വരുന്നതുപോലേ എനിക്കു് തോന്നി.

അഥവാ, ഈ വ്യാപാരം, ഞാൻ ഈ മാളികയിൽ പ്രവേശിച്ച അന്നു മുതല്ക്കുതന്നേ തുടങ്ങിയിട്ടുണ്ടാവാം. ഒരു വാരം കഴിഞ്ഞിട്ടേ, ഞാൻ അതു് അറിഞ്ഞിരിക്കയുള്ളു. ഏതായാലും അതു് ഞാൻ അറിഞ്ഞ ദിനത്തിലേ സംഭവങ്ങൾ എന്റെ ഓർമ്മയിൽ നല്ലവണ്ണം തെളിഞ്ഞു പതിഞ്ഞു കിടക്കുന്നുണ്ടു്.

വേനൽക്കാലമാണപ്പോൾ. കച്ചവടം ക്ഷീണിച്ചിരുന്നതിനാൽ, എനിക്കു് ജോലിയധികമുണ്ടായിരുന്നില്ല. സൂര്യാസ്തമയത്തിന്നു് അല്പം മുമ്പേ, കല്പടികളിൽ കീഴിൽ, നദീജലത്തിന്നരികേ ഒരു ചാരുകസേരയിൽ ഞാൻ ചാഞ്ഞു കിടക്കയായിരുന്നു. വേനലാൽ വെള്ളം വററി സ്വച്ഛതോയാനദി കൃശാംഗിയായി ഒഴുകുന്നു. അക്കരയിൽ പരന്നു കിടക്കുന്ന മണൽപ്പുറത്തു് അസ്തമയ സൂര്യകിരണങ്ങളേററു് കാഞ്ചനശ്രീ വിളങ്ങുന്നു. ഇക്കരയിൽ തെളിഞ്ഞ നീർച്ചാലുകളിലേ വെൺകല്ലുകൾ വൈരപ്രഭ ചേർന്നു് മിന്നുന്നു. അരികേയുള്ള കുന്നുകളിലേ നറുമണം പുലന്ന വള്ളിക്കുടിലുകളിൽ നിന്നു് മെല്ലേ മെല്ലേ ഇളകി വന്ന സുരഭിലമായ മലരിളംകാററു് മനോമോഹനമായി വിളയാടുന്നു.

കുന്നുകൾക്കിടയിൽ സൂര്യൻ മറഞ്ഞപ്പോൾ, ദിനരംഗത്തിൽ കറുകറുത്ത തിരശ്ശീല വീണതുപോലെയായി. ഇടയ്ക്കു നില്ക്കുന്ന കുന്നുകൾ, സന്ധ്യാരാഗവും നിശാതമസ്സും തമ്മിൽ കൂടിക്കലരുവാൻ വേണ്ടുന്ന കാലത്തേ വളരേ കുറച്ചുകളഞ്ഞു. ഈ സമയത്ത്, പുറത്തിറങ്ങി ഒന്ന് സവാരി ചെയ്തു വരാമെന്ന് വിചാരിച്ച് ഞാൻ എഴുന്നേല്ക്കുവാൻ ഭാവിച്ചു. അപ്പോൾ, പിമ്പുറത്ത് കൽപ്പടവുകളിൽ കൂടി ആരോ ചിലർ ഇറങ്ങി വരുന്നതുപോലെയുള്ള പാദവിന്യാസശബ്ദം കേട്ടു; ഞാൻ തിരിഞ്ഞു നോക്കി; ആരേയും കണ്ടില്ല.

ഇതെന്തൊരു മായാവിലാസമെന്ന് വിസ്മയിച്ച് ഞാൻ അവിടേത്തന്നേ ഇരുന്നു. ഉടനേ വീണ്ടും, ആ ശബ്ദം തന്നേ കേൾക്കായിവന്നു. ഭയസമ്മിശ്രവും അസ്വാഭാവികവുമായ ഒരു വക ആഹ്ലാദമാണ് എൻേറ മനസ്സിൽ അപ്പോഴുണ്ടായത്. എൻേറ മുമ്പിൽ ആരേയും ഞാൻ കണ്ടില്ലെങ്കിലും, വേനൽക്കാലത്തിലേ ആ വൈകുന്നേരത്ത് സ്വച്ഛതോയാനദിയിൽ നീരാടുവാനായി കൽപ്പടവുകൾ വഴിക്ക് ആഭരണക്വണിതത്തോടുകൂടി ഇറങ്ങി വന്ന ഒരു കൂട്ടം മഹിളാമണികൾ എൻേറ മുമ്പിൽ നില്ക്കുന്നുണ്ടെന്ന് എനിക്ക് തോന്നി. പ്രകൃതിദേവിയുടേ മൌനവ്രതത്തേ ഭഞ്ജിക്കുന്നതിന്ന് ആ പരന്ന പറമ്പിൽ നിന്നോ, നദിയിൽ നിന്നോ, മാളികയിൽ നിന്നോ ശബ്ദമൊന്നും പുറപ്പെടുകയുണ്ടായില്ല. എന്നാൽ, എന്നേ പരിഗണിക്കാതേ, കേളീലോലുപകളായി ഒന്നിനൊന്ന് പിന്തുടന്നുംകൊണ്ടു പുഴയിലേക്കിറങ്ങുന്ന ആ യുവതികളുടേ

മധുരമോഹനഹാസം, നിറയേ ചിതറിക്കിടക്കുന്ന ചെറു കല്ലുകളിൽ ഇടറിക്കൊണ്ട് തുള്ളിപ്പായുന്ന അരുവിയിൽ നിന്ന് നേൎത്തുയരുന്ന കള കള നാദംപോലേ എന്റേറ കണ്ണുങ്ങളിൽ പതിച്ചു. അവർ എനിക്കെന്നപോലേ, ഞാൻ അവൎക്കും ദൃഷ്ടിവിഷയമായിട്ടില്ലായിരിക്കാം. ആ പുഴയാവട്ടേ, അഗാധമൌനത്തിൽ നിമഗ്നമായിരുന്നു. എന്നാൽ, നിൎവ്വാതവും, നിൎമ്മലവും അവഗാഹ്യവുമായ നീർനിരപ്പ് കപണിതകങ്കണം ചാൎത്തിയ കൈത്തണ്ടുകളാൽ പെട്ടെന്ന് കല്ലോലമയമായതായും, ആ യുവതികൾ തമ്മിൽത്തമ്മിൽ വെള്ളം തള്ളിമുക്കിക്കൊണ്ട് കളിച്ചു ചിരിക്കുന്നതായും, നീന്തിക്കളിക്കുന്ന ആ സുന്ദരാംഗികളുടേ പാദങ്ങളേ, മൃദുതരംഗങ്ങൾ ഇളതായി ഇളകി മന്ദം മന്ദം ചുംബിക്കുന്നതായും എനിക്ക് തോന്നി.

എന്റേറ ഹൃദയത്തിൽ ഒരുവക ആവേശം ആവിർഭവിച്ചു. ഭീതികൊണ്ടോ, മോദംകൊണ്ടോ, അത് എങ്ങിനേയാണുണ്ടായതെന്ന് എനിക്കറിഞ്ഞുകൂടാ. ആ കാമിനികളേ നല്ലവണ്ണമൊന്നു കാണുവാൻ ഞാൻ ആശിച്ചു. എന്നാൽ, എന്റേറ കൺമുമ്പിൽ ഒന്നും തന്നേ വെളിപ്പെട്ടില്ല. അല്പമെങ്കിലും ശ്രദ്ധയോടുകൂടി ഞാൻ ചെവികൊടുക്കയാണെങ്കിൽ അവർ പറയുന്നതു മുഴുവൻ ഗ്രഹിക്കാമെന്ന് എനിക്ക് തോന്നി. എന്നാൽ, ഏകാഗ്രമായ ശ്രദ്ധയോടുകൂടിത്തന്നേ ഞാൻ ചെവി കൂൎപ്പിച്ചിട്ടും, തോട്ടത്തിലേ പുൽത്തണ്ടുകളിൽ നിന്നുള്ള ശബ്ദമല്ലാതേ മററൊന്നും കേട്ടില്ല. എന്റേറ മുമ്പിൽ കഴിഞ്ഞുപോയിരിക്കുന്ന ഇരുന്നൂററിയമ്പതു സംവത്സരങ്ങളും കാലയവനിക

യായി മാറി എന്നേ മറച്ച നില്ക്കുയാണെന്നു ഞാൻ വിചാരിച്ചു. അതിന്നകത്തു് നിലകൊള്ളുന്ന സദസ്യരെല്ലാവരും അന്ധകാരത്തിൽ നിശ്ശേഷം മഗ്നരാണെന്നിരുന്നാലും, ആ യവനികയുടേ ഒരു തുമ്പു് പതുക്കേയൊന്നു് ഉയർത്തി, അകത്തേക്കു് എത്തിനോക്കുവാൻ എനിക്കു് ആശയുണ്ടായി.

ദുസ്സഹമായ ആ സായാഹ്നമൌനം പെട്ടെന്നുണ്ടായ ഒരു പെരുംകാററാൽ തീരേ കലങ്ങിപ്പോയി. ആ കാററിൽ സ്വച്ഛതോയാനദി, അതിൻേറ പ്രശാന്തി ഇളകി മറിയുകയാൽ ഒരു അപ്സരസ്സിൻേറ വാർകുന്തൽ അഴിഞ്ഞലയുന്നതുപോലേ തരംഗാകുലമായിത്തീൎന്നു. നിശാന്ധകാരത്താൽ ആവൃതമായ വനത്തിൽ നിന്നു്, അതു് തമോമയമായ ഏതോ സ്വപ്നത്തിൽ നിന്നു് തൽസമയം ഉണൎന്നെഴുന്നേററതുപോലേ, മൎമ്മരധ്വനി പുറപ്പെട്ടു. അതു് സ്വപ്നമോ, അഥവാ ജാഗ്രത്തു് തന്നേയോ, ആവോ! ഇരുനൂററിയമ്പതു കൊല്ലങ്ങൾക്കു മുമ്പുണ്ടായിരുന്ന ആ പഴയ ലോകത്തിൽനിന്നു് ഒരേ നിമിഷത്തേക്കു മാത്രം പ്രതിബിംബിപ്പിച്ചു കാണിച്ച അഴകുവഴിഞ്ഞ കാഴ്ച അടുത്ത നിമിഷം തന്നേ മൃഗതൃഷ്ണികയെന്നവണ്ണം മറഞ്ഞുപോയി. മധുരഹാസത്തോടും നൂപുരശിഞ്ജിതത്തോടുംകൂടി അശോചരപാദങ്ങളാൽ എന്നേ കടന്നു് നടന്നു ചെന്നു് പുഴയിലിറങ്ങി നീന്തിക്കുളിച്ച ആ മായാരൂപങ്ങൾ നനഞ്ഞ പൂഞ്ചേലകൾ പിഴിഞ്ഞുകൊണ്ടു് തിരിച്ചു പോകുകയുണ്ടായില്ല. കാററടിയാൽ സൌരഭ്യമെന്നപോലേ, വസന്തത്തുവിൻേറ ഒരേ ശ്വാസത്താൽ ആ കാമിനികൾ അകന്നു മറഞ്ഞുപോയി.

എൻെറ ഏകാകിതയേ അവലംബിച്ചുകൊണ്ട് കവിതാദേവിതന്നേ എന്നേ ഇങ്ങിനേ വഞ്ചിച്ചതാണോ എന്ന് വിചാരിച്ച് ഞാൻ വല്ലാതേ പേടിച്ചു. പഞ്ഞിനികുതി പിരിക്കുന്ന ജോലിയിൽ ഏപ്പെട്ട് ഉദരം ഭരിച്ചുവരുന്ന ഈ ദരിദ്രനേ ആ നാശകാരിണി, മുൻകരുതലോടുകൂടിത്തന്നേ ഉപദ്രവിക്കുവാൻ വന്നിരിക്കയാണെന്ന് ഞാൻ വിശ്വസിച്ചു. അന്ന് വയർനിറയേ ഊൺ കഴിക്കേണമെന്ന് കരുതി. വിശന്നു കാഞ്ഞ വയറാണല്ലോ ഇത്തരം വ്യാധികളുടേ പാപ്പിടം. എൻെറ പാചകനേവിളിച്ച്, നെയ്യും, മസാൽസാമാനങ്ങളും ധാരാളം ചേത്ത് ഗുരുത്വമേറിയ ആഹാരം തയ്യാറാക്കുവാൻ ഞാൻ ഉത്തരവുകൊടുത്തു.

പിറെറന്നാൾ രാവിലേ ഇക്കഴിഞ്ഞ സംഭവം ഓത്തുനോക്കിയപ്പോൾ, വിനോദമയമായ വെറും ഭ്രമമാണിതെന്ന് എനിക്ക് തോന്നി. സന്തുഷ്ടചിത്തനായി, സായിപ്പിനേപ്പോലേ വട്ടത്തൊപ്പിയണിഞ്ഞ് വണ്ടിയിൽകയറി എൻെറ ജോലിക്കായി ഞാൻ പോയി. എൻെറ മുമ്മാസറിപ്പോർട്ട് അന്ന് തയ്യാറാക്കേണ്ടിയിരുന്നതുകൊണ്ട് നേരം വൈകീട്ടല്ലാതേ വീട്ടിലേക്ക് വരുവാൻ കഴികയില്ലെന്നാണിരുന്നത്. എന്നാൽ, ഇരുട്ടാകും മുമ്പേതന്നേ—എന്തുകൊണ്ടാണെന്നറിഞ്ഞുകൂടാ—എൻെറ പാപ്പിടത്തിലേക്ക് ഞാൻ ആവജ്ജിതനായി. അവരെല്ലാവരും എന്നേ കാത്തുകൊണ്ടിരിക്കയാണെന്നും, ഇനി, ഇതിലധികം ഞാൻ ഒട്ടുംതന്നേ താമസിച്ചുകൂടെന്നും എനിക്ക് തോന്നി. ആ റിപ്പോർട്ട് പൂത്തിയാക്കാതേ ഞാൻ എഴുന്നേററു. ആ

വട്ടത്തൊപ്പി എടുത്തണിഞ്ഞു. വണ്ടിയുടേ ഗതിയാൽ, നിർജ്ജനവും അന്ധകാരനിമഗ്നവുമായ ആ ശൂന്യസഞ്ചാരമാർഗ്ഗത്തേ ശബ്ദായമാനമാക്കിക്കൊണ്ടു്, കുന്നിൻചെരുവിൽ ഘോരാകാരം പൂണ്ടുനില്ക്കുന്ന എന്റേ മാളികയിൽ ഞാൻ ചെന്നുകയറി. സ്തംഭത്രയങ്ങളിന്മേൽ, ചിത്രകലാവിലാസസംഗതികളും പ്രസാധനഭംഗിവഴിഞ്ഞും നില്ക്കുന്ന തോരണങ്ങളോടുകൂടി, രാവും പകലും ദുസ്സഹവും ഘോരവുമായുള്ള വിജനതയാൽ ഉദ്വിഗ്നമായിരിക്കുന്ന വിശാലമണ്ഡപത്തിലേക്കാണു്, ഒന്നാംനിലയിൽനിന്നു മേല്പോട്ടേക്കുള്ള സോപാനങ്ങൾ കൊണ്ടുപോയിവിടുക. പകൽ, അപ്പോഴാണു്, നിശ്ശേഷം മറഞ്ഞുപോയതു്. വിളക്കുകളെല്ലാം കത്തിച്ചുകഴിഞ്ഞിട്ടില്ല. ഞാൻ വാതിൽ തുറന്ന ഉടനേ, അവിടേ കൂടിയിരുന്നവരെല്ലാവരും ചാടിയോടി രക്ഷപ്പെടുവാൻ കരുതി, സംഭ്രമത്തോടുകൂടി കൂട്ടം പിരിഞ്ഞു് വാതിലുകൾ, ജനാലുകൾ, താഴ്‌വാരങ്ങൾ, അറകൾ മുതലായതുകളിൽകൂടി സത്വരം പാഞ്ഞുപോകുന്നതുപോലേയുള്ള കലമ്പൽ പുറപ്പെട്ടു.

എന്നാൽ അവിടേ ആരേയും കാണാതേ ഞാൻ സംഭ്രമിച്ചു നിന്നുപോയി. പിന്നീടുണ്ടായ ഹർഷത്താൽ ഞാൻ കോൾമയിർക്കൊള്ളുകയും ചെയ്തു. കാലഗതിയാൽ തേഞ്ഞു തേഞ്ഞു കുറഞ്ഞു് അതിസൂക്ഷ്മമായിത്തീർന്ന അത്തർ മണവും, മററു പലതരം സുഗന്ധദ്രവ്യങ്ങളിൽ നിന്നുള്ള പരിമളവും എന്റേ ഘ്രാണേന്ദ്രിയത്തിൽ പ്രവേശിച്ചു. വിശാലവും വിജനവുമായ ആ മണ്ഡപത്തിൽ ആ കൽത്തൂൺ നിരകൾക്കിടയിൽ, ആ ഇരുട്ടിൽ ഞാൻ ത

ന്നിയേ നിന്നുകൊണ്ടു് ചുററും ശ്രദ്ധ ചെലുത്തി. മാർബിൾക്കൽത്തറയിൽ ധാരായന്ത്രങ്ങളിൽ നിന്നു് വെള്ളം ചാടുന്ന ശബ്ദവും, വീണയിൽ നിന്നു് പുതിയൊരു കളസ്വരവും, ആഭരണങ്ങളുടേ മധുരകണിതവും, നൂപുരങ്ങളുടേ മൃദുശിഞ്ജിതവും, ഘടികകളുടേ മണിയടിയൊലിയും, അകലേയുള്ള പെരുമ്പറയിൽ നിന്നുയരുന്ന മുഴക്കവും, കാററിൽ ഇളകുന്ന കണ്ണാടിച്ചില്ലുകളുടേ സ്വനിതവും, താഴ്‌വാരങ്ങളിൽ തൂക്കിയിരിക്കുന്ന കൂടുകളിലേ ചെറുകിളികൾ പുറപ്പെടുവിക്കുന്ന മഞ്ജുളകൂജിതവും—ഇവയെല്ലാം ചേൎന്നു് എൻേറ ചുററും ഒരു ദിവ്യമോഹനഗാനം കേൾക്കായി വന്നു.

കൈയിന്നും കരളിന്നും എത്താത്ത അലൌകികമായ ഈ തോന്നൽ ഈ ലോകത്തിൽ സത്യം തന്നേയെന്നും, മററുള്ളവ മുഴുവൻ വെറും സ്വപ്നമാണെന്നും കരുതത്തക്കവണ്ണം, അതിൻേറ മന്ത്രശക്തിയാൽ ഞാൻ അത്യന്തം വിമോഹിതനായി. മരിച്ചുപോയ ഇന്ന ആളുടേ ജ്യേഷ്ഠപുത്രനായ ശ്രീമാൻ ഇന്ന ആൾ അവർകൾ പഞ്ഞി നികുതി പിരിക്കുന്ന കലക്ടരായി ജോലി ചെയ്തു്, പ്രതിമാസം ൨൫൦-ക. ശമ്പളം പററി, ദിനംതോറും കുറും കുപ്പായവും കരിംതൊപ്പിയും അണിഞ്ഞു് കുതിര വണ്ടിയിൽ കയറി കച്ചേരിയിലേക്കു പോകുന്നുവെന്നു തുടങ്ങിയ സംഭവങ്ങളെല്ലാം വിനോദമയമായ വെറും തോന്നലാണെന്നു് ഞാൻ വിചാരിച്ചു. എന്നിട്ടു്, ആ നിശ്ശബ്ദമായ മണ്ഡപത്തിൽ, ആ അന്ധകാരത്തിൽ നില്ക്കുന്ന ഞാൻ അശ്വഹേഷിതംപോലേ ഉറക്കേയൊന്നു് ചിരിച്ചു.

ആ സമയത്തു് എൻേറ ഭൃത്യൻ ഒരു മണ്ണെണ്ണ വിളക്കോട്ടുകൂടി അവിടേ വന്നു. എനിക്ക് ഭ്രാന്താണെന്നു് അവൻ വിചാരിച്ചിരിക്കാം. ഞാൻ, വാസ്തവത്തിൽ, മരിച്ചുപോയ ഇന്ന ആളുടേ മകൻ ശ്രീമാൻ ഇന്ന ആൾ തന്നേയെന്നും, ഈ ലോകത്തിന്നുള്ളിലോ, അഥവാ പുറത്തോ അദൃശ്യങ്ങളായ ധാരായന്ത്രങ്ങളിൽ നിന്നു് വെള്ളം ചാട്ടുമ്പോഴും, അദൃശ്യങ്ങളായ അംഗുലികളാൽ ദിവ്യവീണയിലേ കമ്പികൾ മീട്ടുമ്പോഴും സുരുചിരമായി ഉയരുന്ന നിത്യഗീതത്താൽ സമ്മോഹനമായ പ്രദേശം എങ്ങാനും ഉണ്ടോ ഇല്ലയോ എന്നതു് നമ്മുടേ മഹാകവികളും യുവകവികളും തീർമാനിക്കേണ്ട വിഷയമാണെങ്കിലും, ഞാൻ പരീജ് പട്ടണത്തിൽ പഞ്ഞി നികുതി പിരിക്കുന്ന കലക്കരുദ്യോഗത്തിൽ സ്ഥിതി ചെയ്തു് പ്രതിമാസം ൩൦൦-കം ശമ്പളംപററി വരുന്നവനാണെന്നതു് സത്യം തന്നേയെന്നും തെളിഞ്ഞറിഞ്ഞു. മണ്ണെണ്ണ വിളക്കെരിയുന്ന എൻേറ അറയിൽ ചെന്നിരുന്നു് മേശമേൽ കിടക്കുന്ന വർത്തമാനപത്രമെടുത്തു് വായിക്കുവാൻ തുടങ്ങവേ, എനിക്കുണ്ടായ അത്യത്ഭുതമായ തോന്നലിനേപ്പററിയോർത്തു് ഞാൻ കുലുങ്ങിക്കുലുങ്ങി ചിരിച്ചുപോയി.

പത്രം വായിച്ചു തീർത്തു്, ഗുരുത്വമേറിയ ആഹാരം ഉൾക്കൊണ്ടു്, വിളക്കണച്ചു ഞാൻ മെത്തയിൽ കയറി ഉറങ്ങുവാൻ കിടന്നു. അറല്ലി പർവ്വതത്തിൻേറ മുകളിൽ, ലക്ഷോപലക്ഷം നാഴികയ്ക്കപ്പുറത്തു് മിന്നിത്തിളങ്ങുന്ന ഒരു നക്ഷത്രം, അന്ധകാര നിബിഡമായ വൃക്ഷഛായാമാർഗ്ഗേണ, തുറന്നു കിടക്കുന്ന ജനലിൽക്കൂടി, എളിയ

സക്കീട്ടുമെത്തയിൽ കിടക്കുന്ന ഈ കലക്ടർ സായ്ഹിബ്ബവർകളേ തുറിച്ചുനോക്കുന്നു. ഈ അത്ഭുതത്തേപ്പററിയ വിചാരത്തിൽ ഒഴുകിത്തുടങ്ങിയ ഞാൻ എപ്പോഴാണ് ഉറങ്ങിയതെന്നോ, എത്രനേരം ഉറങ്ങിയെന്നോ എനിക്കറിഞ്ഞുകൂടാ. പെട്ടെന്ന് ഒരുവക സംഭ്രമത്തോടുകൂടി ഞാൻ എഴുന്നേററു. ശബ്ദം യാതൊന്നും ഞാൻ കേട്ടില്ല. യാതൊരു മനുഷ്യനേയും ഞാൻ അങ്ങു കണ്ടതുമില്ല. പശ്ചിമോപരി നിന്നിരുന്ന ആ തേജോമയമായ നക്ഷത്രം മാഞ്ഞുപോയിരിക്കുന്നു. ഞാൻ ഉറങ്ങിയതിൽപ്പിന്നീട് ഉദിച്ചുയന്നിരിക്കുന്ന ചന്ദ്രന്റെ ശീതളപ്രഭ, തുറന്നു കിടക്കുന്ന ജനലിൽകൂടി കള്ളനേപ്പോലേ ഒളിച്ചൊളിച്ച്, അകത്തു കടന്ന്, തന്റെ ഈ നടപടിയിൽ താൻതന്നേ ലജ്ജിക്കുന്നതുപോലേ ഭാവിച്ചുനില്ക്കുന്നു.

കണ്ണു തുറന്നു നോക്കിയതിൽ, അവിടേ ആരേയും കണ്ടില്ല. എങ്കിലും, ഏതോ ഒരു സ്ത്രീ എന്നേ പതുക്കേ ഉണർത്തുന്നതായി എനിക്ക് തോന്നി. ഉണർന്നു കിടക്കുന്ന എന്നേ, നിശ്ശബ്ദയായി നിന്നുകൊണ്ട്, അവൾ മോതിരങ്ങളണിഞ്ഞ കൈവിരലുകളെക്കൊണ്ട്, തന്നേ അവധാനത്തോടേ പിന്തുടരുവാൻ ക്ഷണിച്ചു. ഞാൻ ശബ്ദമുണ്ടാക്കാതേ എഴുന്നേററു. അസംഖ്യം അറകളോടുകൂടിയ ആ ശൂന്യഹർമ്മ്യത്തിൽ ഞാനൊഴികേ മററാരുമില്ലെന്നിരുന്നിട്ടും, ഞാൻ വെക്കുന്ന ഓരോ അടിയിലും, ആരാനും ഉണർന്നേക്കുമോ എന്ന് പേടി തോന്നിക്കൊണ്ടേയിരുന്നു. ആ അറകൾ മുഴുവൻ അടച്ചുകിടക്കയാണ്. അവയിൽ ഒന്നിലെങ്കിലും ഞാൻ ചെന്നിട്ടില്ല.

എങ്ങോട്ടെന്നില്ലാതെ, ശ്വാസംപോലും വിടാതെ, പതുക്കെ പതുക്കെ അടിവെച്ചുകൊണ്ട് എന്റെ മാർഗ്ഗദർശിനിയായ ആ അരൂപയെ ഞാൻ പിന്തുടൎന്നു. തിങ്ങിയിരുണ്ട, ഇടുങ്ങിയ ഇടവഴികളിൽക്കൂടിയും, നീണ്ട താഴ്വാരങ്ങളിൽക്കൂടിയും, ശൂന്യമായി, നിശ്ശബ്ദമായ അറകളിൽക്കൂടിയും ഞാൻ നടന്നു.

ആ ലാവണ്യവതിയായ പുരോഗാമിനിയെ എനിക്ക് എന്റെ മാംസേക്ഷണങ്ങളാൽ കാണുവാൻ കഴിഞ്ഞില്ലെങ്കിലും, അവളുടെ രൂപം എന്റെ മനോദൃഷ്ടിക്ക് സുവ്യക്തം ഗോചരം തന്നെയായിരുന്നു. അവൾ ഒരു അറബിയുവതിയാണ്. പളുങ്കുപോലെ വെണ്മയും മിനുമിനുപ്പും കൂടിയ അവളുടെ കൈകൾ നീണ്ടിഴഞ്ഞ ഉടുപ്പിന്നിടയിൽക്കൂടി ഞാൻ കണ്ടു. അവൾ അണിഞ്ഞിട്ടുള്ള തൊപ്പിയിൽനിന്ന് നേരിയ മുഖപടം തൂങ്ങിക്കിടക്കുന്നു. അരക്കെട്ടിൽ ഒരു വളയൻ കത്തി തിരുകി വെച്ചിട്ടുണ്ട്. ഓരായിരത്തിയൊന്ന് അറബിക്കഥകളിൽ ഒന്ന് കല്പനാലോകത്തിൽനിന്ന് എനിക്കായി കൊഴിഞ്ഞുവീണപോലെയും, ആ പാതിരാവിൽ, ആപൽപൂൎണ്ണമായ സങ്കേതത്തിലേക്ക്, ബാഗ്ദാദിലെ നിദ്രാനിമഗ്നവും അന്ധകാര നിബിഡവുമായ ചെറു വീഥിയിൽക്കൂടി, എന്റെ പാട്ടിൽ ഞാൻ നടന്നു പോകുന്നതുപോലെയും, ആ യുവതിയെ പിന്തുടരുമ്പോൾ എനിക്ക് തോന്നി.

ഒടുക്കം, ആ മോഹനാംഗിയായ പുരോഗാമിനി, ഒരു കരിന്തിരശ്ശീലയുടെ മുമ്പിൽ പെട്ടെന്ന് നിന്നു. അവൾ തറയിൽ എന്തോ ഒന്ന് ചൂണ്ടിക്കാണിച്ചു. വാസ്തവ

ത്തിൽ, അവിടേ ഒന്നുമില്ല. എങ്കിലും, ഭയത്താൽ ഞാൻ ഉദ്വിഗ്നനായി. നാഡികൾ നിഷ്ക്രിയങ്ങളായപോലേ തോന്നി. ആ തിരശ്ശീലയ്ക്കടിയിലായി, ആ തറയിൽ ഭീഷണാകാരനായ ഒരു നീഗ്രോ, ഉറയിൽ നിന്നു ഊരിയ നെട്ടംകത്തി തുടമേൽ വെച്ച്, പട്ടടപ്പോടുകൂടി, കാൽ നീട്ടിക്കിടന്നു് ഉറങ്ങുന്നുവെന്നു് ഞാൻ വിചാരിച്ചു. എന്നേ കൂട്ടിക്കൊണ്ടുവന്ന ആ സുകുമാരി അവന്റേ കാലുകളേ നിശ്ശബ്ദം ചാടിക്കടന്നു് ആ തിരശ്ശീലയിലേ ഒരു ഭാഗം എനിക്കു് അകത്തേക്കു കടക്കുവാനായി ഉയർത്തിപ്പിടിച്ചു നിന്നു. പാരസികകംബളം നിരത്തി വിരിച്ചിരിക്കുന്ന ആ അറയുടേ ഒരു ഭാഗം മാത്രം ഒരു ക്ഷണത്തേക്കു് ഞാൻ കണ്ടു. ഒരു തല്പത്തിൽ ആരോ ഒരുവൾ ഇരിക്കുന്നുണ്ടു്. അവളേ എനിക്കു് കാണുവാൻ കഴിഞ്ഞില്ല. നീലിമയെഴുന്ന പട്ടു പരവതാനിയിന്മേൽ, പാടലവർണ്ണം കലന്നു്, നീണ്ടിഴഞ്ഞ ഉടുപ്പിന്നിടയിൽക്കൂടി ആരുടേയോ അഴകോലും പൂങ്കഴലിണമാത്രം, ചെരുപ്പണിഞ്ഞ നിലയിൽ ഞാൻ കണ്ടു. ആ അറയിൽ ഒരിടത്തു് ഒരു കണ്ണാടിത്തട്ടത്തിൽ പലതരം പഴങ്ങളും മുന്തിരിക്കുലകളും, രണ്ടു ചെറു കിണ്ണങ്ങളും വെച്ചിരിക്കുന്നതു, ആരോ ഒരാളേ പ്രതീക്ഷിച്ചുകൊണ്ടിരിക്കയാണെന്നു തോന്നും. അറയിലേ ധൂപത്തിൽ നിന്നു് ഇളകിവന്ന സമൃദ്ധമായ സൌരഭ്യം എന്നിൽ വൈവശ്യം ചേർത്തു.

നെഞ്ഞിടിപ്പോടുകൂടി ഞാൻ ആ കാവലാളിയുടേ കാലുകൾ ചാടിക്കടക്കുവാൻ ശ്രമിക്കവേ, അവൻ പെട്ടെന്നു് ഉണൎന്നെഴുന്നേററു. അവന്റേ തുടമേൽ കിടന്നിരുന്ന ആ വാൾ, ശബ്ദിച്ചുകൊണ്ടു് തറയിൽ വീണു.

ഘോരമായൊരു ശബ്ദത്തോടുകൂടി ഞാൻ തുള്ളിത്തെറിച്ചുപോയി. ഞാൻ ഉണൎന്നു. ദേഹം മുഴുവൻ വിയൎവ്വൊഴുകിക്കൊണ്ടു് എന്റെ സൎക്കീട്ടുകട്ടിലിന്മേൽത്തന്നെയാണു് ഞാൻ ഇരിക്കുന്നതെന്നറിഞ്ഞു. ചന്ദ്രൻ ആ പുലർവേളയിൽ, രാത്രി മുഴുവൻ ഉറക്കമൊഴിച്ച രോഗിയേപ്പോലേ, വിളൎത്തുകൊണ്ടു നില്ക്കുന്നു. പ്രഭാതത്തിൽ ആ നിൎജ്ജനമാൎഗ്ഗത്തിൽക്കൂടി നടന്നുപോകാറുള്ള നമ്മുടേ ഭ്രാന്തൻ മേഹർഅലി പതിവിൻപടി "മാറിപ്പോകുക! മാറിപ്പോകുക!" എന്നു് വിളിച്ചു പറയുന്നതു് ഞാൻ കേട്ടു.

എനിക്കു് കിട്ടിയ "അറബിക്കഥ" കളിൽ ഒന്നു് ഇങ്ങിനേ പെട്ടെന്നു് നിന്നുപോയി. എങ്കിലും, ഇനിയും ഓരായിരം രാത്രികളിലേ കഥകൾ ബാക്കി കിടക്കുന്നുണ്ടല്ലോ.

അന്നു മുതൽ പകലും രാവും ഒന്നിനൊന്നു് വിപരീതമായ നിലയിൽ എന്റെ ജീവിതത്തെ മാററിത്തുടങ്ങി. മായാമയിയായ നിശയേയും, അവൾ കാണിക്കുന്ന മിത്ഥ്യാസ്വപ്നങ്ങളേയും, എന്നാൽ ആവുന്നേടത്തോളം നിന്ദിച്ചുകൊണ്ടു് പകൽ മുഴുവൻ എന്റെ ജോലികൾ നിൎവ്വഹിച്ചുകൊണ്ടു കഴിയും. അങ്ങിനേ, സ്വന്തം തൊഴിലുകളാൽ തളൎന്നുകൊണ്ടു് ഞാൻ നിശാമുഖത്തെ സമീപിക്കുമ്പോഴെക്കും, എന്റെ ഈ ജീവിതം തുച്ഛവും, മിത്ഥ്യയും പരിഹാസയോഗ്യവുമാണെന്നു് എനിക്കു് തോന്നിത്തുടങ്ങും.

സൂൎയ്യൻ അസ്തമിച്ചാൽ, ഞാൻ ഒരു നവീന മായാപാശത്താൽ ബദ്ധനായി, പരവശനായിത്തീരും. അപ്പോൾ, പുരാതനവും അലിഖിതവുമായ ഒരു ഇതിഹാസ

ത്തിൽ എനിക്കുള്ള ഭാഗം ഞാൻ നടിക്കുന്നതിലേക്ക് ഏതോ ഒരു മഹാ പുരുഷനായി മാറും. ആംഗ്ലേയ സമ്പ്രദായത്തിലുള്ള എൻേറ ഉടുപ്പുകഠം എനിക്ക് യോജിച്ചവയല്ലെന്ന് അപ്പോഠം തോന്നും. ശിരസ്സിൽ പുകപ്പു വെൽവെററുകൊണ്ടുള്ള തൊപ്പി, കസവണിഞ്ഞ മാർച്ചട്ട, ധാരാളമായി അയഞ്ഞ കാലുറ, കാററിൽ ഇഴഞ്ഞലയുന്ന പട്ടുമേലങ്കി, അത്തർ മണം പുലരുന്ന കൈലേസ്,—എന്നീ ക്രമത്തിൽ വസ്ത്രധാരണത്തോടുകൂടി, മെത്തയിട്ട കസേരയിൽ കയറി, സിഗരററിന്നു പകരം, പനിനീർ നിറച്ച് പല പല ചുററുകളോടുകൂടിയ ഹുക്കാ പിടിച്ചുകൊണ്ട്, എൻേറ കാമിനിയേ ആ നിമിഷത്തിൽത്തന്നേ അവിടേ വന്നു കാണുവാൻ പ്രതീക്ഷിക്കുന്നവനേപ്പോലേ ഞാൻ സ്ഥിതി ചെയ്യുന്നതായി വിചാരിക്കും.

രാത്രി, അന്ധകാരം വ്യാപിച്ചുകഴിഞ്ഞാൽ ഞാൻ കണ്ടു തുടങ്ങുന്ന അത്ഭുതങ്ങഠം അതേപടി വർണ്ണിക്കുവാൻ വേണ്ടുന്ന വാഗ്വൈഭവം എനിക്കില്ല. അല്പം ദൂരംവരേ മാത്രം എനിക്ക് ചെല്ലാവുന്നതും, അവസാനംവരേ എനിക്ക് കാണുവാൻ കഴിയാത്തതുമായ ഒരു മനോഹര കഥയുടേ ചെറു ചെറു ശകലങ്ങഠം, ആ വിശാലമായ മാളികയിൽ, ആ കൌതുകം വിളയുന്ന അറകളിൽ ശരൽകാല സമീരണൻ പെറുക്കിയെടുത്ത്, അങ്ങിങ്ങ് ചിതറിച്ചിതറിക്കൊണ്ട് പറക്കുംപോലേ എനിക്ക് തോന്നും. ആ കഥാശകലങ്ങഠം വായുവിൽ ലയിച്ചുപോയതിൽപ്പിന്നേയും, അവയേ തെരഞ്ഞു തെരഞ്ഞ് രാത്രി മുഴുവൻ അറകഠംതോറും ഞാൻ ഉഴന്നു നടക്കും.

ഈ സ്വപ്നസംഭ്രമങ്ങൾക്കിടയിൽ—ജമന്തിപ്പൂമണത്തിന്നും വീണാനാദത്തിന്നും ഇടയിൽ—നറുംമണമേറിയ പനിനീർത്തുള്ളികളേന്തി മന്ദം മന്ദം ക്രീഡിക്കുന്ന തെന്നലിന്നിടയിൽ, രൂപയൌവന സമ്പന്നയായ ഒരു കാമിനീരത്നത്തിൻേറ സുന്ദരരൂപം എൻേറ മുമ്പിൽ മിന്നലൊളിപോലേ വെളിപ്പെട്ട് ആ ക്ഷണംതന്നേ മറയും. ധൂമ്രവർണ്ണാങ്കിതമായ കാലുറ; ആ ഇളംവെൺ കഴലുകൾക്കായി, തല വളഞ്ഞും പൊൻ കസവുകൾ ചേർത്തുമുള്ള ചെരുപ്പുകൾ; ഇറുകിയ പൊന്നണിറാവുക്കു; ചുരികക്കൊടികളേയും, കവിൾത്തടങ്ങളേയും തൊട്ടു തൊട്ടാടുന്ന മുഖപടം തൂങ്ങുന്ന ചൊകന്ന തൊപ്പി—ഇത്തരം മെയ്യണിക്കോപ്പുകളോടുകൂടി അവൾ വീണ്ടും എൻേറ മുമ്പിൽ വന്ന് ഒന്നു മിന്നിമറയും.

അവൾ എന്നേ വെറും ഭ്രാന്തനാക്കി വിട്ടു. നിദ്രാപാതാള ലോകത്തിൽ, മായാനിർമ്മിതമായ സ്വപ്നപ്രദേശത്തു്, ഭീകരമായ സ്ഥലത്തു് പാതകൾ തോറം, വീടുകൾതോറും, അറകൾതോറും അവളേ തെരഞ്ഞു തെരഞ്ഞു നടന്ന് ഞാൻ തളൎന്നു വലഞ്ഞു.

ചില സായാഹ്നങ്ങളിൽ, തെളിഞ്ഞു കത്തുന്ന മെഴുകുതിരികൾ ഇരുപുറത്തും വെച്ചിട്ടുള്ള വലിയ മുഖക്കണ്ണാടിയുടേ മുമ്പിൽ, ഒരു യുവരാജാവിനേപ്പോലേ ഞാൻ ചമഞ്ഞു തെളിഞ്ഞു നില്ക്കവേ, ആ പാരസിക ഭാമിനി എൻേറ അരികേ വന്നു നില്ക്കുന്നതായി കാണും. ഞാൻ പെട്ടെന്ന് തിരിഞ്ഞു നോക്കുമ്പോൾ—കഴുത്തുകൊണ്ടൊരു വെട്ടൽ; മികച്ച രാഗത്തോടും, പെരുത്ത ശോകത്തോടും

പ്രതിബിംബിപ്പിക്കുന്ന നീണ്ടിരുണ്ട മിഴികളിൽ നിന്ന് മനോഹരമായി പുറപ്പെടുന്ന നോട്ടങ്ങൾ; എന്നിൽ തേന്മൊഴി ചൊരിയുവാൻ ഒരുങ്ങുന്നതുപോലേ, ആ അഴകോലുന്ന ചെഞ്ചൊടികളുടേ ചലനം; അവൾ മന്ദം മന്ദം നടകൊള്ളുമ്പോൾ കവിഞ്ഞു വഴിയുന്ന മദാലസ്യം; പുഷ്പിതലത പോലേ യൌവന സമ്പന്നവും രമണീയവും കൃശവുമായ കളേബരം; മദനാവേശത്തേയും, മനോവേദനയേയും വെളിപ്പെടുത്തികൊണ്ട് വിദ്യുൽപാതം പോലേയുള്ള കടക്കണ്ണേറ്; പുഞ്ചിരി—എന്നിതെല്ലാം തെളിഞ്ഞു മിന്നുകയും, ഉടനടൻ തന്നേ മറഞ്ഞു പോകയും ചെയ്യും. കുന്നുകളിലും കാടുകളിലുമുള്ള സൎവ്വ സൌരഭ്യങ്ങളേയും കവൎന്നുകൊണ്ടു വരുന്ന കാററ് എൻേറ അറയിൽ വന്ന് വിളക്കു കെടുക്കും. ഞാൻ ഉടുപ്പുകൾ അഴിച്ചു വെച്ച്, കണ്ണടച്ചുകൊണ്ട്, മദനാവേശത്താൽ ഉടലാകേ വിറകൊള്ളുന്ന നിലയിൽ, മെത്തയിൽ കിടക്കും. മന്ദസമീരണനാവട്ടേ, കാമിനീകാമുകന്മാർ തമ്മിൽ നടന്ന പല പല ആലിംഗനങ്ങളേയും, പലപല ചുംബനങ്ങളേയും, മൃദുളകര സ്പൎശങ്ങളേയും, നാടുകളിലും കാടുകളിലുമുള്ള പലപല കുസുമങ്ങളിൽ നിന്ന് സുഖകരമായ സുഗന്ധത്തേയും വഹിച്ചുകൊണ്ടു വന്ന് എന്നേ തഴുകിത്തഴുകി മയക്കും. കവിഞ്ഞ നറുമണം കലൎന്ന് അതി മൃദുവായ ഒരു പട്ടു കൈലേസ് എൻേറ കവിൾത്തടങ്ങളിൽപതുക്കേപ്പതുക്കേ ആരോ തടവും. അനന്തരം, ഒരു മായാ സൎപ്പം എൻേറ ഉടലിൽ മെല്ലേമെല്ലേ ചുററിച്ചുററി, ഇറുകേ മുറുക്കി എനിക്ക് ശ്വാസം വിടുവാൻപോലും കഴിവില്ലാ

താങ്കം. ഒരു ദീർഘശ്വാസത്തിന്നു ശേഷം, ഞാൻ ഗാഢ നിദ്രയിൽ ആണ്ടു പോകയും ചെയ്യും.

ഒരുനാൾ വൈകുന്നേരം, പുറത്തിറങ്ങി ഒന്നു ലാത്തി വരുവാൻ കരുതി, അതിന്നൊരുങ്ങി. അപ്പോൾ—ആരെന്നറിഞ്ഞില്ലാ—എന്നേ അവിടേ തന്നേ ഇരിക്കുവാൻ നിർബ്ബന്ധിച്ചു. എന്നാൽ, ഞാൻ അന്ന് ആരുടേയും നിർബ്ബന്ധത്തിന്ന് വഴിപ്പെടുവാൻ വിചാരിച്ചില്ല. എൻേറ ശീമക്കുപ്പായങ്ങളും വട്ടത്തൊപ്പിയും ഉടുപ്പുപ്പെട്ടിയിൽ ഉണ്ടായിരുന്നത് എടുത്തു ധരിക്കുവാനായി ഞാൻ കൈനീട്ടി. തൽക്ഷണം, സ്വച്ഛതോയാനദിയിലേ മണലുകളാലും അരല്ലി മലയിൽ ഉണങ്ങി വീണുകിടക്കുന്ന ചവറുകളാലും നിർമ്മിതമായ കിരീടം ചാൎത്തിക്കൊണ്ട് ഒരു ചുഴൽക്കാററ് അടിച്ചു കയറിവന്ന്, എൻേറ ആ ഉടുപ്പുകളേ അപഹരിച്ച് ചുഴററിച്ചുഴററിക്കൊണ്ട് അകന്നുപോയി. അപ്പോൾ ആരോ, സന്തോഷത്താലല്ലാൽ കുലുങ്ങിക്കുലുങ്ങിക്കൊണ്ടു ചിരിക്കുന്ന ശബ്ദം ഉറക്കേ പുറപ്പെട്ട് ആകാശത്തിലേക്ക് ഉയൎന്നുയൎന്ന് സൂൎയ്യാസ്തമയലോകത്തിൽ ചെന്ന് അവിടേ ലയിച്ചു.

അന്ന് എനിക്ക് ലാത്തുവാൻ പോകുന്നതിന്ന് കഴിഞ്ഞില്ല. അടുത്ത നാൾ ഞാൻ ആ ശീമയുടുപ്പുകൾ ധരിച്ചതുമില്ല.

അന്നുതന്നേ, പാതിരാവിൽ, എൻേറ കട്ടിലിൻ കീഴിൽ നിന്ന്—തറയുടേ അടിയിൽനിന്ന്—ആ വമ്പിച്ച മാളികയുടേ അസ്ഥിവാരത്തിങ്കീഴിൽ നിന്ന്—കൂരിരുട്ടും കൊടുംകുളിരും കൂടിച്ചേൎന്ന ആ പാതാളത്തിൽ നിന്ന്,

ദീനസ്വരത്തിൽ, പ്രാൎത്ഥനാപൂൎവ്വകം എന്നേ വിളിക്കുന്നതുപോലേ ആരോ മൎമ്മഭേദകമാംവണ്ണം വിമ്മി വിമ്മിക്കരയുന്നതു് ഞാൻ കേട്ടു.

"അയ്യോ, എന്നേ രക്ഷിക്കണേ! ഈ ഘോര മായാഗാരത്തിലേ വാതിൽ തകൎത്തു തുറന്നു്, ശ്മശാനത്തിലേതുപോലേ ഭയങ്കരമായ നിദ്രാവസ്ഥയിൽ നിന്നും, മിഥ്യാസ്വപ്നങ്ങളിൽ നിന്നും എന്നേ മോചിപ്പിച്ച് കുതിരപ്പുറത്തു് നിൻേറ അരികേതന്നേ എന്നേ കയററിയിരുത്തി, എന്നേ നിൻേറ മാറോടണച്ചു പിടിച്ചുകൊണ്ടു്, കുന്നുകളും, മൈതാനങ്ങളും പുഴകളും കടന്നു് സൂൎയ്യകിരണങ്ങളാൽ ആവൃതമായി ആനന്ദപ്രദമായ പ്രകാശം നിറഞ്ഞ ആ മേലറകളിലേക്കു് നീ എന്നേ കൊണ്ടുപോകേണമേ!"

ഞാൻ ആരാണു്? നിന്നേ എനിക്കു് എങ്ങിനേ മോചിപ്പിക്കുവാൻ കഴിയും? വെള്ളത്തിൽ വീണുതാണ ഏതൊരു മോഹിനിയാണിവൾ! സൌന്ദൎയ്യം തന്നേ മൂൎത്തിമത്തായിത്തീൎന്ന ഈ കാമ്യരൂപിണി ആരാണു്! ഈ സ്വപ്നത്തിൻേറ ഘോരഭ്രമണത്തിൽ നിന്നു് ഞാൻ മോചിപ്പിക്കേണ്ട ഇവൾ ആരാണു്! എടോ, ദിവ്യസൌന്ദൎയ്യ സൎവ്വസ്വമേ, നീ എപ്പോൾ എവിടേ വളൎന്നു! ഏതൊരു ശീതളകുല്യാതീരത്തിൽ—ഏതൊരു ഈത്തപ്പനത്തോട്ടത്തിൻ നിഴലിൽ നീ പിറന്നു! മരുഭൂമദ്ധ്യത്തിൽ, എത്തും പിടിയുമില്ലാതേ ഉഴന്നുകൊണ്ടിരുന്ന ഏതൊരു പാന്ഥൻേറ മകളായിട്ടാണു് നീ ജനിച്ചതു്! കുളിൎത്തു തളിൎത്തു് ഇടതിങ്ങി വളൎന്ന വള്ളിപ്പടൎപ്പിൽ വിരിയാറായി നില്ക്കുന്ന

നറുമലർപോലേ അഴകു ചൊരിഞ്ഞു വിളങ്ങുന്ന നിന്നേ, നിൻേറ അമ്മയുടേ കൈയിൽനിന്ന് തട്ടിപ്പറിച്ച്, വിദ്യുത്തിന്നൊത്ത വേഗം കൂടിയ അശ്വത്തിന്മേൽ കയററി, എരിമണൽക്കടലായ മരുഭൂമി കടന്ന്, രാജധാനിയിലേ അടിമച്ചന്തയിൽ കൊണ്ടുചെന്ന ആ ബെഡൂയിൻതസ്കരൻ ആരാണ്! വികസിതവും ലജ്ജാവിലസിതവുമായ നിൻേറ രൂപയൌവനശോഭ കണ്ട് നിന്നേ പൊന്നു കൊടുത്ത് വാങ്ങി, പൊൻപല്ലക്കിലേററി, തൻേറ യജമാനനായ പാദുഷാവിൻേറ അന്തഃപുരത്തിലേക്കായി ഒരു ദിവ്യഭൂഷണമെന്നപോലേ കാഴ്ചവെച്ച ആ ഉദ്യോഗസ്ഥൻ ആരാണ്! അഹോ, എന്തൊരു ദിവ്യവിലാസമായിരുന്നു അവിടേ! കളമോഹനവീണാനാദം! മഞ്ജുനൂപുരശിഞ്ജിതം! വിഷതുല്യമായ "ഷിരാസ്" മദ്യം! മർമ്മം തുളയ്ക്കുമാറ്, വാൾ വീശുംപോലേയുള്ള കടക്കണ്ണേറ്!—എന്തൊരു ദിവ്യപ്രഭാവം! എന്തൊരു മോഹനവിലാസം! നിൻേറ ഇടത്തുപുറത്തും വലത്തുപുറത്തും നിന്നുകൊണ്ട് അടിമപ്പെൺകിടാങ്ങൾ, അവരുടേ കൈവളകളിലേ രത്നങ്ങൾ ഒളിചിതറിത്തിളങ്ങവേ, നിനക്കായി വെൺചാമരം വീശി! രാജാധിരാജനായ പാദുഷാ, ചമഞ്ഞു ചന്തം വളർന്നവയും വെൺമക്കുടിയവയുമായ നിൻേറ പൂങ്കഴലുകളിൽ മുട്ടുകുത്തിയിരുന്ന് നമസ്കരിച്ചു! ദേവദൂതനേപ്പോലേ വസ്ത്രധാരണത്തോടും, യമകിങ്കരനേപ്പോലേ ഘോരദൃഷ്ടിയോടുംകൂടിയ ഒരു അബ്സീനിയൻ വാളൂരിപ്പിടിച്ചുകൊണ്ട് വാതില്ക്കൽ കാവൽനിന്നു! എടോ, മരുഭൂമിയിലുദിച്ച കുസുമമേ! വഞ്ചനയെന്ന വൻചുഴികളും, പണത്തിളപ്പെ

ന്ന മണൽത്തിട്ടുകളും, അസൂയയെന്ന നരകല്ലും ചേൎന്ന് രുധിരം നിറഞ്ഞു്, അങ്ങിനേ മനോഹരമായ ആ സമ്പൽസാഗരം നിന്നേ വിഴുങ്ങിയതിൽപ്പിന്നേ, ഏതൊരു നിൎജ്ജനതീരത്തിലാണ് നിന്നേ ഛൎദ്ദിച്ചുവിട്ടതു്! അഥവാ, ഒടുവിൽ നീ ചെന്നുകൂടിയതു് ഘോരമോ, ശ്രീലമോ ആയ ഏതൊരു ദേശത്താണ് !

എൻേറ വിചാരഗതി ഈ ഘട്ടത്തിലായപ്പോഠം ആ ഭ്രാന്തൻ മേഹർഅലി—„മാറിപ്പോകുക, മാറിപ്പോകുക! എല്ലാം മായ, എല്ലാം മായ!" എന്നു് വിളിച്ചു പറയുന്നതു കേട്ടു. ഞാൻ കണ്ണു തുറന്നു നോക്കി. നേരം നല്ലവണ്ണം പുലൎന്നിരിക്കുന്നു. എൻേറ ശിപായി അന്നത്തേ തപാൽ വകകഠം മേശപ്പുറത്തു് കൊണ്ടുവന്നുവെച്ചു. അടുക്കളക്കാരൻ എൻേറ ഉത്തരവു കേഠംക്കുവാൻ തയ്യാറായി നിന്നു.

„ഇല്ലാ! ഇനി ഒരു നിമിഷംപോലും ഇവിടേ താമസിക്കുവാൻ എനിക്കു വയ്യാ"—എന്നു് ഞാൻ നിശ്ചയിച്ചു. അന്നുതന്നേ, എൻേറ സാമാനങ്ങഠം മുഴുവൻ കെട്ടിയെടുത്തു് ഞാൻ കച്ചേരിയിൽ ചെന്നുകൂടി. ആ വൃദ്ധൻ കരീംഖാൻ എൻേറ ഈ വരവു കണ്ടു് ഒട്ടൊന്നു് പുഞ്ചിരിക്കൊണ്ടു. അതു് എൻേറ ഹൃദയത്തിൽ ഊന്നിത്തറച്ചുവെങ്കിലും, അതു് സഹിച്ചു് ഒന്നും മിണ്ടാതേ ഞാൻ എൻേറ ജോലികളിൽ ഏൎപ്പെട്ടു.

സായാഹ്നമായതോടുകൂടി, ഞാൻ സൎവ്വവും മറന്നുപോയി. ഞാൻ കൊടുത്ത മുന്നറിയിപ്പുപ്രകാരം ആരേയോ ചെന്നു കാണേണ്ടതിലേക്കെന്നപോലേ എൻേറ മ

നസ്സ് തിട്ടുങ്ങിത്തുടങ്ങി. പരുത്തിക്കണക്കകഠം പരിശോധിക്കുന്ന എൻേറ ജോലി തീരേ നിരത്ഥമാണെന്നു് എനിക്കു തോന്നി. നൈസാമിൻേറ രാജത്വത്തിന്നുപോലും ഞാൻ അത്ഥമൊന്നും കണ്ടില്ല. ഈ ജീവിതത്തിലേ എല്ലാ നടപടികളും—ചോറിന്നു വേണ്ടി മാത്രം ഉഴലുന്നതു് തുച്ഛവും നിരത്ഥകവും അപഹാസ്യവുമാണെന്നു് എനിക്കു് തോന്നി.

ഞാൻ എൻേറ തൂവൽ ദൂരേ വലിച്ചെറിഞ്ഞു. കണക്കുപുസ്തകങ്ങളെല്ലാം അടച്ചുവെച്ചു. വണ്ടിയിൽ കയറി ഞാൻ കച്ചേരിയിൽനിന്നു പോയി. ശരിക്കു് സൂയ്യാസ്തമയത്തോടുകൂടി, എൻേറ വണ്ടി ആ മാർബിഠംകൽ മാളികയുടേ പടിക്കൽ തന്നെത്താൻ ചെന്നു നില്ക്കുന്നതു് ഞാൻ കണ്ടു. അതിവേഗം പടികഠം കയറിച്ചെന്നു് എൻേറ അറയിൽ പ്രവേശിച്ചു.

തടിച്ച നിശ്ശബ്ദത അവിടേ സവ്വത്ര വ്യാപിച്ചിരിക്കുന്നു. ഇരുണ്ട അറകഠം എന്നേ ക്രോധത്തോടുകൂടി നോക്കുന്നതുപോലേ നില്ക്കുന്നു. എൻേറ മനസ്സിൽ പശ്ചാത്താപം വളന്നു. എന്നാൽ, എൻേറ വിചാരങ്ങഠം വെളിപ്പെടുത്തി ക്ഷമായാചനം ചെയ്യുന്നതിലേക്കു് അവിടേ ആരേയും കണ്ടില്ല. ശൂന്യമായ ഹൃദയത്തോടുകൂടി, ആ കൂരിരുട്ടു നിറഞ്ഞ അറകളിൽക്കൂടി ഞാൻ ഓടി. „ഹോ, ഹതവിധേ, നിന്നിൽനിന്നു്, പഴതേ, ഓടിമറയുവാൻ തുനിഞ്ഞ ആ ഗൃഹശലഭം, നിൻേറ മുമ്പിൽത്തന്നേ ഇതാ തിരിച്ചു വന്നിരിക്കുന്നു. ഈ ഒരേ പ്രാവശ്യം അതിന്നു് നീ മാപ്പു കൊടുക്കുക. പിന്നീട്ടു്, അതിൻേറ ചിറകുകളേ

കരിച്ച് നിൻേറ ദീപ്തശിഖകൾക്ക് അതിനേ ഇരയാക്കി കൊള്ളുക"__എന്നിങ്ങിനേ ആ അതൃപ്തിക്ക് പാടികേൾപ്പിക്കുവാൻ ഒരു വീണകിട്ടിയാൽ കൊള്ളാമെന്ന് ഞാൻ ആശിച്ചു.

ഉയരേ എങ്ങു നിന്നോ രണ്ടു കണ്ണീർത്തുള്ളികൾ എൻേറ നെററിയിൽ വീണു. അന്ന് അരല്ലി മലയുടേ മുകളിൽ കരിങ്കാർനിരകൾ ഇടതിങ്ങിനിന്നിരുന്നു. ഇരുണ്ട മൈതാനവും, സ്വച്ഛതോയാനദിയിലേ കലങ്ങിയ വെള്ളവും ഘോരതരമായ മൌനത്തോടും, ദുസ്സഹമായ ഉദ്വേഗത്തോടുംകൂടി എന്തിനെയോ പ്രതീക്ഷിക്കുന്നതുപോലേ തോന്നി. പെട്ടെന്ന്, ആകാശവും ഭൂമിയും ജലവും കലങ്ങിമറിഞ്ഞു. ഒരു ചുഴൽക്കാററ്, ബന്ധനമുക്തനായ ഭ്രാന്തനേപ്പോലേ, മിന്നൽപ്പല്ലുകൾ ഇളിച്ചു കാട്ടി അകലേ യെങ്ങോനിന്ന് മാൎഗ്ഗഹീനമായ വനത്തിൽക്കൂടി അലറിക്കൊണ്ടു വന്നെത്തി. ആ നിൎജ്ജനഹൎമ്മ്യത്തിലേ അറകൾ, അവയുടേ വാതിലുകൾ അടിച്ചടച്ചുകൊണ്ട്, ശോകാധിക്യത്താൽ തൊഴിച്ചു കരയുംപോലേ കാണിച്ചു.

ഭൃത്യന്മാരെല്ലാവരും കച്ചേരിയിലാണ്. വിളക്ക് കത്തിക്കുവാൻ ഇവിടേ ആരുമില്ല. ആകാശം തോയദാവൃതവും, അന്ധകാരനിബിഡവും, അസ്വസ്ഥവുമായിത്തീൎന്നു. ആ തടിച്ച കൂരിരുട്ടിൽ, കട്ടിലിങ്കീഴിൽ, പരവതാനിയിന്മേൽ, തൻേറ ഇരുണ്ടു നീണ്ട വാർകൂന്തൽ അഴിച്ചു ചിതറിയിട്ടുകൊണ്ട് ഒരു യുവതി മാറടച്ചു കിടക്കുംപോലേ എനിക്ക് തോന്നി. അവളുടേ സുരുചിരമായ ലലാടത്തിൽ നിന്ന് രക്തം ഒഴുകിക്കൊണ്ടിരിക്കുന്നു. ക്രൂരവും, കൎക്കശ

വും ദുഃഖശ്രാവ്യവുമായി അവൾ ഒന്ന് ചിരിച്ചു; ഉടനേ, ശരീരത്തേ ഞെക്കിപ്പിഴിയുംപോലേ തേങ്ങിത്തേങ്ങിക്കരഞ്ഞു. എന്നിട്ട്, അവൾ, തൻേറ റവുക്ക വലിച്ചു കീറുകയും, മാറത്തടിക്കുകയും ചെയ്തു. തുറന്നു കിടക്കുന്ന ജനലുകളിൽക്കൂടി കാററ് ഉഗ്രമായി അടിച്ചു കയറിക്കൊണ്ടിരുന്നു. ഘോരമായ മഴ പെരുംതുള്ളികളായി പെയ്തുകൊണ്ട് അവളേ നിശ്ശേഷം നനച്ചു.

അന്നു രാത്രി മുഴുവൻ ആ കാററും കരച്ചിലും നിന്നില്ല. ആ ഇരുട്ടിൽ, വൃഥാ ദുഃഖിച്ചുകൊണ്ട് ഞാൻ അറകൾതോറും തെരഞ്ഞു നടന്നു. അരികേ ആരുമില്ലാതിരിക്കുമ്പോൾ, ഞാൻ ആരേയാണ് സമാശ്വസിപ്പിക്കേണ്ടത്! അതിരില്ലാത്ത ഈ ശോകം ആരുടേതാണ്! എവിടേനിന്ന്, എന്തുകാരണത്താൽ ഉണ്ടായതാണ് ഈ ആററുവാൻ വയ്യാത്തതാപം! ഒന്നും അറിയുവാൻ വയ്യ!

അപ്പൊഴും ആ ഭ്രാന്തൻ നിലവിളിച്ചു:—„മാറിപ്പോകുക, മാറിപ്പോകുക! എല്ലാം മായ, എല്ലാം മായ!"

നേരം പുലർന്നിരിക്കുന്നുവെന്ന് ഞാൻ കണ്ടു. മേഹർ അലി ആ കൊടുംകാററിന്നിടയിൽത്തന്നേ പതിവുപോലേ നിലവിളിച്ചുകൊണ്ട് ആ മാളികയേ ചുററിച്ചുററി നടക്കുന്നു. പെട്ടെന്ന് എനിക്ക് തോന്നി:—„പക്ഷേ, അവനും ഈ മാളികയിൽ ഇതിന്നുമ്പ് പാർത്തിരിക്കാം. അതുകൊണ്ടായിരിക്കാം, ബുദ്ധിഭ്രമം പിടിപെട്ടിരിക്കുന്ന ഈ നിലയിൽപോലും, ഈ ശ്ലക്ഷ്ണശിലാപിശാചിക അവനിൽ മാന്ത്രികശക്തി പ്രയോഗിച്ച് അവനേ ഈ മാളികയുടേ ചുററും ദിവസേന ഓടിക്കുന്നത്."

കാററിനേയും മഴയേയും ഗണിക്കാതേ, ഒരേ ഓട്ടത്തിൽ ഞാൻ അവൻേറ മുമ്പിൽ ചെന്നു്, „എട, മേഹർ അലി, ഏതാണു് മായ?'' എന്നു ചോദിച്ചു.

പെട്ടെന്നു് പടം ഉയൎത്തിയ പാമ്പിനേ കണ്ടു് സംഭ്രമിച്ചു ശബ്ദിച്ചുകൊണ്ടു് പറന്നകലുന്ന പക്ഷിയേപ്പോലേ, എന്നേ കണ്ട അവൻ എന്തോ പറഞ്ഞു് നിലവിളിച്ചുകൊണ്ടു് എന്നിൽ നിന്നു് അതിവേഗം ഓടി മറഞ്ഞു. „മാറിപ്പോകുക, മാറിപ്പോകുക! എല്ലാം മായ, എല്ലാം മായ!'' എന്നു് അവൻ അപ്പോഴും, തന്നെത്താൻ ഉദ്ബോധനം ചെയ്യുമ്പോലേ വിളിച്ചു പറകയും ചെയ്തു.

ആ പേമഴയിൽ, വെറും ഭ്രാന്തനേപ്പോലേ ഞാൻ കച്ചേരിയിലേക്കു് ഓടിപ്പോയി കരീംഖാനേ കണ്ടു് „എന്താണിതു്! എന്താണിതു്!'' എന്നു് ആവേശത്തോടേ ചോദിച്ചു.

അവൻ പറഞ്ഞതിൽ നിന്നു് ഞാൻ ഗ്രഹിച്ചതു് ഇതാണു്:—

പൂൎണ്ണമാകാത്ത തീവ്രകാമവും, അടങ്ങാത്ത ആശയും, അതിരില്ലാതേ എരിഞ്ഞുയൎന്ന സുഖഭോഗസമൃദ്ധിയുടേ ഘോരനാളങ്ങളും മുമ്പൊരു കാലത്തുണ്ടായതു് ഇന്നും ആ മാളികയേ ദഹിപ്പിച്ചുകൊണ്ടിരിക്കുന്നു. പലരുടേയും ഉടഞ്ഞു തകൎന്ന ആശകളും, ദുസ്സഹമായ മനോവേദനകളും ചേൎന്നു് കൂട്ടത്തോടേ ശപിക്കുകകൊണ്ടു് ആ മാളികയിലേ കല്ലുകൾക്കുടിയും, എതിൎപ്പെടുന്ന ഏതൊരുവനേയും വിഴുങ്ങുവാൻ വായ തുറന്നു നില്ക്കുന്ന പിശാചങ്ങളേപ്പോലേ, ദാഹവും വിശപ്പും കൂടിയവയായിത്തീ

ന്നിരിക്കുന്നു. മേഹർ അലി ആ മാളികയിൽ പാൎക്കുകകൊണ്ടാണു് ഇപ്പോഠം ഇങ്ങിനേ ഭ്രാന്തനായിത്തീൎന്നതു്. മൂന്നു രാത്രി തികച്ച് അവിടേ പാൎത്തിട്ടുള്ള ഏതൊരാളും അതിൻേറ ഘോരവക്ത്രത്തിൽ നിന്നു് മോചിച്ചിട്ടില്ല."

"എന്നാൽ, എനിക്കു് ഇതിൽ നിന്നു് മോചിക്കുവാൻ വഴിയൊന്നുമില്ലയോ?" എന്നു് ഞാൻ കരീംഖാനോടു ചോദിച്ചു.

അപ്പോഠം ആ വൃദ്ധൻ പറഞ്ഞു:—"ഒരേ ഒരു വഴിയേയുള്ളു. അതു തന്നേയും ഏററവും ദുൎഗ്ഗമമാണു്. അതു് ഇന്നതെന്നു് ഞാൻ പറയാം. അതിന്മുമ്പു്, ആ സുഖഭോഗസമൃദ്ധമായ മാളികയിൽ മുൻകാലത്തു് പാൎത്തിരുന്ന ഒരു പാരസികയുവതിയുടേ ചരിത്രം കേഠക്കേണ്ടിയിരിക്കുന്നു. ഇതിനെക്കാഠം അത്ഭുതമായ—ഇതിനേക്കാഠം ശോകപൂൎണ്ണമായ ജീവിതചരിതം ഈ ലോകത്തിൽ മറെറാന്നുമുണ്ടായിട്ടില്ല........."

ഇത്രയും പറഞ്ഞെത്തിയപ്പോഴെക്കും, വണ്ടി വരുന്നുവെന്നു് കൂലിക്കാരൻ വിളിച്ചു പറഞ്ഞു. ധൂമം വമിച്ചുകൊണ്ടു് വണ്ടി വന്നു് സ്റ്റേഷനിൽ കടന്ന ഉടനേ ഞങ്ങഠം ഞങ്ങളുടേ സാമാനങ്ങളെല്ലാം തിടുക്കത്തോടുകൂടി വാരിക്കെട്ടിയെടുത്തു. ഒരു ആംഗലേയൻ, അപ്പോഠം മാത്രം ഉണൎന്നെഴുന്നേററു്, താൻ ഇരിക്കുന്ന ഒന്നാംക്ലാസ്സ് പെട്ടിയിൽ നിന്നു് തലപുറത്തു നീട്ടി ആ സ്റ്റേഷൻ ഏതെന്നു് നോക്കുന്നു. അദ്ദേഹം, ഞങ്ങളുടേ ഈ കഥാകൎത്താവിനേ കണ്ടപ്പോഠം, അങ്ങോട്ടു് വിളിച്ചു്, തൻേറ പെട്ടിയിൽ സ്ഥലം കൊടുത്തു. ഞങ്ങഠം കയറിയതു് ഒരു രണ്ടാം

ക്ലാസ്സ് പെട്ടിയിലാണ്. അതുകൊണ്ട്, ആ മനുഷ്യൻ ആരെന്നോ, ആ കഥയുടേ അവസാനം എങ്ങിനേയെന്നോ ഞങ്ങൾക്ക് അറിയുവാൻ കഴിഞ്ഞില്ല.

"ആയാൾ, നമ്മളേ ബുദ്ധിഹീനരെന്ന് ഗണിച്ച്, സ്വന്തം വിനോദത്തിന്നായി നമ്മേ കളിപ്പിക്കയാണ് ചെയ്തത്. ആദ്യന്തം വെറും കല്പിതകഥയാണത്" എന്ന് ഞാൻ അഭിപ്രായപ്പെട്ടു. അതിൽ നിന്ന് നേരിട്ട വാദം എനിക്കും എൻേറ ആ തിയോസഫിക്കൽ സ്നേഹിതന്നും തമ്മിൽ തീരാപ്പകയിലാണ കലാശിച്ചത്.

# പ്രതികാരം.

മുകുന്ദബാബുവിൻേറ മുമ്പിലത്തേ ദിവാൻേറ പൌത്രിയും ഇപ്പോഴത്തേ മാനേജരുടേ ഭാൎയ്യയുമായ ഇന്ദ്രാണിയേ, യജമാനകുടുംബത്തിലേ സ്വാമിനി തൻേറ പൌത്രൻേറ വിവാഹത്തേസംബന്ധിച്ചുള്ള വിരുന്നിലേക്ക് ക്ഷണിച്ചപ്പോൾ ദൗൎഭാഗ്യംകൊണ്ട് അവൾ അങ്ങോട്ടു പോയി.

ഇതിന്മുമ്പു നടന്നിട്ടുള്ളതു് ഇവിടേ ചുരുക്കത്തിലെങ്കിലും പ്രസ്താവിച്ചാൽ മാത്രമേ ഈ കഥ നല്ലവണ്ണം വെളിവാകയുള്ളു.

ഇപ്പോൾ മുകുന്ദബാബു മരിച്ചുപോയിരിക്കുന്നു. അദ്ദേഹത്തിൻേറ ദിവാനായ ഗൌരീകാന്തനും നാമാവശേഷനായി. കാലഗതിയാൽ ആ ഇരുവരുടേയും ശരീരങ്ങൾ അതിൻേറ സ്ഥാനങ്ങളിൽനിന്നു് മറഞ്ഞുപോയി. അവർ ജീവിച്ചിരുന്നകാലത്തു് പരസ്പരം സുദൃഢമായ സ്നേഹത്താൽ ബദ്ധരായിരുന്നു. അമ്മയും അച്ഛനുമില്ലാതായി, ഉപജീവനമാൎഗ്ഗം അന്വേഷിച്ചുകൊണ്ടു് അലഞ്ഞുതിരിയുന്ന നിലയിൽ അനാഥനായ ഗൌരീകാന്തനേ ആദ്യമായി കണ്ടപ്പോൾതന്നേ മുകുന്ദബാബു പൂൎണ്ണമായി വിശ്വസിച്ചു് തനിക്കു് അന്നുണ്ടായിരുന്ന ചുരുങ്ങിയ സ്വത്തു മുഴുവൻ യഥോചിതം സംരക്ഷിക്കേണ്ട ഭാരം ആ ആശ്രിത

ന്നു് ഒഴിഞ്ഞുകൊടുത്തു. അങ്ങിനേ ചെയ്തതു് മുകുന്ദബാബുവി
ന്നു് നന്മയ്ക്കുതന്നേ കാരണമായി. ചിതൽ പാററിന്നായി
പുററുണ്ടാക്കുന്നതുപോലേയും, സ്വൎഗ്ഗകാമി ലോകത്തിൽ
പലപല പുണ്യകൎമ്മങ്ങൾ ചെയ്തുവെക്കുന്നതു പോലേയും
ഗൌരീകാന്തൻ സ്ഥിരോത്സാഹത്തോടുകൂടി നാൾതോ
റും ഒട്ടൊട്ടായി പ്രയത്നിച്ചു് മുകുന്ദബാബുവിന്നായി ധനം
വൎദ്ധിപ്പിച്ചു. ഒടുവിൽ, ആൎക്കും അത്ഭുതമുണ്ടാകുമാറു് അത്ര
യും സാമൎത്ഥ്യത്തോടുകൂടി ഏററവും ചുരുങ്ങിയസംഖ്യക്കു
ഗൌരീകാന്തൻ ബാങ്കാഗാഡി ജമീൻദാരുടേ ഭൂമി മുഴുവ
ൻവാങ്ങി മുകുന്ദലാലൻേറ സ്വത്തോടു് ചേൎക്കയും ചെയ്തു.
അതോടുകൂടി ആ കുടുംബം ശ്രേഷ്ഠ ജമീൻദാർ വൎഗ്ഗത്തി
ലേക്കുയൎന്നു. യജമാനൻേറ സ്ഥിതി ഇങ്ങിനേ ഉയൎന്നുവന്ന
തിന്നൊപ്പം ഉദ്യോഗസ്ഥന്മാൎക്കും ഉയൎച്ചയുണ്ടായി. അവ
രുടേ വീടുകളും, വസ്തുവകകളും, ആരാധനാലയങ്ങളുമെ
ല്ലാം വിസ്തൃതങ്ങളായിവന്നു. ആദ്യം വെറും താസിൽദാ
രായിരുന്ന ഗൌരീകാന്തനേ, ഒടുവിൽ ദിവാൻജിയെന്നാ
ണു് ജനങ്ങൾ വിളിച്ചുതുടങ്ങിയതു്.

ഇത്രയുമാണു് മുമ്പു നടന്ന കഥ. ഇപ്പോൾ മുകുന്ദ
ബാബുവിൻേറ ദത്തുപുത്രനാണു് ജമീൻദാർ. വിനോദ വി
ഹാരിയെന്നാണു് അവൻേറ പേർ. ഗൌരീകാന്തൻേറ
പൌത്രീകാന്തനായ അംബികാചരണൻ നല്ലൊരു ബുദ്ധി
മാനാണു്. അവനാണു് ആ ജമീനിൽ ഇപ്പോഴത്തേ മാനേ
ജർ. ദിവാൻജിക്കു് തൻേറ മകനായ രമാകാന്തനിൽ വി
ശ്വാസമുണ്ടായില്ല. വാൎദ്ധക്യത്താൽ അദ്ദേഹം ജോലിയി
ൽനിന്നു് ഒഴിഞ്ഞകാലത്തു് തൻേറ മകനേ അകററിനി

ത്തി, തന്റേ പൌത്രിയുടേ ഭത്താവായ അംബികാചര
ണേയാണ് ആ ജോലിയിൽ നിയമിച്ചത്.

കാൎയ്യങ്ങളെല്ലാം ശരിയായിത്തന്നേനടന്നുവന്നു. മിക്ക ഏൎപ്പാടുകളും മുൻക്രമത്തിൽത്തന്നേയാണിരുന്നത്; ഒന്നു മാത്രമേ ഒട്ടൊന്നു ഭേദിച്ചിരുന്നുള്ളു. ഇപ്പോഠം യജമാനഭൃത്യന്മാൎക്കുള്ള ബന്ധം വേലയേയും കൂലിയേയും മാത്രം അവലംബിച്ചതാണ്; സ്നേഹമൂലമായുള്ളതല്ല. മുൻകാലത്ത് പണം ദുൎല്ലഭമായിരുന്നു; എന്നാൽ സ്നേഹം സുലഭമാണ്. ഇപ്പോഠം സ്നേഹസമ്പത്തെടുത്ത് ചെലവുചെയ്യുവാൻ തക്കവക ആൎക്കുമില്ലാതായിരിക്കുന്നു. രക്തബന്ധമുള്ളവരിൽക്കൂടിയും വേണ്ടുന്നത്ര ചെലുത്തുവാൻ സ്നേഹസമ്പത്ത് കരുതീട്ടില്ലാത്തവരിൽനിന്ന് അത് അന്യൎക്ക് കിട്ടുന്നതെങ്ങിനേ!

ഈ സന്ദൎഭത്തിലാണ്, യജമാനകുഡുംബത്തിൽ നടക്കുന്ന വിവാഹസദ്യൎക്ക് ക്ഷണപ്രകാരം ദിവാൻജിയുടേ പൌത്രി അവിടേ ചെന്നത്.

ഈ ലോകം ബ്രഹ്മാവിന്ന് നവംനവങ്ങളായ വിഷയങ്ങഠം ചമഞ്ഞുകൊണ്ടിരിക്കുന്ന ഒരു ശില്പഗൃഹമാണ്. ഇവിടേ വിവിധപ്രകൃതിയോടുകൂടിയവർ തമ്മിലുള്ള സമ്പൎഗ്ഗത്തിൽനിന്ന് നേരിട്ടുകൊണ്ടിരിക്കുന്ന സംയോഗവിയോഗങ്ങളാൽ നിരന്തരം വിരചിതമാകുന്ന സരസകഥകഠം എണ്ണിയാലൊടുങ്ങുകയില്ല.

വിവാഹസദ്യക്കായി അതിഥികഠം വന്നുകൂടിയിരിക്കുന്ന ആ ഗൃഹത്തിൽ, ആ ആഹ്ലാദകോലാഹലങ്ങഠംക്കിടയിൽ വിഭിന്നപ്രകൃതികളോടുകൂടിയ രണ്ടു പേർ പരസ്പരാ ഇടപെട്ടു. ഇടമുറിയാതേ മിന്നിക്കൊണ്ടുപോകുന്ന

സാസാരവലയിൽ പുതിയൊരു നിറം കലൎന്ന ഒരിഴ വെട്ടെന്ന് കാണുമാറായി. അതിൽനിന്ന് പുതിയൊരു കുഴപ്പം ഉയൎന്നുവരികയും ചെയ്തു.

എല്ലാവരും ഊൺകഴിഞ്ഞതിൽപ്പിന്നേ വൈകുന്നേരമാണ് ഇന്ദ്രാണി യജമാനഗൃഹത്തിൽ, പതുക്കേ, വന്നുചേൎന്നതു്. ഇത്രയും താമസിക്കുവാൻ കാരണമെന്തെന്ന് വിനോദവിഹാരിയുടേ പത്നിയായ നയനധാര ചോദിച്ചതിന്ന് വീട്ടിൽ തിടുക്കമായി ചെയ്തുതീൎക്കേണ്ട പല ജോലികളും ഉണ്ടായിരുന്നുവെന്നും, ദേഹത്തിന്ന് സുഖമില്ലെന്നും, മററും ചില ഒഴികഴിവുകളാണ് ഇന്ദ്രാണി പറഞ്ഞതു്. അതൊന്നും അവിടേ ആരും വിശ്വസിക്കയുണ്ടായില്ല.

വാസ്തവഹേതു ഇന്ദ്രാണി മറച്ചുവെച്ചുവെങ്കിലും അതു് എന്തെന്നറിയാത്തവർ അക്കൂട്ടത്തിൽ ആരുമുണ്ടായിരുന്നില്ല. കാരണം ഇതാണ്:—മുകുന്ദബാബുവിൻേറ കുടുംബക്കാർ മാന്യരും പ്രബലരും തന്നേ. എന്നാൽ ഇവരേക്കാൾ ഗൌരീകാന്തന്ന് കുലശ്രേഷ്ഠതകൂടും. ആ ശ്രേഷ്ഠത ഇന്ദ്രാണി മറന്നിട്ടില്ല. അതുകൊണ്ടുതന്നേയാണ്, യജമാനഗൃഹത്തിൽ ഉണ്ണാതേ കഴിക്കുവാൻ അവൾ ഇത്രയധികം താമസിച്ചുവന്നതു്. ഈ ഉള്ളുകള്ളി അറിഞ്ഞുകൊണ്ട്, ഊണിന്നായി അവളെ അവർ നിൎബ്ബന്ധിച്ചു. അതിന്ന് ഇണങ്ങുന്ന ഒരു പെണ്ണല്ലാ ഇന്ദ്രാണി. അവളേ അവിടേ ഊൺകഴിപ്പിക്കുവാൻ ചെയ്ത ശ്രമം മുഴുവൻ നിഷ്ഫലമായതേയുള്ളു.

മുകുന്ദലാലനും ഗൌരീകാന്തനും ജീവിച്ചിരുന്ന കാ

ലത്തു് ഇതിനേക്കാറം വലിയൊരു വഴക്ക് നേരിട്ടിട്ടുണ്ടു്. അതെന്തെന്നു പറയാം.

ലാവണ്യവതിയായ കമനീയാംഗിയാണ് ഇന്ദ്രാണി. നമ്മുടേ ഭാഷയിൽ ഒരു വിലാസിനിയേ നിശ്ചലമായ വിദ്യുത്തിനോടു് ഉപമിക്കുക സാധാരണമാണ്. അങ്ങിനേ ചെയ്യുന്നതു് പലപ്പോഴും ഒക്കാറില്ലെങ്കിലും, ഇന്ദ്രാണിയേ സംബന്ധിച്ച് അതു് ശരിക്ക് ചേൎന്നിട്ടുണ്ടു്. തനിക്ക് ജന്മസിദ്ധമായുള്ള ശക്തി ചെലുത്തി, ആഭിജാത്യപാശം കൊണ്ടു്, തന്റെ ഹൃദയത്തിലേ മഹത്തായ വേഗത്തേയും തീക്ഷ്ണമായ കാന്തിയേയും അവറം കെട്ടി മുറുക്കിയിടുകയാൽ, അവളുടേ മുഖത്തിലും നേത്രങ്ങളിലും മറെറല്ലാ അംഗങ്ങളിലും സൌദാമിനി അനവദ്യയായി ഒളിതുകിക്കൊണ്ടു്, തനിക്ക് പ്രകൃതിസിദ്ധമായുള്ള ചപലത ഇന്ദ്രാണിയേ പ്രാപിച്ചതോടുകൂടി ഒഴിഞ്ഞുപോയതുപോലേ സുസ്ഥിരം വിളങ്ങി.

ഈ സുന്ദരിയേ തന്റെ ദത്തപുത്രനേക്കൊണ്ടു് വേറംപ്പിക്കുവാൻ താൻ നിശ്ചയിച്ചിരിക്കുന്നുവെന്ന് മുകുന്ദൻ ഗൌരീകാന്തനേ അറിയിച്ചു. യജമാനനേ സമ്പൂൎണ്ണഭക്തിയോടുകൂടി സേവിക്കുന്ന കാൎയ്യത്തിൽ ~~മുകുന്ദൻ~~ ഗൌരീകാന്തനേൽ മററാക്കുംതന്നേ താണുനില്ക്കുയില്ല. യജമാനനുവേണ്ടി സ്വന്തം പ്രാണനേപ്പോലും ത്യജിക്കുവാൻ അദ്ദേഹം സന്നദ്ധനാണ്. തന്റെസ്ഥിതിവളരേ വളരേ ഉയൎന്നിരുന്നിട്ടും, തന്നേ യജമാനൻ ആപ്തമിത്രമെന്നപോലേ തികച്ചും സ്നേഹിച്ച് ആദരിക്കുന്നുണ്ടായിരുന്നിട്ടും, യജമാനനോടു് തനിക്കുണ്ടായിരിക്കേണ്ട ഒതുക്കം, വണക്കം മുതലായ ആചാരമൎയ്യാദ

യേ ഗൌരീകാന്തൻ സ്വപ്നത്തിൽപോലും ലംഘിക്കുന്നവനല്ല. സ്വാമിയുടേ സന്നിധിയിലും, അദ്ദേഹത്തിൻേറ പേർ ആരാനും ഉച്ചരിച്ചു കേൾക്കുമ്പോഴും ഗൌരീകാന്തൻ തൊഴുതു കുമ്പിടുക പതിവാണ്. ഇങ്ങിനേയാണെങ്കിലും, ഈ വിവാഹവിഷയത്തിൽമാത്രം അദ്ദേഹം തൻേറ സ്വാമിയോട്ട് യോജിച്ചില്ല. യജമാനൻേറ വിധേയനായ ഭക്തനായിരുന്ന്, സ്വന്തം ചുമതലകൾ ശരിക്ക് നിർവ്വഹിക്കുവാൻ അദ്ദേഹം സന്നദ്ധൻതന്നേ. എന്നാൽ, കുലശ്രേഷ്ഠതയാൽ തനിക്കുണ്ടായിരിക്കുന്ന അന്തസ്സ് അദ്ദേഹം എന്തിനു കൈവിട്ടുകൊടുക്കുന്നു! മുകുന്ദബാബുവിൻേറ പുത്രന്ന് തൻേറ പൌത്രിയേ കൊടുക്കുവാൻ അദ്ദേഹം സമ്മതിച്ചില്ല.

തൻേറ കീഴിൽ ജോലിയെടുത്തു ജീവിക്കുന്നവൻേറ ഈ കുലഗർവ്വം മുകുന്ദലാലന്ന് രസിച്ചില്ല. ഈ ബന്ധം കൊണ്ടു് തൻേറ ഭക്തനായ ഉദ്യോഗസ്ഥനേ അനുഗ്രഹക്കാമെന്നാണ് അദ്ദേഹം കരുതിയതു. ആ അനുഗ്രഹത്തേ ഗൌരീകാന്തൻ നിരാകരിക്കയാൽ അദ്ദേഹത്തോട്ട് മുകുന്ദലാൽ കുറേനാളേക്ക് ഒന്നും മിണ്ടാതേ മുഷിഞ്ഞിരുന്നുകൊണ്ടു് ആ ഭക്തനിൽ മനോവേദന വളർത്തി. യജമാനന്ന് തന്നിലുണ്ടായിരിക്കുന്ന ഈ നീരസം ഗൌരീകാന്തൻേറ ഹൃദയത്തിൽ അന്തകശ്ശൂലംപോലേ കുത്തിക്കയറിയെങ്കിലും, ആ സ്ഥിതിയിൽക്കൂടിയും അദ്ദേഹം ചെയ്തതു് അനാഥനും ദരിദ്രനുമെങ്കിലും കുലീനനായ ഒരു ബ്രാഹ്മണയുവാവിനേക്കൊണ്ടു തൻേറ ആ പൌത്രിയേ വിവാഹം ചെയ്യിക്കയാണ്. അവനേ അദ്ദേഹം തൻേറ വീട്ടിൽത്ത

ന്നേ പാപ്പിച്ച് വളത്തി തൻേറ ചെലവിൽത്തന്നേ പഠിപ്പിച്ച് വിദ്യാസമ്പന്നനാക്കി.

കുലശ്രേഷ്ഠതയാൽ ഗൎവ്വിതനായ ആ പിതാമഹൻേറ ഈ പൌത്രിയായ ഇന്ദ്രാണി അന്ന് യജമാന ഗൃഹത്തിൽ ഊൺകഴിക്കയുണ്ടായില്ല. അതിൽനിന്ന് യജമാനൻേറ പത്നിയായ നയനധാരയുടേ മനസ്സിൽ പ്രേമപ്രവാഹമല്ലാ ഉണ്ടായതെന്ന് പ്രത്യേകിച്ച പറയേണ്ടതില്ലല്ലോ. നയനധാരയുടേ വിദ്വേഷാകുലമായ മനോദൃഷ്ടിയിൽ ഇന്ദ്രാണിയുടേ ഗൎവ്വം പല പല രൂപങ്ങളിൽ പ്രതിബിംബിച്ചു.

ഒന്നാമത്—ഇന്ദ്രാണി മെയ് നിറയേ പണ്ടങ്ങളണിഞ്ഞു വിലയേറിയ പൂഞ്ചേലകഠം ചാത്തിയാണ് വന്നിരിക്കുന്നത്. തനിക്കുള്ള സമ്പൽപ്രഭാവം ഇത്രയും പ്രദശിപ്പിച്ചുകൊണ്ടു സ്വന്തം യജമാനൻേറ വീട്ടിൽവന്ന് അങ്ങുള്ളവരോട്ട് സമഭാവത്തിൽ ഇടപെടുവാൻ തക്കഅത്ര അധികാരവും അവകാശവും എന്താണവഠംക്കുള്ളതു്!

രണ്ടാമത്—ഇന്ദ്രാണിക്ക് താനൊരു സൌന്ദൎയ്യവതിയാണെന്ന് മറെറാരു ഗൎവ്വംകൂടിയുണ്ടു. അവഠം രൂപവതിതന്നേ—അതിൽ ആക്കും തക്കമില്ല. താണനിലയിലുള്ളവക്ക് ഇത്രയേറേ സൌന്ദൎയ്യമുണ്ടായിരിക്കുന്നതു് അയുക്തമോ അനാവശ്യമോ ആണെങ്കിൽ, അങ്ങിനേയാവട്ടേ. എന്നാൽ, ആ സൌന്ദൎയ്യത്താൽ ഇന്ദ്രാണി ഗൎവ്വിക്കുന്നുവെന്നതു് നയനധാരയുടേമിഥ്യാസങ്കല്പമാണ്. സൌന്ദൎയ്യത്തെനോക്കി അതു് വിരസമെന്നോ വികൃതമെന്നോ നിന്ദിച്ചാൽ, കേഠംക്കുന്നവക്കാക്കും സമ്മതമാകയില്ല. അപ്പോഠം, മറെറാ

ത്തവളുടേ സൌന്ദൎയ്യംകണ്ടു് അസൂയയ്ക്കു് അടിമപ്പെട്ടുന്നവർ അവരുടേ ആ ചിത്തവൃത്തിയുടേ അംനിരുദ്ധമായ ചേഷ്ട യ്ക്കുവേണ്ടി, ഗത്യന്തരമില്ലാതേ, ആ സൌന്ദൎയ്യത്തിൽ സ്വയംകല്പിതമായ ഗൎവ്വത്തേ വെച്ചുകെട്ടുന്നു.

മൂന്നാമത്തു്—ഇന്ദ്രാണിയുടേ ദുരഹങ്കാരം. ഇതിനേ സാധാരണഭാഷയിൽ പരപുച്ഛമെന്നും പറയാം. ഇന്ദ്രാണി പ്രകൃത്യാ സഗൌരവയാണു്. നല്ലവണ്ണം പരിചിതരായിട്ടുള്ള തോഴികളോടല്ലാതേ മറ്റുള്ളവരോടു് അവൾ അധികമായി ഇടപെടുകയില്ല. തള്ളിക്കയറി വല്ലതിലുമൊക്കേ തലയിടുകയും, ഏതുകാൎയ്യത്തിലും മുൻകടന്നു് അതുമിതും കാട്ടിക്കൂട്ടുകയും ചെയ്യുന്നവരേ ഇന്ദ്രാണി തീരേ വെറുക്കുന്നു.

ഇങ്ങിനേ, മിഥ്യയും സ്വയംകല്പിതവുമായ കാരണങ്ങളേക്കൊണ്ടു് നയനധാര തന്നിലുള്ള വിദ്വേഷാഗ്നിയേ വളൎത്തിവന്നു. ഇടയ്ക്കിടേ അവൾ ഇന്ദ്രാണിയേ ചൂണ്ടിക്കാണിച്ചു് „നമ്മുടേ മാനേജരുടേ ഭാൎയ്യ" യെന്നും „നമ്മുടേ ദിവാന്റേ മരുമകൾ" എന്നും ആവശ്യമൊന്നുമില്ലാതേ ചുറ്റുമുള്ളവരേ പറഞ്ഞുകേൾപ്പിക്കും. അവളാൽ പ്രേരിപ്പിച്ചുവിട്ട വാചാലയായ ഒരു ദാസി, പലരും കാണേ, ഇന്ദ്രാണിയേ തൊട്ടും തൊടാതേയുമുള്ള നിലയിൽ അണഞ്ഞുനിന്നു് ഉള്ളിണങ്ങിയ തോഴിയേപ്പോലേ ഭാവിച്ചു് അവളുടേ ആഭരണങ്ങൾ തടവിത്തടവിനോക്കി, അസ്സലിയലും പതക്കവും അസ്സലായിട്ടുണ്ടെന്നു് അഭിപ്രായപ്പെട്ടതിൽപ്പിന്നേ, „ചേച്ചി, ഇതെല്ലാം മുക്കപണ്ടങ്ങളാണോ?" എന്നു് ചോദിക്കയുണ്ടായി.

അതിന്ന് ഇന്ദ്രാണി സഗൌരവം „അല്ലാ: ഇതെല്ലാം വെറും പിച്ചള" എന്ന് മറുവടികൊടുത്തു.

നയനധാര ഇന്ദ്രാണിയേനോക്കി, „ഇവിടേ തനിച്ച് വെറുതേ നില്ക്കുന്നതെന്താണ്? ഈ പലഹാരങ്ങൾ എടുത്ത് അതാ അവളുടേ പല്ലക്കിൽ കൊണ്ടുപോയി വെക്കാമോ?" എന്ന് ചോദിച്ചു. അപ്പോൾ അവിടേ ഒരു വേലക്കാരി ഒരു ജോലിയുമില്ലാതേ നില്ക്കയായിരുന്നു.

ഇന്ദ്രാണി, തന്റെ നീണ്ടിരുണ്ട ഇമകളിൽക്കൂടി, ആഭിജാത്യംനിറഞ്ഞ, ആഴംകൂടിയ ദൃഷ്ടിയാൽ നയനധാരയുടേ മുഖത്തേക്ക് ഒരു ക്ഷണം ഉററുനോക്കി, അടുത്ത ക്ഷണത്തിൽത്തന്നേ ആ പലഹാരപാത്രങ്ങൾ എടുത്തുകൊണ്ട് പല്ലക്കിന്നഭിമുഖമായി നടന്നു.

ഈ പലഹാരങ്ങൾ ആരുടേ ആവശ്യത്തിന്നായി എടുത്തുകൊണ്ടുപോകുന്നുവോ, അവൾ ഇതുകണ്ട് ആവേശത്തോടുകൂടിവന്ന് „ചേച്ചി, നിങ്ങളെന്തിനാണ് ഇങ്ങിനേ കഷ്ടപ്പെടുന്നത്. ഇത് ആ വേലക്കാരിയേ ഏല്പിക്കാമല്ലോ" എന്ന് തടുത്തു.

ഇന്ദ്രാണി അതിന്നനുകൂലിച്ചില്ല. „ഇതിലെന്താണ് കഷ്ടം ?" എന്നു അവൾ ചോദിച്ചു.

„എന്നാൽ, നിങ്ങൾ ഇതു് എന്റെകൈയിൽത്തന്നേ തന്നേക്കുക."

„ഇല്ലാ; ഞാൻതന്നേ എടുത്തുകൊണ്ടുവരാം."

അന്നപൂർണ്ണാദേവി തേജോമയമായ മുഖത്തോടുകൂടി, പരമവത്സലയായി ഭക്തജനത്തിന്ന് തന്റെ കൈകൊണ്ടുതന്നേ അന്നം നൽകുന്നതുപോലേ, ഇന്ദ്രാണി പൂർണ്ണ

പ്രിയത്തോടുകൂടി ആ പലഹാരങ്ങൾ സ്വന്തം കൈകളിലെടുത്തു് പല്ലക്കിൽ കൊണ്ടുപോയിവെച്ചു. ഇത്രയും ചെയ്യുന്നതിലേക്കു വേണ്ടിവന്ന ആ രണ്ടു നിമിഷകാലം മാത്രമാണു് ആ പ്രൌഢകുടുംബസ്വാമിനി, അല്പഭാഷിണിയും മന്ദഹാസാഞ്ചിതയുമായ ഇന്ദ്രാണിയോടു്, ജനനംമുതല്ക്കേ പ്രാണമിത്രമായി വൎത്തിക്കുന്നവളേപ്പോലേ, അത്രയും പ്രിയത്തോടുകൂടി, കപടമായിട്ടെങ്കിലും, പെരുമാറിയതു്.

ഇങ്ങിനേ നയനധാര, സ്ത്രീകളിൽ സുലഭമായുള്ള കുടിലതയിൽ തനിക്കുള്ള കുശലതയോടുകൂടി ഇടവിടാതേ നിന്ദാസ്തുതികൾ വൎഷിച്ചുകൊണ്ടിരുന്നുവെങ്കിലും, അതിന്നൊന്നിനും ഇന്ദ്രാണിയുടേ ഹൃദയത്തേ ചലിപ്പിക്കുവാൻ കഴിഞ്ഞില്ല. അവളിൽ നിൎമ്മലമായി തിളങ്ങിക്കൊണ്ടിരിക്കുന്ന സഹജതേജസ്സാൽ സുദൃഢം നിൎമ്മിതമായ കവചത്തേ സ്പൎശിക്കുമ്പോഴേക്കും ആ നിന്ദാസ്തുതികൾ തകൎന്നു് പോകുകയാണുണ്ടായതു്. തന്റെ ഈ വക പ്രയോഗങ്ങളാൽ ഇളകാതേ ഇന്ദ്രാണി സഗൌരവം വൎത്തിക്കുന്നതു കണ്ടു് നയനധാരയുടേ വിദ്വേഷം ഒന്നുകൂടി വൎദ്ധിച്ചു. ഇതറിഞ്ഞു് ഇന്ദ്രാണി, തന്നിൽ ആൎക്കും ശ്രദ്ധയില്ലാതിരിക്കുന്ന സമയത്തു് ആരോടും യാത്ര പറയാതേ സ്വഗൃഹത്തിൽ തിരിച്ചു വന്നു.

൨.

പ്രശാന്തമായി സഹിച്ചുകൊണ്ടിരിക്കുന്നവരാരോ, അവരേ ദുഃഖം ആഴത്തിൽച്ചെന്നടിക്കുന്നു. നിന്ദാത്മകമായ ഭംഗിവാക്കുകളേ ഇന്ദ്രാണി അതിരററ വെറുപ്പോടുകൂടി

അകലേ തള്ളുന്നതിന്ന് എത്രത്തോളം ശ്രമിച്ചുവോ, അത്രയും അവ അവളുടേ ഹൃദയത്തിന്റേ അടിയിലേക്ക് ആണ്ടുചെന്നു.

ഇന്ദ്രാണിയേ വിനോദവിഹാരിയേക്കൊണ്ട് വേൾപ്പിക്കുവാനുണ്ടായപോലേ, മുമ്പൊരിക്കൽ, ഇന്ദ്രാണിയുടേ അകന്ന ബന്ധുത്വത്തിൽപ്പെട്ട ദരിദ്രനായ വാമചരണനേക്കൊണ്ട് നയനധാരയേ പരിഗ്രഹിപ്പിക്കുവാൻ ആലോചന നടക്കുകയുണ്ടായിട്ടുണ്ട്. ആ വാമചരണൻ ഇപ്പോൾ വിനോദന്റേ ആഫീസ്സിൽ ഒരു താണതരം ഉദ്യോഗസ്ഥനാണ്. തന്റേ ബാല്യകാലത്ത്, ഒരുനാൾ, നയനധാരയേ അവളുടേ അച്ഛൻ തന്റേ വീട്ടിൽ കൂട്ടിക്കൊണ്ടു വന്ന് അവളേ വാമചരണനേക്കൊണ്ട് വേൾപ്പിക്കുവാൻ തന്റേ പിതാമഹനായ ഗൌരീകാന്തനോട് വീണ്ടും വീണ്ടും ദയനീയമായി പ്രാൎത്ഥിച്ചത് ഇപ്പോൾ ഇന്ദ്രാണി ഓൎത്തു. അന്നു ചെറുബാലികയായിരുന്ന നയനധാരയുടേ എതിരില്ലാത്ത സാഹസങ്ങൾ കണ്ട് അന്തഃപുരസ്ത്രീകൾ വിസ്മയിച്ചു പോയി. പിഞ്ചിൽത്തന്നേ പഴുത്തിരിക്കുന്ന നയനധാരയുടേ മുമ്പിൽ, ലജ്ജാവതിയും വിനീതയുമായ താൻ മൂഢയും അപ്രഗത്ഭയുമാണെന്നു, അന്ന് ഇന്ദ്രാണി വിചാരിക്കയുമുണ്ടായി. നയനധാരയുടേ നിരങ്കുശമായ വാക്ധാരയേയും മുഖവിലാസത്തേയും കണ്ട് ഗൌരീകാന്തൻ പരമസന്തുഷ്ടനായിയെങ്കിലും, അവൾ അല്പം താണകുലത്തിൽ ജനിച്ചവളാകയാൽ അവളേ വാമചരണനേക്കൊണ്ട് വിവാഹം ചെയ്യിക്കുവാൻ സമ്മതിച്ചില്ല. ഒടുവിൽ, അവളുടേ അച്ഛൻ മനസ്സേരി

ഞ്ഞുകൊണ്ടു് തന്നെത്താൻ ചെയ്ത ശ്രമത്തിന്റെ ഫലമായി അവൾ താണകുലത്തിൽ പിറന്ന വിനോദവിഹാരിയുടേ ഭാൎയ്യയായി.

ഇക്കഥ മുഴവൻ ഓൎമ്മിച്ചതിൽ നിന്നും ഇന്ദ്രാണിക്കു ഒട്ടും മനസ്സമാധാനം നേടുവാൻ കഴിഞ്ഞില്ല. അവമാനത്താലുള്ള മനഃക്ഷോഭം അവളിൽ വൎദ്ധിച്ചുവന്നതേയുള്ളു. മഹാഭാരതത്തിൽ വൎണ്ണിച്ചിട്ടുള്ള ശുക്രാചാൎയ്യപുത്രിയായ ദേവയാനിയുടേയും, വൃഷപൎവ്വപുത്രിയായ ശൎമ്മിഷ്ഠയുടേയും കഥ അവൾക്കു ഈ ഘട്ടത്തിൽ ഓൎമ്മയുണ്ടായി. ദേവയാനി തന്റെ സ്വാമിയുടേ പുത്രിയായ ശൎമ്മിഷ്ഠയേ വിച്ഛിന്നഗൎവ്വയും, സ്വന്തം ദാസിയുമാക്കിയതുപോലേ, നയനധാരയേ സംബന്ധിച്ചു് തനിക്കും ചെയ്യുവാൻ കഴിഞ്ഞാൽ മാത്രമേ തക്കതായ പ്രതികാരമാകയുള്ളുവെന്നു് ഇന്ദ്രാണി കരുതി. അങ്ങിനേ ചെയ്യുവാൻ തക്ക ഒരു കാലമുണ്ടായിരുന്നു. അന്നു്, ദൈത്യകുലത്തിന്നു് ശുക്രനെന്നപോലേയായിരുന്നു മുകുന്ദലാല കുടുംബത്തിന്നു് ഗൌരീകാന്തൻ. അന്നു് അദ്ദേഹം ആഗ്രഹിച്ചിരുന്നാൽ മുകുന്ദബാബുവിനേ തന്റെ കാല്ക്കൽ വീഴിക്കാം. ഇപ്പോൾ സ്വാമികുടുംബത്തിലേ സ്വത്തു് കഴിയുന്നെടത്തോളം വൎദ്ധിപ്പിച്ചു്, അതിന്റെ രക്ഷയ്ക്കു് എല്ലാവഴിക്കും വേണ്ടത്തക്ക ഉറപ്പുകൾ ചെയ്തിരിക്കയാൽ, ഇത്രയും ചെയ്തുകൊടുത്ത ഗൌരീകാന്തന്റെ പേരിൽ ആ കുടുംബക്കാൎക്കു ഇന്നു് നന്ദിയുണ്ടായിരിക്കേണ്ട ആവശ്യമെന്താണു്! ബാങ്കാഗാഡിജമീൻ ഗൌരീകാന്തന്നു തന്നേ അന്നു്, വേണമെങ്കിൽ വിലയ്ക്കു് വാങ്ങാമായിരുന്നു. അങ്ങിനേ ചെയ്യാ

ത്തേ അദ്ദേഹം അതു് സ്വാമികുടുംബത്തിലേക്കാണു് വാങ്ങിച്ചേർത്തതു്. ഇതു് ഒരു വക ദാനമാണെങ്കിലും അതു് ആ കുടുംബത്തിൽ ഇന്നുള്ളവരാരെങ്കിലും സമ്മതിക്കുമോ? ഇതൊക്കേയും ഇന്ദ്രാണി വിചാരിച്ചു. „ഞങ്ങടെ കൊട്ടത്ത സമ്പത്തും അന്തസ്സുംകൊണ്ടുണ്ടായിരിക്കുന്ന തള്ളിച്ചയാലാണു് അവർ ഇന്നു് ഞങ്ങളേത്തന്നേ അവമാനിക്കുവാൻ ശക്തരായതു്" എന്ന വിചാരം കൂടിയും അവളിൽ അങ്കുരിച്ചപ്പോൾ അവളുടേ മനസ്സ് താപകോപങ്ങളാൽ തിളച്ചു തുടങ്ങി.

അവൾ സ്വന്തം വീട്ടിൽ മടങ്ങിയെത്തിയപ്പോൾ അവളുടേ ഭർത്താവ് ജീമിൻദാരുടേ ഗൃഹത്തിൽ നിന്നു് തിരിച്ചു് ആഫീസ്സിൽ വന്നു് അന്നത്തേ ജോലികളെല്ലാം തീർത്തു് വീട്ടിൽ കടന്നു് കിടപ്പുറയിലേ മൂലയിൽ ഒരു കസേരയിൽ ചെന്നിരുന്നു് വൃത്താന്തപത്രം വായിക്കയായിരുന്നു.

ഭാര്യാഭർത്താക്കന്മാരുടേ സ്വഭാവഗതി മിക്കവാറും ഒരേ ക്രമത്തിലാണെന്നു് പലരും ധരിക്കാറുണ്ടു്. ഇതിന്നു കാരണം, ജീവിതത്തിൽ എപ്പോഴെങ്കിലുമൊരിക്കൽ യാദൃച്ഛികമായി ഭാര്യാഭർത്താക്കന്മാർ തമ്മിൽ ഏകമതിത്വത്തോടുകൂടി വർത്തിക്കുന്നതു കണ്ടു് അതു് എപ്പോഴുമുള്ളതുതന്നേയെന്നുണ്ടാകുന്ന തെററിദ്ധാരണയാണു്. ഈ യാദൃച്ഛികമായി നേരിടുന്ന ഐക്യം നമുക്കു് ഹിതവും ആശാസ്യവുമായിരിക്കയാൽ അതു് എങ്ങും എന്നുമുള്ളതാണെന്നു നാം തെററായി ധരിച്ചുപോകുന്നു. അക്കാര്യം എങ്ങിനേയോ ആവട്ടേ; നമ്മുടേ അംബികാചരണനും ഇന്ദ്രാ

ണിയും തമ്മിൽ ഒന്നുരണ്ടു കാൎയ്യങ്ങളിൽ ഐകമത്യത്തോടുകൂടിയവരാണ്. അന്യരോട്ട് അധികമായി ഇടപെടുന്ന സ്വഭാവം അംബികാചരണന്നില്ല. തന്റെ ജോലിയെ സംബന്ധിച്ചു മാത്രമേ അവൻ വെളിയിൽ പോകാറുള്ളു. അന്നന്ന് തന്റെ ജോലികൾ മുഴുവൻ തീൎക്കുകയും, കീഴുദ്യോഗസ്ഥന്മാരെക്കൊണ്ടു അവരവരുടേ ജോലികളെല്ലാം ശരിക്കു നിൎവ്വഹിപ്പിക്കുകയും ചെയ്തുകഴിഞ്ഞാൽ അംബികാചരണൻ എങ്ങും തങ്ങാതേ വീട്ടിൽ മടങ്ങി വന്ന്, തനിക്ക് ഇഷ്ടമില്ലാത്തവരോട്ട് ഇടപെടുന്നതിലുള്ള വൈരസ്യത്താൽ തന്റെ അറയിൽ കടന്ന് അവിടേ അടങ്ങിയിരുന്നേക്കും. വീട്ടിന്നു പുറത്ത്, താനും തന്റെ ജോലിയും മാത്രമേ അവന്നുള്ളു. വീട്ടിന്നുള്ളിലാവട്ടേ, അവന്നുള്ളത് താനും തന്റെ ഇന്ദ്രാണിയും മാത്രം. ഇത്രയും കൊണ്ടു തന്റെ ജീവിതം സമ്പൂൎണ്ണം തന്നേയെന്ന് അവൻ സംതൃപ്തിയേറും.

വിഭൂഷിതാംഗിയായ ഇന്ദ്രാണി ആഭരണങ്ങളുടേ ദീപ്തപ്രഭാപരത്തിക്കൊണ്ടു അറയിൽ കടന്ന ഉടനേ, അംബികാചരണൻ അവളേ ഒന്ന് കളിയാക്കുന്നതിന്ന് വായ തുറക്കുവാൻ തുടങ്ങി; പെട്ടെന്ന് അവൻ ആ ഭാവം പിൻവലിച്ച് സംഭ്രമത്തോടുകൂടി „നിനക്ക് എന്താണുണ്ടായത്" എന്ന് ചോദിച്ചു.

ഭൎത്താവിന്നുണ്ടായ ആ സംഭ്രമത്തേ അംകറവുന്നതിന്ന് ഒന്ന് ചിരിപ്പിക്കുവാൻ വേണ്ടി „എനിക്ക് എന്താണുണ്ടാകുവാനുള്ളത്"! എന്റെ പ്രാണേശ്വരന്നേ ഞാൻ ഇതാ എന്റെ മുമ്പിൽത്തന്നേ കാണുന്നതു തന്നേയാണ്

എനിക്കിപ്പോഴുണ്ടായിരിക്കുന്ന ഒരേ കാൎയ്യം:—എന്ന് ഇന്ദ്രാണി മറുപടി കൊടുത്തു.

അംബികാചരണൻ, താൻ വായിക്കുന്ന പത്രിക താഴേ എറിഞ്ഞു്—"അതെനിക്കറിയാം; ഇതിന്നു മുമ്പുണ്ടായതു് എന്താണെന്നാണ് ഞാൻ ചോദിച്ചതു്" എന്ന് തന്റേ ആദ്യചോദ്യത്തേ വ്യക്തമാക്കിക്കാണിച്ചു.

താൻ അണിഞ്ഞിട്ടുള്ള ആഭരണങ്ങൾ ഒന്നൊന്നായി അഴിച്ചു വെച്ചുകൊണ്ട്—"ഇതിന്നു മുമ്പോ? എന്നേ നമ്മുടേ സ്വാമിനി സൽകരിക്കയുണ്ടായി—"എന്ന് ഇന്ദ്രാണി സംഭൃതവിഷയത്തേ സ്പൎശിച്ചു.

"എങ്ങിനേയുള്ള സൽകാരം?"

ഇന്ദ്രാണി തന്റേ ഭൎത്താവിന്റേ അരുകേ വന്ന്, ആ കസേരയുടേ കൈയിൽ കയറിയിരുന്ന്, അവന്റേ കഴുത്തിൽ തന്റേ കൈ ചുററി അവനേ അണയേച്ചേൎത്തു പിടിച്ചുകൊണ്ട്—"എനിക്ക് നിങ്ങളിൽ നിന്നുണ്ടാകുന്ന ആ സൽകാരംപോലേയായിരുന്നില്ലാ സ്വാമിനിയിൽ നിന്നുണ്ടായതു്" എന്നീ മട്ടുമൊഴികൾ തൂകി.

അതിനേ തുടൎന്നുകൊണ്ട് കുറച്ചു കുറച്ചായി സംഭവം മുഴുവൻ അവൾ ഭൎത്താവിനേ അറിയിച്ചു. ഈ അപ്രിയകഥ തന്റേ നാഥനേ ഒട്ടും ഒരിക്കലും അറിയിക്കരുതെന്നായിരുന്നു അവൾ കരുതിയിരുന്നതു്. എന്നാൽ, ആ കരുതൽ ഇപ്പോൾ ഫലിക്കാതേ പോയി. ഇത്തരം കരുതലുകൾ ഇന്ദ്രാണി എത്രയെത്രയോ പ്രാവശ്യം നിഷ്ഫലമാക്കി വിട്ടിട്ടുള്ളതിനാൽ ഇന്ന് അവൾക്ക് ഒരു പുതുമയും തോന്നുവാനില്ല. അന്യരുടേ മുമ്പിൽ ഇന്ദ്രാണി

ത്തിരേ സംവൃതശീലയാണെങ്കിലും, ഭത്താവിൻേറ മുമ്പിൽ അവളുടേ ഹൃദയം നല്ലവണ്ണം തുറന്നു കിടക്കയാണ് ചെയ്യൂ. അവൻേറ മുമ്പിൽ യാതൊരു രഹസ്യവും അവൾക്ക് മറച്ചുവെക്കുവാൻ വയ്യ.

നടന്നതെല്ലാം കേട്ടതോടുകൂടി അംബികാചരണൻ ക്രുദ്ധനായിത്തിന്നു. „ഈ നിമിഷം തന്നേ എൻേറ ഉദ്യോഗം ഞാൻ രാജികൊടുത്തേക്കാം.'' എന്നു് പറഞ്ഞു് അവൾ തൻേറ യജമാനന്നു് കടുവാക്കുകളോടുകൂടി ഒരു കത്തെഴുതുവാൻ കോപ്പുകൂട്ടി.

അപ്പോൾ ഇന്ദ്രാണി കസേരക്കൈയിൽ നിന്നിറങ്ങി, പായ വിരിച്ച തറയിൽ, ഭത്തൃപാദങ്ങളോടണഞ്ഞിരുന്നു്, അവൻേറ മടിയിൽ കൈവെച്ചുകൊണ്ടു്, „ഇത്രയും ദ്വേഷ്യം എന്തിനാണ് ? കത്തയയ്ക്കുന്നതു് ഇന്നു വേണ്ട. ചെയ്യേണ്ടതെന്തെന്നു് നാളേ രാവിലേ നിശ്ചയിക്കാം''—എന്നിങ്ങിനേ സാന്ത്വനപൂർവ്വകം പറഞ്ഞു.

കോപത്താൽ മുഖം ചൊകന്ന അംബികാചരണൻ—„ഇല്ലാ; ഇനി ഒരു നിമിഷംപോലും താമസിക്കുവാൻ വയ്യ''—എന്നായി.

ഇന്ദ്രാണി അവളുടേ പിതാമഹൻേറ കരൾത്തണ്ടിൽ തെളിഞ്ഞു വിരിഞ്ഞു നില്ക്കുന്ന താമരപ്പൂപോലേ ശോഭിക്കുന്നവളാണ്. ഗൌരീകാന്തൻേറ ഹൃദയത്തിൽ നിന്നു് അവൾ എത്രത്തോളം പ്രേമരസം ഉൾക്കൊണ്ടിട്ടുണ്ടോ അത്രയും തന്നേ അവൾ അദ്ദേഹത്തിലുള്ള ഉൽകൃഷ്ടവിചാരങ്ങളേ—തന്നെത്താനറിയാതേയാണെങ്കിലും —തന്നിൽ പകത്തിയിട്ടുണ്ടു്. മുകുന്ദലാല കുടുംബ

ത്തോട് ഗൌരീകാന്തന്ന് ഉണ്ടായിരുന്നിടത്തോളം സ്നേഹവും വിശ്വാസവും ഇന്ദ്രാണിക്കില്ലെങ്കിലും, തന്റെ സ്വാമിയുടേ കുടുംബത്തിന്ന് നന്മ ചെയ്കയാണ് തന്റെ ജീവിതംകൊണ്ടു് സാധിക്കേണ്ട ഏകോദ്ദേശമെന്ന ബോധം അവളിൽ ദൃഢമൂലമായി കുടികൊള്ളുന്നു. വിദ്യാസമ്പന്നനായ അംബികാചരണന്ന്, വേണമെങ്കിൽ, വക്കീലാകാം; അഥവാ, അന്തസ്സുകൂടിയ മററു വല്ല ഉദ്യോഗത്തിലും പ്രവേശിക്കയും ചെയ്യാം. എന്നിട്ടും, തന്റെ ഭാൎയ്യയുടേ ബുദ്ധിപൂൎവ്വകമായ അഭിപ്രായത്തേ ശരിവെച്ചിട്ടാണ് അവൻ മുകുന്ദലാല കുടുംബത്തിലേ സ്വത്തുക്കൾ സംരക്ഷിക്കുകയെന്ന ചുമതലയോടുകൂടിയ ഇപ്പോഴത്തേ ഉദ്യോഗത്തേ കൈക്കൊണ്ടതു്. ഇന്ദ്രാണി വല്ലതായ അവമാനത്താൽ മനോവ്രണപ്പെട്ടിട്ടും, തന്റെ ഭൎത്താവ് വിനോദവിഹാരിയേ സേവിക്കുന്നതിൽ നിന്ന് പിന്മാറുന്നതു് ശരിയല്ലെന്നാണ് അവൾക്ക് തോന്നിയതു്.

അതിലേക്കുള്ള ന്യായം അവൾ ശരിക്ക് കാണിച്ചുകൊടുത്തു. "വിനോദ ബാബുവിന്റെ പേരിൽ തെററൊന്നുമില്ലല്ലോ. ഇക്കഥയേപ്പററി അദ്ദേഹം ഒന്നും തന്നേ അറിഞ്ഞിരിക്കയില്ല. അദ്ദേഹത്തിന്റെ ഭാൎയ്യ ചെയ്ത തെററിന്, പെട്ടെന്നുണ്ടായ ദേഷ്യത്താൽ, അദ്ദേഹത്തോട് നിങ്ങൾ പിണങ്ങുന്നതെന്തിന് ?"

തന്റെ ഭാൎയ്യയിൽ നിന്ന് മൃദുമധുരസ്വരത്തിൽ പുറപ്പെട്ട ഈ ചോദ്യങ്ങൾ കേട്ടതോടുകൂടി, തന്റെ ഈ എടുത്തുചാട്ടം, തികച്ചും, പരിഹാസയോഗ്യമാണെന്ന ബോ

ധം അംബികാചരണന്നുണ്ടാകയാൽ, അവൻ പൊട്ടിച്ചിരിച്ചുപോയി.

„നീ പറഞ്ഞത് ശരിതന്നേയായിരിക്കാം. എന്നാൽ, യജമാനനായാലും ശരി, മററാരായാലും ശരി—അവൻേറ വീട്ടിലേക്ക് ഇനി ഞാൻ നിന്നേ അയയ്ക്കയില്ല.''

ഈ ചെറിയ ചുഴൽക്കാററ് അന്ന് അങ്ങിനേ ഏതാണ്ടടങ്ങി. ആ വീട്ടിൽ ആഹ്ലാദം തിരതല്ലിയാത്തു. ഭത്താവിൽ നിന്ന് വഴിഞ്ഞൊഴുകിയ പ്രേമത്തിൽ ആ്ണ്ടുമുങ്ങിയ ഇന്ദ്രാണി തൻേറ മനോവേദന മുഴവൻ മാന്നുകളഞ്ഞു.

൩.

വിനോദവിഹാരി ജമീൻഭാരം മുഴവൻ അംബികാചരണനിൽ ചുമത്തി, നിവ്വഹണ കൃത്യങ്ങളിൽ ഏതൊന്നിലും ഏപ്പെടാതേ മാറിയിരിക്കയാണ് ചെയ്തുവന്നത്. ഭത്താവിനേത്തന്നേ ആശ്രയിച്ചു കഴികയല്ലാതേ സുഖജീവിതത്തിന്ന് മറെറാരു ഗതിയുമില്ലാത്ത ഭാൎയ്യമാരേ ചില ഭത്താക്കന്മാർ അവജ്ഞയോടേ കരുതുന്നതെങ്ങിനേയോ, ഏറക്കുറേ അങ്ങിനേ തന്നേയാണ് വിനോദവിഹാരി തൻേറ ജമീൻദാരിക്കാൎയ്യത്തിൽ വത്തിച്ചുവന്നത്. ജമീൻദാരിയിൽ നിന്നുള്ള പാട്ടം കാലം തെററാതേയും, തുക കുറയാതേയും ശരിക്ക് വസൂലായി വരികകൊണ്ട് അതൊരു സാധാരണ സംഭവമെന്നല്ലാതേ, ഗണ്യമായ സമ്പാദ്യമായി അവൻ കരുതിയില്ല. ആ പതിവിൻപടിയുള്ള നടപടിയിൽ വല്ല അന്തസ്സുമുള്ളതായി അവൻ അഭിമാനിച്ചതുമില്ല.

കുറുകിയ, എളുതായ തുരങ്ക വഴിയിൽകൂടി കുബേരൻേറ ഭണ്ഡാരത്തിൽ ഒരു രാത്രി ചെന്നെത്തിയാൽ കൊള്ളാമെന്നാണ് വിനോദൻേറ ആശ. അതിലേക്ക് പലരും പലതരം പറയുന്നതെല്ലാം കേട്ട് അവൻ ദുസ്സാധമായ പല പുതിയ തൊഴിലുകളിൽ ശ്രദ്ധമായി പ്രവേശിച്ചു തുടങ്ങി. ആ നാട്ടിലുള്ള കരുവേല മരങ്ങളെല്ലാം വിലയ്ക്കു വാങ്ങി കാളവണ്ടിച്ചക്രങ്ങൾ ഉണ്ടാക്കി വില്ക്കുവാൻ ഒരിക്കൽ ശ്രമിച്ചു. മറെറാരിക്കൽ, ഘോരാരണ്യമായ „സുന്ദരവന”ത്തിലേ തേൻകൂടുകൾ മുഴുവൻ എടുത്തുകൊണ്ടു വന്നാൽ വലിയ സമ്പാദ്യമുണ്ടാകുമെന്നു ചിലർ ഉപദേശിച്ചു കൊടുത്തു. വേറൊരുകുറി, ഒരു കാര്യസ്ഥനേ നിയോഗിച്ച് പടിഞ്ഞാറൻ ദേശങ്ങളിലേ നെല്ലിക്ക മുഴുവൻ കുത്തകയായി എടുക്കുവാൻ ഏർപ്പാട് ചെയ്തു നോക്കി. ഈ ശ്രമങ്ങളേപ്പററി മററുള്ളവർ കേട്ടാൽ പരിഹസിച്ചേക്കുമെന്ന് വിനോദവിഹാരിയുടേ അന്തരംഗത്തിനുള്ളിൽ അവ്യക്തമായ ഒരു ബോധം ഇളകുന്നില്ലായ്കയില്ല. അതുകൊണ്ടു തന്നേയാണ് അവൻ ഈ ഉദ്യമങ്ങൾ, തന്നേ സംബന്ധിച്ചവരിൽ ആരേയും അറിയിക്കാതേ കഴിച്ചുവന്നത്. അംബികാചരണൻേറ മുമ്പിൽ അവൻേറ മനസ്സ് സങ്കുചിതമാകുക സാധാരണമാണ്. താൻ പണമെടുത്ത് പാഴിൽ ചെലവു ചെയ്യുന്നത് അംബികാചരണൻ എപ്പോഴാണ് കണ്ടുപിടിക്കുകയെന്ന ഭയത്തോടു കൂടിയാണ് അവൻ നാൾ പോക്കുന്നത്. മാനേജരുടേ മുമ്പിൽ ഇവൻ ചെറുതാകുന്നതു കണ്ടാൽ ആ മാനേജരായ അംബികാചരണനാണ് ജമീൻദാരെന്നും വി

നോദവിഹാരി ഭരണ കാൎയ്യങ്ങളിലൊന്നിലും ഏൎപ്പെടു വാൻ അൎഹതയില്ലാതേ വാൎഷികവേതനം വാങ്ങി വാഴുന്ന ഒരു അകന്ന സഹോദരനാണെന്നും ആൎക്കും തോന്നിപ്പോകും.

വിരുന്നുസൽകാരം കഴിഞ്ഞ അടുത്ത നാൾ മുതൽ നയനധാര തൻെറ ഭൎത്താവിൻെറ കൎണ്ണങ്ങളിൽ മന്ത്രോപദേശം തുടങ്ങി. "നിങ്ങൾ നേരിട്ട് യാതൊന്നും കാണുന്നില്ല. നിങ്ങൾക്ക് അംബികാചരണൻ നല്ല മനസ്സുണ്ടായി എപ്പോഴെങ്കിലും വല്ലതും തന്നാൽ അതു് നിങ്ങൾ ശിരസാ വഹിക്കുന്നു. നിങ്ങൾക്കു തമ്മിൽ, നാശം പിടിച്ച എന്തോരേൎപ്പാടുണ്ടോ അതു് ആൎക്കറിയാം! നിങ്ങളുടേ മാനേജരുടേ ഭാൎയ്യ മെയ്നിറയേ അണിഞ്ഞിരിക്കുന്ന ആ ആഭരണങ്ങളേപ്പോലെയുള്ളവ ഈ വീട്ടിൽ ഞാൻ വന്നതു മുതൽ ഇന്നേവരേ എനിക്കൊന്നു കാണുവാൻപോലും കഴിഞ്ഞിട്ടില്ല. ഈ ആഭരണങ്ങളെല്ലാം അവൾക്കു എവിടേ നിന്നാണു് കിട്ടിയതു് ? ഇത്രയും അഹങ്കാരം അവൾക്കു് എങ്ങിനേയുണ്ടായി ?"—എന്നീ ക്രമത്തിലാണു് അവളുടേ "തലയണമന്ത്രം" പ്രവഹിച്ചുകൊണ്ടിരുന്നതു്. ഇന്ദ്രാണിയുടേ ആഭരണങ്ങളേപ്പററി നയനധാര വൎണ്ണിച്ചതിൽ, അവയ്ക്കു് വാസ്തവികമായുള്ള വിലയേ പതിന്മടങ്ങു് വൎദ്ധിപ്പിച്ചു കാണിച്ചു. ദാസിക്കും ഇന്ദ്രാണിക്കും തമ്മിലുണ്ടായ സംഭാഷണത്തെക്കൊണ്ടു് അവൾ ഒരു ദീൎഘകഥ നിൎമ്മിച്ചു ഭൎത്താവിൻെറ മനസ്സിൽ അപ്പടി ചെലുത്തിവിടുകയും ചെയ്തു.

വിനോദൻ വെറും ചപലനാണു്; മഹാഭീരുവുമാണു്.

ആരാനും തനിക്ക് തിന്മ വല്ലതും ചെയ്യേക്കുമോ എന്ന ഭയം അവന്ന് എപ്പോഴുമുണ്ട്. അതിന്നു പുറമേ, അവന്റെ മനസ്സിൽ സംശയം തോന്നത്തക്കവണ്ണം വല്ലവനും വല്ലതുമൊന്ന് പറഞ്ഞു വിട്ടാൽ അതു് അവൻ അങ്ങിനേ തന്നേ വിശ്വസിക്കും. തന്റെ മാനേജർ തന്റെ സ്വത്തു് മോഷ്ടിക്കുന്നുവെന്ന് അവൻ ക്ഷണംകൊണ്ടു് ഉറപ്പായി വിശ്വസിച്ചുകഴിഞ്ഞു. തന്റെ സ്വത്തുക്കളിൽ തനിക്ക് മേൽനോട്ടമില്ലാതിരിക്കുന്നതു് ഓർത്തപ്പോൾ വിനോദവിഹാരിയുടേ മനസ്സിൽ ഭയംകരങ്ങളായ കല്പിതകഥകൾ പലതുമുയൎന്നു. എന്നാൽ, തന്റെ മാനേജരുടേ മോഷണം വെളിപ്പെടുത്തേണ്ടതിന്നുള്ള വഴിയേതെന്ന് അവന്ന് കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല. നേരിട്ടു ചെന്ന് മാനേജരോടുതന്നേ ചോദിച്ചാലോ!—അത്ര സാഹസം അവന്നില്ല! അങ്ങകപ്പാടേ, അവനും മററുള്ളവരും വിഷമിക്കുമാറായി.

അംബികാചരണന്നുള്ള സൎവ്വാധിപത്യം കണ്ടു്, ഉദ്യോഗസ്ഥന്മാൎക്കെല്ലാം അസൂയ വളൎന്നിട്ടുണ്ടു്. ഗൌരീകാന്തന്റെ കാരുണ്യത്താൽ അവിടേ ഒരു താണജോലി കിട്ടീട്ടുള്ള ആ അകന്ന ചാൎച്ചക്കാരനായ വാമചരണന്നാണ് അംബികാചരണനിൽ അധികം അസൂയ. ബന്ധുക്കൾ തമ്മിൽ സാധാരണമായുള്ളതുപോലേ—താൻ അംബികാചരണനോടു് സമൻ തന്നേയെന്ന് അവൻ ഗൎവ്വിക്കുന്നുണ്ടു്. താൻ ബന്ധുവായതുകൊണ്ടു്, തന്റെ യോഗ്യതയേ അസൂയയാൽ അവ ഗണിച്ചുകൊണ്ടാണ്, തന്നേ ഉദ്യോഗത്തിൽ ഉയൎത്തി വിടാത്തതെന്ന് അവൻ മാനേജ

ത്തിൽ കുററം ചുമത്തിയിരിക്കുന്നു. ഉയൎന്ന നില കിട്ടിക്കഴിഞ്ഞാൽ, അതിന്നുള്ള യോഗ്യത അപ്പോഴ് തനിയേ ഉണ്ടായിക്കൊള്ളുമെന്നാണ് അവൻേറ അഭിപ്രായം. പ്രത്യേകിച്ച്, മാനേജരുദ്യോഗം ഏററവും സുകരമാണെന്ന് അവൻ കരുതിയിരിക്കുന്നു. പണ്ടത്തെ രഥങ്ങളിലുള്ള പതാകാഞ്ചിതമായ ധ്വജങ്ങളേപ്പോലേയാണ് ആധുനികകാലത്തിലേ ആഫിസ്സ് മാനേജരുദ്യോഗം! പാവപ്പെട്ട കുതരകൾ! തേരു് വലിച്ചു വലിച്ചു ചാകണം! എന്നാൽ, ആ അന്തസ്സേറി വിളങ്ങുന്ന കൊടി തേരോടുകൂടി സോല്ലാസം ആടിയാടി ഉയൎന്നു നില്ക്കുന്നു!

വിനോദൻ ഇതിന്മുമ്പ് ആഫിസ്സ് ജോലികളെപ്പററി യാതൊന്നും അന്വേഷിച്ചിട്ടില്ല. എന്നാൽ, എപ്പോഴെങ്കിലും, തൻേറ ചെലവിലേക്ക് പണം വേണ്ടിവന്നാൽ, ഖജാൻജിയേ ഗ്രദ്ധമായി വിളിച്ച് എത്ര പണം കൈയിരുപ്പുണ്ടെന്ന്, അങ്ങിനെയൊരന്വേഷണം മാത്രം അവൻ ചെയ്യാറുണ്ടു്. ഖജാൻജി പണമിത്രയുണ്ടെന്നു പറഞ്ഞാൽ—അതു് തൻേറ വക പണമല്ലാത്തതുപോലേ—മെല്ലേ മെല്ലേ, അങ്ങിനേയിങ്ങിനേ അവൻ തനിക്കു വേണ്ട പണം, ഒടുക്കം, ചോദിക്കാതന്നേ ചെയ്യും. രശീതിയിൽ കൈയൊപ്പിടുവിച്ച്, ഖജാൻജി പണം കൊടുത്തയച്ചാൽ, കുറച്ചു നാളേക്ക് വിപിനവിഹാരി അംബികാചരണൻേറ മുമ്പിൽ ലജ്ജായവനികയിൽ മറഞ്ഞു നില്ക്കുയാണു ചെയ്യുക. തന്നേ, എങ്ങിനേയെങ്കിലും, അംബിക ബാബു, കാണാതിരിക്കുമെങ്കിൽ, അവന്ന് അതാണ് പരമസന്തോഷം.

വിനോദവിഹാരിയുടേ ഈ നടപടിയാൽ അംബി കാചരണന്ന് ഇടയ്ക്കിടേ പണത്തിന്ന് കുഴങ്ങേണ്ടിവന്നു. ജമീൻദാക്കുള്ള വാഷികവേതനം കൊടുത്തു കഴിച്ച്, സക്കാർ നികുതി, ജോലിക്കാക്കുള്ള ശമ്പളം എന്നിവയ്ക്കായി വേണ്ടുന്ന പണമാണ അനാമത്തായി കൈയിരുപ്പിൽ വെക്കുന്നത്. ഈ സംഖ്യയെടുത്ത് ദുർവ്യയം ചെയ്യുന്നതായാൽ, വലിയ കഷ്ടപ്പാടിൽ കുടുങ്ങുകയേ ഉണ്ടാകയുള്ളൂ. വിനോദൻ പണം കൈക്കലാക്കിക്കഴിഞ്ഞാൽ തസ്കരനേപ്പോലേ ഒളിച്ചു നടക്കുന്നതുകൊണ്ട്, അവനോട് ഈ ദുർവ്യയത്തേക്കുറിച്ചു പറയുവാൻ സൌകര്യമുണ്ടാകുന്നില്ല. കത്തു വഴിക്ക് കാര്യം അറിയിക്കയാണെങ്കിൽ അത് നിഷ്ഫലമാണ്. അവന്ന് അംബികാചരണൻേറ മുമ്പിൽ വന്ന് സംസാരിക്കുവാനേ ലജ്ജയുള്ളൂ. മറെറാന്നിലും, മറെറാരിക്കലുമില്ലാ അവന്ന് ലജ്ജ.

ക്രമേണ, വിനോദൻ വലിയ വലിയ തുകയിൽത്തന്നേ കൈവെച്ചു തുടങ്ങി. അതിൽ വല്ലാതേ കുഴങ്ങിയ അംബികാചരണൻ ഖജാനയുടേ താക്കോൽ സ്വന്തം കൈവശം തന്നേ സൂക്ഷിച്ചു. അപ്പോഠം, വിപിനൻ ഗ്രഢമായി പണം പററിവന്ന പതിവ് തീരേ നിന്നു. തനിക്കുള്ള നിലയില്ലാത്ത ഭീരുത്വത്താൽ, തൻേറ പ്രഭുത്വത്തേ കാണിച്ചുകൊണ്ട്, തനിക്കുള്ള അധികാരത്തേ വെളിവായി പ്രയോഗിക്കുന്നതിന്ന് വിപിനൻ ശക്തനല്ല. എന്നാലും—അംബികാചരണൻ ചെയ്തതു് അത്രയും നിഷ്ഫലം തന്നേ. ലക്ഷ്മീദേവി ഏതൊരുവനേ നിരാകരിക്കുന്നുവോ, അവൻേറ ധനത്തേ ഖജാനയുടേ താക്കോലിന്നു

രക്ഷിക്കുവാൻ കഴികയില്ല. ചെയ്ത ഹിതം അഹിതമായി കലാശിച്ചു. അതു് എങ്ങിനേയെന്നു് വഴിയേ അറിയാം.

അംബികാചരണൻേറ അനല്പംഹൃദ്യമായ ഏപ്പാടു കണ്ടു് വിനോദൻേറ കരൾക്കാമ്പു് പുഴുങ്ങിത്തുടങ്ങി. ഈ ഘട്ടത്തിൽ നയനധാര അവൻേറ മനസ്സിൽ സംശയത്തേ നട്ടുവളത്തുകയാൽ അവന്നു് ചെറിയൊരു സന്തോഷമുണ്ടായി. കീഴുദ്യോഗസ്ഥന്മാരേ ഓരോരുത്തരേയായി ഒളിവിൽ വിളിച്ചു് വിചാരണ ചെയ്തു. അവരിൽ, വാമചരണനാണു് മുഖ്യചാരൻ.

ഗൌരീകാന്തൻ, തൻേറ ഭരണകാലത്തു്, ജമിൻദാരിക്കരികേയുള്ള അന്യരുടേ വക ഭൂമികളേ, വേണ്ടിവന്നാൽ ബലേനതന്നേയും സ്വാധീനമാക്കുന്നതിൽ എപ്പൊഴും ജാഗരൂകനായിട്ടാണിരുന്നതു്. ഇങ്ങിനേ അദ്ദേഹം പലരിൽ നിന്നും പല നിലങ്ങളും അപഹരിച്ചിട്ടുണ്ടു്. എന്നാൽ, അംബികാചരണൻ ഒരിക്കലും അങ്ങിനേ ചെയ്യാറില്ല. കോർട്ടിൽ കേസ്സു കൊടുക്കേണ്ട നിലയിലാകുമ്പോൾ അക്കാൎയ്യം അവൻ മദ്ധ്യസ്ഥന്മാരുടേ തീർമാനത്തിന്നായി വെച്ചുകൊടുക്കും. വാമചരണൻ ഈ നടപടി യജമാനന്നു് കാണിച്ചുകൊടുത്തു്, അംബികാചരണൻ പ്രതിവാദിയിൽനിന്നു് കൈക്കൂലി വാങ്ങിക്കൊണ്ടു് യജമാനൻ നഷ്ടപ്പെടുമാറു് മദ്ധ്യസ്ഥവിധിയുണ്ടാക്കുന്നുവെന്നു് വിശദമായി വ്യാഖ്യാനിച്ചു. വാസ്തവത്തിൽ, വാമചരണൻേറ ഹാൎദ്ദമായ അഭിപ്രായം തന്നേയാണു് അപ്പോൾ പുറപ്പെടുവിച്ചതു്. അധികാരബലം ഏതൊരുവന്നുണ്ടോ, അവൻ കൈക്കൂലി വാങ്ങാത്തവനാണെന്നു്, പ്രാണൻ വെടിയേണ്ടി വന്നാൽകൂടിയും വാമചരണൻ വിശ്വസിക്കയില്ല.

ഇങ്ങിനേ ഗ്രന്ഥമായി പലർകൂടി ഉൻതിത്തുടങ്ങിയപ്പോഠം വിനോദനിലുള്ള സംശയാഗ്നി നല്ലവണ്ണം കത്തിയെരിഞ്ഞു. എന്നിട്ടും, അവൻ വെളിവിൽ വന്ന് ഒന്നും ചെയ്യുവാൻ തുനിഞ്ഞില്ല. തനിക്കുള്ള വിദ്വേഷം മുഖഭാവത്താൽ വെളിപ്പെടുത്തുന്നതിന്ന് അവൻ അശക്തനാണ്. എല്ലാം അറിയുന്ന അംബികാചരണൻ തനിക്ക് വല്ല തിന്മയും ചെയ്യേക്കുമോ എന്ന ഭയത്താൽ അവശനമാണവൻ. ഇതു രണ്ടും കൊണ്ടുതന്നേയാണ് അവൻ പ്രതിവിധിക്ക് ഒരുങ്ങാതിരുന്നതു്.

ഒടുവിൽ, നയനധാരതന്നേ പുറപ്പെട്ടു. തന്റെ ഭർത്താവിന്റെ ഭീരുത്വം കണ്ടു് അവഠം വെറുത്തു. ഒരുനാഠം, വിനോദവിഹാരി അറിയാതേ, അംബികാചരണനേ വിളിച്ച് തിരശ്ശീലയ്ക്കുള്ളിൽ മറഞ്ഞു നിന്നുകൊണ്ടു് അവഠം പറഞ്ഞു:—"നിങ്ങളേ ഇനി ഉദ്യോഗത്തിൽ വെച്ചുകൊണ്ടിരിക്കുവാൻ വയ്യ. കണക്കുകളെല്ലാം വാമചരണനേ ഏല്പിച്ച് നിങ്ങഠംക്ക് പോകാം."

തന്റെ കാൎയ്യത്തേപ്പററി വിനോദൻ ഗ്രന്ഥവിചാരത്തിൽ ഏൎപ്പെട്ടിരിക്കുന്നുവെന്ന് അംബികാചരണൻ ആദ്യംതന്നേ അറിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു്, നയനധാരയുടേ ആ ഉത്തരവ് കേട്ടതിൽ അവന്ന് ഒട്ടും സംഭ്രമമുണ്ടായില്ല. അവൻ അപ്പോഠംത്തന്നേ വിനോദവിഹാരിയേ കണ്ടു്, "എന്നേ ഉദ്യോഗത്തിൽനിന്ന് പിരിച്ചുവിടേണമെന്ന് നിങ്ങഠം നിശ്ചയിച്ചുവോ?" എന്ന് ചോദിച്ചു.

"ഇല്ല; ഒരിക്കലുമില്ല" എന്ന് വിനോദൻ സംഭ്രമത്തോടുകൂടി മറുപടി കൊടുത്തു.

„എന്നിൽ സംശയം ജനിക്കുന്നതിന്ന് വല്ല ഹേതുവും നിങ്ങൾക്കുണ്ടായിട്ടുണ്ടോ?" എന്നാണു പിന്നേത്തേ ചോദ്യം.

„യാതൊന്നുമുണ്ടായിട്ടില്ല."

ഇതു് പറയുമ്പോൾ വിനോദബാബുവിൻെറ മുഖം നിറംകെട്ടു് മങ്ങിയിരുന്നു. അംബികാചരണൻ നയനധാര പറഞ്ഞതു് ഒട്ടും വകവെക്കാകേ തൻെറ ആഫീസ്സിലേക്കു് പോയി. ഇന്ദ്രാണിയേക്കൂടിയും ഇക്കാൎയ്യം അറിയിച്ചില്ല. ഇങ്ങിനേ ചിലനാൾ കഴിഞ്ഞു.

അപ്പൊഴെക്കും അംബികാചരണൻ വിഷജ്വരത്താൽ കിടപ്പിലായി. രോഗം കഠിനമായിരുന്നില്ലെങ്കിലും, ക്ഷീണത്താൽ കുറേ നാളേക്കു് ആഫീസ്സിൽ ചെല്ലുവാൻ കഴിഞ്ഞില്ല.

ആ സമയത്തു് സൎക്കാർ നികുതി മുതലായ പല അടിയന്തരച്ചെലവുകളും നടത്തേണ്ടതുണ്ടായിരുന്നു. അതിലേക്കു്, തന്റേ ക്ഷീണത്തേ സാരമാക്കാതേ, അംബികാചരണൻ ഒരുനാൾ വൈകുന്നേരം കിടക്കയിൽ നിന്നെഴുന്നേററു് പെട്ടെന്നു് ആഫീസ്സിൽ വന്നു കയറി.

അന്നു് അവനേ അവിടേ ആരും തന്നേ പ്രതീക്ഷിച്ചിരുന്നില്ല. ഇത്രയും ക്ഷീണിച്ചിരിക്കുമ്പോൾ, ജോലി ചെയ്യുന്നതു. ശരിയല്ലെന്നു വാദിച്ചു് അവനേ വീട്ടിലേക്കു് തിരിച്ചയയ്ക്കുവാൻ അവരെല്ലാവരും ശ്രമിച്ചു.

തനിക്കു് അത്രയധികം ക്ഷീണമില്ലെന്നു പറഞ്ഞു് അംബികാചരണൻ തൻെറ കസേരയിൽ ചെന്നിരുന്നു. അങ്ങുള്ള ഉദ്യോഗസ്ഥന്മാർ അവരവരുടേ ജോലികൾ ജാ

ഗത്തിയോടേ നിർവ്വഹിച്ചുകൊണ്ടിരുന്നുവെങ്കിലും അവ രുടേ മുഖത്തു് ഒരു വക സംഭ്രമം ഇളകുന്നതു കണ്ടു.

മാനേജർ മേശ തുറന്നുനോക്കി. അതിന്നുള്ളിൽ താൻ വെച്ചിട്ടുള്ള റിക്കാർഡുകൾ യാതൊന്നും കാണുന്നി ല്ല. "എന്താണു് ഇവിടേ ഉണ്ടായതു്" എന്നു് എല്ലാവ രോടും ചോദിച്ചു. അപ്പോൾ ആകാശത്തിൽ നിന്നു് തൽ ക്ഷണം വന്നെത്തിയവരേപ്പോലേ, അവർ വിറച്ചു നിന്നും തുറിച്ചു നോക്കിയുംകൊണ്ടു്, റിക്കാർഡുകൾ കള്ളന്മാർ കൊണ്ടുപോയോ, അഥവാ, ഭൂതങ്ങൾ വന്നു് അപഹരി ച്ചുവോ എന്നൊന്നും അറിയാത്തവരാണെന്നു് ഭാവിച്ചു.

വാമചരണൻ:—"മതി, മതി; നിങ്ങളുടേ അഭിനയ മെല്ലാം മതി. ആ റിക്കാർഡുകൾ യജമാനൻ തന്നേ വന്നു് തെരഞ്ഞെടുത്തുകൊണ്ടുപോയതു് നിങ്ങളെല്ലാവ രും അറിഞ്ഞിട്ടില്ലയോ?"

ഉള്ളിൽ എരിഞ്ഞുയരുന്ന കോപത്തേ അടക്കിക്കൊ ണ്ടു അംബികാചരണൻ "എന്തിന്നു്?" എന്നു് ചോദിച്ചു.

എന്തോ കുറിച്ചുകൊണ്ടിരിക്കുന്ന വാമചരണനിൽ നിന്നു്, ആ നിലയിൽത്തന്നേ "അതു് എനിക്കു് പറയു വാൻ കഴിയുന്നതെങ്ങിനേ!" എന്നു് മറുപടി പുറപ്പെട്ടു.

വിനോദവിഹാരി, അംബികാചരണൻ ഇല്ലാതിരു ന്നപ്പോൾ വാമചരണൻേറ ഉപദേശപ്രകാരം പുതിയൊ രു താക്കോലുണ്ടാക്കി, മാനേജരുടേ മേശ തുറന്നു് പരി ശോധിച്ചു് അതിലേ റിക്കാർഡുകളെല്ലാം എടുത്തു കൊ ണ്ടുപോയി. കുശാഗ്രബുദ്ധിയായ വാമചരണൻ ഈ സംഭവം മറച്ചുവെച്ചില്ല. ഇതിൽ നിന്നുള്ള അവമാന

ത്താൽ അംബികാചരണൻ ജോലിയൊഴിഞ്ഞു പോകയാണെങ്കിൽ, വളരേ നന്നായിയെന്നാണ് അവന്റെ കരുതൽ.

ക്ഷുബ്ധനായ അംബികാചരണൻ മേശയടച്ചുപൂട്ടി നേരേതന്നേ വിനോദവിഹാരിയേ അന്വേഷിച്ചുചെന്നു. ആ ജമീൻദാർ തനിക്ക് തലവേദനയാണെന്നു പറഞ്ഞു്, തന്നേ വന്നു കാണുവാൻ അംബികാചരണന്ന് അനുമതി കൊടുത്തില്ല. അവൻ ഉടനേ വീട്ടിൽ വന്ന് കലശലായി വളൎന്ന ക്ഷീണത്തോടുകൂടി കിടക്കയിൽ വീണു. തൽക്ഷണം ഇന്ദ്രാണി ഓടിവന്ന് തന്റെ മുഴുവൻ ഹൃദയത്തേയും പ്രയോഗിച്ച് അവനേ ആശ്ലേഷിച്ചു. ഒട്ടൊട്ടായി വൎത്തമാനമെല്ലാം അവൾ അറിഞ്ഞു.

നിശ്ചലമായിരുന്ന വിദ്യുൽപ്രകാശം ഇന്നു് ചഞ്ചലമായി. അവളുടേ മാറിടം പൊങ്ങിപ്പൊങ്ങിക്കൊണ്ടിളകി. നീണ്ടിരുണ്ട മിഴികളിലേ കോണുകളിൽ നിന്ന് ചുടുമിന്നൽപ്പൊരികൾ ചിതറി. ഇത്രയും ഉദാരശീലനായ ഭൎത്താവിന്നോ ഈ അവമാനം! ഇത്രയും സ്നേഹവിശ്വാസാദരങ്ങൾക്ക് ഇതാണോ ഫലം!

ഇന്ദ്രാണിയിൽ, അത്യുഗ്രമായി, എന്നാൽ നിശ്ശബ്ദമായി വളൎന്നിരിക്കുന്ന ക്രോധം കണ്ടു് അംബികാചരണൻ പ്രശാന്തനായി. ദണ്ഡിക്കുവാൻ കൈയോങ്ങി നില്ക്കുന്ന ദേവിയിൽ നിന്ന് ഒരു പാപിയേ രക്ഷിക്കുവാൻ ശ്രമിക്കുന്നവനേപ്പോലേ അംബികാചരണൻ ഇന്ദ്രാണിയുടേ നേരേ കൈനീട്ടിക്കൊണ്ടു് —„വിനോദബാബു ബാലനേപ്പോലേ ദുൎബ്ബലഹൃദയനാണ്. നാലുപേർ കൂടി വല്ലതും

ചെന്നു പറഞ്ഞാൽ അതു് കേൾക്കുന്നതോടുകൂടി ആയാളുടെ ബുദ്ധി മറിയും" എന്നു് സാന്ത്വനം ചെയ്തു.

ഇന്ദ്രാണി തന്റേ ഭൎത്താവിനേ ഇരുകൈകൾകൊണ്ടും മാറോടണച്ച് മുറുകേപ്പുണൎന്നു. ഉടനേ, അവളുടേ നേത്രങ്ങളിലുള്ള കോപാഗ്നിയേ മറയ്ക്കുവാൻ ധാരധാരയായി കണ്ണീർ പൊഴിഞ്ഞു. ലോകത്തിലേ സൎവ്വ അക്രമങ്ങളിൽ നിന്നും, സൎവ്വ അവമാനങ്ങളിൽ നിന്നും തന്റേ പ്രാണേശ്വരനേ ഇരുകൈകളാലും വാരിയെടുത്തുയൎത്തി തന്റേ ഹൃദയക്ഷേത്രത്തിൽ പ്രതിഷ്ഠിക്കേണമെന്നു് അവൾ ആശിക്കയും ചെയ്തു.

ഈ ഉദ്യോഗത്തേ കൈവിട്ടുകളയേണമെന്ന അഭിപ്രായത്തേ അവരിരുവരും ഒരുപോലേ സുസ്ഥിരം ഉൾക്കൊണ്ടു. അക്കാൎയ്യത്തേപ്പററി ഇന്നു് അവരിൽ ആരും വാദിച്ചില്ല. അപരാധിയാണെന്ന സംശയത്താൽ അംബികാചരണനേ യജമാനൻതന്നേ ജോലിയിൽ നിന്നു് പിരിച്ചയയ്ക്കുവാൻ നിശ്ചയിച്ചിരിക്കുമ്പോൾ, ഉദ്യോഗം വേണ്ടെന്നു പറഞ്ഞു് രാജി കൊടുക്കുന്നതുകൊണ്ടു്, അതൊരു പ്രതിക്രിയയാകുമോ! ഏതായാലും, ഉദ്യോഗത്തിൽ നിന്നു് ഒഴിയുകയെന്നു് തീർമാനിച്ചതോടുകൂടി അംബികാചരണന്റേ മനസ്സിൽ സ്വാസ്ഥ്യമുണ്ടായി. എന്നാൽ, ഇന്ദ്രാണിയുടേ മനസ്സിൽ, ജോലി ചെയ്യുമ്പോഴും, വിശ്രമിക്കുമ്പോഴും, എല്ലാ സമയത്തും കോപാഗ്നി ജ്വലിച്ചുകൊണ്ടേയിരുന്നു.

ഒരുനാൾ, ഭൃത്യൻ വന്നു്, ജമീൻദാരിയിലേ ഖജാൻ
...ന്നറിയിച്ചു. വിനോദവിഹാരിക്കു് സ

MUL
037821

ഷണമായുള്ള കാതരതയാൽ, തന്നേ ജോലിയിൽ നിന്ന് നീക്കിയിരിക്കുന്നുവെന്ന് നേരിൽ പറയുവാൻ വയ്യാതേ, അതിലേക്ക് ഖജാൻജിയേ നിയോഗിച്ചിരിക്കയാണെന്ന് അംബികാചരണൻ വിചാരിച്ചു. അതുകൊണ്ട്, താൻ തന്നേ രാജിപത്രം എഴുതി, അത് ആ ഖജാൻജിയുടേ കൈയിൽ കൊടുത്തു.

തന്റേ കൈയിൽ അങ്ങിനേയൊരു സാധനം കിട്ടീട്ടുണ്ടെന്ന ഭാവസ്ഫുരണംപോലും ഖജാൻജിയിൽ കണ്ടില്ല. അവൻ അവിടേ വന്നു കയറിയ ഉടനേ അവ്യക്തമായി ചെയ്തത് "എല്ലാം നശിച്ചുപോയി!" എന്ന ആർത്തനാദം പുറപ്പെടുവിക്കയാണ്. "എന്താണുണ്ടായത്?" എന്ന് അംബികാചരണൻ അന്വേഷിച്ചു.

ഉണ്ടായ കാര്യം ഇതാണ്:—അംബികാചരണൻ മുൻകരുതലോടുകൂടി, വിനോദവിഹാരിയേ ഭണ്ഡാരത്തിൽ നിന്ന് പണമെടുക്കാതാക്കിയപ്പോൾ, അവൻ ഗൂഢമായി പലെടത്തു നിന്നും വലിയ വലിയ തുക കടം വാങ്ങിത്തുടങ്ങി. പല തൊഴിലുകളിലും ഏർപ്പെട്ട് അതിലെല്ലാം വഞ്ചിതനായി കൈയും കണക്കുമില്ലാതേ പണം നഷ്ടപ്പെട്ടിട്ടും അവന്റേ വ്യാമോഹം ശമിച്ചില്ല. നഷ്ടം തീക്കുന്നതിന്നു വേണ്ടി അവൻ വീണ്ടും ഏർപ്പെട്ടത്, അത്തരം നിഷ്ഫലങ്ങളായ പുതിയ പുതിയ തൊഴിലുകളിലാണ്. ഒടുവിൽ, അവൻ കടത്തിൽ കഴുത്തോളം മുങ്ങിപ്പോയി. അംബികാചരണൻ രോഗത്താൽ കിടപ്പിലായപ്പോൾ, അതു തന്നേ തക്ക സന്ദൎഭമെന്നുവെച്ച്, വിനോദൻ കൈയിരുപ്പു പണം മുഴുവനും എടുത്തു ചെലവു ചെയ്തു. ബാങ്കാഗാഡി

കളും അയൽക്കാരനായ ജന്മിക്ക് ആരുമറിയാതേ പണയം കൊടുത്തിട്ട് പല കൊല്ലങ്ങൾ കഴിഞ്ഞുപോയിരിക്കുന്നു. ആ ജന്മി പലിശ വൎദ്ധിക്കുവാൻ വേണ്ടി, പണയത്തിന്മേൽ കടം കൊടുത്ത പണം തിരിയേ ചോദിക്കാതേ അടങ്ങിയിരിക്കയായിരുന്നു. ഇപ്പോൾ സമയമായിയെന്ന് ആയാൾ കാണുകയാൽ, കേസ്സ് കൊടുത്ത് പണയസ്വത്തിൽ പ്രവേശിക്കുവാൻ ശ്രമം തുടങ്ങിയിരിക്കുന്നു. ഇതാണ് ഇപ്പൊഴുണ്ടായിരിക്കുന്ന ആപത്ത്.

ഇത് കേട്ടപ്പോൾ അംബികാചരണൻ വിഹ്വലനായി; മനസ്സിനേ അടക്കുവാൻ അവന്ന് കഴിഞ്ഞില്ല. "ഇന്ന് എനിക്ക് ഒന്നും വെളിവാകുന്നില്ല; നാളേ ഇതിനേപ്പററി ആലോചിക്കാം" എന്ന് പറഞ്ഞ് അവൻ അപ്പോൾ ഖജാൻജിയേ അയയ്ക്കയാണുണ്ടായത്. താൻ എഴുതിക്കൊടുത്ത രാജിപത്രം അവൻ ഖജാൻജിയിൽ നിന്ന് മടക്കി വാങ്ങുകയും ചെയ്തു.

അന്തഃപുരത്തിൽ വന്ന് അംബികാചരണൻ ഇന്ദ്രാണിയേ വൃത്താന്തമെല്ലാം അറിയിച്ചതിൽപ്പിന്നേ, "വിനോദബാബു ഈ സ്ഥിതിയിലിരിക്കുമ്പോൾ ഞാൻ ജോലിയിൽ നിന്നൊഴിയുന്നത് യുക്തമാണോ?" എന്ന് ചോദിച്ചു.

ഇന്ദ്രാണി വളരേ നേരം ശിലാപ്രതിമപോലേ നിശ്ചലയായി സ്ഥിതി ചെയ്തു. ഒടുവിൽ, തന്റെ മനസ്സിൽനിന്ന് ദ്വേഷവിചാരങ്ങളേയെല്ലാം അകററി, ഒന്ന് ദീൎഘശ്വാസിച്ചതിൽപ്പിന്നേ അവൾ ഭൎത്തൃമതത്തേ അനുകൂലിച്ചു:—

"അതേ, തേ, ഇപ്പോൾ ജോലിയിൽ നിന്ന് ഒഴിഞ്ഞുകൂടാ."

അനന്തരം, പണം എവിടേ നിന്നു കിട്ടുമെന്നു് അന്വേഷണം തുടങ്ങി. വേണ്ടുന്നേടത്തോളം പണം ഇനിയും കിട്ടിക്കഴിഞ്ഞിട്ടില്ല. അപ്പോൾ, അന്തഃപുരത്തിലേ ആഭരണങ്ങൾ എടുത്തു് ഉപയോഗിക്കുവാൻ വിനോദവിഹാരിയേ അംബികാചരണൻ ഉപദേശിച്ചു. ഇതിന്നുമുന്തന്നേ, തന്റെ പുതിയ തൊഴിലുകൾക്കായി പണം വേണ്ടിവന്നപ്പോൾ ആ ആഭരണങ്ങൾ എടുക്കുവാൻ ശ്രമിച്ചിട്ടുണ്ടു്; അപ്പോൾ അതു് അവന്നു് കിട്ടീട്ടില്ല. ഇക്കുറി, ഇണങ്ങിനിന്നു്, സാന്ത്വനത്തോടേ, പ്രാൎത്ഥനാസ്വരത്തിൽ ചോദിച്ചു നോക്കി; അവൻ കണ്ണീർ വാൎത്തു; കാലു പിടിച്ചു യാചിച്ചു. എന്നിട്ടും നയനധാര പ്രസാദിച്ചില്ല. സൎവ്വവും നശിച്ചുപോയിക്കൊണ്ടിരിക്കുന്ന ഈ കാലത്തു് അവളുടേ ഒടുക്കത്തേ സ്വത്തായി അവശേഷിക്കുന്നതു ഈ ആഭരണങ്ങളാണു്. അതുകൊണ്ടു്, അവയേ തന്റെ ശക്തി മുഴുവൻ പ്രയോഗിച്ചു് അവൾ ഒരേ പിടിയായിപ്പിടിച്ചുനിന്നു. ഭൎത്താവിന്നു് അതിലൊന്നുംതന്നേ വിട്ടുകൊടുത്തില്ല.

എങ്ങുനിന്നും പണം കിട്ടാതായപ്പോൾ, പ്രതിക്രിയാവ്യഗ്രയായ ഇന്ദ്രാണിയുടേ മുഖത്തു് ഒരു വക ഘോരസംപ്രീതി ശോഭിക്കുന്നതായികണ്ടു. അവൾ തന്റെ ഭൎത്താവിന്റെ കൈകളേ ഗ്രഹിച്ചു് "നിങ്ങൾ ചെയ്യേണ്ടതെല്ലാം ചെയ്തുകഴിഞ്ഞു; ഇനി മിണ്ടാതിരിക്കുക; വരുന്നതുവരട്ടെ" എന്നു പറഞ്ഞു് അവനേ പിൻവലിക്കുവാൻ ശ്രമിച്ചു.

സ്വന്തം ഭൎത്താവിന്നു് അവമതി നേരിടുകയാൽ മനോവ്രണംകൊണ്ട ആ പതിവ്രതയുടേ കോപാഗ്നി ഇ

പ്പോഴും ശമിച്ചിട്ടില്ലെന്നുകണ്ടു് അംബികാചരണൻ മന്ദസാ ചിരിച്ചു. ഈ ആപൽകാലത്തു്, നിർഗ്ഗതിയായ ബാലനേപ്പോലേ വിനോദവിഹാരി സർവ്വഭാരത്തേയും, തന്നിൽ ചുമത്തിയിരിക്കയാൽ അവനിൽ അംബികാചരണന്നു് അനുതാപമാണുണ്ടായിരിക്കുന്നതു്. ഈ ഘട്ടത്തിൽ വിനോദബാബുവിനേ കൈവിടുവാൻതക്ക ചിത്തകാഠിന്യം അവന്നുണ്ടായില്ല. സ്വന്തം സ്വത്തുക്കൾതന്നേ പണയംവെച്ചു് പണംവാങ്ങുവാൻ അവൻ ശ്രമിച്ചപ്പോൾ, ഇന്ദ്രാണി അവന്റെ തലയിൽ കൈവെച്ചു് ആണയിട്ടു് "ഈകാൎയ്യത്തിൽ ഇനി നിങ്ങൾ പ്രവേശിക്കരുതു്" എന്നു് തടുത്തു.

ഒരിടത്തും വഴി തുറന്നുകാണാതേ അംബികാചരണൻ ചിന്താമഗ്നനായി. കാൎയ്യത്തിന്റേ കിടപ്പു് എത്ര ആപൽകരമാണെന്നു് ഇന്ദ്രാണിയേ ഒട്ടൊട്ടായെങ്കിലും ഗ്രഹിപ്പിക്കുവാൻ അവൻ വായതുറക്കുമ്പോൾ അവൾ അതു് അടപ്പിക്കയാണു് ചെയ്തതു്. ഒടുവിൽ കുറച്ചു മനോവേദനയോടുകൂടി അവൻ നിശ്ശബ്ദനായി.

അപ്പോൾ ഇന്ദ്രാണി ചെന്നു് തന്റേ ഇരുമ്പുപെട്ടി തുറന്നു് ആ ആഭരണങ്ങളെല്ലാം എടുത്തു് ഒരു വലിയ തട്ടത്തിൽ കവിച്ചുവെച്ചു്, കനംകൂടിയ ആ ഭാരത്തേ ഇരുകൈകൾകൊണ്ടും കിണഞ്ഞെടുത്തു് മന്ദസ്മിതത്തോടുകൂടി കൊണ്ടുവന്നു് ഭൎത്താവിന്റേ പാദങ്ങളിൽ സമൎപ്പിച്ചു.

ഗൌരീകാന്തന്റേ ദിവ്യവത്സലാരത്നമായ ഇന്ദ്രാണി, ജനിച്ച നാൾ മുതൽ കൊല്ലംതോറും ആ പിതാമഹനിൽനിന്നു് വിലയേറിയ ആഭരണങ്ങൾ സമ്മാനമായി

നേടിവന്നിട്ടുണ്ട്. കൃത്യനിഷ്ഠതികഴിഞ്ഞ ഭർത്താവിന്റെ വരുമാനത്തിൽ ചെലവുകഴിച്ചുള്ള ബാക്കിയിൽനിന്ന് വലിയൊരുപങ്ക്, മക്കളില്ലാത്ത ഇന്ദ്രാണി തന്റെ ഭണ്ഡാഗാരത്തിൽ വിഭൂഷണങ്ങളായി മാററിവെക്കുന്നതുമുണ്ട്. ആ സ്വർണ്ണാഭരണങ്ങളും രത്നവിഭൂഷണങ്ങളും മുഴുവൻ ഭർത്താവിന്റെ മുമ്പിൽ എടുത്തുവെച്ച് "എന്റെ ഈ ആഭരണങ്ങളെല്ലാം വിററ്, എന്റെ പിതാമഹൻ ദാനം ചെയ്തിട്ടുള്ള ആ ജമീൻ, കടത്തിൽനിന്ന് വീണ്ടെടുത്ത് അദ്ദേഹത്തിന്റെ യജമാന കുടുംബത്തിലേക്ക് ഞാൻ ഇതാ, പുനർദാനം ചെയ്യുവാൻ പോകുന്നു" എന്നറിയിച്ചു.

അവൾ അശ്രുവഴിഞ്ഞ നേത്രങ്ങൾ അടച്ച് തല താഴ്ത്തിനിന്നു. വിരളവും പലിതവുമായ കേശം; ശാന്തിയും പ്രേമവും ഹർഷവും വിളങ്ങുന്ന മുഖം; കതിർനിര ചൊരിയുന്ന വിജ്ഞാനദീപ്തി; ഉജ്ജ്വലത്തായ ഗൌരകാന്തി— എന്നിവചേർന്ന ആ വൃദ്ധപിതാമഹൻ അപ്പോൾ അവിടേ വന്ന് തന്റെ സംനത ശിരസ്സിൽ വാത്സല്യശീതളമായ കൈകളണച്ച് നിശ്ശബ്ദം അനുഗ്രഹിക്കുന്നുവെന്ന് അവൾക്കു തോന്നി.

ബങ്കാഗാഡി ജമീൻ വീണ്ടെടുത്തു ചേർത്തു. തന്റെ പ്രതികാരപ്രതിജ്ഞയേ തള്ളിക്കളഞ്ഞ്, ആഭരണഹീനയായിത്തീർന്ന ഇന്ദ്രാണി, വീണ്ടും നയനധാരയുടേ അന്തഃപുരത്തിലേക്ക് ക്ഷണിച്ചുചെന്നപ്പോൾ, അവളുടേ മനസ്സിൽ അവമാനത്താലുള്ള ആകുലത ഒട്ടുമുണ്ടായിരുന്നില്ല.

# അതിക്രമം.

ഒരുനാൾ, പുലർകാലത്തു്, പാതയരികേ നിന്നു കൊണ്ടു് ഒരു ബാലൻ മററൊരു ബാലനോട്ട്, താൻ ഏററവും സാഹസംകൂടിയ ഒരു കൃത്യം ചെയ്യുവാൻപോകുന്നുവെന്നു് വീരവാദം ചെയ്തു. ക്ഷേത്രത്തിന്നുള്ളിലുള്ള ഉദ്യാനത്തിലേ മുല്ലപ്പന്തലിൽ നിന്നു് പൂവറുത്തു കൊണ്ടുവരുവാൻ കഴിയുമോ, ഇല്ലയോ എന്നാണു് അവർ തമ്മിലുള്ള തക്കം. ഒരുവൻ കഴിയുമെന്നും, മററൊരുവൻ കഴികയില്ലെന്നും തക്കിച്ചു.

ഇതു് എത്രയും സുകരമായ കാൎയ്യമാണെന്നാണു് പെട്ടെന്നു് തോന്നുക. എന്നാൽ, അതു് ഒട്ടും സുകരമല്ലെന്നുള്ളതു് അതിൻേറ സ്ഥിതി ഒട്ടൊന്നു് വിവരിച്ചു് കേൾക്കുമ്പോൾ മനസ്സിലാകും.

പരേതനായ മാധവചന്ദ്രതക്കവാചസ്പതിയുടേ വിധവയാണു് ഈ രാധാനാഥേശ്വര ക്ഷേത്രത്തിൻേറ അധികാരിണി. പണ്ഡിതവൎയ്യനായ മാധവചന്ദ്രൻ തൻേറ സഹപാഠികൾക്കിടയിൽ തക്കവാചസ്പതിയെന്ന മാനപദത്തിലാണു് സ്ഥിതി ചെയ്തിരുന്നതെങ്കിലും, ആ കീൎത്തിചിഹ്നത്തിന്നു് തനിക്കുള്ള അഹ്ഹത തൻേറ ഭാൎയ്യയുടേ മുമ്പിൽ തെളിയിച്ചു കാണിക്കുവാൻ അദ്ദേഹത്തിന്നു് കഴിഞ്ഞിട്ടില്ല. എന്നാലും, അദ്ദേഹം ആ മാനപദത്തിൽ നി

ന്ന് ഭ്രംശിച്ചിട്ടില്ലെന്നാണ് ചില പണ്ഡിതന്മാർ വാദി ക്കുന്നതു്. തക്കവും വാക്കും അദ്ദേഹത്തിൻേറ ഭാൎയ്യയിൽ പൂൎണ്ണമായി കുടികൊള്ളുന്നുണ്ടു്. അദ്ദേഹം അവളുടേ പ തിയാകകൊണ്ടു്, തൎക്കവാചസ്പതിയെന്ന കീൎത്തിചിഹ്നം അദ്ദേഹത്തിന്ന് യോജിച്ചതു തന്നേയെന്ന് ആ പണ്ഡി തന്മാർ വ്യാഖ്യാനിച്ചിരിക്കുന്നു.

വാസ്തവത്തിൽ, ജയകാളി ഒരു അമിതഭാഷിണിയ ല്ല. എന്നാൽ, പലപ്പോഴും അവൾ ഒന്നുരണ്ടു വാക്കുകൊ ണ്ടോ, കേവലം മൌനംകൊണ്ടുതന്നേയോ, എത്ര വലി യ വാഗ്മിയേയും നിശ്ശബ്ദനാക്കും.

ജയകാളി ദൃഢവും ദീൎഘവുമായ ശരീരവും കൂൎത്ത മൂ ക്കും ചേൎന്ന ഒരു കുശാഗ്ര ബുദ്ധിമതിയാണ്. ഭൎത്താവ് ജീ വിച്ചിരുന്ന കാലത്തു് ക്ഷേത്രസ്ഥാപനം തന്നേ കൈവിട്ടു പോകാറായ നിലയിലായി. അവൾ വിധവയായതിൽ പ്പിന്നേ പിരിവുബാക്കിയിൽ ഒരു കാശുപോലും വിടാ തേ, മുഴുവൻ പിരിച്ചെടുക്കയും, നിലങ്ങളേ വരമ്പിട്ടുറപ്പ ക്കയും കണക്കിൽനിന്നു് വിട്ടുപോയ സ്വത്തെല്ലാം തിരി ച്ചെടുക്കയും ചെയ്തു. ഇങ്ങിനേ ക്ഷേത്രഭരണം പരിഷ്കൃത വും ഉൽകൎഷോന്മുഖവുമായ രീതിയിലായി. അവളിൽ നി ന്ന് ഒരു കാശുപോലും വഞ്ചിച്ചെടുക്കുവാൻ ആൎക്കും ക ഴിഞ്ഞില്ല.

അവളുടേ പ്രകൃതിയിൽ പുരുഷത്വം അധികമായി കലൎന്നിരുന്നതുകൊണ്ടു്, ഇണങ്ങി ഇടപെടാവുന്ന തോഴി കൾ അവൾക്ക് ആരുമുണ്ടായിരുന്നില്ല. സ്ത്രീകൾക്കെല്ലാം അവളേ വലിയ ഭയമാണ്. പരുഷണം, കൎണ്ണേജപത്വം

മുതലായവയേ ദുസ്സഹമായ ദുഷ്ക്രിയകളായിട്ടാണ് അവൾ ഗണിച്ചിരിക്കുന്നത്. പുരുഷന്മാൎക്കുകൂടിയും അവളെ പേടിയുണ്ട്. ഗ്രാമത്തിലേ, തൊഴിലില്ലാത്തവർ സത്രക്കോലായിൽ മടിയന്മാരായി ഇരുന്നുകൊണ്ട് വെടി പറയുന്നത് കണ്ടാൽ, ഒരു വാക്കുപോലും പുറപ്പെടുവിക്കാതേതന്നേ, തീക്ഷ്ണങ്ങളായ ഈക്ഷണാഗ്രങ്ങളുടേ സാക്ഷേപമായ വിക്ഷേപംകൊണ്ട് അവൾ അവരേ ധിക്കരിക്കും. ആ ധിക്കരണം അവരുടേ അലസവും മാംസളവുമായ ശരീരത്തേ തുളച്ചുകയറി അകത്തു കടന്ന് മനസ്സിൽ ഊന്നിത്തറക്കും.

അതികഠിനമായി നിന്ദിക്കുന്നതിന്നും, ആ നിന്ദയേ അതികഠിനമായിത്തന്നേ പുറപ്പെടുവിക്കുന്നതിന്നും പ്രത്യേകസാമൎത്ഥ്യം ഈ വിധവായുവതിക്കുണ്ട്. ന്യായാന്യായ വിചാരത്തിൽനിന്ന് ഒരുവൻ അപരാധി തന്നേയെന്ന് തീൎച്ചപ്പെട്ടാൽ വാക്കുകൊണ്ടോ, മൌനംകൊണ്ടോ, നടപടികൊണ്ടോ, ഭാവംകൊണ്ടോ അവനേ അങ്ങിനേ തന്നേ ദഹിപ്പിക്കുവാൻ അവൾ ശക്തയാണ്.

ഗ്രാമത്തിലേ ഏതു പൊതുക്കാൎയ്യത്തിലും, അത് സുകരമായിരുന്നാലും ദുഷ്കരമായിരുന്നാലും, അവൾ ഏൎപ്പെട്ട് അശ്രാന്തം പരിശ്രമിക്കും. അവൾ ഏതിടത്തുചെന്നാലും ഒരു ഉയൎന്ന സ്ഥാനം അൎഹതയോടും അവകാശത്തോടുംകൂടി, ഒട്ടും ശ്രമംകൂടാതേ നേടും. അവൾ ചെല്ലുന്നേടത്തെല്ലാം മറെറല്ലാവരേക്കാളും അവൾക്കാണ് പ്രാമാണ്യമെന്നതിൽ അവൾക്കാവട്ടേ, അവിടേ കൂടിയിരിക്കുന്നവൎക്കാവട്ടേ സംശയമേ ഉണ്ടാകയില്ല.

രോഗികളേ ശുശ്രൂഷിക്കുന്നതിലും അവൾ കൈതെളിഞ്ഞവളാണ്. എന്നാൽ, രോഗികൾ അവളേ കണ്ടാൽ, യമന്റേ മുമ്പിൽ കുടുങ്ങിയതുപോലേ പേടിക്കും. പത്ഥ്യക്രമമോ മററു ദിനചര്യകളോ അല്പമെങ്കിലും തെററിയാൽ അവളിൽ കൊടുതായ കോപം ജ്വലിക്കും. രോഗിക്ക് തന്റേ രോഗംകൊണ്ടുള്ളതിനേക്കാൾ ഈ കോപംകൊണ്ടുള്ള വേദനയാണ് ദുസ്സഹമായിരിക്കുക.

അത്യുഗ്രമായ ബ്രഹ്മദണ്ഡം ആ ഗ്രാമത്തിന്മേൽ ഓങ്ങി നില്ക്കുന്നതുപോലേയാണ് മഹാനുഭാവയായ ആ വിധവയുടേ നില. അവളേ വിഗണിച്ച് അകലുന്നതിന്നെന്നപോലേ സ്നേഹിച്ച് അടുക്കുന്നതിന്നും ആൎക്കും ധൈൎയ്യമുണ്ടായില്ല. ഗ്രാമവാസികളിൽ സൎവ്വരോടും അവൾ ഇടപെട്ടുവന്നുവെങ്കിലും, ആ ഗ്രാമത്തിൽ അവളേപ്പോലേ ഏകാന്തജീവിതം നയിക്കുന്ന ഒരാൾ വേറേയില്ല.

തനിക്ക് മക്കളില്ലായ്കയാൽ, അവൾ തന്റേ സഹോദരപുത്രന്മാരും, മാതാപിതാക്കളില്ലാത്തവരുമായ രണ്ടു ബാലന്മാരേ വീട്ടിൽ പാൎപ്പിച്ച് വളൎത്തിവന്നു. യഥോചിതം ശാസിക്കുന്നതിന്ന് പുരുഷന്മാരില്ലാതിരുന്നതുകൊണ്ട് ആ കുട്ടികളുടേ നടപടികളിൽനിന്ന് അടക്കവും ഒതുക്കവും അകന്നുപോകയാവട്ടേ, അച്ഛൻപെങ്ങളുടേ ഓമനക്കിടാങ്ങളായി നിലവിട്ട ലാളനയേററു വളരുകയാൽ അവരുടേ ശീലം ദുഷിച്ചുപോകയാവട്ടേ ചെയ്തിട്ടില്ല. അവരിൽ മൂത്തവന്ന് പതിനെട്ടുവയസ്സായി. അവന്റേ വിവാഹത്തേപ്പററി അയൽക്കാരിൽനിന്ന് അന്വേഷണവും ആലോചനയും ഇടയ്ക്കിടേ പുറപ്പെടാറു

ണ്ടു്. അങ്ങിനേയൊരു ബന്ധം തനിക്കുണ്ടാവേണ്ട കാൎയ്യത്തിൽ അവൻേറ മനസ്സ് ഉദാസീനമായിട്ടല്ലാ ഇരുന്നതു്. എന്നാൽ, അക്കാൎയ്യം അവൻേറ അച്ഛൻപെങ്ങൾക്കു് ചിന്താവിഷയംപോലുമായില്ല. നവവധൂവരന്മാർ അനുരാഗപ്പുതുമയിൽ ഇടപെട്ടു നില്ക്കുന്നതു കാണുവാൻ മററു സ്ത്രീകൾക്കുള്ള ആ കൌതുകം ജയകാളിക്കില്ല. തൻേറ ഈ സഹോദരപുത്രൻ വിവാഹം ചെയ്തു് മററു് ഗൃഹസ്ഥന്മാരേപ്പോലേ ഭാൎയ്യയോടുകൂടി വിഹരിച്ചു്, ദേഹം തടിപ്പിച്ചു്, പ്രയത്നവിമുഖനായി ദിവസങ്ങൾ തള്ളിവിടുമെന്ന വിചാരം അവളിൽ ഉയൎന്നപ്പോൾ അവൾക്കു് അതിൽ വല്ലാത്ത വെറുപ്പാണുണ്ടായതു്. "പുളിനൻ ആദ്യം പണം സമ്പാദിക്കുവാൻ ആരംഭിക്കട്ടേ; പിന്നീടു്, വിവാഹം ചെയ്തു് ഭാൎയ്യയേ വീട്ടിൽ കൂട്ടിക്കൊണ്ടുവരാം" എന്നാണു് അവളുടേ ഇളക്കമില്ലാത്ത അഭിപ്രായം. ഈ കൎക്കശവാക്കുകൾ അവളിൽ നിന്നു് പുറപ്പെട്ടപ്പോൾ അതു് അയല്ക്കാരികളുടേ മനസ്സിൽ മുള്ളുപോലേ ചെന്നു തറയ്ക്കും.

മറെറല്ലാററിനേയുംകാൾ ആ ക്ഷേത്രമാണു് ജയകാളിയുടേ ശ്രദ്ധയേ അധികമായി ആകൎഷിച്ചിരുന്നതു് അതിൽ പ്രതിഷ്ഠിച്ചിട്ടുള്ള മൂൎത്തിയുടേ ശയനം, സ്നാനം, അലങ്കാരം, ആഹാരം എന്നീ അനുഷ്ഠാനങ്ങളിൽ കോട്ടമോ കുറവോ എള്ളോളംപോലും നേരിട്ടുകൂടാ. താൻ ആരാധിച്ചുവരുന്ന രണ്ടു ദൈവതങ്ങളേക്കാൾ ഈ ഏകമാൻഷിയേയാണു് പൂജകബ്രാഹ്മണനു് ഭയമധികം. ദേവപൂജയ്ക്കായി തയ്യാറാക്കുന്ന പദാൎത്ഥങ്ങൾ ഒട്ടൊഴിയാതേ ദേവന്നായിത്തന്നേ ചെലവാകുകയെന്നില്ലാത്ത ഒരു കാ

ലം മുമ്പുണ്ടായിരുന്നു. പൂജകൻ മറെറാരു ഗൃഹത്തിൽ വേറൊരു ദൈവതത്തേ ഗൂഢമായി പ്രതിഷ്ഠിച്ച് ആരാധിക്കുന്നുണ്ട്. നിസ്താരിണിയെന്നാണ് ആ ദേവിയുടേ പേർ. നെയ്, പാൽ, തയിർ, മാവ് എന്നീ നൈവേദ്യപദാൎത്ഥങ്ങൾ സ്വൎഗ്ഗത്തിന്നെന്നപോലേ നരകത്തിന്നും അന്ന് ഗൂഢമായി ഭാഗിച്ചുകൊടുത്തിരുന്നു. എന്നാൽ, ഇപ്പോൾ ജയകാളിയുടേ മേൽനോട്ടത്തിൽ പൂജാദ്രവ്യങ്ങൾ മുഴവൻ ദൈവത്തിന്നായി മാത്രമേ ഉപയോഗിച്ചുവരുന്നുള്ളൂ. അതുകൊണ്ട് ഉപദേവതയുടേ സ്ഥിതി ദുൎഘടത്തിലായി. അവൾക്ക് വേറേ സ്ഥലത്ത്, വേറേ വഴി തന്നേ അന്വേഷിക്കേണ്ടിവന്നു.

ജയകാളിയുടേ ശ്രമത്താൽ ക്ഷേത്രാങ്കണം നിൎമ്മലമായി പ്രകാശിച്ചു. ചെറിയൊരു തുരുമ്പുപോലും, ആ മിററത്തൊരിടത്തും കാണുകയില്ല. അവിടേ ഒരിടത്ത് ഒരു മുല്ലക്കൊടി അതിന്നായുള്ള പന്തലിൽ പടൎത്തീട്ടുണ്ട്. അതിൽ നിന്ന് ഒരൊററ ഉണക്കിലപോലും അവിടേ കൊഴിഞ്ഞു വീണു കിടക്കുവാൻ അവൾ ഇടവരുത്തുകയില്ല. ക്ഷേത്രസംബന്ധമായ അനുഷ്ഠാനക്രമത്തിലോ, നിൎമ്മലസ്ഥിതിയിലോ പുണ്യഭൂതിയിലോ അല്പമെങ്കിലും ന്യൂനതപററിയാൽ അതു് അവൾ സഹിക്കയില്ല. ഗ്രാമത്തിലേ ബാലന്മാൎക്ക് കണ്ണു കെട്ടിക്കളിക്കുന്നതിന്ന് ഈ ക്ഷേത്രത്തിലേ മിററം മുമ്പ് ഉചിതസ്ഥാനമായിരുന്നു. അന്ന്, ചിലപ്പോൾ, ആട്ടിൻകുട്ടികൾ വന്ന് മുല്ലപ്പന്തലിൽ നിൎബ്ബാധം മേഞ്ഞുപോകാറുമുണ്ട്. ഇപ്പോൾ, അത്തരം അക്രമങ്ങളുടേ പേരുപോലും അവിടേ കേൾക്കാ

റില്ല. ഉത്സവകാലത്തു മാത്രമല്ലാതേ മററൊരിക്കലും ആ മുററത്തു് കുട്ടികാംക്കാക്കം കടന്നുകൂടാ. വിശപ്പോടുകൂടി വരുന്ന ആട്ടിൻകിടാവു് വടികൊണ്ടടിയേററു്, അതിൻേറ തള്ളയേ ദീനസ്വരത്തിൽ വിളിച്ചുകൊണ്ടു് ഗോപുരദ്വാരത്തിൽകൂടി വെളിയിലേക്കു് ഓടുന്നതു് സാധാരണമായി കാണാം.

ആചാരനിഷ്ഠയില്ലാത്തവനേ, തൻേറ അടുത്ത ബന്ധുവായിരുന്നാൽകൂടിയും, ക്ഷേത്രത്തിലേ മുററത്തുപോലും കാലെടുത്തു വെക്കുവാൻ അവാം വിടുകയില്ല. മ്ലേച്ഛന്മാർ പാകം ചെയ്യുന്ന കോഴിയിറച്ചി ബഹുസ്വാദോടുകൂടി ഭുജിക്കാറുള്ള ഒരുവനാണു് അവളുടേ സഹോദരീഭത്താവു്. അവൻ ബന്ധുജനത്തേ കാണുവാൻ വേണ്ടി ഈ ഗ്രാമത്തിൽ വന്നിരുന്നപ്പോാം, ക്ഷേത്രം സന്ദശിക്കുവാൻ കൊതിച്ചു് മുററത്തു കടന്നു; അപ്പൊഴെക്കും ജയകാളി സത്വരം ഓടിവന്നു് നിദ്ദാക്ഷിണ്യം അവനേ തടത്തു് തിരിച്ചയയ്ക്കയാണുണ്ടായതു. ഇതിൽനിന്നു് അവാംക്കു് തൻേറ സഹോദരിയോടുതന്നേയും കുറച്ചുനാളേക്കു് വിണക്കമുണ്ടായി. ഇങ്ങിനേ, ആ ക്ഷേത്രത്തേ സംബന്ധിച്ചു് അവാം പ്രകടിപ്പിച്ച അമിതമായ ഭക്തിശ്രദ്ധകാം കണ്ടു് അവാംക്കു് ഭ്രാന്താണെന്നു് സാധാരണന്മാർ വിചാരിച്ചുപോയി.

അവാംക്കുള്ള സവ്വവും ഈ ക്ഷേത്രത്തിന്നായി സമപ്പിച്ചിരിക്കുന്നു. മററിടങ്ങളിലെല്ലാം അവാം സ്വാതന്ത്ര്യശീലയും പ്രതാപവതിയും അധികാരാഢ്യയുമാണെങ്കിലും ക്ഷേത്രസന്നിധിയിൽ അവളുടേ ഭാവം നേരേമറിച്ചാ

ണ്. ആ വിഗ്രഹത്തിൻേറ മുമ്പിൽ അവറം ഏകാഗ്രചി ത്തയായി അമ്മയേപ്പോലേയും, ഭാൎയ്യയേപ്പോലേയും, ദാസിയേപ്പോലേയും വൎത്തിച്ചുവന്നു. ആ വിഗ്രഹത്തേ സംബന്ധിച്ച കാൎയ്യങ്ങളിൽ അവറംക്കുള്ള പ്രബുദ്ധഭക്തി, ഉദാരാദരം, അലങ്കരണചാതുൎയ്യം, പരിചരണപാടവം എന്നിവയ്ക്കു് അതിരും അളവുമില്ല. അവളിൽ അന്തൎല്ലീനമായുള്ള സ്ത്രീത്വം അവളുടേ കൎമ്മങ്ങളിൽ വെളിപ്പെട്ടു ഫലവത്താകുന്നതിന്നു്, കല്ലുകൊണ്ടുണ്ടാക്കിയ ഈ ക്ഷേത്രവും, കല്ലുകൊണ്ടുള്ള ഈ വിഗ്രഹവും അത്യന്തം ഉപകരിച്ചു. ഈ ക്ഷേത്രവും അതിലേ ബിംബവുമാണു് അവളുടേ ഭൎത്താവും, മക്കളും, കുടുംബം മുഴുവനും.

ഇങ്ങിനേയുള്ള ക്ഷേത്രത്തിൽനിന്നു് മുല്ലപ്പൂവറുത്തുകൊണ്ടുവരാമെന്നു് വീരവാദം ചെയ്ത ആ ബാലന്നു് എത്രയേറേ സാഹസമുണ്ടെന്നു് ഇപ്പോറം വായനക്കാൎക്കു് അറിയുവാൻ കഴിഞ്ഞിരിക്കുമല്ലോ. ആ ബാലൻ ജയകാളിയുടേ ഇളയമരുമകനായ നളിനനാണു്. തൻേറ അച്ഛൻപെങ്ങളുടേ പ്രകൃതി അവൻ നല്ലവണ്ണം അറിഞ്ഞിരുന്നിട്ടും തന്നിലുള്ള അനിയന്ത്രിതമായ സാഹസം അവനേ ആജ്ഞകൾക്കുള്ളിൽ അടങ്ങിനില്ക്കുവാൻ വിട്ടില്ല. ആപത്തു് ഏതിൽ അധികമായുണ്ടോ, അതിൽ തലയിടുവാനാണു് അവന്നു് അധികം പ്രിയം. വ്യവസ്ഥിതനിബന്ധനകറം എങ്ങുണ്ടോ അങ്ങുചെന്നു് അവയേ അതിക്രമിക്കുവാൻ അവൻേറ മനസ്സു് തുള്ളിക്കുതിച്ചുകൊണ്ടിരിക്കും. അവൻേറ അച്ഛൻപെങ്ങളുടേ പ്രകൃതിയും ചെറുപ്പത്തിൽ ഇങ്ങിനേതന്നേയായിരുന്നുവെന്നു് ചിലർ പറയുന്നുണ്ടു.

ജയകാളി മാതൃപ്രേമപൂൎണ്ണമായ ഭക്തിയോടുകൂടി ദൈവത്തേ അനന്യചിന്തയായി നോക്കിക്കൊണ്ടു്, ജപമാല ധരിച്ച്, തറയിലിരുന്ന് ഏകാഗ്രധ്യാനത്തിലമൎന്ന് ജപിക്കുകയായിരുന്നു.

ബാലൻ നിശ്ശബ്ദം പതുങ്ങിപ്പതുങ്ങി, പിമ്പുറത്തുകൂടി നടന്ന് മുല്ലക്കൊടിയുടേ അടിയിൽ ചെന്നുനിന്നു. പൂജയ്ക്കുവേണ്ടി, താഴേയുള്ള ശാഖകളിൽ നിന്ന് പുഷ്പങ്ങളെല്ലാം അറുത്തുകൊണ്ടു പോയിരുന്നതിനാൽ, അവൻ നല്ലവണ്ണം മനസ്സിരുത്തി, വളരേ പതുക്കേ പന്തലിന്മേൽ കയറി. ഉയരേയുള്ള ഒരു കൊമ്പിൽ രണ്ടു മൊട്ടുകൾ വിരിയാറായി നില്ക്കുന്നതു കണ്ടു് അവൻ നിവൎന്നു നിന്നുകൊണ്ടു് കൈനീട്ടി. പഴക്കത്താൽ, തീരേ ദുൎബ്ബലമായിരുന്ന ആ പന്തൽ അവൻേറ ആ നില്പ് താങ്ങുവാനാവാതേ പടപടയെന്ന് പൊട്ടി വീണു. അതിൽ പടൎന്നിരുന്ന മുല്ലയും, അതിൽ കയറി നിന്നിരുന്ന ബാലനും ഒരുമിച്ചു തന്നേ തറയിൽ വീണു കിടപ്പായി.

ജയകാളി ആ ക്ഷണം തന്നേ പാഞ്ഞുവന്ന്, തൻേറ മരുമകൻേറ ആ വീരകൃത്യം കണ്ടു്, ഉടനേ, അവൻേറ കൈമുറുകേ പിടിച്ചു വലിച്ച് തറയിൽ നിന്ന് തൂക്കിയെടുത്തു അവൻേറ ദേഹം മുഴുവൻ പന്തൽ കോലുകളിൽ നിന്നു അടിയേററിരുന്നിട്ടും, അതു് തക്കതായ താഡന ദണ്ഡമായിയെന്ന് അവൾ ഗണിച്ചില്ല. പ്രജ്ഞാഹീനമായ ജഡപ്രകൃതിയിൽ നിന്ന് ഉദ്ദേശരഹിതമായി സിദ്ധിച്ച അടികളല്ലയോ അതു്! അതു് വകവെക്കാതേ, താഴേ വീണു് ശരീരമെങ്ങും കീറിമുറിഞ്ഞ ആ ബാലനേ ജയകാളി പ്ര

ജ്ഞാപൂർവ്വകമായ താഡനങ്ങൾ തുടന്നു തുടന്ന് ഏല്പിച്ചു. ആ ബാലൻ ഒരു തുള്ളിപോലും കണ്ണീർ വിടാതേ ആ അടി മുഴവൻ നിശ്ശബ്ദനായി സഹിച്ചു. പിന്നീട് അവനേ അവൾ വലിച്ചു കൊണ്ടുപോയി ഒരു അറയിലാക്കി വാതിലടച്ച്, വൈകുന്നേരം അവന്ന് ആഹാരം കൊടുക്കരുതെന്ന് ഉത്തരവിടുകയും ചെയ്തു.

ആഹാരം മുടക്കിയതു കേട്ട്, അനുതാപത്താൽ കണ്ണുകൾ കലങ്ങിയും, എന്നാൽ, ഭയത്താൽ സ്വരം ഇടറിയുംകൊണ്ടു ദാസിയായ മോക്ഷദ ആ ബാലന്ന് മാപ്പു കൊടുക്കേണമെന്ന് ജയകാളിയോട്ട് പ്രാർത്ഥിച്ചു. സ്വാമിനിയുടേ മനസ്സ് ഇളകിയതേയില്ല. ആ വിശന്നു തളന്ന കുട്ടിക്ക് സ്വാമിനി അറിയാതേ ആഹാരം കൊടുക്കുവാൻ തക്ക സാഹസം അവിടേ ആക്കുമില്ല.

കേടുപാടുകൾ തീർത്ത് പന്തൽ ശരിപ്പെടുത്തുവാൻ ആൾക്കാരേ നിയോഗിച്ചതിൽപ്പിന്നേ, വീണ്ടും ജയകാളി ജപമാല ധരിച്ച് ക്ഷേത്ര സന്നിധിയിൽ ചെന്നിരുന്നു. കുറച്ചു നേരം കഴിഞ്ഞപ്പോൾ, മോക്ഷദ അവിടേവന്ന് "അമ്മേ, യജമാനൻകുട്ടി വിശന്നു കരയുന്നു, കുറച്ച് പാൽ കൊടുക്കട്ടേയോ" എന്ന് ഭയഭക്തിപൂർവ്വംചോദിച്ചു.

ഒട്ടുംഅനുതാപംകൂടാത്ത "വേണ്ട" എന്ന ശബ്ദം ജയകാളിയിൽനിന്ന് ഉയന്നതോടുകൂടി മോക്ഷദ അവിടെ നിന്നുപോയി. അടുത്തവീട്ടിലേ അറയിൽ നിന്ന് നളിനൻ ദീനനായി കരഞ്ഞുകൊണ്ടിരുന്നു. രോദനം ക്രമത്തിൽ, ക്രോധമായി മാറി അവൻ ഗജ്ജിച്ചുതുടങ്ങി. ആ ശബ്ദം, ജപത്തിൽ നിമഗ്നയായി സ്ഥിതിചെയ്യുന്ന ജയ

കാളിയുടേ കണ്ണുകളിൽ ഇടയ്ക്കിടേ അലച്ചു കയറിക്കൊണ്ടിരുന്നു.

വാവിട്ടു കരഞ്ഞും കോപിച്ചലറിയും തളൎന്നു കൂടിയ നളിനൻ നിശ്ശബ്ദനായി. അപ്പോൾ മററൊരു ജീവിയിൽ നിന്നു് ഭയവും ദൈന്യവും കലൎന്ന സ്വരം അടുത്തടുത്തു കേട്ടു തുടങ്ങി. അകലേനിന്നു് നിലവിളിച്ചുകൊണ്ടു് ഓടിവരുന്ന മനുഷ്യരുടേ ശബ്ദവും അതോടുകൂടി ഉയൎന്നു. ക്ഷേത്രത്തിൻേറ മുമ്പുറത്തുള്ള വീഥിയിൽ ഈ ശബ്ദമെല്ലാം ചേൎന്നു് വലിയ ബഹളമായി.

പെട്ടെന്നു്, ക്ഷേത്രത്തിൻേറ മുററത്തു നിന്നു തന്നേ ശബ്ദം കേൾക്കമാറായി. ജയകാളി പിന്നോട്ടൊന്നു തിരിഞ്ഞുനോക്കി. മുല്ലക്കൊടിയേ ആരോ പിടിച്ചു കുലുക്കുന്നതുപോലേ അതു് അടിമുതൽ മുടിവരേ ഇളകുന്നതുകണ്ടു്

കലശലായ കോപത്തോടു കൂടി "നളിനാ!" എന്നു അവൾ ഗൎജ്ജിച്ചു.

മറുപടിയൊന്നും പുറപ്പെട്ടില്ല. ദുൎമ്മദനായ ആ നളിനൻ ബദ്ധനായി കിടന്നിരുന്ന അറയിൽ നിന്നു് എങ്ങിനേയോ മുക്തനായി പുറത്തു ചാടി ഓടി വന്നു വീണ്ടും, തന്നേ കോപാവിഷ്ടയാക്കുവാൻ ഇങ്ങിനേ ചെയ്യുകയാണെന്നാണു് അവൾ ഊഹിച്ചതു്.

ദേഷ്യത്താൽ ചുണ്ടു കടിച്ചുകൊണ്ടു് ജയകാളി മുററത്തിറങ്ങി പന്തലിന്നരികേ വന്നു്, വീണ്ടും "നളിനാ!" എന്നു് ഗൎജ്ജിച്ചു.

മറുപടിയൊന്നുമുണ്ടായില്ല. വള്ളികൾ അകററി അതിന്നിടയിൽക്കൂടി അവൾ നോക്കി. ദേഹം മുഴുവൻ

ചെളി പുരണ്ട ഒരു പന്നി പ്രാണഭയത്തോടുകൂടി, ഇടതിങ്ങി വളൎന്ന മുല്ലവള്ളികൾക്കിടയിൽ അഭയം പ്രാപിച്ചിരിക്കയാണു്.

മതിൽച്ചുററിന്നകത്തുള്ള ഈ മുല്ലപ്പന്തൽ ചെറിയൊരു വൃന്ദാവനക്ഷേത്രം പോലെയാണു് വിളങ്ങുന്നതു്. ഇതിലേ പൂങ്കൊത്തുകളിൽ നിന്നു് ഉയരുന്ന സുഗന്ധം ഗോപികകളുടേ സുരഭിലമായ ശ്വാസത്തെ ഓൎമ്മിപ്പിക്കുന്നതിന്നു പുറമേ, യമുനാ തീരത്തിൽ നടന്ന ദിവ്യമോഹനക്രീഡകളേ സംബന്ധിച്ച മധുര സ്വപ്നങ്ങൾ മനസ്സിൽ ഉദിപ്പിക്കയും ചെയ്യും. ഇങ്ങിനേ, പ്രാണനേക്കാൾ ശ്രേഷ്ഠവും, സ്വപ്രയത്നം കൊണ്ടു് പാവന ശോഭനവുമായ ആ ആരാമത്തിൽ അവിചാരിതമായ ഈ ഭയങ്കര സംഭവം നേരിട്ടു പോയി.

പൂജക ബ്രാഹ്മണൻ ദണ്ഡധാരനായി ഓടിയെത്തി.

ജയകാളി ആയാളേ തടുത്തു. അനന്തരം അവൾ വേഗത്തിൽചെന്നു് ക്ഷേത്രദ്വാരത്തിലേ വാതിലുകൾ അടച്ചു സാക്ഷയിട്ടു.

ഒട്ടുനേരം കഴിഞ്ഞപ്പോൾ, കള്ളുകുടിച്ചു നിലവിട്ട ചില പറയന്മാർവന്നു്, ബലികൊടുക്കുവാൻ തങ്ങൾ വളൎത്തിവന്ന ആ മൃഗത്തേ വിട്ടു കിട്ടുവാൻ വേണ്ടി നിലവിളിച്ചു തുടങ്ങി.

അടച്ചിരിക്കുന്ന വാതിലുകൾക്കപ്പുറത്തു നിന്നു കൊണ്ടു ജയകാളി അവരോടു് ക്ഷേത്രത്തേ തീണ്ടരുതെന്നും അകലേ പോകയെന്നും ആജ്ഞാപിച്ചു.

അവരെല്ലാവരും തിരിച്ചു പോയി. ജയകാളിദേവി

യുടേ രാധാനാഥേശപരക്ഷേത്രത്തിൽ ഒരു അശുദ്ധജീവിക്ക് അഭയം പ്രാപിക്കുവാൻ അവാം ഇടം കൊടുത്തതു് ഗ്രാമവാസികളിൽ അധികം പേരും നേരിൽ കണ്ടിട്ടും, അവൎക്ക് അതു് വിശ്വസിക്കുവാൻ കഴിഞ്ഞില്ല.

പ്രപഞ്ചത്തിലേ സൎവ്വ പ്രാണികൾക്കും മഹേശ്വരനായരുളുന്ന പരബ്രഹ്മത്തിന്നു് ഈ സാമാന്യവിഷയം തുലോം തൃപ്തികരമായിരുന്നിട്ടും, ഈ തുച്ഛഗ്രാമത്തിലേ സമുദായനാമധാരിണിയായ ക്ഷുദ്രദേവതയ്ക്കു് ഈ സംഭവം വലുതായ മനഃക്ഷോഭത്തിന്നിടയാക്കി.

# അപസപ്പണം.

മഹിമചന്ദ്രൻ എന്നോട്ട് തന്റേ കഥ പറയുവാൻ തുടങ്ങി:—

ഞാൻ പോലീസിൽ ശ്രദ്ധമായി അന്വേഷണം ചെയ്തു് അപരാധികളേ കണ്ടുപിടിക്കുന്ന പ്രത്യേക ഉദ്യോഗസ്ഥനായ അപസപ്പകൻ (ഡിററക്റ്റീവ്) ആണ്. എന്റേ ജീവിതത്തിൽ രണ്ടു പദാത്ഥങ്ങൾ മാത്രമേ പൂണ്ണശ്രദ്ധയ്ക്കു് വിഷയമായുള്ളു. ഒന്നു് എന്റേ ഭായ്യയും, മററൊന്നു് എന്റേ ഉദ്യോഗവുമാണ്. ആദ്യം, എന്റേ അവിഭക്ത കുടുംബത്തിൽ ഞങ്ങൾ ഒരുമിച്ചു പാത്തുവ ന്നിരുന്നു. അവിടേ എന്റേ ഭായ്യയേ മററുള്ളവർ വേണ്ടും പോലേ ആദരിക്കായ്കയാൽ, ഞാൻ ജ്യേഷ്ഠനോട്ട് പിണങ്ങി വീട്ടിൽ നിന്നിറങ്ങി. എന്റേ ജ്യേഷ്ഠൻ സ്വന്തം സമ്പാദ്യം കൊണ്ടാണ് എന്നേ രക്ഷിച്ചു വന്നിരുന്നതു്. അങ്ങിനേയിരിക്കേ, ഞാൻ പെട്ടെന്നു്, എന്റേ ഭായ്യയോടു കൂടി വീടു വിട്ടു് പുറത്തു വന്നതു് ഒട്ടും തന്നേ മുൻകരുതലില്ലാത്ത കൃത്യമായി.

എന്നാൽ, എന്നിൽ എനിക്ക് സമ്പൂണ്ണവിശ്വാസമുണ്ടു്. സുന്ദരാംഗിയായ ഭായ്യയേ ഞാൻ വശീകരിച്ചിരിക്കുന്നതുപോലേ, ഇപ്പോൾ മുഖം തിരിച്ചുനില്ക്കുന്ന ശ്രീയേയും വശംവദയാക്കുമെന്നു് മനസാ പ്രതിജ്ഞചെയ്തു. ഈ മഹിമചന്ദ്രൻ ഈ ലോകത്തിൽ, ഒരിക്കലും, ഒന്നുകൊണ്ടും പിന്മാറിനില്ക്കയില്ല.

പോലീസ് വകുപ്പിൽ സാമാന്യമായ ഒരു ഉദ്യോഗത്തിലാണ് ഞാൻ ആദ്യമായി പ്രവേശിച്ചതു്. അതിൽ നിന്നു ഞാൻ അതിവേഗം അപസർപ്പക പദത്തിലേക്കു കയറി.

തിരി നീണ്ടെരിയുന്ന വിളക്കിൽ നിന്ന് കരിമ്പുക പുറപ്പെടുന്നതുപോലെ, എൻേറ ഭാൎയ്യക്കു് എന്നിലുള്ള നിരങ്കുശപ്രേമത്തിൽ നിന്ന് ഒരുവക മനസ്സൈരിച്ചലും സംശയച്ചെളിയും വെളിപ്പെട്ടു. അതു് എൻേറ ജോലിയേത്തന്നെയും ഒട്ടൊട്ട് ഇടഞ്ഞു തടഞ്ഞുകൊണ്ടിരുന്നു. പോലീസുദ്യോഗത്തിൽ നമ്മുടേ ഇഷ്ടംപോലേ നിശ്ചിതസ്ഥലത്തു് നിശ്ചിതകാലത്തു് ദിനകൃത്യങ്ങൾ നിൎവ്വഹിക്കുവാൻ സാധിക്കയില്ലെന്നു തന്നേയല്ലാ, അവ നടത്തുന്നതു്, മിക്കവാറും അനിശ്ചിതസ്ഥലത്തു് അനിശ്ചിതകാലത്തായിരിക്കയും ചെയ്യും. ഈ നടപടി, എൻേറ ഭാൎയ്യക്കു് മുമ്പുതന്നേയുള്ള സംശയത്തേ വളൎത്തിവിട്ടു. അവൾ എന്നേ സംശയ പാശത്തിൽ കുടുക്കുവാൻവേണ്ടി ഇങ്ങിനേ ചോദിച്ചു:—"നിങ്ങൾ എന്നും അങ്ങുമിങ്ങുമായി നാൾ കഴിക്കുന്നതെന്താണ്? സ്വന്തം വീട്ടിൽ വരുവാൻ മാത്രമേ ശുഭമുഹൂൎത്തം നോക്കേണ്ടതുള്ളുവെന്നോ! നിങ്ങൾ എന്തൊരു പുരുഷനാണ്! എൻേറ നടപടികളിൽ നിങ്ങൾക്ക് സംശയമുണ്ടാകുന്നതേയില്ലയോ?"

അപ്പോൾ ഞാൻ പറഞ്ഞു:—"എപ്പോഴും ആരേയും സംശയിച്ചുകൊണ്ടിരിക്കുകയെന്നതാണ് എൻേറ ഉദ്യോഗം. ഈ സംശയത്തൊഴിൽ വീട്ടിലിരിക്കുമ്പോൾ വേണ്ടെന്നാണ് ഞാൻ നിശ്ചയിച്ചിരിക്കുന്നതു."

"സംശയിക്കുകയെന്നതു് സ്ത്രീകളായ ഞങ്ങളുടേ ഉദ്യോഗമല്ല. എന്നാൽ, സംശയം ഞങ്ങളുടേ ജന്മപ്രകൃതിയിൽത്തന്നേയുണ്ടു്. നിങ്ങളിൽ സംശയിക്കുന്നതിന്നു് ചെറിയൊരു കാരണമെങ്കിലും നിങ്ങൾ എനിക്കായി ഉണ്ടാക്കിവെച്ചാൽ, ഞാൻ, പിന്നേ എന്തുചെയ്യുവാനും മടിക്കയില്ല; ഇതു് ഓർമ്മയുണ്ടായിരിക്കട്ടേ" എന്നു് അവൾ താക്കീതുചെയ്തു.

അപസർപ്പണകൃത്യത്തിൽ ഞാൻ അഗ്രേസരനായിരിക്കേണമെന്നും, അതിൽ ഞാൻ കീർത്തിമാനാകേണമെന്നുമുള്ള വിചാരം എന്നിൽ ദൃഢമൂലമായി നില്ക്കുന്നുണ്ടു്. ഈ തൊഴിലിന്നേ സംബന്ധിച്ചു് നിർമ്മിച്ചിട്ടുള്ള ശാസ്ത്രീയ ഗ്രന്ഥങ്ങളും കഥാപുസ്തകങ്ങളും ഒന്നൊഴിയാതേ ഞാൻ വായിച്ചു തീർത്തിട്ടുമുണ്ടു്. അതിൽ നിന്നു് എൻേറ മനസ്സിൽ അസൂയയാണു് വളൎന്നതു്.

എന്തുകൊണ്ടെങ്കിൽ—നമ്മുടേ നാട്ടിലേ അപരാധികൾ തീരേ ഭീരുക്കൾ! വെറും ബുദ്ധിഹീനന്മാർ! അപരാധങ്ങളാവട്ടേ, സാമാന്യങ്ങളെന്നു തന്നേയല്ലാ നിർജ്ജീവങ്ങളുമാണു്. ഉള്ളിൽ കടന്നു് കണ്ടുപിടിക്കുവാൻ കഴിയാത്തയാതൊന്നും അവയിലില്ല. മനുഷ്യരക്തം ഒഴുക്കിവിട്ടു് കൊല ചെയ്യുമ്പോഴുണ്ടാകുന്ന ഘോര മനഃക്ഷോഭത്തേ ഉള്ളിൽത്തന്നേ അടക്കിനിർത്തുവാൻ നമ്മുടേ നാട്ടിലേ ഘാതകന്മാൎക്കു് ശക്തിയില്ല. കള്ളക്കൈയൊപ്പിടുന്നവൻ, താൻ വീശിയവലയിൽ, അനന്തരക്ഷണത്തിൽ താൻതന്നേ തലകീഴായി മറിഞ്ഞു വീണു കുടുങ്ങുന്നു. കുററക്കടലിൽ നിന്നു കരയണയുവാൻ ശ്രദ്ധമാൎഗ്ഗമൊന്നും അവന്നറിഞ്ഞു

കൂടാം. ഇങ്ങിനേ, നിൎജ്ജീവമായിക്കിടക്കുന്ന ഈ രാജ്യത്തു് അപസൎപ്പണകൃത്യത്തിൽ രസവുമില്ലാ, കീൎത്തിയുമില്ല.

അങ്ങോടിയിൽ നിന്നു മാർവാരിക്കള്ളനേ സുകരമായി ബന്ധിക്കുമ്പോഴെല്ലാം, "എടാ, അപരാധികുലത്തിൻേറ കീൎത്തി മുഴുവൻ കെടുക്കുവാൻ ജനിച്ച കുലപാംസനനാണു് നീ. അന്യനേ ഉൻമൂലനം ചെയ്യുവാൻ ഗുണസമ്പന്നനായ മഹാ പുരുഷന്നല്ലയോ സാധിക്കയുള്ളു! നിന്നേപ്പോലേയുള്ള കൊള്ളരുതാത്ത മൂഢന്മാൎക്കു് നിൎമ്മലമായ തപസ്സാണു് ചേൎച്ച" എന്നു് ഞാൻ ഉള്ളുകൊണ്ടു് പഴിക്കാറുണ്ടു്. ഘാതകനേ ബന്ധിക്കുമ്പോഠം ഞാൻ വിചാരിക്കുന്നതാവിതു്!— "ഗവൎമ്മേണ്ടിൻേറ വക ആ മേന്മകൂടിയ തൂക്കുമരം നിന്നേപ്പോലേയുള്ള തുച്ഛജീവികഠംക്കായിട്ടാണോ ഏൎപ്പെടുത്തിയിരിക്കുന്നതു്! മഹത്തായ കല്പനാശക്തിയോ കഠോരമനോദാൎഢ്യമോ നിങ്ങളിലില്ല. ബുദ്ധിയുറയ്ക്കാത്ത വെറും കുട്ടികളായ നിങ്ങളാണോ മാരണമെന്ന മഹാകൎമ്മം നിൎവ്വഹിക്കുവാൻ പ്രാപ്തന്മാർ!"

ലണ്ടൻ, പാരിസ്സ് മുതലായ പട്ടണങ്ങളിൽ ജനങ്ങളിടതിങ്ങിയ വീഥികളിലേ, വാനോട്ടുരുമ്മിനില്ക്കുന്ന മാളികകഠം ഞാൻ സങ്കല്പ ദൃഷ്ട്യാ കാണുമ്പോഠം എനിക്കു് രോമാഞ്ചമുണ്ടാകും. ഇടുങ്ങിയടുങ്ങി നില്ക്കുന്ന ഈ മാളികകളിലും, വീതിയേറിയ പാതകളിലും, നീണ്ട ഇടവഴികളിലും എത്ര വളരേ ആഠംക്കൂട്ടം! എത്ര വളരേ തൊഴിൽപ്പെരുക്കം! എത്രവളരേ ഉത്സവാഘോഷങ്ങഠം! ഇത്രയും സൌന്ദൎയ്യപ്പെരുവെള്ളം രാവും പകലും ഒഴുകിക്കൊണ്ടേയിരിക്കുമ്പോഠം, അവിടേത്തന്നേ ഘോരമാരണങ്ങളും ഉ

രുണ്ട ഉപജാപങ്ങളും മററു പല കഠോരകൃത്യങ്ങളും ആ രുമെങ്ങും കാണാത്തവിധം അത്ര നിശ്ശബ്ദമായി നടന്നു കൊണ്ടിരിക്കുന്നു. ഇതു രണ്ടിന്നുമിടയിലായി പാശ്ചാത്യ സമുദായ ജീവിതത്തിലേ ആചാരസൌഷ്ഠവം, ഉത്സവോ ല്ലാസം, വിനോദലീല എന്നിവ മുഴുവൻ സദാ ഭീകരമെ ങ്കിലും, ഉജ്ജ്വലമായ രൂപകാന്തിയോടുകൂടിത്തന്നേ വിള ങ്ങുന്നു. നമ്മുടേ കൽക്കട്ടാ റോഡുകളിലേ ഇരുവശത്തുമു ള്ള വീടുകളിലാവട്ടേ, മസാലരയ്ക്കുക, അരിവെക്കുക, പരീ ക്ഷയ്ക്കായി പഠിക്കുക, ചീട്ടുകളിക്കുക, ദമ്പതികൾ തമ്മി ൽ കലഹിക്കുക, സഹോദരന്മാർ തമ്മിൽ എപ്പൊഴും അ ടി പിടികൂടുക, സിവിൽകേസുകളേപ്പററി വാദിക്കുക, എ ന്നിത്രയുമല്ലാതേ മറെറാരു വിശേഷവുമില്ല. ഇപ്പറഞ്ഞ ജോലികൾ നടക്കുന്ന അതേ സമയത്തു് വീട്ടിലേ ഒരു മൂല യിൽ ഒരു ഘോരപിശാചിക ദുഷ്കർമ്മബീജങ്ങൾ വിതച്ചു കൊണ്ടിരിക്കുന്നുവെന്ന വിചാരം ഒരു വീട്ടിലും ഉണ്ടായി ക്കാണുന്നില്ല.

ഞാൻ പലപ്പൊഴും വീഥികളിൽചെന്നു് പാന്ഥ ന്മാരുടേ മുഖഭാവത്തേയും നടപടിയേയും ഉററുനോക്കാറു ണ്ടു. ആരുടേയെങ്കിലും നടപടിയിൽ അല്പമൊരു സംശ യം നേരിട്ടാൽ ഞാൻ അവനേ പിന്തുടരാതിരിക്കയില്ല. അവൻേറ പേരു്, വീടു്, ചരിതം എന്നിതെല്ലാം ഞാൻ അ ന്വേഷിച്ചറിയും. ഒടുവിൽ, ആ പുള്ളി നിരപരാധിയായ മാന്യനാണെന്നു് തെളിയുമ്പോൾ, എൻേറ മനസ്സു് നൈരാശ്യത്താൽ തളന്നു വീണുപോകും. കഷ്ടം! ആ പു ള്ളിയുടേ അടുത്ത ബന്ധുക്കൾകൂടിയും അവൻേറ പേരിൽ

കൃത്രിമമായിട്ടെങ്കിലും, ഒരു മഹാപരാധം ഗൂഢമായി ചുമത്തിവിടുവാൻ മുന്നിടുന്നില്ല! പാന്ഥന്മാരിൽ ഏതൊരുവനേ സർവ്വാപരാധികളിലുംവെച്ച് കൊടിയ വഞ്ചകനാണെന്ന് ഞാൻ കരുതിയോ, ഏതൊരുവനേ നോക്കി ഇവൻ ഏതോ ഘോരകൃത്യം ചെയ്ത് അതിൻേറ ചൂടാറുംമുമ്പേതന്നേ ഇറങ്ങിവരുന്നവനാണെന്ന് ഞാൻ നിശ്ചയിച്ചുവോ, അവനേപ്പററി അന്വേഷിച്ചതിൽ അവൻ ഒരു പള്ളിക്കൂടത്തിലേ ഉപാധ്യാപകനാണെന്നും, അവൻ കുട്ടികൾക്ക് പാഠം ചൊല്ലിക്കൊടുത്തിട്ട്, അപ്പോൾത്തന്നേ, വീട്ടിലേക്ക് മടങ്ങിപ്പോകയാണെന്നുമാണ് അറിഞ്ഞത്. ഇത്തരക്കാർ വേറേ വല്ലരാജ്യത്തുമാണു ജനിച്ചിരുന്നതെങ്കിൽ കൈതെളിഞ്ഞ തസ്കരന്മാരായി പേർ പരത്തുമായിരുന്നു. വേണ്ടുന്നത്ര സാമർത്ഥ്യവും, വേണ്ടുന്നത്ര പൌരുഷവും ഇല്ലാതേ പോകയാൽ ഇവർ നമ്മുടേ നാട്ടിൽ അധ്യാപകന്മാരായിത്തീൎന്ന്, വാർദ്ധക്യത്തിൽ അടുത്തൂൺപററി, അങ്ങിനേ മരിച്ചുപോകുന്നു. വളരേ ദൂരം അശ്രാന്തം അന്വേഷിച്ചു ചെന്നതിൽപ്പിന്നേ ഈ ഉപാധ്യാപകൻേറ നിരപരാധമായ നിലകണ്ടപ്പോൾ, എനിക്ക് അവൻേറ പേരിലുണ്ടായ നിന്ദയ്ക്കു് അളവേയില്ല. അത്രയും അവജ്ഞ ചില്ലറമോഷണങ്ങൾ ചെയ്യുന്ന കള്ളന്മാരിൽക്കൂടിയും എനിക്കുണ്ടായിട്ടില്ല.

ഒടുക്കം, ഒരുനാൾ സൂൎയ്യാസ്തമയത്തിനു ശേഷം, എൻേറ വീട്ടിന്നരികേ ദീപസ്തംഭത്തിൻകീഴിൽ നില്ക്കുന്ന ഒരു മനുഷ്യനേ എനിക്ക് കണ്ടുകിട്ടി. അഹേതുകമായി അവൻ ആ ഒരേസ്ഥലത്ത് ലാത്തിക്കൊണ്ടിരിക്കുന്നു. അവ

ൻേറ ഭാവം നോക്കിയപ്പോ൦, അവൻ ശ്രദ്ധമായി എ ന്തോ ദുഷ്കൎമ്മം ചെയ്യുവാൻ ഒരുങ്ങിനില്ക്കയാണെന്ന് ഞാ ൻ നിസ്സംശയം തീർമാനിച്ചു. ഇരുട്ടിൽ മറഞ്ഞുനിന്നു കൊണ്ടു് അവൻേറ മുഖഭാവത്തേ ഞാൻ സശ്രദ്ധംനോ ക്കിത്തുടങ്ങി. യൌവനപ്രായം! സുന്ദരാകൃതി! ദുഷ്കൎമ്മം നടത്തുന്നതിന്ന് എത്ര യോജിച്ച മുഖസ്തോഭം! തൻേറ മുഖഭാവം തനിക്ക് വിരോധമായ സാക്ഷ്യമായിത്തീരു ന്ന ഒന്നാണെങ്കിൽ, അങ്ങിനേയുള്ളവൻ അപരാധകൃത്യ ങ്ങളിൽനിന്ന് എപ്പോഴും ജാഗരണത്തോടേ മാറിനില്ക്കേ ണ്ടതാണ്. നിൎദ്ദോഷകൎമ്മങ്ങളിൽ ഏൎപ്പെട്ടാൽക്കൂടിയും ഫ ലം നേടുവാൻ യോഗ്യരല്ലാ അവർ. പിന്നേ, എങ്ങിനേ യാണ് ദുഷ്കൎമ്മങ്ങളിൽനിന്ന് അവൎക്ക് കാൎയ്യസിദ്ധിയു ണ്ടാകുന്നതു്! ഈ യുവാവ് നിൎഭയചിത്തനാണെന്ന് അ വൻേറ മുഖഭാവംകൊണ്ടു് നല്ലവണ്ണം തെളിഞ്ഞു. അവ നേ ഞാൻ കുറേനേരം സശ്രദ്ധംനോക്കി നിന്നതിൽപ്പി ന്നേ, അവനേ പ്രശംസിച്ച് ഇങ്ങിനേ വിചാരിച്ചു:— ദൈവം സുദുൎല്ലഭമായ ഒരു ഗുണം നിനക്ക് തന്നിരിക്കുന്നു. ആ ഗുണത്തേ നീ വിചക്ഷണതയോടേ വിനിയോഗിച്ചാ ൽ, അപ്പോ൦ ഞാൻ ഷബാഷ് എന്ന് ഘോഷിക്കും.

ഞാൻ ഇരുട്ടിൽനിന്ന് അവൻേറ മുമ്പിൽചെന്ന്, മു തുകിൽ തട്ടിക്കൊടുത്തു് "എന്താ, സാർ, സുഖം തന്നെയ ല്ലേ?" എന്ന് ചോദിച്ചു. പെട്ടെന്ന് അവൻ സംഭ്രാന്തനും മ്ലാനമുഖനുമായി. ഉടനേ ഞാൻ "ക്ഷമിക്കണം; ഞാൻ ചെ യ്തതു് തെററുതന്നേ, മററൊരാളാണെന്ന് ധരിച്ചാണ് ഞാ ൻ ഇങ്ങിനേ ചെയ്തുപോയതു്" എന്നറിയിച്ചു. തെററ് യാ

തൊന്നും ചെയ്തിട്ടില്ലെന്ന് എനിക്കറിയാം. അവൻ ഞാൻ കരുതിയപോലേയുള്ള പുള്ളിതന്നേയാണ്. എങ്കിലും, അവൻ ഇത്രയും സംഭ്രമിച്ചുപോയതു് അവന്ന് യോഗ്യമായില്ല. അതുകൊണ്ടു്, അവനിൽ എനിക്ക് ഒട്ടൊരു അതൃപ്തിയുണ്ടായി. അവൻ തന്റേ ഇന്ദ്രിയങ്ങളേ കുറേക്കൂടിയും കീഴടക്കിനിൎത്തേണ്ടതായിരുന്നു. അപരാധികൾക്കിടയിൽ മഹാശ്രേഷ്ഠന്മാർ സംജാതരാകുക അസാധാരണമാണ്. തസ്കരന്മാരിൽ മഹാ തസ്കരശ്രേഷ്ഠന്മാരേ സൃഷ്ടിക്കുവാൻ പ്രകൃതിദേവിക്ക് എന്തുകൊണ്ടോ വൈമുഖ്യമാണുള്ളതു.

വീണ്ടും ഞാൻ ഇരുട്ടിൽ മറഞ്ഞു. അവൻ ലജ്ജിതനായി ആ ദീപസ്തംഭം വിട്ട് എങ്ങോട്ടോ നടന്നു. ഞാൻ അവനേ പിന്തുടരാതിരുന്നില്ല. ആ യുവാവ് കാളേജ് ചത്വരത്തിൽ ചെന്ന്, അവിടേയുള്ള കുളത്തിന്റേ കരയിൽ പുൽത്തറമേൽ നീണ്ടു നിവൎന്നു കിടന്നു. പ്രയോഗിക്കേണ്ട ഉപായങ്ങളേപ്പററി ആലോചിക്കുന്നതിന്ന് ഈ സ്ഥലം സുഖകരം തന്നേയാണ്. ആ ദീപസ്തംഭത്തേക്കാൾ വളരേ നല്ലതു തന്നേ ഈ സ്ഥലം. സംശയിക്കുവാൻ അല്പമെങ്കിലും ശീലച്ചിട്ടുള്ളവൻകൂടി, ഈ യുവാവ് ഈ അന്ധകാര പൂൎണ്ണമായ ആകാശത്തിൽ തന്റേ പ്രണയിനിയുടേ മുഖചന്ദ്രനേ പ്രതിഷ്ഠിച്ച് കൃഷ്ണപക്ഷത്തിന്നുള്ള ന്യൂനതയേ അകററുകയാണ് ചെയ്യുന്നതെന്ന വാസ്തവം മിക്കവാറും ഗ്രഹിക്കാതിരിക്കയില്ല. യുവാവ് എന്റേ ഹൃദയത്തേ ക്രമേണ അധികമധികം ആകൎഷിച്ചു തുടങ്ങി.

അവൻേറ പാപ്പിടം ഞാൻ അന്വേഷിച്ചറിഞ്ഞു. പേരു് മന്മഥൻ എന്നാണു്. കാളേജിൽ പഠിച്ചുവരിക യാണിപ്പോഠം. പരീക്ഷയിൽ തോല്ക്കുകയാൽ വസന്ത ത്തുവിലേ അനദ്ധ്യയന കാലത്തു് ഇവിടേ അവൻ ചുററി ത്തിരിഞ്ഞു കഴിയുകയാണു്. അവനോരുമിച്ചു പാൎത്തിരു ന്ന മററു വിദ്യാൎത്ഥികളെല്ലാം അവരവരുടേ വീട്ടിലേക്കു് പോയിരിക്കുന്നു. ദീൎഘമായ ഈ അധ്യയന വിശ്രാമ കാലത്തു് എല്ലാ വിദ്യാൎത്ഥികളും അവരവൎക്കു ചേൎന്ന അറ കഠം ശീഘ്രം ശീഘ്രം ഒഴിച്ചൊഴിച്ചു പോകുമ്പോഠം, അ ങ്ങിനേ ചെയ്യുവാൻ ഈ യുവാവിനേ എന്തൊരു ഗ്രഹ പീഡയാണു് വിട്ടയയ്ക്കാത്തതെന്നു് ശരിക്കറിയേണമെന്നു് ഞാൻ തീൎമാനിച്ചു.

ഞാൻ, ഒരു വിദ്യാൎത്ഥിയേപ്പോലേ വേഷം ധരിച്ചു് അവൻേറ അറയുടേ ഒരു ഭാഗത്തു് പാൎപ്പുറപ്പിച്ചു. ആദ്യം അവൻ എന്നേ കണ്ടപ്പോഴുണ്ടായ നോട്ടം വല്ലാത്തൊരു മട്ടിലായിരുന്നു. അതിൻേറ സാരം എനിക്കു് മനസ്സിലാ യില്ല. ആ നോട്ടത്തിൽ അത്ഭുതവും, എൻേറ വിചാരം അവൻ ഗ്രഹിച്ചിരിക്കുന്നുവെന്ന സൂചനയും കലൎന്നിരുന്നു. വേടനു ചേൎന്ന വേട്ടതന്നേ ഇതു്. ഇവൻേറ രഹസ്യത്തേ നേരിട്ടുചെന്നു് എളുപ്പത്തിൽ പിടികൂടുവാൻ സാധിക്കയി ല്ലെന്നു് ഞാൻ അറിഞ്ഞു.

പരസ്പരം മൈത്രീ ബദ്ധരാകുവാൻ ഞാൻ ശ്രമിച്ച പ്പോഠം അതിന്നിണങ്ങുന്നതിന്നു് അവൻ ഒട്ടും മടിച്ചില്ല. എന്നാൽ, അവൻ എന്നേയും ഉററുനോക്കുന്നതായും എ ൻേറ സ്ഥിതിഗതികഠം അറിയുവാൻ ആഗ്രഹിക്കുന്നതാ

യും എനിക്ക് തോന്നി. മനുഷ്യരുടേ നടപടികളേ എപ്പോഴും മുൻകരുതലോടും വകതിരിവോടുംകൂടി സശ്രദ്ധം ഉററുനോക്കി വരുന്നതുതന്നേ കുശലനായ പുരുഷൻേറ ലക്ഷണം. ഇത്രയും ചെറുപ്പത്തിൽ ഇത്രയും നയോപായജ്ഞത അവനുണ്ടായിരിക്കുന്നതുകണ്ടു് ഞാൻ അത്യധികം ആനന്ദിച്ചു.

ഇടയ്ക്കു് ഒരു കാമിനീമണിയേ കൊണ്ടുവന്നു് വിട്ടാലല്ലാതേ, അസാമാന്യനും തീക്ഷ്ണബുദ്ധിയുമായ ഈ യുവാവിൻേറ മനസ്സിന്നുള്ളിൽ കരുതിവെച്ചിട്ടുള്ള ഗൂഢപദാൎത്ഥങ്ങളേ കണ്ടുപിടിക്കുക സുകരമാകയില്ലെന്നു് എനിക്കു് അഭിപ്രായമുണ്ടായി.

ഒരുനാൾ ഞാൻ അവനോടു്, നാണം കുണുങ്ങിയമട്ടിൽ, „ചേട്ടാ, ഞാൻ ഒരു യുവതിയേ കാമിച്ചുവരുന്നുണ്ടു്; എന്നാൽ, അവൾക്കു് എന്നിൽ അത്ര പ്രിയമില്ല" എന്നൊരു കള്ളക്കഥ തട്ടിവിട്ടു.

ആദ്യമാദ്യം അവൻ തെല്ലു് അത്ഭുതത്തോടുകൂടിയാണു് എന്നേ നോക്കിയതു്. പിന്നീടു് മന്ദഹസിച്ചുകൊണ്ടു് അവൻ പറഞ്ഞു:—„ഇത്തരം ക്ലേശങ്ങൾ നേരിടുന്നതു് അസാധാരണമല്ല. ഈ വക വിനോദങ്ങൾക്കായിത്തന്നേയാണു് ക്രീഡാലാലസനായ ബ്രഹ്മദേവൻ ആണെന്നും പെണ്ണെന്നുമുള്ള ഭേദം ഉണ്ടാക്കിവെച്ചിരിക്കുന്നതു്."

„ഇതിൽ താങ്കളുടേ ആലോചനയും, താങ്കളുടേ സഹായവും എനിക്കു് വേണ്ടിയിരിക്കുന്നു." എന്നു ഞാൻ അപേക്ഷിച്ചപ്പോൾ, അവൻ അതു് സമ്മതിച്ചു.

ഞാൻ പുതിയ പുതിയ കഥകളുണ്ടാക്കി അവനേ കേൾപ്പിച്ചുവന്നു. അവൻ ഉത്സാഹത്തോടും ഉത്സുകതയോടുംകൂടി ആ കഥകളെല്ലാം കേട്ടുകൊണ്ടിരുന്നു. എങ്കിലും, അവൻ അധികമായൊന്നും എന്നോട് സംസാരിക്കയുണ്ടായില്ല. കാമിനീകാമുകന്മാർ— പ്രത്യേകിച്ച് സദാചാരപരരായ കാമിനീകാമുകന്മാർ അവരേ സംബന്ധിച്ച ഗൂഢവൃത്താന്തങ്ങൾ അവക്ക് വെളിപ്പെടുത്താമെങ്കിൽ ഏതു മനുഷ്യൻേറയും സൌഹാൎദ്ദത്തേ സുകരമായി നേടാവുന്നതാണ്. എന്നാൽ ഇപ്പോഴത്തേ എൻേറ ഇടപാടിൽ അപ്രകാരം സംഭവിക്കുമെന്നുള്ളതിലേക്ക് പൂൎവ്വലക്ഷണമൊന്നും കണ്ടിട്ടില്ല. ഞാൻ പറയുന്നതു മുഴുവൻ അങ്ങിനേതന്നേ ഗ്രഹിച്ച് തൻേറ മനസ്സിൽ അടുക്കിയടുക്കിവെക്കയും, എന്നാൽ സ്വന്തം രഹസ്യങ്ങൾ യാതൊന്നും വെളിക്കുവിടാതിരിക്കയും ചെയ്യുന്ന ആ യുവാവിൽ എനിക്ക് അപരിമിതമായ ഭക്തിയുണ്ടായി.

മറെറാരിടത്ത് മന്മഥൻ വാതിലടച്ചിരുന്നുകൊണ്ട് എന്താണ് ചെയ്യുന്നതെന്നും അവൻേറ ഉപജാപങ്ങൾ എത്രത്തോളം പരിപക്വമായിയെന്നും അറിയുവാൻ എനിക്ക് കഴിഞ്ഞില്ല. അവ പരിപക്വമായി വരിക തന്നേയാണ് ചെയ്യുന്നതെന്നതിൽ എനിക്ക് സംശയമേയുണ്ടായില്ല.

ഏതോ ഒരു അഗാധകൎമ്മത്തിലാണ് അവൻ ഇറങ്ങിയിരിക്കുന്നതെന്നും, ഫലസ്ഥാനത്തിൽ എത്താറായിരിക്കുന്നുവെന്നും അവൻേറ മുഖംതന്നേ വിളിച്ചുപറയുന്നുണ്ട്. ഞാൻ, ആരുമറിയാതേ കള്ളത്താക്കോലുകൊണ്ട് അ

വൻേറ മേശ തുറന്നുനോക്കി. അതിൽ നിന്നു്, ദുർഗ്രഹങ്ങളായ പദ്യങ്ങളടങ്ങിയ ഒരു കൈയെഴുത്തു പുസ്തകവും കാളേജിലേ പ്രസംഗക്കുറിപ്പുകളും വീട്ടിൽനിന്നു വന്നിട്ടുള്ള ചില കത്തുകളുമല്ലാതേ പ്രയോജനാൎഹമായ യാതൊന്നും തന്നേ എനിക്കു് കിട്ടിയില്ല. ആ കത്തുകളിൽ നിന്നു് ഒരു കാൎയ്യം മാത്രം തെളിഞ്ഞു. വീട്ടിലേക്കു് വരുന്നതിന്നു് അവൻേറ പിതൃജനം അവനേ പല പ്രാവശ്യം നിൎബ്ബന്ധിച്ചിരിക്കുന്നു എന്നതാണതു്. എന്നിട്ടും, അവൻ വീട്ടിലേക്കു് പോകാതിരിക്കുന്നതിന്നു് തക്കതായ കാരണമുണ്ടായിരിക്കണം. ആ കാരണം പരിശുദ്ധമാണെന്നിരിക്കിൽ, അതു് ഈ കത്തെടപാടിൽ വെളിപ്പെട്ടിരിക്കേണ്ടതായിരുന്നു. അങ്ങിനേയുണ്ടായിട്ടില്ലായ്കയാൽ ആ ഗൂഢകാരണത്തിൽ കുറേ വിഷമുണ്ടെന്നതു് നിശ്ചയം. അതുകൊണ്ടു്, ആ യുവാവിൻേറ നടപടികളും പൂൎവ്വോത്തരകൎമ്മങ്ങളും അറിയേണമെന്ന ഉൽകണ്ഠ എന്നിൽ വൎദ്ധിച്ചു. ഉപജാപക സംഘത്തിൽ ചേൎന്നവർ അഗാധ നിലയത്തിൽ പൂൎണ്ണമായി മറഞ്ഞൊളിഞ്ഞു്, ആ പാതാളത്തിലിരുന്നുകൊണ്ടു് മനുഷ്യവൎഗ്ഗത്തേ കുല്യക്കി വിറപ്പിച്ചുവരുന്നു. എങ്ങും വ്യാപിച്ചിട്ടുള്ള ഈ മഹാമാരക സംഘത്തിൽ ഇവനും ഒരുവനാണു്. ഇവൻ സാമാന്യനായ ഒരു വിദ്യാൎത്ഥിയല്ലാ. ഭൂദേവിയുടേ വക്ഷസ്സിൽക്കയറി നൎത്തനം ചെയ്യുന്ന സൎവ്വസംഹാരിണിയുടേ ഘോരസഹചരൻ കണ്ണടയണിഞ്ഞ, നിഷ്കപടനായ ഇന്നത്തേ ബങ്കാളി വിദ്യാൎത്ഥിയേപ്പോലേ വേഷം ധരിച്ചു് ഇവിടേ പാൎത്തു് പഠിച്ചുവരുന്നുവെന്നു് നടിക്കയാണു്—അവനാണിവൻ.

. . . . . .

കപാലധരന്മാരായ കാപാലികാ ഇവനേക്കാം ഭയങ്കരന്മാരാണെന്ന് ഞാൻ വിചാരിക്കുന്നില്ല. ഭേഷ്! ഇവനിൽ എനിക്ക് പരമഭക്തിയുണ്ടായിക്കഴിഞ്ഞു!

ഒടുവിൽ, സജീവയായ ഒരു കാമിനിയേത്തന്നേ രംഗത്തിൽ പ്രവേശിപ്പിച്ചു. പോലീസ്വകുപ്പിൽനിന്നു് ശമ്പളം പററിവരുന്ന ഹരിമതി എന്നേ സഹായിക്കുവാൻ നിയുക്തയായി. "ഈ ഹരിമതിയേ കാമിച്ചുതന്നേയാണ് ഭാഗ്യഹീനനായ ഞാൻ തപിച്ചുകൊണ്ടിരിക്കുന്ന"തെന്നും, "ഇവളേ ഉദ്ദേശിച്ചുതന്നേയാണ് കുളത്തിൻകരയിൽ താങ്കളുടേ സമീപത്തിരുന്ന് പലപ്പോഴും കാമഗാനങ്ങാം പാടിക്കൊണ്ടിരുന്ന"തെന്നും ഞാൻ മന്മഥനോടു് പറഞ്ഞു. ഹരിമതിയാവട്ടേ, ചിലപ്പോാം ഗൂഢഭാവങ്ങളാലും, ചിലപ്പോാം നമ്മാലാപങ്ങളാലും തൻേറ ഹൃദയം മന്മഥനിൽ സമപ്പിച്ചിരിക്കുന്നുവെന്ന് അറിയിച്ചുവന്നു. എന്നാൽ, പ്രതീക്ഷിച്ച ഫലമൊന്നും ഉണ്ടായില്ല. മന്മഥൻ ഒട്ടും മനസ്സിളകാതേ, ഇതിലൊന്നിലും ഉാംപ്പെടാതേ, അകന്നിരുന്നുകൊണ്ടു് ഞങ്ങളുടേ നടപടികളേ ഒരു വക തമാശയായി നോക്കിവരികയാണ് ചെയ്തതു്.

ഇങ്ങിനേയിരിക്കുമ്പോാം, ഒരു നാാം ഉച്ചയ്ക്കു് അവൻേറ അറയിൽ ഒരു കത്തിൻേറ കീറുകാം നിലത്തുചിതറിക്കിടക്കുന്നതുകണ്ടു് ഉൽകണ്ഠയോടേ ഞാൻ പെറുക്കിയെടുത്തു. അതെല്ലാം കൂട്ടിച്ചേത്തുവെച്ചു് നോക്കിയപ്പോാം "ഇന്നു വൈകുന്നേരം ഏഴുമണിക്ക് ഗൂഢമായി നിങ്ങളുടേ വീട്ടിൽ......" എന്നിത്രമാത്രം കഷ്ടിപിഷ്ടിയായി വാ

യിക്കുവാൻ കഴിഞ്ഞു. വളരേയെല്ലാം ശ്രമിച്ചിട്ടും മററൊരു വാക്കും കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല.

എൻേറ മനസ്സ് സന്തോഷത്താൽ തിരതല്ലി. കുററിയററുപോയ ഒരു പുരാതന മൃഗകുലത്തിൽപ്പെട്ട ഒന്നിൻേറ എല്ലിൻതുണ്ടു മണ്ണിന്നടിയിൽനിന്ന് കിട്ടിയാൽ പ്രാക്കാലീന വിഷയാന്വേഷകന്മാരുടേ കല്പനാശക്തി മഹത്തായ ഹർഷത്തോടുകൂടി ഉദിച്ചുയരുന്നതുപോലേയായി എൻേറ സ്ഥിതി.

ഇന്നു രാത്രി പത്തുമണിക്ക് ഹരിമതി ഈ വീട്ടിൽ മന്മഥനേ കാണുവാൻ വരുന്നുണ്ടെന്ന് എനിക്കറിയാം. അതിനുമുമ്പ്, ഏഴുമണിക്കുതന്നേ ഇവൻ മററൊരു വ്യാപാരത്തിൽ എന്തിന്നാണ് കൈകടത്തുന്നത്! ഇവന്ന് എത്രത്തോളം സാഹസമുണ്ടോ അത്രയും ബുദ്ധിതീക്ഷ്ണതയുമുണ്ടു. ഗൂഢമായി ഒരു ദുഷ്കൃത്യം ചെയ്യേണമെന്നുണ്ടെങ്കിൽ, വീട്ടിൽ കോലാഹലത്തോടുകൂടി നടക്കുന്ന ഒരു വിശേഷദിവസമാണ് അതിന്ന് യോജിച്ചതു്. അന്ന് സർവ്വരുടേയും ശ്രദ്ധ ആ വിശേഷസംഭവത്തിലാണല്ലോ പതിഞ്ഞിരിക്കുക. വിശേഷസംഭവം നടക്കുന്നിടത്തു്, ആ കൂട്ടത്തിൽത്തന്നേ ഒരാൾ മുൻകരുതലോടുകൂടി ഒരു ഗൂഢകൃത്യത്തിൽ ഏർപ്പെട്ടുമെന്ന് ആരാനും പ്രതീക്ഷിക്കുമോ?

എന്നോടുണ്ടായിരിക്കുന്ന പുതിയ സ്നേഹത്തേയും, ഹരിമതിയോടു് തനിക്കുള്ളതായി ഭാവിക്കുന്ന പ്രിയത്തേയും ഉപകരണങ്ങളാക്കിക്കൊണ്ടു മന്മഥൻ തൻേറ കാര്യം സാധിപ്പിച്ചുവരികയാണോ എന്നൊരു ശങ്ക പെട്ടെന്ന് എന്നിലുണ്ടായി. ഇതിന്നാണ് അവൻ ഞങ്ങളേ അധി

കമായി അട്ടപ്പിക്കാതേയും, എന്നാൽ, അധികമായി അകററാതേയും വൎത്തിച്ചുവരുന്നതെന്ന് ഞാൻ ഊഹിച്ചു. അവൻേറ ഗ്രദ്ധകമ്മം വെളിപ്പെടാതിരിക്കേണ്ടതിലേക്ക് അവൻ ഞങ്ങളേ തിരശ്ശീലയെന്നപോലേ ഉപയോഗിച്ചിരിക്കുന്നു. ഞങ്ങൾക്കുവേണ്ടിയാണ് അവൻ ഇവിടേ പാക്കുന്നതെന്ന് ചുററുമുള്ളവർ ധരിച്ചിട്ടുണ്ടു; ആ ധാരണ തെററാണെന്നാക്കുവാൻ അവൻ ശ്രമിച്ചിട്ടേയില്ല.

അവനേ സംശയിക്കുന്നതിലേക്ക് കിട്ടിയ കാരണങ്ങൾ മുഴുവൻ ഇവിടേ ഞാൻ ചുരുക്കിപ്പറയാം. ഉൾനാട്ടിലേ ഒരു വിദ്യാൎത്ഥി അനദ്ധ്യയനകാലത്ത് തൻേറ പിതൃജനം നിബ്ബന്ധിച്ചിട്ടും വീട്ടിലേക്ക് പോകാതേ, ആരുമില്ലാത്ത വീട്ടിൽ ഏകനായി പാക്കുമ്പോൾ, അതിൽ എന്തോ വിശേഷമുണ്ടെന്ന് ആക്കും ഊഹിക്കാവുന്നതുതന്നേയല്ലയോ! അങ്ങിനെയിരിക്കുമ്പോഴാണ് ഞാൻ അവൻേറ വീട്ടിൽചെന്ന് താമസിച്ച് ഏകാന്തതയേ അകററിയത്. അതോടുകൂടി, ഒരു വിലാസിനിയേ കൂട്ടിക്കൊണ്ടുവന്ന് അവനേ ഉപദ്രവിപ്പിച്ചുതുടങ്ങി. എന്നിട്ടും, അവന്ന് അപ്രിയമുണ്ടാകുകയാവട്ടേ, അവൻ ആ പാൎപ്പിടം വിടുകയാവട്ടേ, ഞങ്ങളിൽനിന്നകലുകയാവട്ടേ ചെയ്തിട്ടില്ല. എന്നാൽ, എന്നിലോ ഹരിമതിയിലോ അവന്ന് ഒട്ടും പ്രിയമില്ലെന്നുള്ളത് സത്യമാണ്. എന്നുതന്നേയല്ലാ, ഞങ്ങളേപ്പററി ഒരു വക നിന്ദ അവനിൽ പടിപടിയായി വളരുന്നുണ്ടെന്നുകൂടിയും, അവൻ കരുതലില്ലാതേയിരിക്കുന്ന സമയങ്ങളിൽ, അവൻേറ മുഖത്ത് ഉററുനോക്കി ഞാൻ മനസ്സിലാക്കീട്ടുണ്ടു.

പരസ്യമായി കൂട്ടുകാരോടുകൂടി വാഴുകയാണെന്ന് മ
റവുള്ളവരേ ധരിപ്പിച്ചുകൊണ്ടു്, ഗൂഢമായി ഏകാന്തജീ
വിതം നയിക്കുവാൻ, എന്നേപ്പോലേയുള്ള ഒരു പുതിയ
പരിചിതനേ നേടി അരികേ ഇരുത്തുന്നതാണ് മററെല്ലാ
ഉപായങ്ങളേയുംകാൾ ശ്രേഷ്ഠമെന്ന് അവൻ കരുതിയി
രിക്കുന്നു. താൻ ഒരു സുന്ദരിയുമായി അനുരാഗബദ്ധനാ
ണെന്ന് മററുള്ളവക്ക് തോന്നിപ്പിക്കുന്നതു് അവൻേറ ഗൂ
ഢകമ്മം അന്യരുടേ ശ്രദ്ധയ്ക്കു് വിഷയമാകാതിരിക്കുവാ
ൻ നല്ലൊരുപായമാണല്ലോ. ഇതിൻമുമ്പ് മന്മഥൻേറ ന
ടപടികൾ അസാധാരണവും സംശയഹേതുകവുമായിരു
ന്നു. ഞങ്ങൾ വന്നതോടുകൂടി ആ നില മാറിപ്പോയി. ഇത്ര
യധികം കാൎയ്യങ്ങൾ നേടുന്നതിലേക്കുള്ള ഉപായം ക്ഷ
ണംകൊണ്ടു് കണ്ടുപിടിക്കുവാൻ തക്ക ബുദ്ധിപ്രഭാവ
ത്തോടുകൂടിയ ഒരു മഹാപുരുഷൻ നമ്മുടേ നാട്ടിൽ ജനി
ച്ചിരിക്കുന്നുവല്ലോ എന്നവിചാരത്താൽ എൻേറ മനസ്സ്
ഹൎഷപൂൎണ്ണമായി. മന്മഥന്ന് അപ്രിയമാകയില്ലെങ്കിൽ,
ഞാൻ അവനേ രണ്ടു കൈകൊണ്ടും വാരിയെടുത്തു് മാ
റോടണയ്ക്കും.

ഞാൻ മന്മഥനേ കണ്ട ഉടനേ "ഇന്നുരാത്രി ഏഴുമ
ണിക്ക് ഹോട്ടലിലേക്ക് വരുവാൻ ഞാൻ താങ്കളേ ക്ഷ
ണിക്കുന്നു. അവിടേ ഊണിന്ന് ഞാൻ പ്രത്യേകം ഏപ്പാ
ടു് ചെയ്തിട്ടുണ്ടു്" എന്നറിയിച്ചു. ഇതുകേട്ട ഉടനേ അവ
ന്ന് ഒട്ടൊരു സംഭ്രമമുണ്ടായതു് ആ നിമിഷംതന്നേ അ
വൻ അടക്കിക്കളഞ്ഞു. "ചേട്ട, ഇന്ന് എനിക്ക് വയററി
ന്ന് ഒട്ടും സുഖമില്ല" എന്നാണ് അവൻേറ മറുപടി. ഹോ

ട്ടലിലേ ഊണ് മന്മഥന്ന് ഒരിക്കലും രുചിക്കാതിരുന്നിട്ടി ല്ല. ഇന്ന് അവന്റെ മനസ്സ്, നിശ്ചയമായും, ഏതോ ഭ്രോ രാവസ്ഥയിൽ കുടുങ്ങിയിരിക്കണം.

അന്ന് വൈകുന്നേരം ഞാൻ അവിടേത്തന്നേ താമ സിക്കുമെന്നതിനേപ്പററി അവനോട്ട് ഒരു വാക്കുപോലും പറയുകയുണ്ടായില്ല. ഞാൻ അവന്റെ മുമ്പിൽ ചെന്നിരു ന്ന് പലപല വൎത്തമാനങ്ങൾ ഒന്നിന്നൊന്ന് തുടൎന്നുകൊ ണ്ട് നീട്ടി നീട്ടി പറഞ്ഞുതുടങ്ങി. നേരം ഇരുട്ടായിട്ടും ഞാൻ എഴുന്നേററു പോയില്ല. മന്മഥന്റെ മനസ്സിൽ സം ഭ്രമം വളൎന്നു. ഞാൻ പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങളേ അവൻ അങ്ങിനേതന്നേ ശരിവെച്ചുതുടങ്ങി. എതിർവാദം ഒന്നുംതന്നേ അവൻ പുറപ്പെടുവിക്കാതായി. അങ്ങിനേ യെങ്കിലും എന്റെ സംഭാഷണം വേഗം അവസാനിക്കട്ടേ എന്നാണ് അവന്റെ ഉദ്ദേശം. അത് ഫലിക്കുവാൻ ഇട കൊടുക്കാത്തതു കണ്ടപ്പോൾ, അവൻ വാച്ചെടുത്തുനോ ക്കി, സമയമായിരിക്കുന്നതറിഞ്ഞ് മനസ്സു കലങ്ങി എഴു ന്നേററുനിന്ന് "ഇന്ന് താങ്കൾ ഹരിമതിയേ കൂട്ടിക്കൊണ്ടു വരുവാൻ പോകുന്നില്ലയോ?" എന്നുചോദിച്ചു. ഞാൻ ഒട്ടൊന്ന് സംഭ്രമിച്ചതുപോലേ ഭാവിച്ച് "അതേ'തേ, അ ക്കാൎയ്യം ഞാൻ മറന്നുപോയി. ചേട്ട, താങ്കൾ ഊൺ കഴി ച്ച് തയ്യാറായിരിക്കുക. ഞാൻ ശരിക്ക് പത്തരമണിക്ക് അവളേ ഇവിടേ കൂട്ടിക്കൊണ്ടുവരാം" എന്ന് പറഞ്ഞ് അവിടേനിന്ന് ഇറങ്ങി നടന്നു.

ഹൎഷകല്ലോലങ്ങൾ എന്റെ ശരീരം മുഴുവൻ രക്ത ത്തോടിടകലൎന്ന് കൂത്താടിത്തുടങ്ങി. വൈകുന്നേരം എഴു

മുന്നിക്ക് മന്മഥനിൽ എത്രവളരേ ഉത്സാഹം കണ്ടുവോ, അതിൽ ഒട്ടും കുറഞ്ഞതല്ലാ ഇപ്പോൾ എനിക്കുള്ള ഉത്സാഹം. ഞാൻ ഞങ്ങളുടേ പാപ്പിടത്തിൽ നിന്ന് അല്പം ദൂരേ മാറി, കാമിനിയുടേ വരവ് ഉൽകണ്ഠയോടേ പ്രതീക്ഷിച്ചുകൊണ്ടു നില്ക്കുന്ന കാമുകനേപ്പോലേ, ഇടയ്ക്കിടേ വാച്ചുനോക്കിക്കൊണ്ട് മറഞ്ഞുനിന്നു. ഇരുട്ട് വളർന്നുകൊണ്ടിരുന്നു. പാതകളിൽ വിളക്കുകൾ കത്തിച്ചുതുടങ്ങി. അപ്പോൾ ഒരു മൂടുപല്ലക്ക് ഞങ്ങളുടേ പാപ്പിടത്തിലേക്ക് കടന്നു. അശ്രുനിമഗ്നയായി, മൂടുപുടവയോടുകൂടിയ ഒരു ദുർഭാഗ്യവതി, ദുഃഖം തന്നേ മൂർത്തിമത്തായ നിലയിൽ, പല്ലക്കെടുക്കുന്നവരുടേ "ഹം, ഹൈ, ഹം, ഹൈ" എന്നീ ശബ്ദത്തോടുകൂടി കാളേജ് വിദ്യാർത്ഥിയുടേ പാപ്പിടത്തിൽ സുപരിചിതവും സുകരവുമായി പ്രവേശിച്ചിരിക്കുന്നുവെന്ന് ഞാൻ സങ്കല്പദൃഷ്ട്യാ കണ്ടപ്പോൾ, ദേഹം മുഴുവൻ കോൾമയിർക്കൊണ്ടു.

ഇനി എനിക്ക് അധികം താമസിക്കുവാൻ വയ്യെന്നായി. ഞാൻ പതുക്കേ പടികടന്നുചെന്ന് രണ്ടാം നിലയിലേക്ക് കയറി. മറഞ്ഞിരുന്നു തന്നേ എല്ലാം കണ്ടറിയേണമെന്നാണ് കരുതിയത്. എന്നാൽ, അതിന്ന് കഴിഞ്ഞില്ല. പടിവാതിലിന്ന് എതിരേയുള്ള അറയിൽ പടിവാതിൽക്കൽ നോക്കിക്കൊണ്ടാണ് മന്മഥൻ ഇരുന്നിരുന്നത്. അല്പം അകലേ മുഖം തിരിച്ചിരുന്നുകൊണ്ട്, മൂടുപുടവയോടുകൂടിയ ഒരു സ്ത്രീ നേർത്തസ്വരത്തിൽ എന്തോ സംസാരിക്കുന്നു. മന്മഥൻ എന്നേ കണ്ടുവെന്ന് ഞാൻ അറിഞ്ഞുഉടനെ, നേരേ, അറയിൽത്തന്നേ കടന്നുചെന്ന്,

"ചേട്ടാ, ഞാൻ എൻേറ വാച്ച് ഇവിടേ മറന്നു വെച്ചു പോയതുകൊണ്ടു്, അതെടുക്കാനാണ് മടങ്ങിവന്നതു്" എന്നു് അവൻ ചോദിക്കാതേ തന്നേ വലിഞ്ഞുകയറിപ്പറഞ്ഞു. മന്മഥൻ വിവണ്ണനും സംത്രസ്തനമായിത്തീൎന്നു. അവൻ ഇരുന്നിടത്തുനിന്ന് താഴേ വീണേക്കുമോ എന്ന്തോന്നി. കാൎയ്യം അറിയേണമെന്ന ഉൽകണ്ഠയാൽ, പ്രേരിതനായ ഞാൻ, "ചേട്ടാ, താങ്കാംക്ക് ദേഹത്തിന്ന് സുഖമില്ലയോ?" എന്ന് ചോദിച്ചു. മറുപടിയൊന്നും പുറപ്പെട്ടില്ല. അപ്പോാം, ശിലാവിഗ്രഹംപോലേ നിശ്ചലയായി മുഖാവരണത്തോടുകൂടിയിരിക്കുന്ന ആസ്ത്രീയുടേ മുമ്പിൽചെന്ന് "അമ്മേ, നിങ്ങാം മന്മഥൻേറ ആരാണ്?" എന്നു ചോദിച്ചു. അവളിൽനിന്നും മറുപടിയൊന്നും പുറപ്പെട്ടില്ല. എന്നാൽ—അവാം മന്മഥൻേറ ആരുമല്ലെന്നും എൻേറ ഭാൎയ്യയാണെന്നും ഞാൻ കണ്ടു! അതിൽപ്പിന്നേ നടന്നതെല്ലാം സൎവ്വൎക്കും അറിയാവുന്നതു തന്നേ.

ഞാൻ അപസൎപ്പകനായതിൽപ്പിന്നേ ആദ്യമായി ഇങ്ങിനേയാണ് കള്ളനേ പിടിച്ചതു്"

ഈ കഥകേട്ട് കുറച്ചു നേരത്തേക്ക് ഞാൻ ഒന്നും മിണ്ടിയില്ല. പിന്നീട് ആ അപസൎപ്പകനായ മഹിമചന്ദ്രനോടു് ഞാൻ ഇങ്ങിനേ ചോദിച്ചു:—"മന്മഥനും താങ്കളുടേ ഭാൎയ്യയും തമ്മിലുള്ള ബന്ധം ധൎമ്മവിരോധമായിട്ടുള്ളതാണോ?"

"അല്ലാത്തതു തന്നേയാവാം. എൻേറ ഭാൎയ്യയുടേ പെട്ടിയിൽ നിന്ന് ഞാൻ കണ്ടെടുത്ത ഒരെഴുത്താണിതു്—" എന്ന് പറഞ്ഞു് മഹിമചന്ദ്രൻ ആ കത്തു് എൻേറ വശം തന്നു. അതാണ് താഴേ കാണുന്നതു്.

ശ്രീ.

„ഭാഗ്യഹീനനായ ഈ മന്മഥനേ, അഥവാ, നീ ഇപ്പോൾ മറന്നിരിക്കാം. ബാല്യത്തിൽ, കാജിബാസിഗ്രാമത്തിൽ ഞാൻ എന്റേ അമ്മാവന്റേ വീട്ടിൽ വന്ന് പാൎത്തിരുന്നപ്പോൾ, നിന്റേ വീട്ടിൽ വന്ന് നിന്നോടൊന്നിച്ച കളിച്ചുകൊണ്ട് എത്രയെത്രയോ ദിവസങ്ങൾ സസന്തോഷം കഴിച്ചിട്ടുണ്ട്. അന്നത്തേ നമ്മുടേ കളിക്കോപ്പുകളും കളിസ്നേഹവും ഇന്ന് ഉടഞ്ഞുപോയിരിക്കുന്നു. ഇതു് നിനക്ക് ഓൎമ്മയുണ്ടോ ഇല്ലയോ എന്ന് എനിക്കറിഞ്ഞുകൂടാ. ഒരിക്കൽ ഞാൻ വിനയത്തേയും ലജ്ജയേയും വിട്ട് നിന്നേ പരിഗ്രഹിക്കുവാൻ ശ്രമിച്ചു. എന്നാൽ നാമിരുവരും ഒരേ പ്രായത്തിലുള്ളവരാണെന്നു പറഞ്ഞു് എന്റേ ശ്രമത്തേ തീരേ തടയുകയാണ്, നമ്മുടേ ഗുരുജനം ചെയ്തതു്.

„അതിൽപ്പിന്നേ, നിനക്ക് വിവാഹം കഴികയും, നാലഞ്ചുകൊല്ലത്തേക്ക് നിന്നേപ്പററി എനിക്ക് യാതൊരു വൎത്തമാനവും കിട്ടാതാകയും ചെയ്തു. നിന്റേ ഭൎത്താവ് ബങ്കാൾ പോലീസ് വകുപ്പിൽ ചേരുകയും, കൽക്കട്ടയിലേക്ക് നിയുക്തനാകയും ചെയ്തിരിക്കുന്നുവെന്ന് ഞാൻ അറിഞ്ഞു് നിന്റേ പാൎപ്പിടം കണ്ടുപിടിച്ചിട്ട് ഇപ്പോഴേക്ക് നാലഞ്ചു മാസമായി.

„നിന്നേനേരിൽക്കണ്ടു് സംസാരിക്കേണമെന്ന ആഗ്രഹം എനിക്കില്ല. നിന്റേ ദാമ്പത്യജീവിത സുഖത്തിൽ ഇടമുറിച്ചുകയറി നിന്നേ ഉപദ്രവിക്കേണമെന്ന ദുൎവിചാരവും എനിക്കില്ല. അതിന്ന് ദൈവം തന്നേ സാക്ഷി

സായാഹ്ന കാലങ്ങളിൽ നിങ്ങളുടേ വീട്ടിന്നരികേ ദീപ സ്തംഭത്തിൻ കീഴിൽ സൂൎയ്യോപാസകനേപ്പോലേ ഞാൻ നിന്നു കഴിയുന്നു. നീ മുടക്കം കൂടാതേ, ദിവസംതോറും ശരിക്ക് ഏഴരമണിക്ക് ഒരു മണ്ണെണ്ണവിളക്കു കൊണ്ടുവന്ന്, രണ്ടാം നിലയിൽ തെക്കു ഭാഗത്തുള്ള അറയിലേ ജന്നലിൽ വെക്കാറുണ്ടല്ലോ. ആ സമയത്ത് ഒരേ ക്ഷണത്തേക്കു മാത്രം നിൻേറ രൂപം ആ ദീപ പ്രകാശത്തിൽ ഞാൻ കാണും. നിന്നേ സംബന്ധിച്ച് ഞാൻ അപരാധിയായിരിക്കുന്നതു് ഈ ഒരേ കാൎയ്യത്തിൽ മാത്രമാണ്.

„ഇതിന്നിടയ്ക്ക് എന്തോസന്ദൎഭത്താൽ,നിൻേറ ഭൎത്താവിനോട്ട് സംസാരിക്കുന്നതിന്നും ആയാളുമായി സ്നേഹം കൊള്ളുന്നതിന്നും ഇടയായി. ആയാളുടേ നടപടികൾ ഞാൻ നേരിൽ കണ്ടതിൽനിന്ന് നിൻേറ ജീവിതം ഒട്ടും സുഖകരമല്ലെന്ന് പൂൎണ്ണമായി ഗ്രഹിച്ചു. ലൌകികരീത്യാ, നിന്നോട്ട് എനിക്ക് യാതൊരു ബന്ധവുമില്ലെങ്കിലും, ഏതൊരു വിധാതാവ് നിൻേറ ദുഃഖത്തേ എൻേറതായും ചമച്ചിരിക്കുന്നുവോ, ആ വിധിതന്നേ, ആ ദുഃഖത്തേ പരിഹരിക്കേണ്ട ഭാരം എന്നിൽ ചുമത്തീട്ടുമുണ്ട്.

„അതുകൊണ്ട്,എൻേറസാഹസത്തേ നീ ക്ഷമിച്ച്, വെള്ളിയാഴ്ച വൈകുന്നേരം ശരിക്ക് ഏഴുമണിക്ക്, ഗൂഢമായി, ഒരു പല്ലക്കിൽ കയറിവന്ന് ഇരുപതു നിമിഷനേരത്തേക്ക് എൻേറ പാൎപ്പിടത്തിൽ താമസിക്കാമെങ്കിൽ, ഞാൻ നിൻേറ ഭൎത്താവിനേ സംബന്ധിച്ച ചില രഹസ്യങ്ങൾ നിന്നേ അറിയിക്കാം. എൻേറ വാക്കിൽ നിനക്ക് വിശ്വാസമില്ലാതേ, ഞാൻ പറയുന്നത്, അനുഭവത്തിൽ

കാണുകതന്നേ വേണമെന്ന് നീ വിചാരിക്കുന്നുച്ചെങ്കിൽ, തക്കതായ പല സാക്ഷ്യങ്ങളും നിൻേറ മുമ്പിൽ വെച്ചു തരുവാൻ ഞാൻ തയ്യാറാണ്. ഇക്കാൎയ്യത്തിൽ, മേലിൽ ചെയ്യേണ്ടതിനേപ്പററിയുള്ള ചില ഉപദേശങ്ങളും ഞാൻ നിനക്ക് തരാം. ദൈവത്തേ മുൻനിൎത്തികൊണ്ടു്, നിന്നേ സംബന്ധിച്ചേടത്തോളം ഞാൻ വിചാരിക്കുന്ന ഒന്നേ ഉന്ന്, എൻേറ ഉപദേശപ്രകാരം നീ പ്രവൎത്തിക്കയാണെങ്കിൽ, തീൎച്ചയായും സുഖജീവിതത്തേ പ്രാപിക്കുമെന്നതാണ്.

"എൻേറ ഹൃദയം നിശ്ശേഷം സന്തോഷരഹിതമല്ല. ഒരു ക്ഷണത്തേക്കെങ്കിലും നിന്നേ നേരിൽ കാണുന്നതിന്നും, നിൻേറ സംഭാഷണം കേൾക്കുന്നതിന്നും, നിൻേറ പാദസ്പൎശത്താൽ എൻേറ പാൎപ്പിടം ബഹുകാലത്തേക്ക് ആനന്ദത്തിൽ മുഴുകുമാറാക്കുന്നതിന്നും ഞാൻ ആശിക്കുന്നുണ്ടു്. എന്നേ വിശ്വസിക്കാതേ, ഈ സുഖംപോലും എനിക്ക് നൽകാതേ, നീ എന്നേയും എൻേറ ഉപദേശത്തേയും തള്ളി വിടുകയാണെങ്കിൽ, അതു് എന്നേ അറിയിക്കുക. ഒരു കത്തെഴുതുവാൻപോലും നിനക്ക് ഇഷ്ടമില്ലെങ്കിൽ, എൻേറ ഈ എഴുത്തു് നിൻേറ ഭൎത്താവിനേ കാണിച്ചേക്കുക. എനിക്ക് പറയുവാനുള്ളതു് എല്ലാം ആയാളോടുതന്നേ പറഞ്ഞുകൊള്ളാം.

എന്നു ശുഭകാംക്ഷി

മന്മഥനാഥ ശ്രീമജ്ജുംദാർ.

# പാശ്ചാത്താപം.

ആനുപൂൎവ്വ്യമായി പാൎത്തുവന്നിരുന്ന വീട്ട് ഞാൻ വിട്ടുപോകേണ്ടിവന്നു. അതിന്നുണ്ടായ കാരണത്തെപ്പററി ഞാൻ ഇവിടേ സമഗ്രമായി പ്രസ്താവിക്കുന്നില്ല; ചില കുറിപ്പുകൾ മാത്രം കൊടുക്കാം.

ഞാൻ ഒരു ഡാക്ടരാണ്. പോലീസ് സ്റ്റേഷന്ന് അഭിമുഖമായിട്ടാണ് എന്റെ വീട്. യമനോടെന്നപോലേ പോലിസുദ്യോഗസ്ഥനോടും എനിക്ക് കൂട്ടുകെട്ടുണ്ടായി. അതുകൊണ്ട് നരനാലും നാരായണനാലും മനുഷ്യൎക്കുണ്ടാകുന്ന സൎവ്വരോഗങ്ങളും എനിക്കറിയാം. രത്നങ്ങളാൽ കൈവളകളും, കൈവളകളാൽ രത്നങ്ങളും എങ്ങിനേ ശോഭിക്കുന്നുവോ, അങ്ങിനേ തന്നേ എന്നേക്കൊണ്ട് പോലീസുദ്യോഗസ്ഥനും പോലീസുദ്യോഗസ്ഥനേക്കൊണ്ട് ഞാനും ധനസമ്പാദനത്തിൽ മേല്ക്കുമേൽ ഉയൎന്നുയൎന്നുവന്നു.

ഈ വിശിഷ്ടഹേതുവാൽ, നവീനോപായങ്ങളിൽ കുശലത തികഞ്ഞ പോലിസുദ്യോഗസ്ഥനായ ലളിതചക്രവൎത്തിയോട്ട് എനിക്ക് ഉള്ളിണങ്ങിയ മൈത്രിയുണ്ടായി. ആയയാളുടേ ഒരു കൂട്ടുകാരന്റെ ഋതുമതിയായ പുത്രിയേ എന്നേക്കൊണ്ട് വിവാഹം ചെയ്യിക്കുവാൻ ആയാൾ കൂടേക്കൂടേ നിൎബ്ബന്ധിക്കുന്നുണ്ട്. എന്നാൽ ശശി എന്റെ ഏകപുത്രിയാണ്. അവൾക്ക് അമ്മയില്ല. അവളേ മ

റെറാരമ്മയുടേ രക്ഷയിൽ വിടുവാൻ എനിക്ക് ഇഷ്ടമില്ല. കൊല്ലംതോറും ഇറങ്ങിവരുന്ന പുതിയ പുതിയ പഞ്ചാംഗങ്ങൾ പ്രകാരമുള്ള എത്രയെത്രയോ ശുഭമുഹൂൎത്തങ്ങൾ എന്നേ സംബന്ധിച്ചേടത്തോളം, പാഴായിപ്പോയി. എന്റേറ കൺ മുമ്പിൽ അൎഹന്മാരും അനൎഹന്മാരുമായ എത്രയെത്രയോ വരന്മാർ വൈവാഹികപല്യങ്കത്തിൽ കയറി ഘോഷയാത്ര ചെയ്തിരിക്കുന്നു. അപ്പൊഴെല്ലാം ഞാൻ വരന്റേറ മിത്രങ്ങളുടേ കൂട്ടത്തിൽ ചേൎന്ന് വധൂഗൃഹത്തിലേ പുറം കോലായിലിരുന്ന് മിട്ടായി പലഹാരങ്ങളും കാപ്പിയും ഭുജിച്ച് ദീൎഘനിശ്വാസത്തോടുകൂടി മടങ്ങി വരികയാണ് ചെയ്തിരിക്കുന്നത്.

ശശിയുടേ വയസ്സ് പന്ത്രണ്ടു കഴിഞ്ഞു് പതിമൂന്നായി. ഒരു ഉയൎന്ന കുടുംബത്തിലേക്ക് മകളേ വിവാഹം ചെയ്തുകൊടുക്കേണമെങ്കിൽ, അതിലേക്ക് കുറേ പണം ആദ്യമായി നേടേണമെന്ന് എനിക്കറിയാം. ഈ വിവാഹം കഴിഞ്ഞു് ചിലനാൾ ചെന്നാൽ, മറെറാരു ശുഭകൎമ്മം നിൎവ്വഹിക്കുവാൻ സജ്ജനാകേണ്ടതുണ്ടെന്നും ഞാൻ കരുതി.

പണം ഇതിന്നെല്ലാം ഒഴിച്ചുകൂടാത്തതാണ്. ഞാൻ അതിനേപ്പററിത്തന്നേ ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ തുളസിപ്പേട്ടയിലേ ഹരിനാഥ മജ്ജുംദാർ വന്ന് എന്റേറ കാലടികളിൽ വീണ് കരഞ്ഞു തുടങ്ങി. ആയാൾക്ക് വിധവയായ ഒരു പുത്രിയുണ്ടായിരുന്നു. അവൾ രാത്രി പെട്ടെന്ന് മരിച്ചുപോയി. ഗൎഭം അലസിപ്പിക്കയാലാണ് മരിച്ചുപോയതെന്ന അപവാദം ശത്രുക്കളിൽ നിന്നുയരുകയും

തൽസംബന്ധമായി ഒരു വാറോല പോലീസിന്ന് കിട്ടുക യും ചെയ്തു. ഉടനേ, പോലീസ് ഭടന്മാർ പുറപ്പെട്ട് മൃത വിധവയുടേ ദേഹപരിശോധനയ്ക്കായി അവിടേചെന്നി രിക്കുന്നു. ഇതാണ് സംഭവം.

പുത്രിയുടേ മരണത്താലുള്ള ദുഃഖം അതിൻെറ പൂൎണ്ണ മയിൽത്തന്നേ നില്ക്കുമ്പോൾ ഈ ഘോരാവമാനം കൂടി യും നേരിട്ടത് ആയാൾക്ക് സഹിക്കുവാൻ കഴിഞ്ഞില്ല. ഞാൻ ഡാക്ടരാണെന്നതിന്നു പുറമേ, പോലീസുദ്യോഗ സ്ഥൻെറ മിത്രവുമാണല്ലോ. അതുകൊണ്ട്, ഈ ദുഃഖപീ ഡിതനേ രക്ഷിക്കുവാൻ എനിക്ക് ശക്തിയുണ്ട്.

മഹാ ലക്ഷ്മിക്ക് പ്രിയമുണ്ടായാൽ, ചിലപ്പോൾ, നേരേ, പടികടന്നു തന്നേയോ, ചിലപ്പോൾ, മറഞ്ഞ്, പിമ്പുറത്തുകൂടിയോ, ക്ഷണിക്കാതേ തന്നേ വീട്ടിൽ വന്നു കയറും. ഞാൻ മജ്ജുംദാരുടേ ആവലാതി കേട്ട ഉടനേ, കാൎയ്യം വലിയ കുഴപ്പത്തിലാണ് കിടക്കുന്നത് എന്നഭി പ്രായപ്പെട്ട്, അതിലേക്ക് ഉദാഹരണമായി സചകപോ ല കല്പിതമായ രണ്ടുമൂന്ന് കഥകൾ ഉയൎത്തിക്കാണിച്ചു. ആ വൃദ്ധഹരിനാഥൻ പേടിച്ചു വിറച്ചുകൊണ്ട് കുട്ടിയേ പ്പോലേ കരയുവാൻ തുടങ്ങി.

എന്തിന്ന് വിസ്തരിക്കുന്നു! മകളുടേ ചരമ ക്രിയകളെ ല്ലാം ശരിയായി നിൎവ്വഹിച്ചു കഴിഞ്ഞപ്പോൾ ഹരിനാ ഥൻ മഹാ ദരിദ്രനായി.

മകൾ, ശശി എൻെറ മുമ്പിൽ വന്ന്, "അച്ഛാ, ആ കിഴവൻ നിങ്ങളുടേ കാൽ പിടിച്ചുകൊണ്ട് എന്തിന്നാ

ണ് അങ്ങിനേ കരഞ്ഞതു്?'' എന്ന് കരുണാർദ്രമായ സ്വരത്തിൽ ചോദിച്ചു.

''പോ, മിണ്ടാതിരിക്ക്! ഇതിൽ നിനക്കെന്തു കാര്യം!'' എന്ന് ശാസിക്കയാണ് ഞാൻ അപ്പോഠം ചെയ്തതു്.

ഇക്കുറി, യോഗ്യനായ വരന്ന് ശശിയേ കന്യാദാനം ചെയ്യുവാൻ നല്ലൊരു വഴിയിൽത്തന്നേ ഞാൻ ചെന്നുകൂടി. കല്യാണത്തിന്നുള്ള മുഹൂർത്തവും കുറിച്ചു കഴിഞ്ഞു. ഏക പുത്രിയുടേ വിവാഹം! വിരുന്നിലേക്ക് പല പല വിഭവങ്ങഠംക്കായി ഏപ്പാടു ചെയ്തു. ഞാൻ കളത്രവാനല്ലായ്കകൊണ്ടു, വീട്ടുകാര്യങ്ങഠം നടത്തുന്നതിന്ന് അയൽവീട്ടുകളിലേ നായികമാർ സസ്നേഹം വന്ന് എന്നേ സഹായിച്ചു. സ്വത്തു മുഴുവൻ കൈവിട്ട ആ കൃതജ്ഞനായ ഹരിനാഥൻ രാപ്പകലൊഴിവില്ലാതേ എനിക്കു വേണ്ടി പ്രയത്നിച്ചു. മഞ്ഞാംനീരാട്ടത്തിന്നാഠം രാത്രി, മൂന്നു മണിക്ക്, പെട്ടെന്നു്, ശശിയേ വിഷൂചിക ബാധിച്ചു. രോഗം ഉടനുടൻ വദ്ധിച്ചു വദ്ധിച്ചു വന്നു. പല മട്ടിൽ പ്രയത്നിച്ചിട്ടും രോഗശമനം കാണാതായപ്പോഠം, നിഷ്ഫലങ്ങളായ അ മരുന്നു കുപ്പികഠം മുഴുവൻ വാരി വലിച്ചെടുത്തു് തറയിലെറിഞ്ഞു് ഞാൻ ഓടിച്ചെന്ന് ഹരിനാഥന്റെ കാല്ക്കൽ വീണ്, ''എനിക്ക് മാപ്പു തരണേ! ഈ ചണ്ഡാലൻ ചെയ്തതു് ക്ഷമിക്കണേ! എനിക്ക് ഒരേ മകളേയുള്ളൂ. എനിക്ക് വേറേ ആരുമില്ല''_ എന്നിങ്ങിനേ കേണിരന്നു.

ഹരിനാഥൻ സംഭ്രമിച്ചുപോയി. ''ഡാക്ടരേ, എ

ന്താണിതു്! എന്താണിതു്! ഞാൻ നിങ്ങൾക്ക് എന്നും കടപ്പെട്ടവനാണല്ലോ. എൻേറ കാലാണോ നിങ്ങൾ പിടിക്കുന്നതു്!"

"ഒരു കുററവുമില്ലാതിരുന്ന നിങ്ങളേ ഞാൻ സ്വത്തു മുഴുവൻ തട്ടിപ്പറിച്ച് ദരിദ്രനാക്കി വിട്ടു. ആ പാപത്താൽ തന്നേയാണ് എൻേറ മകൾ ഇപ്പോൾ ചാകുവാൻ കിടക്കുന്നതു്" എന്നു് ഞാൻ ആക്രന്ദനം ചെയ്തു. അവിടേ കൂടിയിരുന്നവരേയെല്ലാം ഉറക്കേ വിളിച്ച് "ഈ വൃദ്ധനേ ഞാനാണ് നശിപ്പിച്ചതു്. അതിന്നുള്ള ശിക്ഷയാണ് ഞാനിപ്പോൾ അനുഭവിക്കുന്നതു്. എൻേറ ശശിയേ ദൈവം രക്ഷിക്കട്ടേ" എന്നും ഞാൻ മുറയിട്ടു.

എന്നിട്ടും മതിയാവാതേ ഞാൻ ഹരിനാഥൻേറ ചെരുപ്പെടുത്തു് എൻേറ തലയിൽ തുടന്നു തുടന്നു് അടിച്ചു. ഒന്നും ചെയ്യുവാനും ഒന്നും പറയുവാനും കഴിയാതായ ആ വൃദ്ധൻ എൻേറ കൈയിൽ നിന്നു് ആ ചെരുപ്പ് പിടുങ്ങിയെടുത്തു് ദൂരേയെറിഞ്ഞു.

പിറേറന്നാൾ പത്തു മണിക്ക് മഞ്ഞൾ നീരിൻേറ മഞ്ഞനിറത്തോടുകൂടി ശശി ഐഹിക ജീവിതത്തേ വെടിഞ്ഞു.

അടുത്ത ദിവസം ആ പോലീസുദ്യോഗസ്ഥൻവന്നു്, "എന്താ, സാർ! ഇപ്പോഴെന്താണ് വിചാരിക്കുന്നതു്? ആ വിവാഹം ഇനിയങ്ങു നടത്തിവിടരുതോ? വീട്ടുകാര്യം നോക്കുവാൻ ഒരാൾ വേണ്ടയോ?—" എന്നായി.

അന്തരാത്മാവിനേത്തന്നേ തപിപ്പിക്കുന്ന അത്ര്യം തീവ്രശോകം അന്യൻ അനുഭവിക്കുമ്പോൾ, അതിൽ ഇ

ത്ര്യവും ഘോരമായ അശ്രദ്ധ ഒരു പിശാചിന്നുപോലും യുക്തമല്ല. എന്നാൽ, മുമ്പ് പലപ്പോഴും ഈ പോലീസുദ്യോഗസ്ഥൻേറ മുമ്പിൽ വെച്ച തന്നേ ഇതേ വിധം നീചകൎമ്മം ഞാൻ തന്നേ ചെയ്തിട്ടുള്ളതുകൊണ്ട്, ഇപ്പോഴ് അവൻ പറഞ്ഞതിന്നു മറുപടിയൊന്നും കൊടുക്കുവാൻ ഞാൻ ശക്തനായില്ല. എന്നിൽ പോലീസുദ്യോഗസ്ഥനുള്ള മൈത്രി, അന്ന് എന്നേ ചമ്മട്ടികൊണ്ടടിച്ച് അവമാനിച്ച നിലയിലാണ് എന്നോട്ട് ഇടപെട്ടത്.

മനസ്സ് എത്രതന്നേ വ്രണപ്പെട്ടിരുന്നാലും, കൎമ്മചക്രം, അതിൻേറ പാട്ടിൽ തിരിഞ്ഞുകൊണ്ടേയിരിക്കും. മുൻനടപടിപോലേതന്നേ, വിശപ്പിന്ന് ഊണ്, ഉടുക്കുവാൻ വസ്ത്രം, ഇവക്കു പുറമേ, അടുപ്പിന്ന് വിറക്, ചെരുപ്പിന്ന് വാർ എന്നിവയെല്ലാം വേണ്ടുംപോലേ, പൂൎണ്ണശ്രദ്ധയോടുകൂടി ഒരുക്കുകതന്നേയായി എൻേറ ജോലി.

ജോലിയൊഴിഞ്ഞു വീട്ടിൽ ഞാൻ ഏകനായി സ്ഥിതി ചെയ്യുമ്പോഴ്, താഴേ കാണിച്ച ചോദ്യം കരുണാൎദ്രമായ സ്വരത്തിൽ എൻേറ ചെവിയിൽ വന്നടിക്കുകേ പല തവണയുണ്ടായിട്ടുണ്ട്:—

„അച്ഛാ, ആ കിഴവൻ നിങ്ങളുടേ കാൽ പിടിച്ചുകൊണ്ടു് എന്തിനാണ് അങ്ങിനേ കരഞ്ഞത്?"

ദരിദ്രനായിത്തീൎന്ന ഹരിനാഥൻേറ വീട് ചോൎന്നൊലിച്ച കിടക്കുകയാൽ ഞാൻ എൻേറ ചെലവിൽ കെട്ടിമേച്ചിൽ നടത്തികൊടുത്തു. പാൽക്കറവുള്ള എൻേറ പശു ആയാൾക്ക് ഞാൻ ദാനം ചെയ്തു. ആയാളുടേ ഭൂമികളേ കടത്തിൽനിന്നു് ഞാൻ വീണ്ടെടുത്തു കൊടുക്കയുംചെയ്തു.

എന്നേ പിടിപെട്ടിരിക്കുന്ന തീവ്രശോകത്താൽ ദുസ്സഹമായ മനോവേദനയോടുകൂടി ചിലപ്പോഠം ഞാൻ വിജനമായ സായാഹ്നത്തിലും നിദ്രാഹീനമായ നിശയിലും വിഹ്വലചിത്തനായി സ്ഥിതി ചെയ്യുമ്പോഠം സംസാരലീല നിൎത്തിവെച്ച് ഇഹത്തിൽ നിന്ന് മറഞ്ഞുപോയ എൻേറ മകഠം, അവളുടേ ഈ അച്ഛൻേറ കഠോരകൃത്യത്താൽ പരലോകത്തിൽ പോലും അവഠംക്ക് ശാന്തി കിട്ടാതേ ദുഃഖാതുരയായി എൻേറ മുമ്പിൽ വന്ന്, "അച്ഛ, നിങ്ങഠം എന്തിനാണ് അങ്ങിനേ ചെയ്തതു്?" എന്ന് ചോദിച്ച് തിരിച്ച് പോകുന്നതുപോലേ തോന്നും.

ചിലപ്പോഠം,പാവപ്പെട്ടവരേ ചെന്ന് ചികിത്സിച്ച്, അവരോട് ഫീസ്സിനേപ്പററി ഒന്നും പറയാതേ ഞാനിങ്ങു വരുന്നേക്കും. ഏതെങ്കിലുമൊരു ബാലികയ്ക്ക് രോഗമുണ്ടായാൽ, എൻേറ ശശിതന്നേ രോഗിണിയായി കഷ്ടപ്പെടുന്നവെന്ന് ഞാൻ വിചാരിക്കും.

ഒരിക്കൽ ഗ്രാമത്തിൽ ഘോരവഷത്താൽ സൎവ്വത്ര പെരുവെള്ളം കയറി. നെൽവയലുകളിലും വീഥികളിലുംകൂടി തോണിയിൽ കയറി മാത്രമേ സഞ്ചരിക്കാവൂ എന്നായി. പുലൎച്ചേ തുടങ്ങിയ മഴ ഇനിയും നിന്നിട്ടില്ല.

ജമിൻദാർ, ഞാൻ കൊട്ടാരത്തിൽ ചെല്ലുന്നതിന്നു ഉത്തരവിട്ടു. അല്പം താമസിച്ചുപോയാൽപോലും, ജമിൻദാർ അയച്ച തോണിക്കാരൻ അതു് പൊറുക്കാതേ കോപിക്കും.

മുമ്പ്, ഞാൻ പുറത്തേക്കു പോകുമ്പോഠം, മഴ വരുമോ എന്ന് സംശയമുണ്ടായിക്കഴിഞ്ഞാൽ, എൻേറ പഴ

യ കുടയെടുത്തു തുറന്ന് അതിൽ വല്ല കേടുപാടുമുണ്ടോ എന്ന് പരിശോധിക്കയും, കുളിർകാററും മഴച്ചാറലും ഏല്ക്കാത്തവണ്ണം കരുതലോടുകൂടിയിരിക്കേണമെന്ന് ഉൽകണ്ഠാപൂൎണ്ണമായ സ്വരത്തിൽ മൂന്നറിയിപ്പു തരികയും ഒരാറം ചെയ്തിരുന്നു. ഇന്ന് വിജനമായും നിശ്ശബ്ദമായും കിടക്കുന്ന വീട്ടിൽ ഞാൻ തന്നേ എന്റെ കുട തെരഞ്ഞെടുത്ത് പുറത്തേക്കിറങ്ങുന്ന ഘട്ടത്തിൽ അവളുടേ പ്രേമോല്ലസിതമായ മുഖം സ്മരണയിൽ ഉദിക്കയാൽ ഞാൻ അല്പം താമസിച്ചുപോയി. അടച്ചു കിടക്കുന്ന, അവളുടേ കിടപ്പറയിലേക്ക് എന്റെ നോട്ടം പാഞ്ഞു. ഏതൊരുവന്നു പരദുഃഖത്തിൽ അനുതാപമില്ലയോ, അവന്ന് സുഖത്തിന്നു വേണ്ടുന്ന പ്രേമരസപൂൎണ്ണമായ പദാൎത്ഥങ്ങൾ അവന്റെ വീട്ടിൽ ദൈവം ഉണ്ടാക്കി വെക്കുകയെന്നതു സംഭാവ്യമാണോ! ഈ വിചാരത്തോടുകൂടി ആ ഒഴിഞ്ഞ അറയുടേ വാതില്ക്കൽ ചെന്നുനിന്ന ഉടനേ, ഹൃദയം പൊട്ടിയപോലേ ഞാൻ വാവിട്ടു കരഞ്ഞുപോയി. പുറത്തുനിന്ന് ജമീൻദാരുടേ ഭൃത്യന്മാർ ഘോരശബ്ദം പുറപ്പെടുവിക്കുകയാൽ, ഞാൻ ആ ദുഃഖത്തേ അടക്കി വെളിയിലേക്ക് പോയി.

ഞാൻ തോണിയിൽ കയറുമ്പോൾ, പോലീസ് സ്റ്റേഷനിൽ മറെറാരുതോണി കെട്ടിയിരിക്കുന്നതുകണ്ടു. ഒരു പാവപ്പെട്ട കൃഷിക്കാരൻ കൌപീനംമാത്രം ധരിച്ചുകൊണ്ടു ആ കുളിരിൽ വിറച്ചുകൊണ്ടുനില്ക്കുന്നു. "എന്താണിവിടേ നില്ക്കുന്നത്?" എന്ന് ഞാൻ അവനോടുചോദിച്ചു. തലേന്നാൾ രാത്രി അവന്റെ മകളേ 'പാമ്പുകടിച്ചിരിക്കു

അവെന്നും, ആ ഭാഗ്യഹീനൻ ഇക്കാൎയ്യം റിപ്പോൎട്ടുചെയ്യു ന്നാനായി വളരേ ദൂരേനിന്നു് തോണിവലിച്ചു് ഇവിടേ വ ന്നിരിക്കയാണെന്നും ഞാൻ അറിഞ്ഞു. താൻ ധരിച്ചിരു ന്ന ഒരേ വസ്ത്രത്തേ അഴിച്ചു് ആ മൃതശരീരത്തേ മൂടിയി രിക്കുന്നു. ജമീൻദാരുടേ ആ നാവികൻ ഒട്ടും ക്ഷമയില്ലാ ത്തേ തോണി വിട്ടുകഴിഞ്ഞു.

ഒരു മണിക്കു് ഞാൻ തിരിച്ചു വന്നുനോക്കിയപ്പോ ൾ, അപ്പോഴും ആ എളിയ കൃഷിക്കാരൻ കൈകാലുകൾ മാറോടുചേൎത്തു് കൂട്ടിപ്പിടിച്ചു് മഴ നനഞ്ഞുകൊണ്ടു് പൂൎവ്വ സ്ഥാനത്തുതന്നേ കുത്തിരിക്കുന്നതുകണ്ടു. എനിക്കു് തയ്യാ റാക്കിയിരുന്ന ഭോജനത്തിൽ ഒരു ഭാഗം ഞാൻ അവന്നു് കൊടുത്തയച്ചു; അവൻ അതു് കൈക്കൊണ്ടില്ല.

കൊട്ടാരത്തിൽനിന്നു് വീണ്ടും ആളേ അയയ്ക്കയാൽ സത്വരം ഊൺകഴിച്ചു്, പിന്നേയും വീട്ടിൽനിന്നിറങ്ങി. വൈകുന്നേരം മടങ്ങിവന്നു നോക്കിയപ്പോൾ ആ മനുഷ്യ ൻ, തന്നെത്താൻ മറന്നു് ചാഞ്ഞുകിടക്കുന്നതുകണ്ടു. എ ന്താണെന്നു ചോദിച്ചാൽ മറുപടിപറയുവാൻ അവന്നു വ യ്യ. അവൻ തുറിച്ചുമിഴിച്ചുകൊണ്ടിരിക്കുന്നു. അപ്പോൾ, ആ നദിയും ഈ ഗ്രാമവും, ഈ സ്റ്റേഷനും ആ മേഘംനി റഞ്ഞ ആകാശവും, ഈ ചേറിളകിയ ഈറൻതറയുമെ ല്ലാം അവന്നു് സ്വപ്നപ്രായമായിട്ടാണിരിക്കുന്നതു്. പല കുറി ഞാൻ എടുത്തെടുത്തു ചോദിച്ചപ്പോൾ, ഏതോ ഒരു കൺസ്റ്റബിൾ അവിടേവന്നു് മടിയിൽ വല്ലതുമുണ്ടോ എ ന്നു് അന്വേഷിച്ചുവെന്നും താൻ കൈയിലൊരു കാശുമി ല്ലാത്ത വെറും എളിയവനാണെന്നു് അവൻ പറഞ്ഞുവെ

ന്നും, എന്നാൽ ഇവിടേത്തന്നെ കിടന്ന് തൂലയുകയെന്നു വിധിച്ചുവിട്ട് ആ കൺസ്റ്റബിൾ പോയിയെന്നും എനിക്ക് ഗ്രഹിക്കുവാൻ കഴിഞ്ഞു.

ഇത്തരം കാഴ്ച എനിക്ക് ഇതിനുമുമ്പ് എത്രയെത്രയോ പ്രാവശ്യമുണ്ടായിട്ടുണ്ട്. അപ്പോഴൊന്നും എന്റെ മനസ്സിൽ പറയത്തക്ക തോന്നലൊന്നും ഇളകീട്ടില്ല. ഇന്നാവട്ടേ, എന്തുകൊണ്ടോ, എനിക്കു ഇതു് സഹിക്കവയ്യാതായി. എന്റെ ശശിയുടേ കരുണാർദ്രമായ അവ്യക്തസ്വരം മേഘാവൃതമായ ഈ ആകാശത്തോളം ഉയന്ന് മുഴങ്ങിക്കൊണ്ടിരുന്നു. മകൾ മരിച്ചുപോകയാൽ ആ സാധുമനുഷ്യനുണ്ടായിരിക്കുന്ന അതിരില്ലാത്ത ദുഃഖം എന്റെ ഹൃദയത്തെ പിളക്കുവാൻ തുടങ്ങി.

പോലീസുദ്യോഗസ്ഥനായ ആ പ്രഭു പുകയിലവലിച്ചുകൊണ്ടു്; കസേരയിൽ സ്ഥിതിചെയ്യുന്നു. മകളേ എന്നേക്കൊണ്ടു് വിവാഹം ചെയ്യിക്കുവാൻ ആശിക്കുന്ന ആ മനുഷ്യനും എന്റെ കാൎയ്യത്തിന്നായി നാട്ടിമ്പുറത്തുനിന്ന് അവിടേവന്നിട്ട് അധികം സമയമായിട്ടില്ല. അവൻ പായയിലിരുന്നുകൊണ്ടു് എന്തോ ചിലതു് പറയുന്നു. ഞാൻ ഒരേ ശ്വാസത്തിൽ, കൊടുങ്കാറ്റുപോലേ വേഗത്തിൽ, സ്റ്റേഷന്നകത്തു് ചാടിക്കയറി, പോലീസുദ്യോഗസ്ഥനേനോക്കി "നിങ്ങൾ ഒരു മനുഷ്യനോ, പിശാചോ!" എന്ന് ഗജ്ജിച്ചതിൽപ്പിന്നേ, അന്ന് ഞാൻ സമ്പാദിച്ച പണം മുഴുവൻ 'ജിൽജിൽ' എന്ന് ആയാളുടേ മുമ്പിൽ എറിഞ്ഞുകൊടുത്തു് "പണം വേണമെങ്കിൽ ഇതാ, എടുത്തുകൊള്ളുക. ചാകുമ്പോൾ ഒരുമിച്ചു കൊണ്ടു

ഘോഷയും ചെയ്യേണ്ടതാകം. ഇപ്പോൾ, ഈ പാവത്തിനേ വി ട്ടയക്കണം. അവന്റെ മകളുടേ ചരമക്രിയകൾ അവൻ ചെന്നു നടത്തട്ടേ.''

ഘോരശോകതപ്തന്മാരിൽനിന്ന് ധാരധാരയായി ഒഴുകുന്ന ചുടുകണ്ണീരിൽ സസുഖം കുളിച്ചു വളൎന്നുവന്നിരിക്കുന്ന ഞങ്ങളുടേ സ്നേഹം ഈ കൊടുംകാററടിയേററു തകൎന്നുനിരന്നുപോയി.

പിന്നീട്, ആ പോലീസുദ്യോഗസ്ഥന്റെ കാല്ക് പിടിച്ച് ആയാളുടേ മഹത്വത്തേ ധാരാളമായി സ്തുതിക്കയും, എന്റെ ബുദ്ധിഹീനതയേ ഞാൻതന്നേ നിന്ദിച്ചു കേൾപ്പിക്കയും ചെയ്തിട്ടും ഫലമുണ്ടായില്ല. ഒടുവിൽ,എന്റെ ആ വീട് എനിക്ക് വിട്ടുപോകേണ്ടതായിത്തന്നേ വന്നു.

---

# അക്ഷയപുഷ്പം.

ശൈശവം മുതല്ക്കേ ഞാനൊരു വിധവ !

സുദുര്ല്ലഭമായി കിട്ടിയ വൈവാഹികവസ്ത്രത്തെ പന്ത്രണ്ടു വയസ്സു മാത്രമായ പെൺകുട്ടിയായിരിക്കുമ്പോഴം തന്നേ കൈവിട്ട്, വിധവയ്ക്കു ചേൎന്ന ഉലഞ്ഞ വെൺപുടവകൊണ്ടു് ശരീരം മറയ്ക്കുവാനാണ് എനിക്ക് യോഗമുണ്ടായത്ത്.

അന്നു മുതൽ ഞാൻ എൻേറ പിതൃഗൃഹത്തിൽ നായികയായി ഭരണകാൎയ്യം നിൎവ്വഹിച്ചുവന്നു. അവിടേ എൻേറ വാക്കുതന്നേ ചട്ടം. എൻേറ അഭിലാഷങ്ങൾ, അവ പുറത്തു പറയുംമുമ്പുതന്നേ നിറവേറിവന്നു. എൻേറ പിതൃജനത്തിന്നു എന്നിലുള്ള വാത്സല്യം ഓരായിരം വഴിക്ക് പ്രവഹിച്ചുകൊണ്ടിരുന്നു. ഘോരനിൎജ്ജീവതയേ മാറുന്നതിന്നു് കരയോ കുറിയോ, മററുവല്ല വൎണ്ണഭേദമോ കൂടാത്ത വെറും ആവരണം-ആ മരണാത്മകവസ്ത്രം-ആ വെൺപുടവ എന്നിൽ ചേൎക്കുന്നതും, എൻേറ ആഭരണങ്ങളെല്ലാം എന്നിൽ നിന്നു് അകററുന്നതും എൻേറ പിതൃജനത്തിന്ന് ഇഷ്ടമല്ല. എന്നാൽ, ഞാൻ വളൎന്നപ്പോൾ, എൻേറ ഉദ്യോഗത്തെ ഗ്രഹിച്ചു്, വൈധവ്യത്തെ സംബന്ധിച്ചുള്ള ചട്ടവട്ടങ്ങളെല്ലാം നിഷ്കൎഷയോടേ അനുസരിച്ചു തുടങ്ങി. എൻേറ മാതാപിതാക്കളേ പ്രീതരാക്കുവാൻ പോലും, വളകൾ മുതലായ സാമാന്യഭൂഷണങ്ങൾ കൂടി ഞാൻ കൈക്കൊണ്ടില്ല. നിറം കലൎന്ന ചേലകൾക്കായി

എന്റേ വെൺപുടവ ഞാൻ മാററിയതുമില്ല. ഉല്ലഭം ചിലപ്പോഠം കറുത്ത തുണികൊണ്ടും ഞാൻ ദേഹം മറച്ചു. പാശ്ചാത്യരാജ്യങ്ങളിലെ വിധവകഠം ശ്യാമവസ്ത്രം ധരിക്കുന്നത് എന്തുകൊണ്ടാണെന്ന് എനിക്കറിയാം. നൈരാശ്യചിഹ്നമാണതു്. ലൌകികസുഖത്തേ സംബന്ധിച്ച ആശ മുഴുവനും എന്നിൽ നിന്ന് അററുപോയിരിക്കയാണല്ലോ.

ഞാൻ ആരേയോത്തു കരയുന്നുവോ, ആക്കുവേണ്ടി എന്റേ പ്രാത്ഥനകളേ സ്വഗ്ഗത്തിലേക്ക് അയയ്ക്കുന്നുവോ ആ ഭത്താവു് എന്റേ ഹൃദയത്തിൽ അവ്യക്തരൂപനായിപ്പോയിരിക്കുന്നു. എന്റേ വിവാഹം എനിക്ക് സ്വപ്നപ്രായമായി. എന്നാൽ, അദ്ദേഹത്തിന്റേ സ്മാരകത്തേ ധ്യാനിക്കയും അതിനേ ആരാധിക്കയും ചെയ്യേണ്ടതു് എന്റേ കത്തവ്യകമ്മമാണു്. അദ്ദേഹത്തിന്റേ സ്ഥാനത്തു് മററാരാളേ ചിന്തിക്കുന്നതു്—അതു് ഒരു നിമിഷത്തേക്കുപോലുമായാലും, മഹാ പാപംതന്നേ. ഭൂതകാലത്തോടു ചേക്കുന്ന ഒരേ നിബന്ധനം—ഇനിയുള്ള കാലത്തോടു് എന്നേ ബന്ധിക്കുന്ന ഒരു പുണ്യാവശേഷം എനിക്കുണ്ടു്. അതു് എന്റേ ഭത്താവിന്റേ മ്ലാനഛായാപടമാണു്. അതിനേ ഞാൻ ഒരു ചന്ദനപ്പെട്ടിയിൽ സൂക്ഷിച്ചിരിക്കുന്നു. ആ പെട്ടി എപ്പോഴും എന്നോടൊന്നിച്ചു തന്നേയാണു്. എന്റേ ഹൃദയം തളന്നു വിഴുമ്പോഠം—ദൈവനിതിയിലുള്ള വിശ്വാസം അകന്നു മറയുമ്പോഠം—ജീവിതം തന്നേ ഘോരവേദനയായിത്തിരുമ്പോഠം—ഭാവി അന്ധകാരനിബിഡമാകുമ്പോഠം ഞാൻ മ്ലാനഛായാപടത്തേ പുറ

ങ്ങത്തടുത്തു് ഏകാഗ്രമായി നെടുനേരം നോക്കിക്കൊണ്ടിരിക്കും. അതിന്നു് ബലവത്തായ ഒരു മന്ത്രയോഗമുണ്ടു്. അതു് എന്റെ ഹൃദയത്തിന്നു് വീണ്ടും ശക്തി നൽകുകയും, ആശയേ പുനൎജ്ജീവിപ്പിക്കുകയും, സുഖഭൂയിഷ്ഠമായ ഭാവിയിൽ വിശ്വാസമുണ്ടാക്കുകയും, അസാമാന്യമായ ആഹ്ലാദം എന്നിൽ നിറയ്ക്കുകയും ചെയ്യും.

„രാത്രികാലം ഇത്ര ഇരുണ്ടുകൊണ്ടു് അനന്തമായി നീണ്ടുനില്ക്കയില്ല; അതു് പ്രകാശമേറിയ പ്രഭാതത്തിൽ ചെന്നു് അവിടേ അവസാനിക്കതന്നേ ചെയ്യും" എന്നിങ്ങിനേ ആ മ്ലാനഛായാപടം കണ്ണോവാദം ചെയ്യുന്നു. ഒരൊററജീവിതം കാലഗ്രന്ഥത്തിലേ ഒരു ചെറിയ അദ്ധ്യായം മാത്രമാണു്. അതു് സനാതനഗ്രന്ഥശാലയിലേ ഒരു കൊച്ചുപുസ്തകമാണു്. മഹേശ്വരൻ, തന്റെ സൃഷ്ടികളിൽ ഏതാണ്ടൊന്നിന്റെ ഹൃദയത്തിൽ നിന്നു് ആഹ്ലാദത്തെ എന്നെന്നേക്കുമായി എടുത്തുകളയുന്നതാണോ? എടോ, കൃപണജീവിതമേ, ആശിച്ചുകൊണ്ടുതന്നേയിരിക്കുക; നിനക്കു് ശാന്തി കിട്ടും.

ഒരിക്കൽ—ഒരേ ഒരിക്കൽ മാത്രം ഞാൻ ആ ചന്ദനപ്പെട്ടിയിൽ ആ ഛായാപടത്തിനുപുറമേ മറെറാന്നുകൂടിയും ഇട്ടുവെക്കയുണ്ടായി. എനിക്കു് സന്തുഷ്ടി നൽകുവാൻ അഭിലഷിച്ച ഒരാൾ തന്റെ ധൃഷ്ടകരംകൊണ്ടു് പൎവ്വതശിഖരത്തിൽ നിന്നു് ശേഖരിച്ച അക്ഷയപ്പൂങ്കുലയാണതു്. അന്നു് എനിക്കു് പതിനേഴു വയസ്സായിട്ടുണ്ടു്. ഞാൻ എന്റെ ഒരേ സഹോദരനോടൊന്നിച്ചു് നയ്നിതളത്തിൽ പാൎക്കുകയായിരുന്നു. അദ്ദേഹം ഒരു ഇന്ത്യൻ

സിവിൽ സർവ്വൻറാണ്. അദ്ദേഹം യൂറോപ്പിലായിരുന്നപ്പോഠം ആംഗ്ലേയ ജീവിതക്രമത്തെ അനുകരിക്കയും, ഇന്ത്യയിൽ മടങ്ങിവന്നതിൽപ്പിന്നീടും ആ ക്രമത്തിൽത്തന്നേ നടക്കുകയും ചെയ്തുവരുന്നു. ഞാൻ അദ്ദേഹത്തോടൊന്നിച്ചു പാക്കുമ്പോഠം അന്തഃപുരനിബന്ധനകഠം അത്ര നിഷ്കൃഷ്ടയോടേ ആചരിക്കാറില്ല. ഞാൻ ആംഗ്ലേയരോടൊപ്പമിരുന്ന് ഉൗൺ കഴിക്കയില്ലെങ്കിലും, എൻേറ ഭ്രാതാവിൻേറ ഗൃഹത്തിൽ അവരേ എതിരേററു സൽകരിക്കും. സ്വജനങ്ങളുടേ മുമ്പിൽ മാത്രമേ ഞാൻ മുഖപടം ഉപയോഗിക്കാറുള്ളു.

ഒരു ഞായറാഴ്ച രാവിലേ ഞങ്ങഠം വറാന്തയിൽ ഇരിക്കയായിരുന്നു. എൻേറ ജ്യേഷ്ഠൻ ചുരുട്ടു വലിച്ചുകൊണ്ട് ഒരു ചാരുകസേരയിൽ കിടക്കുന്നു. അദ്ദേഹത്തിൻേറ കൈയിൽ ചിത്രങ്ങഠം കൊടുത്ത ഒരു വത്തമാനപത്രമുണ്ട്. അദ്ദേഹത്തിൻേറ ചുരുട്ടിൽ നിന്ന് നേത്തപുക ചുരുണ്ടുയരുന്നതു നോക്കിക്കൊണ്ട്, ഞാൻ താഴേ ഒരു മെത്തമേൽ ഇരുന്നു. അപ്പോഠം ഒരു ഭൃത്യൻ വന്ന് എൻേറ ജ്യേഷ്ഠൻേറ വശം ഒരു കാഡ് കൊടുത്തു.

"എന്തു്! എൻേറ പഴയ സ്നേഹിതൻ 'ദേവദ്ദത്ത'നോ! ശിപായി, അദ്ദേഹത്തേ ഇങ്ങു കൂട്ടിക്കൊണ്ടുവാ!"—എന്നിങ്ങിനേ ആ കാഡ് നോക്കിക്കൊണ്ട് അദ്ദേഹം ഹഷത്തോടേ ഘോഷിച്ചു.

"മിസ്റ്റർ ചാററജ്ജിയോ?" എന്ന് ഞാൻ ചോദിച്ചു. തൻേറ ഈ സ്നേഹിതനേപ്പററി "ദേവദ്ദത്തൻ" എന്ന ഓമനപ്പേരിൽ അദ്ദേഹം പലപ്പോഴും സംസാരിക്കുന്നതു്

ഞാൻ കേട്ടിട്ടുണ്ട്. ഞാൻ അകത്തേക്ക് പോകുവാൻ എഴുന്നേററു. അപ്പോൾ ജ്യേഷ്ഠൻ എന്നേ അവിടേ നിൎത്തി.

„അങ്ങിനേ ചെയ്യരുത്. ഇവിടേ നീ ആംഗ്ലേയരേ സ്വീകരിക്കാറുണ്ടെന്ന് ചാററൎജ്ജി നിശ്ചയമായും കേട്ടിരിക്കും. അദ്ദേഹം എന്റേ ഒരു വലിയ സ്നേഹിതനാണ്. നിന്നേ ഞാൻ പരിചയപ്പെടുത്തിക്കൊടുക്കാതിരുന്നാൽ അദ്ദേഹത്തിന്ന് അപ്രിയമാകും.‟

അതുകൊണ്ട് ഞാൻ അവിടേത്തന്നേ നിന്നു.

൨.

മിസ്റ്റർ ചാററൎജ്ജി ഞങ്ങളുടേ അതിഥിയായി ഒരാഴ്ച മുഴുവൻ പാൎത്തു. ഞങ്ങൾ തമ്മിൽ സാധാരണമായി കണ്ടുകൊണ്ടിരുന്നുവെങ്കിലും പരസ്പരസംഭാഷണം അധികമായുണ്ടായില്ല. അവിളംബം, അദ്ദേഹം എന്റേ സൎവ്വ വിചാരങ്ങളിലും പ്രവൎത്തിക്കുവാൻ തുടങ്ങി. അദ്ദേഹം ഒരു സുന്ദരാകാരനാണ്. മറെറല്ലാററിനേയും പ്രകാശിപ്പിക്കുന്ന ഒരു നക്ഷത്രമെന്നപോലേ അദ്ദേഹം എന്റേ മുമ്പിൽ വിളങ്ങി. അജ്ഞാതവും അത്ഭുതവുമായ വികാരങ്ങൾ എന്നിൽ അങ്കുരിച്ചു. ഞാൻ ഒരു പുതിയ ലോകത്തിൽ ജീവിക്കയാണെന്ന് എനിക്ക് തോന്നി. മഹത്തായ സൌഖ്യം എനിക്കുണ്ടായിവന്നു. എന്നാൽ മിസ്റ്റർ ചാററൎജ്ജിയുടേ മുമ്പിൽ എന്റേ കണ്ണുകളേ തറയിൽ നിന്നുയൎത്തുവാൻ എനിക്ക് കഴിഞ്ഞില്ല. എങ്ങിനേയെങ്കിലും, ഞങ്ങളുടേ ദൃഷ്ടികൾ തമ്മിൽ കൂട്ടി മുട്ടിപ്പോയാൽ ഞാൻ അസാമാന്യമായി ലജ്ജിക്കയും, എന്റേ കൺ

പോളകൾ കൂമ്പുകയും, ഞാൻ പുറപ്പെടുവിക്കുവാൻ തയ്യാറാക്കിയ ചെറുവാക്കുകൾ മുഴുവൻ വെളിപ്പെടാതേ തന്നേ അടങ്ങിപ്പോകുകയും ചെയ്യും. അടുത്ത അവസരത്തിൽ വല്ലതും ചിലതു് സംസാരിക്കണമെന്നു് ഞാൻ കരുതും. എന്നാൽ, മിസ്റ്റർ ചാററർജ്ജിയുടേ പദവിന്യാസശബ്ദം കേൾക്കുമ്പോഴെക്കും എന്റേ ഹൃദയം അടിച്ചുതുടങ്ങുകയും, ഞാൻ കേവലം മൂകയായിത്തീരുകയും ചെയ്യും. എനിക്കു് എന്നേത്തന്നേ അറിയുവാൻ കഴിയാതായി. അധോമുഖമായ ദൃഷ്ടികളോടും, അരുണീഭൃതമായ കപോലങ്ങളോടുംകൂടി ലജ്ജാവിവശയായ ഒരു ചെറു ബാലികയെന്നാണു് ഞങ്ങളുടേ അതിഥി എന്നേക്കുറിച്ചു് കരുതിയതു്. അങ്ങിനേ ഒരാഴ്ച കഴിഞ്ഞു. ഏററവും സൌഖ്യഭൂയിഷ്ഠവും, നവംനവങ്ങളായ അനുഭവങ്ങളാൽ സമ്പൂർണ്ണവുമാണു് ആ ആഴ്ച! ആ ആഴ്ചയിലേ ഓരോ ദിനവും ഓരോ മണിക്കൂറുപോലേയും, ഓരോ മണിക്കൂറും ഓരോ നിമിഷംപോലേയും എന്റേ മുമ്പിൽക്കൂടി പിൻമറഞ്ഞുപോയി.

ആ ആഴ്ചയിൽ—ഞാൻ ചെയ്ത ആ പാപം പശ്ചാത്താപത്തോടും മനോവേദനയോടുംകൂടി തുറന്നുപറഞ്ഞേക്കാം—ആ ചന്ദനപ്പെട്ടി തുറക്കുകയാവട്ടേ ആ ഛായാപടം നോക്കുകയാവട്ടേ ഞാൻ ചെയ്തില്ല.

മിസ്റ്റർ ചാററർജ്ജിക്കു് ഇവിടേ നിന്നു് പോകേണ്ടതായ തലേന്നാൾ അതിവേഗം വന്നെത്തി. ആ ദിനവും ഞങ്ങളുടേതാണല്ലോ. അന്നു്, നയ്നിതലത്തിലേ ഏററവും ഉയർന്ന കൊടുമുടിയായ വ്യാഘ്രഗിരിയിൽ വെച്ചു്

എൻേറാ ജ്യേഷ്ഠൻ വനഭോജനത്തിന്ന ഏപ്പാട്ട ചെയ്തു.

അന്നത്തേ വായു എത്ര രമണീയമായിരുന്നു! സൌരഭ്യത്തോട്ട കൂടിത്തന്നേ എന്തോരു ശോഭയും സുഖവുമാണ് അത് വഹിച്ചുകൊണ്ടു വന്നത്! എൻേറ ജീവകാലത്തിൽ ഒരിക്കലും ഞാൻ അത് മറക്കയില്ല.

എൻേറ ഭ്രാതാവും സ്നേഹിതനും കുതിരപ്പുറത്തിരുന്നുകൊണ്ടാണ് സഞ്ചരിച്ചത്. പല്ലക്കിലാണ് എൻേറ യാത്ര. ചിലപ്പോഠം അവരോട്ട് അണഞ്ഞുകൊണ്ടും, ചിലപ്പോഠം വഴിതിരിയുന്നെടത്ത്, അവരിൽ നിന്ന് മറഞ്ഞുകൊണ്ടും ഞാൻ പിന്തുടന്നു. വന്യപുഷ്പങ്ങളിൽനിന്ന്, അകലേനിന്നുവരുന്ന സൌരഭ്യത്തേ മുകരുംപോലേ, ഞാൻ അദ്ദേഹത്തിൻേറ സാന്നിധ്യത്തേ അകലുമ്പോഴും അണയുമ്പോഴും—എപ്പോഴും—അനുഭവിച്ചുകൊണ്ടിരുന്നു.

ഹാ! ആ മനോജ്ഞമായ ഗ്രീഷ്മപ്രഭാതം! തളിർക്കുലകഠംകൊണ്ടും, വന്യപുഷ്പങ്ങളുടേ ശോഭനരാഗംകൊണ്ടും, ഇടകലന്ന ഹരിതാഭകൊണ്ടും ആവൃതമായ കുന്നുകഠം സമ്മോഹനമായ ദശനീയരംഗമായി വിളങ്ങുന്നു. വായുവാകട്ടേ രുചിരസുഗന്ധത്താൽ സമ്പൂണ്ണമായിരിക്കുന്നു. ഞാൻ സന്തോഷംകൊണ്ടും സംക്ഷോഭംകൊണ്ടും സംഭ്രാന്തയായിത്തിന്നുപോയി.

ഞാൻ കുറേ പുഷ്പങ്ങഠം അറുക്കുവാൻ വേണ്ടി വള്ളികഠം പിടിച്ചുവലിച്ചു. എന്നാൽ, പല്ലക്കു ചുമക്കുന്നവർ എൻേറ പൂങ്കാവിൽ പാത്തിട്ടുള്ളവരല്ലായ്കയാൽ, എൻേറ അഭിലാഷത്തേ അവർ പരിഗണിച്ചില്ല്. അവക്ക് നിഷ്ഠി

ഷ്ടസ്ഥാനത്തു് ചെന്നുചേൎന്ന് ചുമടിറക്കേണമെന്ന വിചാരമേ ഉണ്ടായിരുന്നുള്ളു. പൎവ്വതാഗ്രത്തിൽ ചെന്നാൽ അവിടേ ധാരാളമായി പൂക്കൾ അറുക്കാമെന്നു പറഞ്ഞു അവർ വ്യാഘ്രശിരിയിലേ ശിഖരത്തിലേക്ക് സത്വരം നടകൊണ്ടു.

എത്ര വിപുലവും വിശിഷ്ടവുമായ പ്രകൃതി രംഗം! ഞങ്ങളുടേ കീഴേ, മന്ത്രയോഗ ദണ്ഡത്താൽ സ്പഷ്ടമായതുപോലേ, അത്ര്യയും ദിവ്യമോഹനമായി ശൈലാടവി കിടക്കുന്നു. അത്യുന്നതമായ വ്യാഘ്രശിരി, അനന്തമായ അന്തരിക്ഷലോകത്തേ, ഞങ്ങളേക്കൊണ്ടു് മനസാ ദൎശിപ്പിച്ചു. എൻേറ ഹൃദയം ചാഞ്ചാടിത്തുടങ്ങി. ഇതാ, മഹോജ്ജ്വലമായ ഹിമവൽപംക്തി അതിൻേറ ഭാസ്വരത മുഴുവൻ ഞങ്ങളുടേ മുമ്പിൽ ആവിഷ്കരിച്ചിരിക്കുന്നു. ഞാൻ സ്വപ്നാവസ്ഥയിലെന്നപോലേ നിന്നുപോയി. എന്നാൽ, അഹോ! ഈ സ്വപ്നം വേഗം മറഞ്ഞുപോകുമെന്ന് ഞാൻ അറിഞ്ഞു.

ഭൃത്യന്മാർ ഞങ്ങൾക്കായി ഒരു ചെറുകൂടാരം തയ്യാറാക്കി. അല്പം പ്രാതൽ കഴിച്ചതിൽപ്പിന്നേ, ഞാൻ പുഷ്പങ്ങൾ അന്വേഷിച്ചുകൊണ്ടു നടന്നു. ആ ഉന്നതപ്രദേശത്തു് ഒരുവക പുഷ്പവും ഞാൻ കണ്ടില്ല. ആ പൎവ്വതാഗ്രത്തിൽ രോഗം പിടിപെട്ടപോലേ നില്ക്കുന്ന പുൽത്തണ്ടുകൾ മാത്രമേയുള്ളു. എനിക്ക് വലുതായ ആശാഭംഗമുണ്ടായി. മലയിലേക്കുകയറുമ്പോൾ പൂവറുക്കുവാൻ ശ്രമിച്ച എന്നേ, അതിൽ വിരോധിച്ച ആ തെമ്മാടികളായ പല്ലക്കുകാരേ ഞാൻ പഴിച്ചു. അതൊരു സങ്കടം മാത്രമല്ലാ

അവർ എനിക്ക് ഉണ്ടാക്കിവിട്ടതു്. ഉച്ചതിരിഞ്ഞു് നാലു മണിക്ക്, സൂൎയ്യൻ ആകാശത്തിൽ ഉയൎന്നു നില്ക്കവേ താഴേ ഇറങ്ങി നടക്കുവാൻ തുനിഞ്ഞപ്പോൾ, സൂൎയ്യാസ്തമയാനന്തരം കാൽനടയായി മലയിറങ്ങുന്നതു് ആപൽകരമാണെന്നു പറഞ്ഞു ആ മുറാളന്മാർ തടുത്തു. ഞാനൊരു യുവതിയാണ്; ഞാൻ സുഖസമ്പന്നയുമാണ്. ആപത്തെന്നതു് എന്താണെന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ, എന്റെ വികാരങ്ങളേ തുറന്നു കാണിക്കുവാൻ എനിക്ക് ധൈൎയ്യമുണ്ടായില്ല. നാം ഏതാനും ദൂരമെങ്കിലും കാൽനടയായി കീഴോട്ടിറങ്ങുകയെന്ന് ഞാൻ ഭീരുതയോടുകൂടി അഭിപ്രായപ്പെട്ടു. അതു് എന്റെ ഭ്രാതാവ് സമ്മതിക്കയാൽ, ഞങ്ങൾ അപ്പോൾതന്നേ മലയിറങ്ങുവാൻ തുടങ്ങി. പല്ലക്കു ചുമക്കുന്നവരും മററും ഞങ്ങളേ പിന്തുടൎന്നുവന്നു.

ഒട്ടുദൂരം ചെന്നപ്പോഴേക്കും, എന്റെ സന്തോഷത്തിന്ന്, അരികേയായി കുന്നിൻനിരകൾക്കിടയിൽ ഒരു വള്ളിപ്പടപ്പിൽ കുറേ പുഷ്പങ്ങൾ വിരിഞ്ഞു നില്ക്കുന്നതു് ഞാൻ കണ്ടു. ഹാ! എത്ര കമനീയമായ കുസുമങ്ങൾ! അനാലോചിതമായ ഉല്ലാസത്തോടുകൂടി—"എനിക്ക് ആ പുഷ്പങ്ങൾ വേണം, എന്നാൽ അവ എനിക്ക് എത്തുകയില്ലല്ലോ!"—എന്നിങ്ങിനേ ഉറക്കേ പറഞ്ഞു.

"അല്ലാ: അവ നമുക്ക് എത്താത്ത ദൂരത്തിലല്ലാ" എന്നായി മിസ്റ്റർ ചാററർജി. അത്ഭുതത്താലും ആഹ്ലാദത്താലും തുള്ളിക്കൊണ്ടു നില്ക്കുന്ന ഞാൻ നോക്കിനില്ക്കവേ, അദ്ദേഹം ആ പുഷ്പങ്ങൾ അറുക്കുവാൻ ആ നിമിഷം തന്നേ മുന്നോട്ടിറങ്ങി.

ആ പുഷ്പങ്ങൾ നില്ക്കുന്നതു് ഒട്ടും അകലേയല്ലെങ്കിലും, ആ പർവ്വതാഗ്രത്തിൽ ഇളകിയ പാറകളും കൊഴിഞ്ഞ മുള്ളുകളും ചിതറിക്കിടന്നിരുന്നതിനാൽ, വള്ളിപ്പടർപ്പിന്നടുക്കൽ ചെല്ലുവാൻ നേർവഴിയൊന്നും കണ്ടില്ല. സാഹസികവും ആപൽപൂർണ്ണവുമാണു് ആ ഉദ്യമം. എന്നിട്ടും, സത്വരം കീഴോട്ടിറങ്ങിയും, കാലൂന്നിക്കൊണ്ടു് മേലോട്ടു കയറിയും, തന്നെത്താൻ ഉറച്ചുനിന്നും, പാറതോറും കുതിച്ചു ചാടിയും കൊണ്ടു് അദ്ദേഹം പോയി. എന്റെ ഭ്രാതാവ് അദ്ദേഹത്തെ നോക്കി ഹർഷാരവം പുറപ്പെടുവിക്കയും, എന്നെ ശകാരിക്കയും ചെയ്തു. ഞാൻ അവിടെ നിശ്ശബ്ദയായി നിന്നു. മിസ്റ്റർ ചാററർജ്ജിയുടെ ഗതിയെ നിരീക്ഷിച്ചു നില്ക്കുന്ന എന്നിൽ അഭൂതപൂർവ്വവും അവർണ്ണ്യവുമായ വികാരങ്ങൾ അങ്കുരിച്ചു തുടങ്ങി. അദ്ദേഹത്തിന്റെ ധാർഷ്ട്യം കണ്ടു് ഞാൻ ഉല്ലാസപൂർണ്ണയായി. ഞാൻ അദ്ദേഹത്തിന്റെ ധൈര്യത്തെ അഭിനന്ദിച്ചു. മഹിളാത്മകമായ ശക്തി എന്റെ ജീവിതകാലത്തിൽ ആദ്യമായി എന്നിൽ ഉദിച്ചു. ആ ശക്തിയാൽ ആഹ്ലാദപൂർണ്ണമായ ഒരു നവ്യലോകം എന്റെ മുമ്പിൽ ഞാൻ തുറന്നു. മിസ്റ്റർ ചാററർജ്ജിയെക്കുറിച്ചു് എനിക്കു് പേടിയൊട്ടുമുണ്ടായില്ല. പാറകൾതോറും ചാടിച്ചാടിച്ചെല്ലുന്ന അദ്ദേഹത്തെ, മന്ത്രശക്തിയാൽ അത്ഭുതമാംവണ്ണം വശീകൃതയായവളെപ്പോലെ ഞാൻ ഉററുനോക്കിനിന്നു. ആപത്തൊന്നും കൂടാതെ പുഷ്പങ്ങൾ നേടി, ഞങ്ങൾ നില്ക്കുന്ന കുന്നിൻ ചെരുവിൽ അദ്ദേഹം എത്തിയപ്പോൾ എന്റെ ചുണ്ടുകളിൽ നിന്നു് ഒരു ആശ്വാസനിശ്വാസം വെളിപ്പെട്ടു.

സൂൎയ്യൻ അസ്താചലത്തെ പ്രാപിക്കയാൽ, പല്ലക്കിൽ കയറുന്നതിന്ന് എന്നേ എൻേറ ജ്യേഷ്ഠൻ തിടുക്കകൊണ്ട്, പണിപ്പെട്ടു നേടിയ ആ സമ്മാനം അപ്പോൾ എൻേറ കൈയിലെത്തുവാൻ കഴിഞ്ഞില്ല.

ഞങ്ങൾ ബെങ്കളാവിലെത്തുമ്പോൾ നേരം കുറേ വൈകിയിരിക്കുന്നു. പൂൎണ്ണചന്ദ്രൻ അസാധാരണമായ കാന്തിയോടും സൌന്ദൎയ്യത്തോടും കൂടി വിളങ്ങുന്നു. ആ മോഹനചന്ദ്രികയെ ഒന്നു നോക്കിയതിൽപ്പിന്നേ ഞാൻ വേഗം അകത്തേക്കുപോയി. മിസ്റ്റർ ചാററർജ്ജി കൈയിൽ പുഷ്പങ്ങളോടുകൂടി എൻേറ പിന്നാലേ തളത്തിൽ വന്നു.

„ഈ പൂക്കുല നിങ്ങൾക്ക് സ്വീകരിക്കാമോ? ഇത് റോസല്ലാ; അക്ഷയപുഷ്പമാണ്”

അദ്ദേഹം ശൂരനും സുഭഗനും സുന്ദരനുമായി ശോഭിക്കുന്നു. അദ്ദേഹത്തിൻേറ മുഖത്തു ദിവ്യത്വം വിളയാടുന്നതായി എനിക്ക് തോന്നി. ഞാൻ ആ പുഷ്പങ്ങൾ വാങ്ങിയപ്പോൾ, ഞങ്ങളുടേ കൈകൾ തമ്മിൽ മുട്ടി. വിഹ്വലയായി നില്ക്കുന്ന എനിക്ക് നന്ദിസൂചകമായി ഒരു വാക്കുപോലും പുറപ്പെടുവിക്കുവാൻ കഴിഞ്ഞില്ല. ഇരുവരുടേയും ദൃഷ്ടികൾ ഒരേ നിമിഷത്തേക്ക് നിശ്ശബ്ദം ഇടഞ്ഞു. എന്നാൽ—ആ മോഹനമന്ത്രം പെട്ടെന്ന് തകൎന്നുപോയി. എൻേറ ജ്യേഷ്ഠൻ ആ തളത്തിൽ വന്നു. അവരിരുവരും അപ്പോൾതന്നേ ഉണ്ണുവാൻ പോയി. അവരോടൊന്നിച്ചു ചെന്ന ഞാൻ ഊൺമേശയുടേ താഴേ നിശ്ശബ്ദയായി സ്ഥിതി ചെയ്തു. ഞാൻ വിധവയാകകൊണ്ട് എനിക്ക് അവരോടൊന്നിച്ചിരുന്ന് ഭുജിച്ചുകൂടാ. സംഭാഷ

ണത്തിൽ അധികഭാഗവും എന്റേ ഭ്രാതാവാണ് എടുത്ത ത്. മിസ്റ്റർ ചാററർജ്ജി വളരേ കുറച്ചേ സംസാരിച്ചുള്ളു. ഊണു കഴിഞ്ഞ്, മംഗളാശംസ ചെയ്ത് അദ്ദേഹം തന്റേ മുറിയിലേക്കു പോയി.

അടുത്തദിവസം അദ്ദേഹം പോകുകയും ചെയ്തു.

ദുഃഖാധിക്യം കൊണ്ടു് ഇനിയും എന്റേ കഥ വഴിക്കു വഴിയായി എഴുതുവാൻ എനിക്ക് വയ്യ. ആ രാത്രിയിലേ മരണാത്മകമായ നിശ്ശബ്ദതയിൽ എന്നിൽ നിന്ന് ഘോരമായ അശ്രുപ്രവാഹമുണ്ടായി. പിന്നീട്, ചന്ദനപ്പെട്ടി തുറന്ന് ആ മ്ലാനഛായാപടംപുറത്തേക്കെടുത്തു. അതിനേ എന്റേ മുമ്പിൽ വെച്ച് ആ ദിവ്യാവശേഷത്തേ ശ്രീകൃഷ്ണ വിഗ്രഹത്തേയെന്നപോലേ ഞാൻ പ്രണമിച്ചു. ഞാൻ പാപത്തേ ഏററുപറകയും ക്ഷമയ്ക്കായി യാചിക്കയും ചെയ്തു.

എനിക്ക് സാന്ത്വനമുണ്ടായോ? ഉവ്വ്: അത് യഥാകാലമുണ്ടായി. സമുദ്രത്തേ പ്രാപിക്കും മുമ്പേ, തനിക്കുള്ള മുഴുവൻ ദൂരവും നദിക്ക് സഞ്ചരിക്കകതന്നേ വേണം. ഫലോൽപാദനത്തിന്നായി വളരേ കൊല്ലങ്ങളോളം വൃക്ഷത്തിന്ന് വളൎന്നുയരണം. അതുപോലേ, മാനുഷികദുഃഖം ശാന്തിയേ പ്രാപിക്കുവാൻ, ആ സ്ഥാനംവരേക്കും കാലചക്രത്തിൽക്കിടന്ന് ചുഴലേണ്ടിയിരിക്കുന്നു. ഒടുവിൽ, ആ ഛായാപടത്തേ പെട്ടിയിൽ വെച്ച്, ആ പുണ്യാവശേഷത്തിന്ന് എന്റേ ഹൃദയപൂൎവ്വമായ വഴിപാടായി അതിന്മേൽ ആ അക്ഷയപുഷ്പങ്ങളേ അൎപ്പിച്ചു.

## ൩.

ഒരിക്കൽകൂടി ഞാൻ മിസ്റ്റർ ചാററർജ്ജിയേ കാണു കയുണ്ടായി. വനഭോജനം കഴിഞ്ഞു് ആറുമാസത്തിൽ പ്പിന്നീടാണതു്. അന്നു് എന്റെ ഭ്രാതാവിന്റെ വിവാഹ ത്തിന്നായി ഞങ്ങൾ വീട്ടിലേക്ക് പോകയായിരുന്നു. ബ ങ്കിപുരം സ്റ്റേഷനിൽ വെച്ചു് അംവിടേ വണ്ടിവരുന്നതു കാത്തുനില്ക്കുന്ന നിലയിൽ ഞങ്ങൾ മിസ്റ്റർ ചാററർജ്ജി യേകണ്ടു. അദ്ദേഹം അപ്പോൾ തനിച്ചായിരുന്നില്ല. ത ന്റെ വധുവും അദ്ദേഹത്തോടൊന്നിച്ചുണ്ടു്. അദ്ദേഹത്തി ന്നു് കയറേണ്ട വണ്ടി സ്റ്റേഷനിൽ വരേണ്ടതിലേക്കും, ഞ ങ്ങളുടേ വണ്ടി സ്റ്റേഷൻ വിടേണ്ടതിലേക്കും അല്പം താമ സമുണ്ടായിരുന്നതു കൊണ്ടു്, അദ്ദേഹം പത്നീസമേതം ഞങ്ങളുടേ പെട്ടിയിൽ കയറിവന്നു. അവിടേ വെച്ചു് സോല്ലാസവും പ്രിയതരവുമായി ചുരുക്കത്തിലൊരു സം ഭാഷണം നടന്നു. മിസ്റ്റർ ചാററർജ്ജിയുടേ വിവാഹത്തി ന്നു്, തന്നേ ക്ഷണിക്കാത്തതിനേപ്പററി എന്റേ ജ്യേഷ്ഠൻ ആവലാതിപ്പെടുകയും, ഒരൊന്നാന്തരം ഭോജനം തനിക്കു ഇല്ലാതായിപ്പോയതിനേപ്പററി അദ്ദേഹം നേരമ്പോക്കാ യി വിഷാദിക്കയും ചെയ്തു.

മിസ്സസ്സ് ചാററർജ്ജി അതു് ശരിവെച്ചുകൊണ്ടു പറഞ്ഞു:—

„മിസ്റ്റർ ഗാംഗുലി; എനിക്കും അതേതരത്തിലുള്ള ആ വലാതിയുണ്ടു. നിങ്ങളേ ക്ഷണിക്കായ്കയാൽ നല്ലൊരു ക ല്യാണസമ്മാനം എനിക്കില്ലാതായിപ്പോയി.''

അവർ ഇങ്ങിനേ മിസ്റ്റർ ചാററർജ്ജിയുടേ പേരിൽ ക ഠിനശിക്ഷ വിധിക്കുമ്പോൾ, ഞാൻ ചന്ദനപ്പെട്ടിതുറ

ന്ന് ആ പൂങ്കുലയെടുത്ത് മിസ്സസ്സ് ചാററർജ്ജിയോട് പറഞ്ഞു:—

„നിങ്ങൾക്ക് സ്വീകരിക്കാമെങ്കിൽ ഇതാ, ഒരു കല്യാണസമ്മാനം!",

അവൾ പുഞ്ചിരിയോടുകൂടി ആ പൂങ്കുലയേ നോക്കി.

„ഞാൻ വളരേവളരേ നന്ദി പറഞ്ഞുകൊള്ളുന്നു. എത്ര അകൃത്രിമമായിരിക്കുന്നു ഈ പൂങ്കുല!"

„ഇതു്, വാസ്തവത്തിൽ, അകൃത്രിമം തന്നേയാണു്."

ഇതുകേട്ട് അവൾ വിസ്മയിച്ചുപോയി.

„ഇതു് കൃത്രിമ പുഷ്പമെന്നാണ് ഞാൻ വിചാരിച്ചതു്. ഇതിന്നെന്താണ് പേർ? ഞാൻ ഇത്തരം പുഷ്പം ഇതുവരേ കണ്ടിട്ടില്ല!"

„ഇതു് ഉയൎന്ന പൎവ്വതശിഖരങ്ങളിലാണ് വളരുന്നതു്. ഇതിന്നു് അക്ഷയപുഷ്പമെന്നാണ് പേർ!"

„എപ്പോഴാണ് നിങ്ങൾക്ക് ഇതു് കിട്ടിയതു്?"

„ആറുമാസം മുമ്പ്!"

„എന്നും ഇതു് പുതുതായിത്തന്നേയിരിക്കുന്നു, നോക്കു!"

അവൾ, പിന്നേ, ഭൎത്താവിൻെറ നേരേ തിരിഞ്ഞു ചോദിച്ചു:—

„ഇതു് ഒരു അത്ഭുതവസ്തുവല്ലയോ?"

മിസ്റ്റർ ചാററർജ്ജി ആ പൂങ്കുലയേ നോക്കി, മിക്കവാറും അവ്യക്തസ്വരത്തിൽ "അതേ" എന്നു് ശബ്ദിച്ചു.

അപ്പോഴെക്കും ഞങ്ങളുടേ വണ്ടി പുറപ്പെടേണ്ടതിലേക്ക മണിയടിച്ചു. മിസ്റ്റർ ചാററർജ്ജിയും മിസ്സസ്സ് ചാ

ററർജ്ജിയും ഉടൻതന്നേ വണ്ടിയിൽനിന്ന് ഇറങ്ങിപ്പോകയും ചെയ്തു.

അന്നുരാത്രി എനിക്കൊരു സുഖസ്വപ്നമുണ്ടായി. ഒരു ദേവദൂതൻ വന്ന് ഭൂമിയിൽ നിന്ന് എന്നേ എടുത്തുകൊണ്ടുപോയി. ഞങ്ങൾ ഉയൎന്നുയൎന്ന് ഏററവും ഉയരേ ചെന്ന്, ഒടുവിൽ ദേവനിലയനമായ പുണ്യകൈലാസഗിരിയിൽ എത്തി. മൃദുവും, എന്നാൽ, ഉജ്ജ്വലവുമായ പ്രകാശം ഞങ്ങളേ ചുഴന്നു. എന്നേ കൂട്ടിക്കൊണ്ടുവന്ന ആ ദേവദൂതന്റെ മുഖത്ത് ദിവ്യപ്രഭ വിളങ്ങുന്നത് ഞാൻ കണ്ടു. ഹാ! ആ ഛായാപടം ആരുടേയോ, അദ്ദേഹം തന്നേയാണ് എന്റെ മുമ്പിൽ നില്ക്കുന്ന ദേവദൂതൻ എന്ന് ഞാൻ അറിഞ്ഞു. എന്റെ ഭൎത്താവിനോടുകൂടിയാണ ഞാൻ നില്ക്കുന്നതെന്ന ബോധം എനിക്കുണ്ടായി. അജ്ഞാതമായ അനുഗ്രഹം എന്നിൽ വൎഷിച്ചു. സ്വൎഗ്ഗീയാനന്ദം എന്റെ ഹൃദയത്തിൽ നിറഞ്ഞു. ഞാൻ ഉണൎന്നപ്പോൾ എന്റെ കണ്ണുകൾ നിറയേ കനത്ത ബാഷ്പം—ദുഃഖബാഷ്പം—അഥവാ, ഹൎഷബാഷ്പം.

# മുക്തിമാൎഗ്ഗം.

ഫക്കീർ ചന്ദ്രൻ ബാല്യം മുതല്ക്കേ അധൃഷ്യനാണ്. വയോവൃദ്ധന്മാരുടേ കൂട്ടത്തിൽ സഗൌരവം സ്ഥിതി ചെയ്യുന്നവനായിട്ടാണ് അവനേ സാധാരണമായി കാണുക. അവന്ന് പച്ചവെള്ളം, കുളിര്, ചിരി, നേരമ്പോക്ക് എന്നിവയൊന്നും ഇഷ്ടമല്ല. പ്രകൃത്യാ ഗംഭീരൻ; അതിന്നു പുറമേ, മിക്ക ദിവസവും അവൻ കറുത്ത കമ്പിളിയാൽ തലമൂടിപ്പുതച്ചുകൊണ്ടാണിരിക്കുക. അതുകൊണ്ടു് അവനേ ഒരു മഹാപുരുഷൻ എന്ന് പുറവുമുള്ളവർ കരുതുകയാൽ അവൎക്കെല്ലാം അവനിൽ ഭയമുണ്ടായിവന്നു. ചെറുപ്പത്തിൽത്തന്നേ ഫക്കീർ ചന്ദ്രന്ന് താടിയും മീശയും ഇടതിങ്ങി വളൎന്ന് ഇരുണ്ടുനീണ്ടിരുന്നതിനാൽ അവന്റേറ മുഖത്തു ആഹ്ലാദത്താലുള്ള വികാസത്തിന്ന് സ്ഥലമില്ലാതായി.

അവന്റേറ ഭാൎയ്യയായ ഹൈമവതി നന്നേ ചെറുപ്പമാണ്. അവൾക്ക് ലൌകികവിഷയങ്ങളിൽ അധികമായ ആസക്തിയുണ്ടു്. ബങ്കിമബാബുവിന്റേറ നോവലുകൾ വായിക്കുന്നതിൽ അവൾക്ക് പ്രിയം കൂടും. ഭൎത്താവുതന്നേ ദൈവമെന്ന് വെച്ചു് ആയാളേ പൂജിച്ചുകൊണ്ടേയിരിക്കയെന്നതിൽ അവൾക്ക് തൃപ്തിയുണ്ടായില്ല. എപ്പോഴും കളിച്ചും ചിരിച്ചുംകൊണ്ടിരിക്കുവാനാണ് അവളുടേ ആശ. വിരിയാറായ മലർ ഇളംതെന്നലിൽ ഊഞ്ഞാലാടുവാനും, തെളിവെയിലൊളിയിൽ മുങ്ങിക്കളിക്കുവാനും ആ

ശിക്കുന്നതെങ്ങിനേയോ അങ്ങിനേ തന്നേ ഹൈമവതി ഈ നവയൌവനത്തിൽ, തന്നേ തൻേറ ഭത്താവ് കുളിരേ പൊഴിയുന്ന പുഞ്ചിരിയോടുകൂടി കൊഞ്ചിക്കൊഞ്ചി ലാളിക്കേണമെന്ന് കൊതിച്ചു. എന്നാൽ, ആ ഭത്താവ് ഇവളുടേ ഈ ആശയേ ഒട്ടും വകവെക്കാതേ തരംകിട്ടുമ്പോഴെല്ലാം, ഭാഗവതം വായിക്കുന്നതിന്നും, സായാഹ്നകാലത്ത് ഭഗവൽഗീത കേൾക്കുന്നതിന്നും അവളേ നിർബ്ബന്ധിക്കയാണുണ്ടായത്. അവളുടേ ആത്മാവിൻേറ മുക്തിക്ക് ഇടയ്ക്കിടേ അവളേ ദണ്ഡവിധിക്ക് കീഴ്പ്പെടുത്തുന്നതിൽ അവൻ മുൻകടന്നുതന്നേ നിന്നു. ഹൈമവതിയുടേ തലയണയിങ്കിഴിൽ "കൃഷ്ണകാന്തൻേറ ഒസ്യത്ത്" എന്ന നോവൽ ഒളിച്ചുവെച്ചിരിക്കുന്നത് കണ്ടുപിടിച്ചു കൈക്കലാക്കിയ അന്ന്, ക്രീഡാലാലസയായ ആ ബാലികയേ രാത്രി മുഴുവൻ കണ്ണീർ വാർത്ത് കരയുമാറാക്കിയതിൽപ്പിന്നിട്ടു മാത്രമേ, ഫക്കീർ ചന്ദ്രൻേറ മനസ്സിൽ ഒട്ടെങ്കിലും സ്ഥാസ്ഥ്യമുണ്ടായുള്ളൂ. നോവൽ വായിച്ചതു തന്നേ വലിയ തെററ്! അതോടുകൂടി, പ്രത്യക്ഷ ദൈവതമായ ഭത്താവിനേ അവൾ വഞ്ചിക്കുവാൻ ശ്രമിച്ചു! ഒടുവിൽ അവളേ കഥകളും പുരാണ സന്മാർഗ്ഗോപദേശങ്ങളും, ധമ്മവിധികളും ദണ്ഡനീതികളും നിരന്തരം കേൾപ്പിച്ചു കേൾപ്പിച്ച്, അവളുടേ മുഖത്തിൽ സദാ വിളയാടിക്കൊണ്ടിരുന്ന മന്ദഹാസത്തേയും, മനസ്സിൽ തിരതല്ലിക്കൊണ്ടിരുന്ന ആഹ്ലാദത്തേയും, ശരീരത്തിൽ തിളച്ചുകൊണ്ടിരുന്ന യൌവനപ്പുതുമയേയും നിശ്ശേഷം തുടച്ചുമാച്ചുകളഞ്ഞിട്ടേ ഫക്കീർ ചന്ദ്രൻ പൂർണ്ണസ്വാസ്ഥ്യത്തേ പ്രാപിച്ചുള്ളൂ.

എങ്കിലും—മുമുക്ഷുക്കളായ ലൌകിക വിരക്തന്മാൎക്ക് ഗാൎഹസ്ഥ്യവൃത്തിയിൽ പ്രതിബന്ധങ്ങൾ ഒന്നുരണ്ടല്ലാ. കാലത്തിൻേറ അനിയന്ത്രിതമായ കളിയാൽ ഫക്കീരിന്ന് ഒരു പുത്രനും ഒരു പുത്രിയും, ജനിച്ചതോടുകൂടി അവനിൽ സംസാരബന്ധം സുദൃഢമായിത്തീൎന്നു. പിതാവിൻേറ നിൎബ്ബന്ധമായ പ്രേരണയാൽ, മഹാഗമ്ഭീരനായ ഫക്കീർ ചന്ദ്രന്നുകൂടിയും, തനിക്കൊരുദ്യോഗം എങ്ങാനും കിട്ടുമോയെന്ന് തെരഞ്ഞു തെരഞ്ഞുകൊണ്ട് ആഫീസ്സുകൾതോറും ചുററിത്തിരിയേണ്ടിവന്നു. എന്നാൽ, അവന്നു കടക്കുവാൻ ഒരിടത്തും ഒഴിവു കണ്ടില്ല.

അപ്പോൾ, ബുദ്ധദേവനേപ്പോലേ താനും ഈ സംസാരത്തേ സന്ത്യജിച്ചാൽ എന്താണ് എന്ന് അവന്ന് ആലോചനയായി. ഇങ്ങിനേ ചിന്തിച്ചുകൊണ്ട് ചില നാൾ കഴിഞ്ഞാറേ, ഒരു രാത്രി കൂരിരുട്ടിൽ വീടും നാടും വിട്ട് അവൻ എങ്ങോട്ടോ ഒളിച്ചു ചാടിപ്പോയി.

൨.

ഇവിടേ, മറെറാരു കഥ പറയേണ്ടതായി വന്നിരിക്കുന്നു.

നവഗ്രാമവാസിയായ ഷഷ്ടിചരണന്ന് ഒരു മകനുണ്ട്. മാക്കൻലാൽ എന്നാണ് ആ മകൻേറ പേരു്. വിവാഹം കഴിഞ്ഞ ഉടനേതന്നേ ഭാൎയ്യ ഗൎഭിണിയാകായ്കകൊണ്ട്, പിതാവിൻേറ പ്രേരണയാലും, പുതിയ വിവാഹത്തിൽ തനിക്കുള്ള ആശയാലും അവൻ മറെറാരുവളേക്കൂടി വേട്ടു. ഈ വിവാഹം കഴിഞ്ഞതിൽപ്പിന്നേ യഥാക്രമം ആദ്യത്തേ ഭാൎയ്യ ഏഴു പുത്രികളേയും രണ്ടാമ

ത്തേ ഭാൎയ്യ ഒരു പുത്രനേയും—ഇങ്ങിനേ ഇരുവരും കൂടി എട്ടു മക്കളേ പ്രസവിച്ചു നിറച്ചു.

മാക്കൻലാൽ ഒരു പുതിയ പരിഷ്കാരക്കോമരമാണു്; ചാപല്യനമാണു. ചുമതലയുള്ള ജോലികളിലൊന്നും ഏൎപ്പെടുവാൻ അവന്നു് വയ്യ. മക്കളേക്കൊണ്ടുള്ള ഭാരം തന്നെ വല്ലാത്തൊരു ഭാരമാണു്! അതിന്നു പുറമേ, രണ്ടു ഭാൎയ്യമാർ ഇരുഭാഗത്തും നിന്നു് അവൻേറ ചെവി പിടിച്ചു വലിക്കുമ്പോഠം, ഈ കുടുംബസൊല്ല അവനാലാകുമോ താങ്ങുവാൻ! അതുകൊണ്ടു് അവനും ഒരുനാഠം രാവിൽ കൂരിരുട്ടിൽ എങ്ങോ വീടുവിട്ടുപോയി.

ബഹുകാലം കഴിഞ്ഞിട്ടും, അവനേപ്പററി ആൎക്കും ഒരെത്തും പിടിയും കിട്ടിയില്ല. ഒരേ ഭാൎയ്യയോടുകൂടി വാഴുന്നതായാൽ അതിലുള്ള സുഖം എന്താണെന്നു് പരീക്ഷിച്ചറിയുവാൻ അവൻ കാശിയിൽ ചെന്നു് ഗൂഢമായി മറെറാരു വിവാഹം ചെയ്തിരിക്കുന്നുവെന്നു് ഇടയ്ക്കിടേ ചിലർ പറയാറുണ്ടു്. ആ ദുൎഭാഗ്യവാൻ ഒരിടത്തും സ്വസ്ഥത കിട്ടാതേ ചുററിനടന്നു് ഉഴലുകയാണെന്നു് മററു ചിലരും പറയുന്നു. ജന്മദേശത്തിന്നരികേയെങ്കിലും ഒന്നു വന്നു നോക്കേണമെന്നു് ആ പാവത്തിന്നു് മോഹമുണ്ടു്. തന്നേ ആരാനും കണ്ടു പിടിച്ചുപോയാൽ ഗതിയെന്താകുമെന്ന ഭയത്താൽ അവൻേറ ആ മോഹം നിഷ്ഫലമായിത്തന്നേ കിടന്നു.

## ൩.

ചിലനാഠം അങ്ങുമിങ്ങും അലഞ്ഞു തിരിഞ്ഞതിൽ പ്പിന്നേ ഫക്കിർചന്ദ്രൻ നവഗ്രാമത്തിൽ എത്തി. പാത

സ്സരികേ നില്ക്കുന്ന ഒരു അരയാലിന്റേ കീഴിൽ ചെന്നിരുന്ന് അവൻ ആദ്ര്യമായൊന്ന് നെടുവീപ്പിട്ടു അനന്തരം "അഹോ, സംസാരം മായാമയം! ഭാൎയ്യ, മക്കൾ, ധനം, ജനം എന്നിവയെല്ലാം മിഥ്യ! കാതേകാന്താ, കസ്തേ പുത്രഃ" എന്നിങ്ങിനേ തന്നെത്താൻ പ്രസംഗിച്ചുകൊണ്ടു അവൻ ഒരു ഗാനത്തിൽ ചെന്നുചാടി.

കേൾക്കെടോ, മൂഢചിത്തമേ, സാമ്പ്രതം
മോക്ഷസിദ്ധിക്കുചേരും പ്രിയോക്തിനീ
ജീവിതക്കെപൊട്ടിച്ചതിന്നുള്ളിൽ
മേവുമാമുക്തി മുത്തെടുത്താലുംനീ
മായയാ ബുദ്ധിമോഹംപെടാതെന്നീ-
യിയൊരേ വഴിക്കല്ലോ നടക്കേണ്ടു.

പെട്ടെന്ന് പാട്ടുങ്ങുനിന്നു! "ആരു്! ആരു്! അതാരാണ്! അച്ഛനേപ്പോലേയിരിക്കുന്നുവല്ലോ! ഞാൻ ഇങ്ങുവന്നതു് അറിഞ്ഞിരിക്കുമോ! എന്നാൽ, എല്ലാം തകരാറായി! വീണ്ടും എന്നേ ആ സംസാരമെന്ന പാഴും കിണററിൽ വലിച്ചിഴച്ചു കൊണ്ടുപോയിത്തള്ളിവിടുമല്ലോ! അതുവയ്യ! ഒരൊററ ഓട്ടംകൊണ്ടു് മറഞ്ഞേ പോകണം!"

## ൧.

ഫക്കീർ കുടുകുടേ ഓടി അടുത്തൊരു വീട്ടിന്നുള്ളിൽ ചെന്നുകയറി. ഗൃഹനാഥനായ വൃദ്ധൻ ചുകവലിച്ചുകൊണ്ടു് അങ്ങൊരിടത്തു് അടങ്ങിയിരിക്കയാണ്. ഫക്കീർ വീട്ടിലേക്കു് കയറിവരുന്നതു കണ്ടു് "നീയാരു്?" എന്നു ആ വൃദ്ധൻ ചോദിച്ചു.

"ഞാനൊരു സന്ന്യാസിയാണ്."

“സന്ന്യാസിയോ! എവിടേ, എവിടേ! ഞാനൊന്നു നോക്കട്ടേ! ഇതാ, ഈ വെളിച്ചത്തുവാ!”

ഇത് പറഞ്ഞുകൊണ്ട്, വൃദ്ധൻ അവനേ പിടിച്ചു വലിച്ച് വെളിച്ചത്തേക്ക് കൊണ്ടുപോയി. എന്നിട്ട് കുനിഞ്ഞുനിന്നു്, അക്ഷരം കൂട്ടിക്കൂട്ടി പുസ്തകം വായിക്കുന്നതുപോലേ, ആ വൃദ്ധൻ ഫക്കീരിൻേറ മുഖത്തു് ഉററു നോക്കിത്തുടങ്ങി.

“ഇവൻ നമ്മുടേ മാക്കൻലാലിനേപ്പോലേയിരിക്കുന്നുവല്ലോ. അതേ മൂക്ക്! അതേ കണ്ണു്! കവിൾ മാത്രം അല്പം മാറീട്ടുണ്ടു. എങ്കിലും, അതേ ചന്ദ്രമുഖം! വളൎന്നു നീണ്ട താടിയും മീശയും അതിനേ അപ്പടി മറച്ചിരിക്കുന്നു!”

ഇങ്ങിനേ തന്നെത്താൻ പിറുപിറുത്തു് ആ കിഴവൻ ഫക്കീരിൻേറ താടിയിൽ ഒന്നുരണ്ടു പ്രാവശ്യം വാത്സല്യത്തോടേ തടവിക്കൊട്ടുത്തു് “മകനേ, മാക്കൻ!” എന്നു് വിളിച്ചു.

ആ വൃദ്ധൻ ഷഷ്ഠിചരണനാണെന്നു് പറയേണ്ടതില്ലല്ലോ.

ഫക്കീർ വല്ലാതേ അമ്പരന്നുപോയി.

“മോക്കനോ! എൻേറ പേർ മാക്കൻ എന്നല്ലല്ലോ. മുമ്പ് എൻേറ പേർ ഏതായിരുന്നാലുമെന്താണു്! ഇപ്പോൾ എനിക്കുള്ള പേർ സിദ്ധാനന്ദനെന്നാണു്. വേണങ്കിൽ, പരമാനന്ദനെന്നും എന്നേ വിളിക്കാം!”

ഷഷ്ഠിചരണൻ:—“ഉണ്ണീ, നീ ഇപ്പോൾ നിന്നേ ചിത്രാനന്ദനെന്നു പറഞ്ഞാലും ശരി, പരമാനന്ദനെന്നു പറഞ്ഞാലും ശരി; നീ എൻേറ മകൻ തന്നേയെന്നതു് എ

നിക്ക് മറക്കുവാൻ വയ്യ. മകനേ, നിനക്ക് എന്തു് സങ്കടമാണുണ്ടായതു് ? നീ എന്തിനാണ് നിൻേറ കുടുംബത്തെ വെടിഞ്ഞു പോയതു്? നിനക്ക് എന്തൊരു കുറവാണുണ്ടായിരുന്നതു്? നിനക്ക് ഭാൎയ്യ രണ്ടുണ്ടു്. മൂത്തവളിൽ പ്രിയമില്ലാതായാൽ ഇളയവളുണ്ടല്ലോ. ഇനി, മക്കളില്ലെന്നുള്ള ദുഃഖവും നിനക്കില്ല. ഏഴു പെൺകുട്ടികളും ഒരാൺകുട്ടിയും നിനക്കുണ്ടു്. ഞാനോ, ഒരു പടു കിഴവൻ. ഇനി അധികംനാഠം ജീവിച്ചിരിക്കുന്നവനല്ലാ ഞാൻ. ഞാൻ മരിച്ചാൽ ഈ കുടുംബം നിൻേറതാണ്!"

ഫക്കീരിന്നുണ്ടായ സംഭ്രമത്തിന്ന് അളവും അതിരുമില്ല. "ഇതെന്തൊരു ചതി! ഇതു് കേഠക്കുവാൻ തന്നേയും ഭയംകരം!"

ഒടുവിൽ, അവൻ വഴിതെളിഞ്ഞു കണ്ടു. "രണ്ടുമൂന്നു ദിവസത്തേക്ക് ഈ കിഴവൻേറ മകനായി ഈ വീട്ടിൽ ഒളിച്ചു പാക്കുന്നതുകൊണ്ടു് ദോഷമെന്താണ്? അച്ഛൻ ചുററിനടന്നു് തെരഞ്ഞുനോക്കി, എന്നേ എങ്ങും കാണ്ടത്താതേ വീട്ടിലേക്ക് മടങ്ങിപ്പോകട്ടേ. അതിൽപ്പിന്നേ, ഇവിടേ നിന്നു് എനിക്ക് ഒളിച്ചോടിപ്പോകാമല്ലോ!"

ഇതാണ്, അപ്പോഠം അവൻ ചെയ്ത തീർമാനം.

ഫക്കീർ മറുപടിയൊന്നും പുറപ്പെടുവിക്കാതിരിക്കുന്നതു കണ്ടപ്പോഠം വൃദ്ധൻേറ മനസ്സിൽ സംശയത്തിന്നേ അവകാശമില്ലാതായി. വാല്യക്കാരനായ കേഷ്ടനേ വിളിച്ചു് "എടാ, കേഷ്ട, നമ്മുടെ മാക്കൻ തിരിച്ചുവന്നിരിക്കുന്നുവെന്നു് നീ ചെന്നു് എല്ലാവരോടും പറഞ്ഞിട്ടുവരൂ" എന്നു് ഉത്തരവുകൊടുത്തു.

൩.

അപ്പൊഴേക്കും ജനങ്ങൾ കൂട്ടംകൂട്ടമായി വന്നു നിറഞ്ഞു. അവരിൽ അധികം പേരും "ഇവൻ അവൻ തന്നേ" എന്നു നിശ്ശങ്കം കൈക്കൊണ്ടു. ചുരുക്കം ചിലൎക്കു മാത്രമേ സംശയമുണ്ടായുള്ളു. എന്നാൽ, അവൻ തന്നേയെന്നു വിശ്വസിക്കുന്നതിലുള്ള ആവേശംകൊണ്ടു ജനങ്ങൾ ആ സംശയിച്ചു നില്ക്കുന്നവരേ കൂട്ടത്തോടേ ശകാരിച്ചുതുടങ്ങി. ഇവർ മുൻകരുതലോടുകൂടിത്തന്നേ മനസ്സന്തോഷത്തേ കെടുക്കുവാൻ വന്നവരാണെന്നും, കാൎയ്യം തൎക്കത്തിലിട്ടു നീട്ടിവിടേണമെന്നാണു ഇവരുടേ ഉദ്ദേശമെന്നും, ഇവരേ നീക്കി നിൎത്തിയാൽ മാത്രമേ ഗ്രാമത്തിലേ മാന്യന്മാൎക്കു സമാധാനമുണ്ടാകയുള്ളുവെന്നും ജനങ്ങൾ ഏകകണ്ഠമായി അഭിപ്രായപ്പെട്ടു. "ഭൂതപ്രേതങ്ങളേപ്പററിയും ബാധയൊഴിക്കുന്ന മന്ത്രവാദികളേപ്പററിയും വിശ്വാസമില്ലാത്തവരാണിവർ. അത്ഭുതവൎത്തമാനം കേട്ടു സൎവ്വരും വിസ്മയിച്ചുകൊണ്ടിരിക്കുമ്പോൾ, വേണ്ടാത്ത വഴക്കുകൾ ഇവർ ഇളക്കിവിടുന്നു. ഇവർ ഒരുവക നാസ്തികന്മാരാണു. ഇവർ ഭൂതപ്രേതങ്ങളേ വിശ്വസിക്കാത്തതുകൊണ്ടു ഈയുള്ളവൎക്കു ദോഷമൊന്നുമില്ല. എന്നാൽ, ഈ വൃദ്ധൻേറ മകൻ പലകാലമായി കാണാതിരുന്നിട്ടു ഇപ്പോൾ മടങ്ങിവന്നിരിക്കേ, അവനേ നേരിൽ കണ്ടിട്ടും വിശ്വസിക്കാതിരിക്കുന്ന ഇവരുടേ മനസ്സു മഹാ കഠിനംതന്നേ." ഇങ്ങിനേ സൎവ്വരും നിന്ദിച്ചു തുടങ്ങിയപ്പോൾ സംശയിച്ചു നിന്നിരുന്ന കക്ഷി നിശ്ശേഷം നിശ്ശബ്ദമായി.

ഫക്കീരിന്നുള്ള ഗാംഭീര്യ്യം അക്ഷയയവും ഫലോന്മുഖവുമായിരുന്നിട്ടും ആ ഗ്രാമവാസികൾക്ക് അത് ഒട്ടുംതന്നേ ശ്രദ്ധാവിഷയമായില്ല. "എടോ'ടോ, നമ്മുടേ മാക്കൻ ഇന്ന് ഇതാ മഹർഷിയായിരിക്കുന്നു! മഹാ മഹാ തപസ്വി! ബന്ധുക്കളേ വിട്ടു പിരിഞ്ഞു് ബഹുകാലം അകന്നു പാർത്തിട്ട് ഇന്നിതാ, പെട്ടെന്ന് ജമദഗ്നി മഹാമുനിയായി എഴുന്നള്ളിയിരിക്കുന്നതു് കണ്ടില്ലേ!"—എന്നിങ്ങിനേ പരിഹസിച്ചു തുടങ്ങി.

ഗൌരവം കൂടിയ ഫക്കീരിന്ന് ഈ വാക്കുകൾ വലിയ ലഘുത്വമായിട്ടാണ് തോന്നിയതു. നിഷ്പ്രയോജനമില്ലാഴ്ക കൊണ്ടു് ഇതൊക്കേയും അവന്നു് സഹിക്കേണ്ടിവന്നു. ഒരുവൻ അവന്റേ മുതുകിൽ തട്ടിക്കൊണ്ടു്, "എടോ, മാക്കൻ, നിന്റേ നിറം കറുകറേ'ന്നാണല്ലോ ഇരുന്നതു്. ആ നിറം നി ഇങ്ങിനേ വെളുപ്പായി മാററിയതെങ്ങിനേ?" എന്നു് ചോദിച്ചു.

"യോഗാഭ്യാസംകൊണ്ടുതന്നേ" എന്നാണ് ഫക്കീറിന്റേ മറുപടി.

"യോഗാഭ്യാസത്തിന്റേ മഹത്വം അത്യത്ഭുതം തന്നേ"! എന്ന് സർവ്വരും ഘോഷിച്ചു.

അപ്പോൾ അതിലൊരാൾ പറഞ്ഞു:—

"അത്യത്ഭുതമെന്ന് പ്രത്യേകം പറയാനുണ്ടോ! ഭീമൻ ഹനുമാന്റേ വാൽ എടുത്തുയർത്തുവാൻ ശ്രമിച്ചപ്പോൾ, അതു ഒട്ടുംതന്നേ പൊക്കുവാൻ അവന്നു് കഴിഞ്ഞില്ലെന്നു് ശാസ്ത്രത്തിൽ പറഞ്ഞിട്ടില്ലേ. അതു് എന്തുകൊണ്ടാണെന്നറിയാമോ? ഹനുമാനുള്ള യോഗാഭ്യാസ ബലം കൊണ്ടു്."

അതു് ശരിതന്നേയെന്നു് സവ്വരും തലകുലുക്കി.

ഇതിന്നിടയ്ക്കു് ഷഷ്ടിചരണൻ അവിടേ വന്നു് ഫക്കീരിനേ "കുട്ടാ, വാ, അകത്തേക്ക പോകാം" എന്നു് വിളിച്ചു.

ഇങ്ങിനേയൊന്നു് വേണ്ടിവരുമെന്നു് ഫക്കീർ ഊഹിച്ചിരുന്നതേയില്ല. ഷഷ്ടിചരണന്റേ ആ വിളി ഫക്കീറിന്റേ മനസ്സിന്നു് അശനിപാതംപോലേയായി. കുറച്ചു നേരത്തേക്കു് അവൻ ഒന്നും തന്നേ മിണ്ടിയില്ല. അത്രയും നേരം ആ ഗ്രാമവാസികൾ നിത്ത്യം ചെയ്ത പരിഹാസം മുഴുവൻ അവന്നു് ഏല്ക്കുകതന്നേ വേണ്ടിവന്നു. ഒടുവിൽ, "ഞാനിപ്പോൾ ഒരു സന്ന്യാസിയായിത്തീന്നിരിക്കയാണു്. ഇനി ഞാൻ അകായിൽ കടക്കുകയില്ല" എന്നു് അവൻ മറുത്തു.

"എന്നാൽ, നിങ്ങളെല്ലാവരും കുറച്ചു നേരത്തേക്കു് മാറി നില്ക്കണം. ഇവന്റേ ഭാൎയ്യമാരേ ഞാൻ ഇവിടേ കൂട്ടിക്കൊണ്ടുവരട്ടേ. അവൎക്കു് ഇവനേ കാണുവാൻ തിടുക്കം കൂടിയിരിക്കുന്നു" എന്നു് ഷഷ്ടിചരണൻ ഗ്രാമവാസികളേ അറിയിച്ചു.

അവരെല്ലാവരും എഴുന്നേററു. ഈ നിമിഷം തന്നേ ഒരേ ഓട്ടത്തിൽ സവ്വരുടേയും കണ്ണിൽ നിന്നു് മറയേണമെന്നു് ഫക്കീർചന്ദ്രൻ ആശിച്ചു. എന്നാൽ, ഈ വീട്ടിൽ നിന്നു് പുറത്തേക്കു് കാലെടുത്തുവെച്ചാൽ, തന്നേ ഗ്രാമവാസികൾ വേട്ടനായ്ക്കളേപ്പോലേ പിന്തുടൎന്നുവരുമെന്നു് ഓൎത്തപ്പോൾ അവന്റേ ആ ആശ അററുപോയി. അവൻ ഒന്നും ചെയ്യുവാൻ കഴിയാതേ അവിടേ അടങ്ങിയിരുന്നു.

മാക്കൻ ലാലിൻേറ ഇരുഭാൎയ്യമാരും അവിടേ വന്നു നിന്നപ്പോരം, ഫക്കീർ അവരേ കൈകൂപ്പി വണങ്ങിക്കൊണ്ടു "അമ്മേ, ഞാൻ നിങ്ങാംക്ക് ഒരു മകനേപ്പോലേയാണേ!" എന്നു കേണു താണു പറഞ്ഞു.

അവരിൽ ഒരുവരം തൻേറ കാപ്പണിക്കൈ അവൻേറ മൂക്കിന്നു നേരേ നീട്ടി, വാളെന്നപോലേ വീശിക്കൊണ്ട്, ,,നാശം പിടിച്ച പിശാചേ, നിങ്ങാം എന്നേ അമ്മയെന്നോ വിളിക്കുന്നതു്!" എന്നു വെൺകലധ്വനിയിൽ ഗജ്ജിച്ചു.

മററവളുടേ സ്വരം ഇതിനേക്കാരം രണ്ടു മടങ്ങ് കൂടുതലായി ഉയന്ന് ആ ഗ്രാമവാസികരംക്ക് പരക്കേ നടുക്കമുണ്ടാക്കി:—,,നിങ്ങളുടേ കണ്ണു രണ്ടും കുരുണ്ടുപോയോ! മരണത്തിന്നും നിങ്ങാം വേണ്ടാതായോ!"

നാവ്, കുസലൊട്ടുമില്ലാതേ തള്ളിവിടുന്ന ഇത്തരം ദുർവ്വാക്കുകരം ഫക്കീർ അവൻേറ ഭാൎയ്യയിൽ നിന്ന് ഒരിക്കലും കേട്ടു പരിചയിച്ചിട്ടില്ല. അവൻ വീണ്ടും കൈകൂപ്പി നിന്നു, ,,നിങ്ങാം എന്നേ തെററിദ്ധരിച്ചിരിക്കയാണു്. ഞാൻ ഇതാ ഈ വെളിച്ചത്തു് മാറി നില്ക്കാം. എന്നേ നിങ്ങളൊന്നു സൂക്ഷിച്ചു നോക്കുക" എന്നു അപേക്ഷിച്ചു. മൂത്തവളും ഇളയവളും ഒന്നിനൊന്നു തുടന്നുകൊണ്ടു പറഞ്ഞു:—

,,മതി, മതി, നോക്കിയതു്! നോക്കി നോക്കി കണ്ണു പൊട്ടിക്കഴിഞ്ഞു! നിങ്ങളൊരു കുട്ടിയല്ല. നിങ്ങാംക്ക് ഇന്നു് പുതിയൊരു ജന്മം ഉണ്ടായിട്ടുമില്ല. നിങ്ങളുടേ വായിൽ നിന്നു് മുലപ്പാൽ മണം മാറിപ്പോയിട്ടു് എത്രയോ

കാലമായി. മരവും മലയുംപോലേ അത്രയും വയസ്സായി ല്ലേ നിങ്ങൾക്ക്! നിങ്ങളേ കാലൻ മറന്നിരിക്കാമെങ്കിലും ഞങ്ങൾ മറന്നിട്ടില്ല."

ഭൎത്താവിന്നും ഭാൎയ്യമാൎക്കും തമ്മിൽ ഈ രീതിക്കുള്ള സംഭാഷണം അവിടേ നീണ്ടു നില്പ്പാനുണ്ടായില്ല. എന്തു കൊണ്ടെന്നാൽ—ഫക്കീർ ഒരക്ഷരംപോലും ശബ്ദിച്ചില്ല. അവൻ തികച്ചും നിശ്ശബ്ദനായി തലതാഴ്ത്തിക്കൊണ്ടേ യിരുന്നു. ആ സ്ത്രീകളിൽ നിന്നുയരുന്ന ഘോരശബ്ദം കേട്ട് പുറത്ത് ആളുകൾ കൂടുന്നതുകണ്ടു ഷഷ്ഠിചരണൻ ഫ ക്കീറിന്റേ മുമ്പിൽ വന്നു.

"ഇത്രയും നാൾ എന്റേ വീട്ടിൽ ഒരു വക കോലാ ഹലവുമുണ്ടായിട്ടില്ല. എപ്പോഴും നിശ്ശബ്ദമായിട്ടാണിരു ന്നത്. ഇന്ന് എത്ര സന്തോഷ ബഹളമായിരിക്കുന്നു! മാക്കൻ മടങ്ങി വന്നിരിക്കയല്ലേ!"

ഷഷ്ഠിചരണനേ കണ്ട ഉടനേ, "അമ്മാമ", നിങ്ങളു ടേ മകന്റേ ഭാൎയ്യമാരിൽ നിന്ന് എന്നേ രക്ഷിക്കണേ!" എന്ന് ഫക്കീർ പ്രാൎത്ഥിച്ചു.

"കുട്ടാ, നീ പലകാലം വേർപിരിഞ്ഞു പാൎത്തിട്ട് ഇ പ്പൊഴല്ലേ വന്നു ചേൎന്നിട്ടുള്ളു. അതുകൊണ്ട് ആദ്യമാദ്യം ഇവിടേ എല്ലാററിലും ഒരു വക പിടിപ്പുകേട് നിനക്ക് തോന്നിയേക്കാവുന്നതു തന്നേ. മക്കളേ, നിങ്ങൾ ഇപ്പോൾ അകത്തേക്കു പോകുക. നമ്മുടേ മാക്കൻ ഇനി എന്നും ഇ വിടേത്തന്നേ ഉണ്ടാകും. ഇനി ഇവനേ ഇവിടേ നിന്നു പോകുവാൻ ഞാൻ വിടില്ല."

സ്ത്രീകൾ ഇരുവരും പോയി. ഫക്കീർ ചന്ദ്രൻ ഷഷ്ഠി

ചരണനോട്ട് പറഞ്ഞു:—„അമ്മാമ, നിങ്ങളുടേ മകൻ ഈ ഭാൎയ്യമാരേ വെടിഞ്ഞു് നാടുവിട്ടുപോയതു് എന്തുകൊണ്ടെന്നു് ഇപ്പോഠം ഞാൻ ശരിയായി അറിഞ്ഞു. അമ്മാമ, ഞാനിതാ, നിങ്ങളേ നമസ്കരിക്കുന്നു. ഇനി ഞാൻ പോകട്ടേ.‟

ഷഷ്ഠീചരണൻ വാവിട്ടു കരഞ്ഞു തുടങ്ങി. മാക്കൻ അവൻേറ അച്ഛനേ അടിക്കയാണെന്നു് ധരിച്ച് ഗ്രാമവാസികഠം വലിയ ആരവത്തോടുകൂടി വീട്ടിലേക്ക് കടന്നുവന്നു. „നിൻേറ ഈ സന്യാസഭ്രാന്തു് ഇനി ഇവിടേ പററുകയില്ല‟ എന്നായി അവരെല്ലാവരും. കുലീന കുടുംബത്തിലേ മകനേപ്പോലേ മൎയ്യാദയോടുകൂടി നടന്നാൽ മാത്രമേ രക്ഷയുള്ളൂവെന്നും അവർ ശാസിച്ചു. അവരിലൊരാഠം, „ഇവൻ പരമഹംസനല്ല, പരമബകനാണ്‟ എന്നൊരഭിപ്രായവും വെച്ചുകൊടുത്തു.

ആ ഗാംഭീൎയ്യം, ആ നീണ്ടിരുണ്ട താടി, ആ ജടാഭാരം ഇതെല്ലാം ഉണ്ടായിരുന്നിട്ടും താൻ ഇതുവരേ കേട്ടിട്ടില്ലാത്ത ദുൎവ്വാക്കുകഠം ഫക്കിരിന്നു് ഇപ്പോഠം ചെവിക്കൊള്ളേണ്ടിവന്നു. ഇവൻ ഓടിപ്പോയേക്കുമോ എന്ന ശങ്കയാൽ, ഗ്രാമവാസികഠം തക്കതായ മുൻകരുതലോടുകൂടിയാണിരുന്നതു്. ഗ്രാമത്തിലേ ജമീൻദാരും ഷഷ്ഠീചരണൻേറ കക്ഷിയിൽത്തന്നേ ചേൎന്നു.

ഈ കാവലുകളും തടങ്ങലുകളുമെല്ലാം കണ്ടു് ഇനി മരിച്ചാലല്ലാതേ, ഈ വീട്ടിൽ നിന്നു് വെളിയിൽ കടക്കുവാൻ കഴികയില്ലെന്നു് ഫക്കീർ അറിഞ്ഞു്. ഏകനായി അറയിൽ ഇരുന്നുകൊണ്ടു—

„കോറംകൊടോ, മൂഢചിത്തമേസാമ്പ്രതം
മോക്ഷസിദ്ധിക്കുചേരും പ്രിയോക്തിനീ”

എന്നിങ്ങിനേ പാടിത്തുടങ്ങി. ഈ ഗാനത്തിൽ ആത്മിക വിഷയമായി അടങ്ങിക്കിടക്കുന്ന സാരം ഫക്കീരിന്റേ മനസ്സിൽനിന്നു ഒട്ടൊട്ടു മറഞ്ഞുപോയിക്കഴിഞ്ഞിരിക്കുന്നു.

അങ്ങിനേയിങ്ങിനേ ഓരോ നാളും അവൻ പണിപ്പെട്ടു പിൻതള്ളിവിട്ടുവന്നു. അതിലിടയ്ക്കു, മാക്കൻ വന്നെത്തിയിരിക്കുന്നുവെന്ന വൎത്തമാനം കേട്ടു ആ വീട്ടിലേ ബന്ധുമിത്രങ്ങൾ കൂപ്പൽ കൂപ്പലായി വന്നുകൂടി. അവർ അവിടേ എത്തിയ ഉടനേ ആദ്യം ചെയ്തതു് ഫക്കീറിന്റേ നീണ്ടതാടി വലിച്ചിഴക്കുകയാണു്. ഇതു് ശരിയായി വളൎന്ന താടിയല്ലെന്നും കൃത്രിമവേഷം ധരിക്കുവാൻ പശകൊണ്ടൊട്ടിച്ച കള്ളത്താടിയാണെന്നുമാണു് അവരുടേ പക്ഷം.

അവർ അവന്റേ മീശപിടിച്ചു മുറുക്കി വലിച്ചതു, ഫക്കിരിനേപ്പോലേയുള്ള മഹാപുരുഷന്മാൎക്കുപോലും അവരുടേ ഗൌരവത്തേ നിലനിൎത്തിക്കൊണ്ടു ഗംഭീരമായിരിക്കുവാൻ കഴിയാത്ത മട്ടിലായിരുന്നു. ഇതിന്നു പുറമേ അവന്റേ ചെവികൾക്കും അവർ ദ്രോഹം നൽകി. കാതുപിടിച്ചു തിരുകിയപ്പോഴുണ്ടായ വേദന അതിദുസ്സഹമായിരുന്നുവെന്നതിരിക്കട്ടേ. അവരുടേ വായിൽ നിന്നു ഇടവിടാതേ ഉതിരുന്ന ദുൎവ്വാക്കുകളാൽ, അവന്റേ ചെവികൾ തിരുകാതേതന്നേ ചൊകന്നുപോയി!

പിന്നീടു് അവർ ഫക്കീറിന്റേ മുമ്പിലിരുന്നു പല പല പാട്ടുകൾ പാടിത്തുടങ്ങി. ഇന്നത്തേ പുതിയ വി

ടപ്പാന്മാർക്കുടിയും ആ പാട്ടുകളേ ആത്മികമായി വ്യാഖ്യാനിക്കുന്നതിന്നു വിഷമിക്കും. ഫക്കീർ ഉറങ്ങിക്കിടക്കുമ്പോൾ, രോമങ്ങൾക്കിടയിൽ അല്പം മാത്രം അവശേഷിച്ചിട്ടുള്ള കവിൾത്തടത്തിൽ അവർ ചുണ്ണാമ്പും കരിയും തേച്ചുവിടും. ഇളന്നീരാണെന്നു പറഞ്ഞു് ഹുക്കാവെള്ളവും, പാലാണെന്ന നിലയിൽ മാവുവെള്ളവും കൊടുത്തു് അവർ അവനേ കളിപ്പിക്കും. കാൽതെററിച്ചോ, ഇരിപ്പിടം ഇളക്കിയോ അവർ അവനേ ചതിച്ചു വിഴ്ത്തും. ചിലപ്പോൾ അവനറിയാതേ വാൽ കെട്ടിവിടും. ഇത്തരം വിനോദപരമായ ഉപദ്രവങ്ങളാൽ, ഫക്കീരിൽ വാനോട്ടുമ്മി നില്ക്കുന്നുണ്ടായിരുന്ന ഗാംഭീര്യം ഇടിഞ്ഞു തകന്നു് ഭൂനിരപ്പിൽ കലന്നു മറഞ്ഞു.

ഫക്കീർ കോപ കലുഷിതനായി; സന്താപാകുലനായി; കടുകടുത്തു ചാടി; മുറുമുറുത്തു നിന്നു—എന്നാൽ ഇതിന്നൊന്നിന്നും ആ ശല്യകാരിണികളേ നിരോധിക്കുവാൻ ഒട്ടുംതന്നേ ശക്തിയുണ്ടായില്ല. പ്രത്യുത, സാമാന്യന്മാൎക്കുപോലും അവനേ അധികമായി പരിഹസിക്കുന്നതിന്നാണു് ഈ ഭാവപ്പകച്ച ഹേതുവായതു്. ഇതിന്നെല്ലാം പുറമേ, അന്തഃപുരത്തിലേ തിരശ്ശീലയ്ക്കപ്പുറത്തു നിന്നു് മധുരസ്വരത്തിൽ ഇടയ്ക്കിടേ പ്രത്യേകമൊരു ചിരി അവന്റെ കണ്ണുകളിൽ പ്രവേശിക്കാറുണ്ടു്; ആ സ്വരം തനിക്കു് പരിചിതമായതുതന്നേയെന്നു് അവൻ ഓത്തപ്പോൾ അവന്റെ മനസ്സിൽ പതിന്മടങ്ങു ഭയം കൂടി.

ഈ സ്വരം വായനക്കാൎക്കും പരിചിതം തന്നേ. ഷഷ്ടിചരണൻ ഏതോ ഒരു വഴിക്കു് ഹൈമവതിയുടേ അ

മ്മാമനാണെന്നു പറഞ്ഞാൽ, ആ സ്വരം ആരുടേതാണെന്നറിയുവാൻ വായനക്കാൎക്ക് വേറേ വിവരണമൊന്നും ആവശ്യമുണ്ടാകയില്ല. വിവാഹം കഴിഞ്ഞതിൽപ്പിന്നേ അമ്മായിയിൽനിന്ന് പലേ ദ്രോഹങ്ങളും ഏല്ക്കുന്ന ഹൈമവതി, തനിക്ക് അമ്മയും അച്ഛനും ഇല്ലാതിരുന്നതുകൊണ്ട്, അമ്മ വഴിക്കുള്ള ബന്ധുക്കളിൽ ആരുടേയെങ്കിലും വീട്ടിൽ ഇടയ്ക്കിടേ ചെന്ന് ഏതാനും നാൾ പാൎക്കുപതിവാണ്. ഈ അമ്മാമന്റെ വീട്ടിൽ അവൾ ഇപ്പോൾ വന്നിരിക്കുന്നത്, മുമ്പൊരിക്കൽ വന്നിട്ട് പല നാൾ കഴിഞ്ഞതിൽപ്പിന്നേയാണ്. അവൾ ഇവിടേ അന്തഃപുരത്തിൽ പാൎത്തുകൊണ്ട്, ഹാസ്യരസപ്രധാനമായ അഭിനയങ്ങളോടുകൂടി നടന്നു വരുന്ന ഈ നാടകം കണ്ടു രസിച്ചു കഴികയാണ്. വിനോദം കാണുന്നതിൽ അവൾക്ക് പ്രകൃത്യാ ഉള്ള ഔത്സുക്യത്തിന്നു പുറമേ, ഇതിൽ പ്രത്യേകം പ്രതികാരേച്ഛകൂടിയും അവൾക്കുണ്ടോ ഇല്ലയോ എന്നതു് ചരിത്രാന്വേഷകന്മാർ വാദിച്ചു തീൎമാനിച്ചുകൊള്ളട്ടേ; എനിക്കതു വയ്യ.

കളിയാക്കിക്കൊണ്ടിരുന്ന ബന്ധുക്കൾ ഇടവിടാതേയുണ്ടായ യത്നത്താൽ ക്ഷീണിച്ച് പിന്മാറിത്തുടങ്ങി. എന്നാൽ, തന്നിൽനിന്ന് വാത്സല്യത്തേ ആകൎഷിക്കുന്നതിന്ന് കൊഞ്ചിക്കുഴഞ്ഞുവരുന്ന കുട്ടികളിൽ നിന്നു് രക്ഷ കിട്ടുവാൻ ഫക്കീർ ഒരു വഴിയും കണ്ടില്ല. ആ ഏഴു പെൺകുട്ടികളും ആ ആൺകുട്ടിയുംകൂടി അവനേ എപ്പോഴും പൊറുതികെടുത്തുകൊണ്ടേയിരുന്നു. അച്ഛന്റേ വാത്സല്യത്തിന്ന് വിഷയമാകേണ്ടതിലേക്ക് ആ കുട്ടികളേ ആ രണ്ടു

മ്മമാരും പരസ്പരം മത്സരിച്ചുകൊണ്ടുതന്നേ പ്രേരിപ്പിച്ചു. മൂത്തവളുടേ മക്കളേക്കാറം ഭർത്താവ് തൻേറ മകനേ സ്നേഹിക്കേണമെന്നു ഇളയവളും, ഇളയവളുടേ മകനേക്കാറം തൻേറ മക്കളേ സ്നേഹിക്കേണമെന്നു മൂത്തവളും സ്സുഢയോടേ കരുതിക്കൊണ്ടു് അതിന്നുതക്കവണ്ണം പ്രവർത്തിക്കുവാൻ അവരിരുവരും മക്കളേ പരിശീലിപ്പിച്ചുവിട്ടു. ആ കുട്ടികറം അച്ഛൻേറ കഴുത്തിൽ കൂട്ടത്തോടേ കെട്ടിപ്പിടിച്ചും മടിയിൽ കയറിയിരുന്നും മുഖത്തു് ചുംബിച്ചുംകൊണ്ടു്, പ്രേമപ്രദശ്ശനത്തിൽ വിജയേച്ഛയോടേ മത്സരിക്കുന്നതിന്നു് ആ അച്ഛൻേറ ശരീരം രംഗമാക്കിത്തീർത്തു.

ഫക്കീർ ചന്ദ്രൻ ജന്മനാ സ്നേഹബന്ധമില്ലാത്തവനാണു്. അതുണ്ടെങ്കിൽ, അവൻ സ്വന്തം മക്കളേ ഇത്ര നിർദ്ദയനായി കൈവിട്ടുകളയുമോ? കുട്ടികറംക്കു് ഭക്തിപൂർവ്വം പരിചരിക്കുവാൻ അറിഞ്ഞുകൂടാ. അവർ യോഗികളുടേ മുമ്പിൽ മര്യാദയോടേ വർത്തിക്കുവാൻ പഠിച്ചിട്ടുമില്ല. അതുകൊണ്ടുതന്നേയാണു് ഫക്കീരിന്നു് കുട്ടികളിൽ ഒട്ടുംതന്നേ പ്രിയമില്ലാതായതു്. ഈ കുട്ടികളേ അവൻ കൃമികളേപ്പോലേ അകററുവാൻ ശ്രമിച്ചു. എന്നാൽ, അവർ ഈച്ചകളേപ്പോലേ അവനേ പൊതിയുകയാണു് ചെയ്തതു്. പുസ്തകത്തിലേ ഏട്ടിൽനിന്നു് അടന്നു ചിതറിക്കിടക്കുന്ന അക്ഷരങ്ങറംപോലേ കുട്ടികറം അവൻേറ ചുററും കൂടി. ആ കുട്ടികറം വയഃക്രമത്തിൽ വ്യത്യസ്തരാണെങ്കിലും നടപടിയിൽ തുല്യരാണു്. ആ നടപടികളാവട്ടേ, അതു് കാണുന്നവക്കുതന്നേ വെറുപ്പു തോന്നത്തക്ക

രീതിയിലാണ്. പരിശുദ്ധാഹൃദനായ ആ ഫക്കീരിന്റെ കണ്ണിൽനിന്നുകൂടി അവർ അശ്രുധാരയുണ്ടാക്കി. ആ കണ്ണീർ ആഹ്ലാദത്താൽ ഉണ്ടായതല്ലെന്നു് തിച്ച തന്നേ.

അന്ത്യന്റെ ആ മക്കാം മിക്ക രാവിലും 'അച്ഛ, അച്ഛ' എന്നു വിളിച്ച് കൊഞ്ചിക്കുഴഞ്ഞു വരുന്നതു കാണുമ്പോാം തന്റെ ശക്തി മുഴുവൻ പ്രയോഗിച്ച് അവരേ ആഞ്ഞാറഞ്ഞു വിട്ടാലെന്താണെന്നു് അവന്നൊരു തോന്നലുണ്ടാകും. എന്നാൽ, ഭയംകൊണ്ടു് അവന്നു് അങ്ങിനേ ചെയ്യുവാൻ കഴികയില്ല. വല്ലാത്ത വെറുപ്പോടുകൂടി കണ്ണും മുഖവും ചുളിച്ചുകൊണ്ടു് അടങ്ങിയിരിക്കകയെന്നായി അവന്റെയോഗം.

'ഞാൻ ലോകകത്തന്നേ ചെയ്യും; എന്നേ ആരാണ് തടുക്കുന്നതെന്നു് നോക്കട്ടേ' എന്നു് ഫക്കീർ, ഒടുവിൽ, ഉറക്കേ നിലവിളിച്ചു പറഞ്ഞു.

അതേ സമയത്തുതന്നേ ഗ്രാമത്തിൽ നിന്നു് ഒരു വക്കീൽ അവിടേ വന്നു.

'താങ്കാംക്കു് രണ്ടു് ഭാൎയ്യമാരുണ്ടെന്നറിയാമോ?' എന്നാണ് ആ വക്കീലിന്റെ ആദ്യത്തേ ചോദ്യം.

'ഇവിടേ വന്നതിൽപ്പിന്നേയാണ് ഞാൻ അതു് അറിഞ്ഞതു്.'

'താങ്കാംക്കു് ഏഴു പെൺകുട്ടികളും ഒരാൺകുട്ടിയുമുണ്ടു്. അതിൽ രണ്ടു പെൺകുട്ടികാംക്കു് വിവാഹത്തിന്നു് കാലമായിരിക്കുന്നു.'

'ഇക്കാൎയ്യമെല്ലാം എന്നേക്കാാം താങ്കാംക്കറിയാം.'

'ഈ വലിയ കുടുംബത്തേ രക്ഷിക്കേണ്ട ഭാരം നി

ങ്ങാം ഏല്പാതിരുന്നാൽ, താങ്കളുടേ ഭാൎയ്യമാർ വേറേ ഗതിയില്ലാതേ കോടതിയിൽ കയറുമെന്ന് ഞാൻ താങ്കളേ മുൻകൂട്ടിത്തന്നേ അറിയിച്ചുകൊള്ളുന്നു".

ഫക്കീരിന്ന് കോർട്ടിൽ കയറുകയെന്നത് മററെല്ലാററിനേയുംകാൾ ഭയംകരമാണ്. കോടതിയിൽ വക്കീൽമാർ 'എതിർവിസ്താരം' ചെയ്യുമ്പോൾ യോഗ്യന്മാക്കുള്ള മാനം, മൎയ്യാദ, ഗൌരവം എന്നിവയൊന്നും വക വെക്കാറില്ലെന്ന് അവന്നറിയാം. അവിടേ പരസ്യമായി അപമാനിക്കുന്നതിന്നു പുറമേ, അത് അങ്ങിനേതന്നേ പത്രങ്ങളിൽ പ്രസിദ്ധീകരിക്കയും ചെയ്യും. ഫക്കീർ കരയുകതന്നേ ചെയ്തു പോയി. തന്റേ വാസ്തവസ്ഥിതി ആ വക്കീലിന്റേ മുമ്പിൽ വെളിപ്പെടുത്തുവാൻ അവൻ ശ്രമിച്ചു. എന്നാൽ, ആ മനുഷ്യൻ ചെയ്തത്, ഫക്കീരിന്ന് സന്ദൎഭോചിതമായ നയപ്രയോഗചാതുൎയ്യവും കല്പിതകഥാരചനയിൽ കുശലതയുമുണ്ടെന്ന് വെച്ചുകെട്ടിപ്പുകഴ്ത്തുകയാണ്. ഇതു കണ്ടപ്പോൾ, ഫക്കീരിന്ന് തന്റേ കൈകാലുകളേ തന്നേ കടിച്ചുമുറിച്ചു തിന്നേക്കാമെന്ന് തോന്നിപ്പോയി.

അവൻ വീണ്ടും ഒളിച്ചോടിപ്പോകുവാൻ ശ്രമിച്ചു. അതറിഞ്ഞ് ഷഷ്ഠിചരണൻ വീണ്ടും വാവിട്ടു കരഞ്ഞു. അതുകേട്ട് അപ്പോഴും ഗ്രാമവാസികൾ വന്ന് അവനേ വായിൽ വന്നപോലേയെല്ലാം ശകാരിച്ചു. അക്കൂട്ടത്തിൽ അവനേ അധിക്ഷേപിക്കുവാൻ ആ വക്കീലും ചേൎന്നു. ആ കപ്പാടേ ഫക്കീരിന്ന് ഒന്നുംതന്നേ പറയുവാനും ചെയ്യുവാനും കഴിഞ്ഞില്ല.

ഇതിന്നുപുറമേ, ആണും പെണ്ണുമായി എട്ടു കുട്ടികൾ

സ്നേഹത്തോടുകൂടി വന്നു്, അവനേ ചുഴന്നു നിന്നു്, മുറുകേ കെട്ടിപ്പിടിച്ചു്, ശ്വാസോച്ഛ്വാസംചെയ്യുവാൻ പോലും കഴിയാതാക്കിക്കൊണ്ടിരുന്നു. അതു് തിരശ്ശീലയ്ക്കകത്തു നിന്നു് നോക്കിക്കൊണ്ടിരുന്ന ഹൈമവതി ചിരിച്ചുവോ കരഞ്ഞുവോ എന്നു തീൎത്തു പറയുവാൻ എനിക്കു വയ്യ.

ഫക്കീർ വേറേ വഴിയൊന്നും കാണാതേ തന്റേ അച്ഛന്നു് കത്തയച്ചു് ഇപ്പോഴത്തേ ഈ സ്ഥിതി മുഴുവൻ അറിവു കൊടുത്തു. ആ എഴുത്തു കിട്ടിയ ഉടനേ ഫക്കീരിന്റേ അച്ഛനായ ഹരിചരണൻ അവിടേ വന്നു ചേൎന്നു. എന്നാൽ, ആ ഗ്രാമത്തിലേ നിവാസികളും, ജമിൻദാരും വക്കീലും അദ്ദേഹത്തിന്നു് ഫക്കീരിനേ വിട്ടുകൊടുത്തതേയില്ല.

ഈ താടിക്കാരൻ, ഫക്കീരല്ലാ മാഖൻ തന്നേയെന്നുള്ളതിലേക്കു് അവർ ആൎക്കും എതിൎക്കുവാൻ വയ്യാത്ത പലപല തെളിവുകൾ ഹാജരാക്കി. മാഖനേ ശൈശവത്തിൽ എടുത്തു വളൎത്തിയ വൃദ്ധദാസിയേക്കൂടിയും സാക്ഷിയായി വരുത്തി.

അവൾ ഭയത്താൽ വിറച്ചുകൊണ്ടിരുന്ന കൈകളാൽ ഫക്കീരിന്റേ താടിയിൽ പിടിച്ചു് മുഖമുയൎത്തി അതു് ഉററു നോക്കി നിന്നുകൊണ്ടു് അവനെ ധാരധാരയായി കണ്ണീർ വാൎത്തുമാറാക്കി.

അതുകൊണ്ടും ഫക്കീർ, താൻ മാഖനാണെന്നു് ഏല്ക്കായ്കയാൽ, സ്ത്രീകളിരുവരും മൂടുപുടവയിൽ മറഞ്ഞുകൊണ്ടു് അവിടേ വന്നു. ഇതു കണ്ടു്, ഗ്രാമവാസികളെ

ല്ലാം സംഭ്രമത്തോടുകൂടി പുറത്തേക്ക പോയി. അകത്തു് ആ രണ്ടു് അച്ഛന്മാരും ഫക്കീരും, ആ സ്ത്രീകളും കുട്ടികളും മാത്രമായി.

ആ സ്ത്രീകൾ ഇരുവരും കൈകൾ വീശിക്കൊണ്ടു് „ഏടോ, ദുമ്മുഖ, യമലോകത്തേക്കു് പോകുവാൻ ഏതു വഴിയാണു് നീ അന്വേഷിക്കുന്നതു്!" എന്നാക്ഷേപിച്ചു.

വഴിയേതെന്നു് തീൎത്തു പറയുവാനാണു് അവന്നു് കഴിയാത്തതു്. അതുകൊണ്ടു് ഫക്കിർ ഒന്നും മിണ്ടിയില്ല. പോകേണ്ടതു് യമലോകത്തേക്ക തന്നേയായാൽ അതിലേക്കുള്ള വഴി ഏതായിരുന്നാലെന്താണു്! ഈ വീട്ടിൽ നിന്നു് ഒരേ ഒരു പ്രാവശ്യം പുറത്തു കടക്കുവാൻ കഴിഞ്ഞാൽ, ആ വഴി ഏതായിരുന്നാലും, തനിക്കു് രക്ഷ തന്നേയായി എന്നു് അവൻ വിചാരിച്ചു.

ഈ ഘട്ടത്തിൽ മറെറാരു സ്ത്രീരൂപം അവിടേ വന്നു് ഫക്കീരിനേ നമസ്കരിച്ചു.

ആദ്യം ഒരു വാക്കപോലും പുറപ്പെടുവിക്കുവാൻ ഫക്കീരിന്നു് കഴിഞ്ഞില്ല. പിന്നീടു്, മനസ്സു് നിറയേ സന്തോഷത്തോടുകൂടി „ഇതാര്! ഹൈമവതിയോ!" എന്നു് ഉച്ചരിച്ചു.

പരസ്ത്രീകളേത്തന്നേയല്ലാ, തന്റേ കളത്രത്തേത്തന്നേയും കാണുമ്പോൾ ഇത്രയും പ്രേമം ഫക്കീരിന്റേ നേത്രങ്ങളിൽ ഇതിന്മുമ്പൊരിക്കലും ഉജ്വലിക്കുകയുണ്ടായിട്ടില്ല. മുക്തി തന്നേ മൂൎത്തിമത്തായി തന്റേ സമക്ഷം വന്നുനില്ക്കയാണെന്നു് അവന്നു് തോന്നി.

*　　*　　*　　*

മറെറാരാാംകൂടിയും, സാൽവയാൽ മുഖംമൂടി മറച്ച് ഒളിവിൽനിന്ന് ഈ വിനോദങ്ങളെല്ലാം കണ്ടു വരുന്നുണ്ടു്. അവനാണ് മാക്കൻലാൽ. അപരിചിതനായ ഒരാളേ നിബ്ബന്ധിച്ച് തൻേറ പദത്തിൽ കയററി വെച്ചിരിക്കുന്ന ഈ നേരമ്പോക്ക് അവൻ ബഹുരസത്തോടുകൂടി നോക്കി നില്ക്കുയായിരുന്നു, ഹൈമവതി അവിടെ വന്നതു കണ്ട ഉടനേ, ആ നിരപരാധിയായ മനുഷ്യൻ തൻേറ ഒരു സഹോദരിയുടേ ഭത്താവാണെന്ന് അറിഞ്ഞപ്പോാം, ആയാളിലുണ്ടായ കാരുണ്യത്താൽ മാക്കൻലാൽ വെളിവിൽ വന്നു.

„നില്ക്കട്ടേ! നമ്മുടേ ഒരു ബന്ധുവിനേ ഇത്രയും ദ്രോഹിച്ചതുതന്നേ മഹാപാപമായി.”—ഇങ്ങിനേ അഭിപ്രായപ്പെട്ടതിനുശേഷം അവൻ തൻേറ ഓരോ ഭാര്യയേയും ചൂണ്ടിക്കാണിച്ചുകൊണ്ടു്, „മുങ്ങിച്ചാകുന്നതിന്ന് എനിക്കുള്ള കയറാണിവാം; അതിലേക്കു തന്നേയുള്ള കുടമാണ് ഈയിവാം” എന്ന് പരിഹസിച്ചു പറഞ്ഞു.

മാക്കൻലാലിൻേറ ഈ അസാധാരണമായ പൌരുഷത്തേയും വീയ്യത്തേയും കണ്ടു് അത്ഭുതപ്പെടാത്തവർ ആ ഗ്രാമവാസികളിൽ ആരുമില്ല!

---

# ജീവിതശോകം.

അല്ലാ,; ഞാൻ അവളിൽ, നിശ്ചയമായും, അനുരക്തനല്ല; അങ്ങിനേയാകുക അസാദ്ധ്യം തന്നേ. ഒരിക്കൽ രാഗപൂൎണ്ണനായിത്തീൎന്ന ഒരുവൻ, വിണ്ടും അങ്ങിനേയാകുക സംഭാവ്യമാണോ? എനിക്ക് മേനകാദേവിയിൽ പ്രിയമുണ്ടായിരിക്കാം. അവളേ് കാണുവാനും, അവളോട്ട് സംസാരിക്കുവാനും, അവളുടേ വാക്ക് കേൾക്കുവാനും എനിക്ക് ഇഷ്ടമുണ്ട്. ഒരാൾക്ക് ആയാളുടേ മിത്രത്തോടുള്ള ആ സ്നേഹവിശേഷമാണ് എനിക്ക് മേനകയോടുള്ളത്. എൻേറ ഈ കഥ കേട്ട് വായനക്കാർ എന്നേ തെററിദ്ധരിച്ചേക്കാം. എനിക്കു തന്നേ എൻേറ സ്വന്തം വികാരങ്ങളേക്കുറിച്ച് സംശയമുണ്ടായിട്ടുണ്ട്. എന്നാൽ—ഇല്ല; ഞാൻ വീണ്ടുമൊരിക്കൽ രാഗബദ്ധനായിയെന്ന നിശ്ചയം എനിക്കുണ്ടായിട്ടില്ല. ഒരിക്കൽ രാഗത്തിൽ മുങ്ങിയ ഹൃദയത്തിന്ന് മറെറാരിക്കൽക്കൂടി അങ്ങിനേ ചെയ്യുവാൻ തിച്ചയായും കഴകയില്ല; കഴികയില്ലാ, നിശ്ചയം!

ഞാനൊരു വൈദ്യനാണ്. എൻേറ ജോലിവഴിക്ക് ഒരു അസാധാരണമായ സംഭവത്താൽ ഞാൻ ആ സ്ത്രീയേ കണ്ടു. ഉൾനാട്ടുകളിൽ സഞ്ചരിച്ചുകൊണ്ടിരുന്ന ഞാൻ, ഒരുനാൾ ഒരു ചെറുഗ്രാമത്തിൽ ചെന്നു ചേൎന്നു. പത്തു പന്ത്രണ്ടു മൺകുടിലുകളും, ധനികന്മാൎക്കു പാൎക്കുവാനുള്ള രണ്ടു മൂന്നു വീടുകളും മാത്രമുള്ള ഗ്രാമങ്ങളിൽ ഒന്നാണത്.

ഞാൻ വളരേ ക്ഷീണിച്ചിരുന്നു. നദീതീരത്തിൽ ഏകനായി വിശ്രമിക്കവേ, ഒരു ഭൃത്യൻ അവിടേ വന്ന് എന്നേ വിസ്മയിപ്പിക്കുമാറ് ഇങ്ങിനേ ചോദിച്ചു:—

„സാർ, നിങ്ങൾ ഡാക്കിട്ടരാണോ! എൻേറ കൊച്ചമ്മ സുഖമില്ലാതിരിക്കയാണ്. നിങ്ങൾ വന്ന് ചികിത്സിച്ചാൽ കൊള്ളാം.''

അങ്ങിനേ ഞങ്ങൾ തമ്മിൽ കണ്ടു. ചുരുക്കം നാൾ കൊണ്ട് ഞങ്ങൾ മിത്രങ്ങളായിത്തീരുകയും ചെയ്തു.

പിന്നേയും എനിക്കുണ്ടായ അനുഭവം അസാധാരണം തന്നേ. തുടക്കം മുതല്ക്കേ, അവളുടേ കരസ്പർശം, അവളുടേ സ്വരം, അവളുടേ പുഞ്ചിരി എന്നിതെല്ലാം എന്നിൽ പ്രിയവികാരങ്ങൾ അങ്കുരിപ്പിച്ചു തുടങ്ങി. മുമ്പ് എനിക്ക് പരിചയമുള്ള ഒരാളേ അവൾ, അത്ഭുതമാമ്മാറ് എന്നേ ഓർമ്മിപ്പിച്ചു. അവളുടേ നയനശോഭ എന്നിലായിരിക്കുമ്പോൾ അതിൽക്കൂടി ഞാൻ മറെറാരാളുടേ— കഴിഞ്ഞുപോയ നാളുകളിൽ ഞാൻ പരിചയിച്ചിട്ടുള്ള ഒരാളുടേ വീക്ഷണത്തേ കാണും. അവളുടേ വാക്കുകളിൽ നിന്ന് ഞാൻ മറെറാരാളുടേ സ്വരം കേൾക്കും. അവളുടേ കൈകളേ സ്പർശിക്കുമ്പോൾ ഞാൻ മറെറാരാളുടേ സ്പർശത്തേ സ്മരിക്കും. ഈ പൂർവ്വാനുഭവ സ്മരണയാൽ അവളേ നോക്കുമ്പോഴും, അവളുടേ കരങ്ങളേ ഗ്രഹിക്കുമ്പോഴും ഞാൻ തന്നെത്താൻ ഹർഷോന്മത്തനായിത്തീരുക പതിവായി.

എൻേറ വായനക്കാരൻ ഇപ്പോൾ എന്നേ സംശയിച്ചുകൊണ്ടു നോക്കി മന്ദഹസിക്കയായിരിക്കാം.

"അതേ, അതേ; വ്യാമോഹത്താൽ, മനുഷ്യന്ന് ഇങ്ങിനേയൊക്കേ തോന്നും. അനംഗരാഗ കുസുമത്തിൻേറ സൌരഭ്യം വീണ്ടു വീണ്ടുമായി എത്രയെത്രയേററാലും മനുഷ്യൻ തളരുകയില്ല. അതിനേ തൻേറ സുഖത്തിന്ന് യോഗ്യമാക്കിത്തീക്കുകയേ അവൻ ചെയ്കയുള്ളൂ. വേണ്ടിവന്നാൽ, അതിനേ അവൻ വ്യവച്ഛേദിക്കുവാൻ പുറപ്പെടും. ഇതു് ഒരു മുകുളമോ, പൂർണ്ണവികസിത പുഷ്പമോ എന്ന് അവൻ ചോദിക്കും"—എന്നിങ്ങിനേ നിങ്ങൾ പറയുമായിരിക്കാം.

അതു് ശരിതന്നേ. എന്നാൽ, ഒരു മുകുളത്തിന്നും പൂർണ്ണമായി വികസിച്ച പുഷ്പത്തിന്നും തമ്മിലുള്ള വ്യത്യാസം എനിക്ക് നല്ലവണ്ണം അറിയാം. എനിക്ക് അവളിലുണ്ടായതു് മദനരാഗമല്ലാ, മൈത്രിയാണെന്നും ഞാൻ അറിയും. ശോഭനവും ദയാർദ്രവും ദൃഢമൂലവുമായ മൈത്രിയാണതു്. ദേവന്മാർ മർത്ത്യന്മാൎക്ക് സുദുല്ലഭമായി നൽകുന്ന ഒരനുഗ്രഹമാണതു്. ഇത്തരത്തിലുള്ള മൈത്രി പുരുഷന്നും സ്ത്രീക്കും തമ്മിൽ മാത്രമേ നേരിടുകയുള്ളൂ. പുരുഷന്നും പുരുഷന്നുമിടയ്ക്കു് ആ മൈത്രിക്ക് സ്ഥാനമില്ല. തൻേറ ഹൃദയത്തേ തുറന്നു വെക്കുവാനോ, അതിലുള്ള ദുഃഖമയവും ദയനീയവുമായ രഹസ്യങ്ങളേ വെളിപ്പെടുത്തുവാനോ ഒരു മനുഷ്യന്ന് കഴിയുമോ? തൻേറ ആത്മാവിൽ നിന്ന് യവനിക നീക്കി, തൻേറ ജീവിതത്തിൽ ഏററവും ആഴത്തിൽ കിടക്കുന്ന അദ്ധ്യായങ്ങളേ അന്യൻേറ മുമ്പിൽ തുറന്നു കാണിക്കുവാനോ, അതിന്നുപകരമായി ഒരു തുള്ളിയെങ്കിലും അനുതാപ ബാഷ്പത്തേ പ്രതീക്ഷിക്കുവാ

ന്നോ മനുഷ്യന്നു് കഴിയുമോ? ഇല്ലാ; അങ്ങിനേ ചെയ്യുന്നതു് അപഹാസ്യമായിട്ടാണു് തീരുക. ഒരു സ്ത്രീയിൽ നിന്നു് പുറപ്പെടുന്ന കരുണാർദ്രമായ അന്തതാപംകൊണ്ടു മാത്രമേ ഇത്രയും ചെയ്യുന്നതിന്നു് പുരുഷൻ ശക്തനാകയുള്ളു. അതുകൊണ്ടു്, അവളോട്ടു് എൻേറ കഥ മുഴുവൻ പറയാതിരിക്കുവാൻ എനിക്കു് കഴിഞ്ഞില്ല.

അപ്പോൾ സന്ധ്യാകാലമാണു്. ഞങ്ങളിരുവരും തനിച്ചേയുള്ളു. അറയിൽ, മങ്ങി മങ്ങി വിളക്കെരിഞ്ഞുകൊണ്ടിരുന്നു. ആ സുന്ദരവിലോചനങ്ങളാൽ അവൾ എൻേറ മുഖത്തു നോക്കി, ഒന്നു് നെടുവീർപ്പിട്ടതിൽപ്പിന്നേ ഇങ്ങിനേ ചോദിച്ചു:—

„നിങ്ങളുടേ വിചാരങ്ങൾ ഇപ്പോൾ എവിടേയാണു് അലഞ്ഞുകൊണ്ടിരിക്കുന്നതു്? ഒരു തീവ്രശോകത്തിൻേറ ഛായ നിങ്ങളുടേ മുഖത്തു് ഞാൻ കാണുന്നുണ്ടു്. എന്തു് മനോവേദനയാണു് നിങ്ങൾക്കുണ്ടായിരിക്കുന്നതു്?"

തെളിവു കാണിച്ചുകൊണ്ടുള്ള ഈ ചോദ്യത്തിന്നു് മറുപടി കൊടുക്കാതേ അടങ്ങിയിരിക്കുവാൻ മററാരാൾക്കു് കഴിയുമോ എന്നു് എനിക്കറിഞ്ഞുകൂടാ. അങ്ങിനേ ചെയ്യുവാൻ എനിക്കു് കഴിഞ്ഞില്ലെന്നു മാത്രം അറിയാം. എൻേറ കണ്ണുകളിൽ വെള്ളം നിറഞ്ഞു പോയി. „എനിക്കുള്ളതുപോലേയുള്ള മനോവേദന മററൊരു ജീവിക്കും ഉണ്ടാകാതിരിക്കുവാൻ ദൈവം അനുഗ്രഹിക്കട്ടേ" എന്നു് ഞാൻ കരഞ്ഞു പറകയും ചെയ്തു.

കണ്ണീരിന്നിടയിൽക്കൂടി ഞാൻ ആ കൃശാംഗിയേ നോക്കി. ഹാ! ഈ പ്രൌഢയിൽ താരുണ്യ ചൈതന്യം

ഉണ്ടായിരുന്നുവെങ്കിൽ—ഇവളുടേ നയനങ്ങളിൽനിന്ന് ഈ ശോകത്തേ മാററി, ശോഭനവും ഉല്ലസിതവുമായ ആലോകനത്തേ പകരം വെച്ചിരുന്നുവെങ്കിൽ—ഇവളുടേ കവിൾത്തടം ഇത്രയും വിളക്കാതിരുന്നുവെങ്കിൽ—ഇവളുടേ രൂപം കുറച്ചുകൂടിയും ബാലികോചിതമായിരുന്നുവെങ്കിൽ ഇവൾ എത്ര സൌന്ദൎയ്യവതിയായി വിളങ്ങും! അപ്പോൾ ഇവൾ, ഞാൻ ഏതൊരുവളേ സദാ സ്മരിച്ചുകൊണ്ടിരിക്കുന്നുവോ ആ അവളുടേ പ്രതിബിംബമായിത്തീരും; അഥവാ, അവൾ തന്നേയായിത്തീരും ഇവൾ.

ആ മുഗ്ദ്ധാധരങ്ങളിൽകൂടി ഒരു ദീർഘനിശ്വാസം പുറപ്പെട്ടത് ഞാൻ കേട്ടു. ആ ശബ്ദം എന്നേ ചിന്തയിൽ നിന്ന് ഉണൎത്തി. „ഞാൻ പറഞ്ഞത് നിന്നേ വേദനിപ്പിച്ചുവോ?"—എന്ന് ഞാൻ അവളോടു ചോദിച്ചു.

അവൾ മറുപടിയൊന്നും പറഞ്ഞില്ല. സന്ധ്യാ കാലമായിരുന്നതുകൊണ്ടു് അവളുടേ മുഖം വ്യക്തമായി കാണുവാൻ എനിക്ക് കഴിഞ്ഞില്ലെങ്കിലും അവളുടേ കൺപോളകളിൽ അശ്രുകണങ്ങൾ ഞാൻ കണ്ടതായി എനിക്ക് തോന്നി.

„നിന്നേ പീഡിപ്പിക്കുന്നതെന്താണ്?"

അപ്പൊഴും മേനക ഒന്നും മിണ്ടിയില്ല.

„നിനക്ക് വല്ല രോഗവുമുണ്ടോ? എന്താണ് ഈ വല്ലാത്ത മൌനം!"

„നിങ്ങൾക്ക് തീരേ അപരിചിതയായ ഒരുവളല്ലാ ഇവളെന്നാണ് ഞാൻ വിചാരിച്ചിരുന്നത്"—അവൾ ഇങ്ങിനേ പറഞ്ഞത്, ഹാ, കേണുതാണ സ്വരത്തിലാണ്.

അവളുടേ ഉൽകണ്ഠയുടേ ഹേതു കേട്ടപ്പോഠം എനിക്ക് പുഞ്ചിരിയാണുണ്ടായതു്. „ഇത്രയുമാണോ നിന്നേ പീഡിപ്പിക്കുന്നതു്? നീ ഈ സ്ഥിതിയിലായതു് എങ്ങിനേ?"

„കാരണം:—നിങ്ങഠംക്ക് എന്നേ വിശ്വസിക്കുവാൻ കഴിയുന്നില്ല."

„നിന്നേ വിശ്വസിക്കുവാൻ കഴിയുന്നില്ലെന്നോ! ഇത്രയും നന്നായി വിശ്വസിക്കാവുന്ന വേറേ ഏതൊരു ബന്ധുവാണ് എനിക്കുള്ളതു്?"

„എന്നിട്ടും, നിങ്ങഠം സ്വന്തം ദുഃഖത്തിൽ എന്നേ പങ്കു ചേക്കുന്നില്ല."

അവളുടേ ഈ വാക്കുകഠം എന്നേ ചിന്താമഗ്നനാക്കിത്തീർത്തു. എനിക്ക് വേഗം മറുപടി കൊടുക്കുവാൻ കഴിഞ്ഞില്ല. അവളോടു് സംസാരിക്കുവാൻ തുടങ്ങിയപ്പോഠം എന്റേ മനസ്സു് വലിയൊരു ചുമടെന്നപോലേ എനിക്ക് തോന്നി.

„സോദരീ, നിന്റേ സംശയംകൊണ്ടു് നീ എന്നേ തെററിദ്ധരിക്കുന്നു. എന്റേ ഹൃദയ രഹസ്യങ്ങളോടു് സംബന്ധിപ്പിക്കുന്നതിന്ന് ഈ ലോകത്തിൽ നീയൊഴികേ എനിക്ക് മറെറാരാളുമില്ല. എന്റേ കഥ നിന്നോടു് പറയുവാൻ ഞാൻ ശങ്കിക്കുന്നതു്, നിന്നേ വേദനിപ്പിക്കുവാനുള്ള മടികൊണ്ടാണ്. എന്റേ ജീവിതകഥ ദുഃഖമയം—ഏററവും ദുഃഖമയമാണെന്ന് നീ അറിയണം."

ഇപ്പോഠം ഞാൻ അവളേ അതിപരിചയംകൊണ്ടു് „നീ" എന്ന് സംബോധനം ചെയ്യുകയും, „ഏററവും പ്രി

യപ്പെട്ട സോദരീ" എന്ന് വിളിക്കയും ചെയ്യും. അതാണ് എനിക്ക് സ്വാഭാവികമായിത്തോന്നിയത്. അതിൽ, എന്റെ ഹൃദയത്തിന്റെ ആജ്ഞയേ അനുസരിക്ക മാത്രമേ ഞാൻ ചെയ്തുള്ളൂ.

സുമധുരസ്വരത്തിൽ മേനക പറഞ്ഞു:—"അത് എന്നേ ദുഃഖിപ്പിക്കുമെങ്കിൽ, ആ ദുഃഖത്തിന്നുള്ള പ്രതിഫലം, ഒരു മിത്രത്തിന്റെ വിശ്വാസത്തിന്ന് അഹ്ഹത നേടിയെന്ന ബോധത്തിൽ നിന്ന് സിദ്ധിക്കയില്ലയോ? സവ്വഥാ വിശ്വാസ യോഗ്യയായിത്തീരുന്നതിനേക്കാഠം മറെറന്തൊരു ഭാഗ്യം എനിക്ക് വേണം."

"സോദരീ, നീ പറഞ്ഞത് ശരിയാണ്. പരിശുദ്ധഹൃദയത്തിന്റെ ആദേശങ്ങളേയാണ് നീ പിന്തുടരുന്നത്. നിന്റെ വൃത്തി മാന്യമാണ്. ആ വൃത്തി നിന്നേ സുപഥത്തിൽത്തന്നേ നയിക്കുന്നു. ഞാൻ നിന്നേ സംശയിച്ചുവെങ്കിൽ—ഞാൻ നിന്നേ ഹൃദയപൂവ്വം, തികച്ചും വിശ്വസിച്ചില്ലെങ്കിൽ, അതിന്ന് ഹേതു എന്റെ വിചാരങ്ങളേ ഞാൻ ഇതുവരേ നേർ വഴിക്ക് തിരിക്കാതിരുന്നതാണ്. എന്റെ ആത്മാവിൽ നിന്നുള്ള വാക്യത്തിൽ ഞാൻ ഇതുവരേ ശ്രദ്ധചെലുത്താതേയുമിരുന്നു. എനിക്ക് മറെറാരാളേ വിശ്വസിക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ, ഈ എന്റെ ഹൃദയത്തേ അത് ഗ്രഹിക്കുവാൻ കഴിവുള്ള മറെറാരാളിൽ ഇറക്കി വെച്ചിരുന്നുവെങ്കിൽ ഈ ഘോര ദുഃഖത്തിന്ന് ഇതിന്നുമ്പു തന്നേ ഞാൻ ശാന്തി കാണുമായിരുന്നു. എന്റെ കഥ—ഏതൊരുവഠം അത് കേട്ടിട്ടുണ്ടോ അവളോടല്ലാതേ മറെറാരാളോടും ഞാൻ പറ

ഞ്ഞിട്ടില്ലാത്ത എൻേറ ദുഃഖപൂൎണ്ണമായ കഥ നീ കേട്ടു കൊള്ളുക. ലജ്ജകൊണ്ടു്, എനിക്കു് അവളേ ഗ്രഹിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത എൻേറ ലജ്ജാകരമായ ഒരു കൃത്യത്തിന്നു് പ്രായശ്ചിത്തമുണ്ടെങ്കിൽ, അതു് നിന്നോടു് സൎവ്വവും തുറന്നു പറയുന്നതിൽ നിന്നു് എനിക്കു് സാധിക്കുന്നതാണു്. ഈ കഥ കേൾക്കുമ്പോൾ ഈ നിന്ദ്യചരിതൻ നിൻേറ വിശ്വാസത്തിന്നു് എത്രയേറേ അനൎഹനാണെന്നു് നീ അറിയും. എന്നു തന്നേയല്ലാ, ഇവൻ നിന്നേ എത്ര അകൈതവമായി വിശ്വസിച്ചിരിക്കുന്നുവെന്നും നീ അറിയും.

## ൨.

പത്തു കൊല്ലം മുമ്പു് ഞാൻ ഇംഗ്ലണ്ടിൽ നിന്നു് മടങ്ങിവന്നിട്ടു്, എൻേറ ജന്മഗ്രാമത്തിൽ സ്നേഹിതന്മാരോടും ബന്ധുക്കളോടുംകൂടി ഏതാനും നാൾ പാൎത്തതിൽപ്പിന്നേ കൽക്കട്ടയിലേക്കു് പോയി. ഗവൎമ്മെണ്ടിൻേറ കീഴിൽ ഇന്ത്യൻ മെഡിക്കൽ സൎജ്ജൻ എന്ന ഉദ്യോഗത്തിൽ ഞാൻ പ്രവേശിക്കുന്നതിന്നു് ഏതാനും വാരങ്ങൾ മാത്രമേ താമസമുണ്ടായിരുന്നുള്ളു. അത്രയും ദിവസം എൻേറ സ്വന്തം ജാതിയിൽപ്പെട്ട ഒരു സ്നേഹിതൻേറ വീട്ടിലാണു് ഞാൻ പാൎത്തതു്. ആ സ്നേഹിതൻേറ കുടുംബവും എൻേറ കുടുംബവും തമ്മിൽ പലകാലം മുമ്പു മുതല്ക്കേ ബന്ധുത്വമുണ്ടു്. അദ്ദേഹം ഒരു ഹൈക്കോൎട്ടു വക്കീലാണു്. ആ നിലയിൽ വളരേ ധനം അദ്ദേഹം സമ്പാദിച്ചിരിക്കുന്നു. എന്നാൽ, തൻേറ ഭാൎയ്യ മരിച്ചുപോയതുകൊണ്ടു് അദ്ദേഹം ഏകാന്ത ജീവിതത്തിലാണു് വൎത്തി

കുന്നത്. അദ്ദേഹത്തിൻേറ ഭാഗ്യത്തെ അനുഭവിക്കുവാൻ സ്വന്തം മകളൊഴികേ മററാരുമില്ല. ആ ഏകപുത്രിയാണ് അദ്ദേഹത്തിൻേറ ഹൃദയത്തിന്നുള്ള ഒരേ ആഹ്ലാദം.

മിസ്റ്റർ പ്രാണകൃഷ്ണഗുപ്ത ഒരിക്കലും വിദേശസഞ്ചാരം ചെയ്തിട്ടില്ലെങ്കിലും, അദ്ദേഹത്തിൻേറ നടപടികളിൽ യാഥാസ്ഥിതികത്വം ഒട്ടുമില്ല. അദ്ദേഹത്തിൻേറ പുത്രി ഉൽകൃഷ്ടവിദ്യാഭ്യാസം നേടിയിരിക്കുന്നു. അവളേ വിവാഹം ചെയ്തുകൊടുത്തിട്ടില്ല.

മായാവിനി രോഗത്തിലാണെന്ന് ഞാൻ കേട്ടിട്ടുണ്ട്. ഒരു അത്ഭുത രോഗമാണ് അവളേ പിടിപെട്ടിരിക്കുന്നത്. അവൾക്ക് പ്രത്യേകമായുള്ള മൂർച്ഛയാണ് ആ രോഗം. മൂർച്ഛാവേശത്താൽ അവൾ വീഴും. അപ്പോൾ അവളിൽ വേദനയോ, മററു വല്ല ദുർല്ലക്ഷണങ്ങളോ ഒന്നും കാണുകയില്ല. ഇരുപത്തിനാലു മണിക്കൂറു നേരത്തേക്ക് അവൾ ബോധഹീനയായി കിടക്കുന്നതു കാണാം. ആ സമയമെല്ലാം, മരണതുല്യമായ നിദ്രാവസ്ഥയിലാണവൾ. കണ്ണുകൾ, അടഞ്ഞു പോകയാൽ ഒന്നും കാണുവാൻ കഴികയില്ലെങ്കിലും, ഈ മൂർച്ഛാകാലത്തു തന്നേ, ചുററും നടക്കുന്നതെല്ലാം കേൾക്കുകയും അറിയുകയും ചെയ്യുമെന്ന് അവൾ, പിന്നീട്, എന്നേ അറിയിക്കയുണ്ടായിട്ടുണ്ട്. ഇരുപത്തിനാലു മണിക്കൂറുനേരം മൂർഛിച്ചു കിടന്നതിൽപ്പിന്നേ, അവൾക്ക് ക്രമത്തിൽ ബോധമുണ്ടായിത്തുടങ്ങും. അവളുടേ ദേഹത്തിൽ ശക്തിയും സുഖവും പൂർവ്വസ്ഥിതിയിൽ കലരേണ്ടതിലേക്ക് രണ്ടു മൂന്നുനാൾ കഴിയണം.

„ഈ രോഗത്തിന്നുള്ള ഒരു അത്ഭുതലക്ഷണം, ഇതു് യാതൊരു മുന്നറിയിപ്പും കൂടാതേയാണു് ബാധിക്കുന്ന തെന്നാണു്. ഈ പിടി എന്തുകൊണ്ടാണു് ഉണ്ടാകുന്ന തെന്നു് വിവരിക്കുവാൻ രോഗിണി അശക്തയായിട്ടാണു് കണ്ടതു്. എന്നാൽ, എന്റെ അഭിപ്രായം അവൾക്കു് അതു് അറിയാമെന്നും, അവൾ അതു് പുറമെ പറയാത്ത താണെന്നുമാണു്.

ഞാൻ ആ വീട്ടിൽ ചെല്ലുന്നതിന്നു് ഏതാനും നാൾ മുമ്പാണു് അവൾക്കു് അങ്ങിനേയൊരു മൂർഛാവേശ മുണ്ടായതു്. അതുകൊണ്ടു്, ഒരു രോഗിണിയുടേ നിലയ്ക്കാണു് അവളേ ഞാൻ ആദ്യമായി കണ്ടതു്. അച്ഛൻ തന്റെ മകളുടെ രോഗസ്ഥിതി എന്നേ അറിയിച്ചു് അവളേ കാണുവാൻ വിളിച്ചു. ഉദ്ധതമായ ക്രീഡാലോലുപത, ചിന്നിച്ചിതറിയ കുന്തൽ, അഴിഞ്ഞുലഞ്ഞ ചേല, എപ്പോഴും ഇളകിക്കൊണ്ടിരിക്കുന്ന മിഴികൾ, ഒരു നിമിഷത്തേക്കുപോലും അടങ്ങി നില്ക്കാത്ത കാലുകൾ; ഒരിക്കലും തളരാതേ, സദാ കിലകിലാരാവത്തോടുകൂടിയ നാവു്— എന്നിവ ചേൎന്ന കൃശാംഗിയായ ഒരു ബാലികയുടേ രൂപത്തേ സ്മരിച്ചുകൊണ്ടാണു് ഞാൻ ആ രോഗിണിയേ കാണുവാൻ ചെന്നതു്. ഞാൻ അഞ്ചു കൊല്ലംമുമ്പു് വിട്ടുപിരിഞ്ഞിട്ടുള്ള ആ ക്രീഡാലാലസയും കുറുമ്പുകൂടിയവളുമായ ബാലികയേ, അവളുടേ അച്ഛന്റെ അഭിലാഷപ്രകാരം, കാണുന്നതിലേക്കു് അകത്തുകടന്നു. ഞാൻ മായാവിനിയേ അന്നത്തേ നിലയിൽ കണ്ടപ്പോൾ എനിക്കുണ്ടായ അത്ഭുതം എത്രയെന്നു് പറയാവതല്ല.

സോഫയിന്മേൽ ഒരു യുവതി ചാഞ്ഞുകിടക്കുന്നു. ചന്തത്തിലൊരു വെൺപുടവ അവൾ അണിഞ്ഞിരിക്കുന്നു. അവളുടേ കുറുനിരകൾ പുരികക്കൊടിവരേ വീണുകിടക്കുന്നു. വാർകുന്തൽ ചുരുട്ടിക്കെട്ടി, സുരുചിരമായ ഗളനാളത്തേ അവൾ തുറന്നിട്ടിരിക്കുന്നു. ബാല്യവും യൌവനവും തമ്മിൽ കൂടിച്ചേരുന്ന ആ ശോഭനകാലത്തിലാണ് അവൾ എത്തിയിരിക്കുന്നത്. നൈസർഗ്ഗികവും യൌവനോചിതവുമായ അവളുടേ വൃത്തി, നിഷ്കപടവും, ഉല്ലസിതവും, കോമളവുമായ അവളുടേ മൃദുസ്മിതം എന്നിവ ഇന്നും എൻേറ സ്മരണയിൽ കുടികൊള്ളുന്നു. അവ അവിടേ നിന്ന് എന്നും ഒഴിഞ്ഞു പോകയില്ല. അപ്രതീക്ഷിതമായുണ്ടായ ഈ സൌന്ദര്യ്യ ദർശനം എന്നേ സംഭ്രമിപ്പിച്ചു. ഇവളാണോ രോഗിണി! മുഖത്ത് അല്പമായൊരു വിളപ്പൊഴികേ, രോഗലക്ഷണമൊന്നും തന്നേ അവളിൽ ഞാൻ കണ്ടില്ല. ആ വിളപ്പുതന്നേയും മുഖത്തിന്നുള്ള മനോജ്ഞതയേ വളർത്തുന്നതായിട്ടാണിരുന്നത്. മുഴുവൻ വിരിഞ്ഞിട്ടില്ലാത്ത ഒരു രോജാപുഷ്പം കൈയിൽ പിടിച്ചുകൊണ്ട്, അതിലെ സൌരഭ്യത്തേ അവൾ ശ്വസിച്ചുകൊണ്ടിരിക്കുന്നു. സ്വസ്ഥവും പ്രശാന്തവുമായിട്ടാണ് അവളുടേ നില. ആ പുഷ്പത്തേ അരികേയുള്ള മേശമേൽ വെച്ച് അവൾ മന്ദസ്മിതത്തോടേ എന്നേ അഭിവാദ്യം ചെയ്തു.

„ഡാക്റ്റർ ദാസ്, നിങ്ങളേ കാണുകയാൽ എനിക്ക് അത്യധികം സന്തോഷമുണ്ടായിട്ടുണ്ട്. നിങ്ങളുടേ ആകൃതിയും പ്രകൃതിയും മുമ്പിലത്തേതിൽ നിന്ന് ഒട്ടും മാറീട്ടില്ല. ഉടുപ്പിന്നുണ്ടായിട്ടുള്ള മാററം നീക്കിനോക്കിയാൽ

മററെല്ലാം അഞ്ചു കൊല്ലം മുമ്പെന്നപോലേ തന്നേ ഇന്നു മിരിക്കുന്നു:—ഇത്രയും പറഞ്ഞു് അവൾ സ്വാഗതം വെളിപ്പെടുത്തിക്കൊണ്ടു് കൈനീട്ടി.

ആ തളൎന്നിടറിയ സ്വരം അവളുടേ രുചിരമോഹനതയേ വൎദ്ധിപ്പിക്കുകയാണു് ചെയ്തതു്. അവളുടേ സ്വാഗതോക്തിക്കു് ഉടൻ തന്നേ മറുപടി കൊടുക്കുവാൻ എനിക്കു് കഴിഞ്ഞില്ല. എന്റെ കണ്ണുകളേ വിശ്വസിക്കുവാൻ ഞാൻ ഞെരുങ്ങി. ഇവളാണോ ആ പെൺകുട്ടിയായ മായ! അഥവാ, ഇവൾ സാക്ഷാൽ മായാദേവി തന്നേയാണോ! അവളുടേ അച്ഛൻ ഒരു കസേലനീക്കിയിട്ടു് അതിൽ ഇരിക്കുവാൻ എന്നോടു് പറഞ്ഞതിൽപ്പിന്നേ, അദ്ദേഹം ജനാലിന്നരികേ മറെറാരു പീഠത്തിൽ ചെന്നിരുന്നു് വൎത്തമാനപത്രം വായിച്ചു തുടങ്ങി. ഇത്രയുമായിട്ടും, അവളോടു് ഞാൻ ഒരു വാക്കുപോലും പറഞ്ഞു കഴിഞ്ഞിട്ടില്ല. ഞാൻ ആ യുവതിയുടേ മുമ്പിൽ വെറും കൊള്ളരുതാത്തവനായിത്തീൎന്നേക്കുമോ എന്നു് എനിക്കു് തോന്നിത്തുടങ്ങി. ഒട്ടൊന്നു് ചിന്തിച്ചുനിന്നതിൽപ്പിന്നേ, കുറേ പണിപ്പെട്ടുകൊണ്ടു്—„മിസ്സ് ഗ്രൂപ്പ്, നിങ്ങൾക്കു് ഇപ്പൊഴും ക്ഷീണമുണ്ടോ!" എന്നു് ഞാൻ ചോദിച്ചു.

സുന്ദരവും സുകുമാരവുമായ ആ മുഖത്തു് ഒരു പുഞ്ചിരികളിയാടി.

„ഇക്കഴിഞ്ഞ ചുരുങ്ങിയ കൊല്ലങ്ങൾ കൊണ്ടു് ഞാൻ „മിസ്സ് ഗ്രൂപ്പു"യായി വളൎന്നു കഴിഞ്ഞുപോലും! ഇപ്പോൾ നിങ്ങൾ ഇംഗ്ലീഷ് മൎയ്യാദയിൽ മുങ്ങിക്കിടക്കയായിരിക്കാം!"

„ഞാൻ പോകുമ്പോഠം നിങ്ങഠം ചെറിയൊരു പെൺകുട്ടിയായിരുന്നു. ആ കുട്ടിതന്നേയാണ് നിങ്ങളെന്നു ധരിക്കുവാൻ ഇപ്പോഠം എനിക്ക് കഴിയാതായിപ്പോയി!"

„എന്നാൽ, ഞാൻ നിങ്ങളേ മറന്നിട്ടില്ല. ഓമ്മക്കുറവെന്നതു് പുരുഷ ലക്ഷണങ്ങളിൽ ഒന്നായിരിക്കാം!"

അവളുടേ സ്വരം ഏററവും നേത്തിരുന്നു. പക്ഷേ താൻ പറയുന്നതു് തൻേറ അച്ഛൻ കേഠംക്കരുതെന്നു് അവഠം കരുതിയിരിക്കാം. പുതിയ വത്തമാനങ്ങളിൽ ഏകാഗ്രചിത്തനായിരുന്ന അദ്ദേഹം ഞങ്ങളുടെ സംഭാഷണത്തിൽ ശ്രദ്ധ ചെലുത്തിയിരുന്നില്ല.

അവളുടേ വാക്ക് എന്നേ സംപ്രീതനാക്കി; അതു് എൻേറ ഹൃദയത്തേ സ്പശിച്ചു.

„മായേ, മുമ്പിലത്തേപ്പോലേ ഇപ്പൊഴും നിനക്കു കുറുമ്പുകൂടും; അന്നത്തേക്കാഠം അധികം കുറുമ്പുണ്ടിപ്പോഠം. നിൻേറ അടങ്ങാത്ത നാവിനോട്ട് ഇടഞ്ഞു നില്ക്കുവാൻ ആക്കുകഴിയും! അഞ്ചുകൊല്ലം മുമ്പുള്ള ആ ചെറു പെൺകുട്ടിയേ എനിക്ക് ഓമ്മിക്കുവാൻ കഴിയുന്നുണ്ടെങ്കിൽ, നിന്നേ ഞാൻ മറന്നിട്ടില്ലെന്നതിന്നു് അതു തന്നേ നല്ലൊരു തെളിവല്ലയോ?"

„നിങ്ങഠം എന്നേ ഓമ്മിക്കുന്നുവെന്നതിന്നുള്ള ഈ തെളിവ് ഞാൻ സന്തോഷപൂവ്വം കൈക്കൊള്ളുന്നു. ഇനി, ഇംഗ്ലണ്ടിൽ നിങ്ങഠംക്കുണ്ടായിട്ടുള്ള അനുഭവങ്ങളിൽ ചിലതു് പറയു, കേഠംക്കട്ടേ!"

„അതിന്നു് നമുക്കു് വേറേ സമയമുണ്ടല്ലോ. ആദ്യം, നിൻേറ രോഗത്തേപ്പററിയുള്ളതെല്ലാം ഞാൻ അറിയ

ട്ടേ. മൂൎച്ഛ പിടിപെടാറാകുന്ന ഘട്ടത്തിൽ അതു വരുന്നുവെന്ന് പറയുവാൻ നിനക്ക് കഴിയുന്നില്ലയോ?"

"ഇല്ല"

"എന്തു കാരണം കൊണ്ടാണ് ഇങ്ങിനേ മൂൎച്ഛയുണ്ടാകുന്നതു? ആഹാരത്തിലുള്ള തകരാറുകൊണ്ടോ, അധികമായി വായിക്കുകയോ, സംസാരിക്കുകയോ ചെയ്യുന്നതുകൊണ്ടോ, എന്തുകൊണ്ടാണ്?"

എന്റെ ചോദ്യം തുടരുവാൻ എനിക്ക് അനുമതി കിട്ടിയില്ല. മായ എന്നേ തടഞ്ഞുനിൎത്തി.

"നിങ്ങളൊരു വൈദ്യനാണല്ലോ. രോഗകാരണം കണ്ടുപിടിക്കേണ്ടതു് നിങ്ങളുടേ ഭാരമാണ്. എന്തുകൊണ്ടാണ് ഈ മൂൎച്ഛയുണ്ടാകുന്നതെന്നറിയുവാൻ എനിക്ക് കഴിഞ്ഞിട്ടില്ല. ഇത്തരം വെറും ചോദ്യങ്ങൾ കൊണ്ട് സമയം കളയേണ്ട. ഇംഗ്ലണ്ടിനേപ്പററി പറയൂ. അതു് എന്നേ വിനോദിപ്പിക്കും. അപ്പോൾ എനിക്ക് സുഖമുണ്ടാകയും ചെയ്യും?"

രോഗത്തേപ്പററി ഒന്നും ചോദിക്കാതിരിക്കുന്നതാണ് അവൾക്ക് ഇഷ്ടമെന്ന് ഞാൻ അറിഞ്ഞു. അതുകൊണ്ട് രോഗവിചാരം പിന്നിടൊരിക്കലേക്ക് നീട്ടിവെച്ച് ഞാൻ അവളുടേ അഭിലാഷത്തിന്ന് ഇണങ്ങി.

"ഇംഗ്ലണ്ടോ? അതു് സ്വൎഗ്ഗമാണ് അവിടേ ചെന്നുകൂടിയാൽ, അവിടേ നിന്നു് ഒരിക്കലും വിട്ടുപോകുവാൻ ആൎക്കും മനസ്സു വരികയില്ല"

"അങ്ങിനേയാണെങ്കിൽ, അവിടേ നിന്ന് നിങ്ങൾക്ക് മടങ്ങി വരേണ്ടിവന്നതു് വലിയ കഷ്ടമായിപ്പോയി.

നിങ്ങളുടേ ജീവിതാൎത്ഥത്തേ അവിടേ വിട്ടു വന്നിരിക്കയാ ണെന്നു് ഞാൻ വിചാരിക്കുന്നു"

"മുഴുവൻ ജീവിതത്തേത്തന്നേ അവിടേ വിട്ടുവാൻ എനിക്കു് മടിയില്ല. എന്നാൽ, ഈ ഭാരത്തേ തന്നെത്താൻ വഹിക്കുന്നതിന്നു് അവിടേ ഒരുവൾക്കും മനസ്സുണ്ടായില്ല"

* * * *

ഇതുവരേ എന്റേ കഥ ഇടതടയാതെ കേട്ടുകൊണ്ടിരുന്ന മേനക ഇവിടേ തന്റേ മൌനത്തേ ഭഞ്ജിച്ചു.

"അതു് തികച്ചും ഉദാരചരിതം തന്നേ" എന്നു് അവൾ പെട്ടെന്നു് പറഞ്ഞുപോയി.

ആ വാക്കുകൾ എത്ര അത്ഭുതജനകം! ഇതേ വാക്കുകൾ തന്നെയാണു് മായാവിനിയിൽ നിന്നു്, ഞങ്ങൾ തമ്മിലുണ്ടായ ആദ്യത്തേ സംഭാഷണ ഘട്ടത്തിൽ ഞാൻ കേട്ടതു്. ഞാൻ സംഭ്രമിച്ചുകൊണ്ടു് മേനകയുടേ മുഖത്തേക്കു നോക്കി.

"പിന്നെ എന്താണുണ്ടായതു്?" എന്നു് അവൾ പ്രശാന്തയായി ചോദിച്ചു.

വീണ്ടും കുറച്ചുകൂടി എനിക്കു് പറയുവാനുണ്ടായിരുന്നുവെങ്കിലും എന്റേ വചോധാര മുറിഞ്ഞുപോയി.

"പിന്നേ വിശേഷമൊന്നുമുണ്ടായില്ല. അപ്പോഴെക്കും മായയുടേ അച്ഛൻ പത്രവായന നിൎത്തുകയും, ഞങ്ങളിരുവരും ആ അറയിൽ നിന്നു് പുറത്തേക്കു് പോരുകയും ചെയ്തു.

"നിങ്ങളുടേ ഹൃദയത്തേ പിന്നിൽവിട്ടു കൊണ്ടു്!"

"പ്രഥമദർശനത്തിൽത്തന്നേ രാഗമുണ്ടാകയെന്ന തിൽ എനിക്ക് വിശ്വാസമില്ല. ഉണ്ടെങ്കിൽ, നിൻേറ ചോദ്യത്തിന്ന് "അതേ" എന്ന് ഞാൻ മറുപടി തരുമായിരുന്നു."

"ആ വിശ്വാസം ഉണ്ടാവേണ്ടതിലേക്ക് നിങ്ങൾക്ക് നീണ്ട അനുഭവ പരമ്പര വേണ്ടിവന്നില്ലായിരിക്കാം!"

"അത് ഞാൻ നിഷേധിക്കുന്നില്ല. ഇപ്പോൾ ഞാൻ അതോർത്ത് ലജ്ജിക്കുന്നു. എന്നാൽ, മായയേ പാണിഗ്രഹണം ചെയ്യുന്നതിന്ന് അവളുടേ അച്ഛൻേറ അനുമതി ചോദിക്കുവാൻ അന്ന് എനിക്ക് ലജ്ജയുണ്ടായില്ല. ഒരാഴ്ച കഴിഞ്ഞ ഉടനേയാണ് ഞാൻ ഇത് ചെയ്തത്. എന്നാൽ—കഷ്ടം!—ആ ദുർദ്ദിനത്തിൻേറ ഘോരത! അതിൻേറ ശാപത്തേ ശിരസ്സിലേററിക്കൊണ്ട്, എന്നിൽ എരിയുന്ന ഭഗ്നാശാവഹ്നിയോടുകൂടി ഞാൻ ജീവിതശേഷം കഴിച്ചുകൂട്ടേണ്ട നിലയിലായി. മായ ഒരിക്കലും എനിക്കുള്ളവളാകയില്ലെന്ന് അന്ന് ഞാൻ അറിഞ്ഞു. അവളേ മറെറാരാൾക്ക് കൊടുക്കുവാൻ വാഗ്ദാനം ചെയ്തിരിക്കുന്നു. അവൾക്കുള്ള രോഗത്താലാണ് വിവാഹം നീട്ടിവെച്ചിരിക്കുന്നത്. ഈ മറുപടി കിട്ടിയതോടുകൂടി ഞാൻ നൈരാശ്യത്തിൽ വീണുതാണു. എന്നാൽ, ഇപ്പോൾ എൻേറ ഹൃദയത്തേ തിന്നുതിന്നുകൊണ്ടിരിക്കുന്ന ഈ ദുഃഖം അന്ന് ആ കാരണംകൊണ്ടുണ്ടായതല്ല. രാഗഭ്രംശത്താൽ ഘോരദുഃഖം നേരിട്ടവർ മനുഷ്യരിൽ പലരുമുണ്ടാകും. ആ വ്രണം ക്രമത്തിൽ ശമിച്ചേക്കാം. കാലബന്ധനായി അതൊക്കെയും മനുഷ്യൻ മറന്നുകളയും. എന്നാൽ, ജീവിതാപിധ..."

അങ്ങോട്ടു പറയുവാൻ എനിക്ക് കഴിഞ്ഞില്ല. മേന്നക കരുണാർദ്രതയോടേ എന്റെ കൈകളേ ഗ്രഹിച്ചപ്പോൾ, അതിൽ അവളുടേ കൺപോളകളിൽ നിന്ന് ഏതാനും ചുടുനീർത്തുള്ളികൾ വീണു.

„സോദരി, എന്റെ കഥ ഇവിടേ നില്ക്കട്ടേ. അപ്പറം കേൾക്കുവാൻ നീ ശക്തയല്ല"—ഇത്രയും പറയുവാനേ എനിക്ക് അപ്പോൾ കഴിഞ്ഞുള്ളു.

„പറയൂ, പറയൂ. അവസാനം വരേ കേൾക്കുവാൻ എനിക്ക് ശക്തിയുണ്ട്. നിങ്ങൾ എന്നേ വിശ്വസിക്കുന്നുണ്ടെന്നു തെളിയിക്കുക"—എന്നിങ്ങിനേ നേർത്തിടറിയ സ്വരത്തിൽ എന്നേ കഥാകഥനത്തിലേക്ക് പ്രേരിപ്പിച്ചു.

„എന്നാൽ, കേൾക്കുക. എന്റെ ആതിഥ്യകർത്താവിന്റെ വീട് സുഖവാസോചിതമായ ഒരു ഇരുനിലക്കെട്ടിടമാണ്. മേൽനിലയുടേ നടുവിൽ ഒരു വലിയ തളമുണ്ടു. അതിന്റെ ഇരുഭാഗത്തുമുള്ള മുറികളിൽ ഒന്ന് മായാവിനിയുടേയും, മറേറത്ത് അവളുടേ അച്ഛന്റേയുമാണ്. ഊൺമുറിയും, വിരുന്നുമുറികളും താഴേയാണ്. മായയേ വിവാഹം ചെയ്തുതരുവാൻ ഞാൻ ചെയ്ത പ്രാൎത്ഥനയേ നിഷേധിക്കയാൽ ദുഃഖിതനായിത്തീൎന്ന എന്റെ അന്നത്തേ ആ നിലയിൽ ഇനി കഥ തുടങ്ങാം. അന്നു മുഴുവൻ ഞാൻ അവളേ കണ്ടില്ല. ഉച്ചവരേക്കും ഞാൻ അവളുടേ മുറിയിലേക്ക് തിരിഞ്ഞതുമില്ല. ഉച്ചയ്ക്ക് അന്വേഷിച്ചപ്പോൾ അവൾ അവളുടേ കാമുകനോടു കൂടിയാണ് അവിടേ ഇരിക്കുന്നതെന്ന് ഞാൻ അറിഞ്ഞു. മിസ്റ്റർ സേനനേ ആ വീട്ടിൽ ഇതിനുമുമ്പ് പല തവണ ഞാൻ കണ്ടിട്ടുണ്ടെങ്കിലും ആയാ

ാം മായയുടേ വരനാകുവാൻ പോകുന്നവനാണെന്ന് അന്നു മാത്രമേ എനിക്ക് മനസ്സിലായുള്ളു. അന്നു രാത്രി മായ ഞങ്ങളോടൊന്നിച്ച് ഊണ് കഴിക്കുവാൻ താഴേവരികയുണ്ടായില്ല. ഇതു് അസാധാരണമല്ല. ഇതിന്മുമ്പും അവാം സ്വന്തം അറയിൽത്തന്നേ ഇരുന്ന് ഊണ് കഴിക്കയുണ്ടായിട്ടുണ്ടു്.

മുകളിലേ തളത്തിൽ വന്ന ഉടനേ, ഞങ്ങളുടേ ആതിഥ്യകർത്താവ് നിദ്രാപരവശനായി സോഫയിൻ വീണു. മിസ്റ്റർ സേനൻ ഞങ്ങളോടൊന്നിച്ച് മുകളിലേക്ക് വന്നില്ല. ഊണിന്നിരിക്കുമ്പോാം ആയാാം എന്തോ വല്യതായ ദുഃഖത്തിൽപ്പെട്ടിരിക്കയാണെന്ന് ഞാൻ കണ്ടു. മനുഷ്യരിൽ വെച്ച് ഭാഗ്യവാനാണെന്ന് ഞാൻ കരുതിയിരിക്കുന്ന ആയാാംക്ക് ഈ ദുഃഖം എന്തുകൊണ്ടുണ്ടായിയെന്ന് അപ്പോാം അറിയുവാൻ എനിക്ക് കഴിഞ്ഞില്ല. താഴേ ആയാളുടേ മുറിയിൽ നിന്ന് വീണാഗാനം പുറപ്പെട്ടു. ഞാൻ ആ തളത്തിലേ ജനലിന്നരികേ ചെന്ന് ചന്ദ്രികാനിമഗ്നമായ പ്രകൃതിയേ നോക്കിക്കൊണ്ടു് നില്ക്കുമ്പോഴാണ് വീണവായന കേട്ടതു്. ഹാ! ആ മനോഹര രജനിയുടേ സൌന്ദൎയ്യോത്സവം! വൎഷത്തു ഇപ്പോാം അവസാനിച്ചിട്ടേയുള്ളു. നവവത്സരം അതിന്റേ സൎവ്വശോഭനചാരുതകളോടുകൂടി ആവിർഭവിച്ചിരിക്കുന്നു. വൃക്ഷങ്ങളും, ഛായകളും, ചന്ദ്രിക തന്നേയും സംത്രസിക്കുന്നതുപോലേ തോന്നി. പ്രകമ്പിതമായ രജനീവക്ഷസ്സിൽ നിന്നുകൊണ്ടു് വിളികൂട്ടുന്ന ആഭിചാരികസ്വരമാണോ അതു്! ആ പ്രശാന്ത നിശ ഘോരമായ അന്തൎവ്വേഗത്തോ-

ൂകൂടി ഇളക്കുമാറു്, മമ്മഹരിത്തായ ആക്രന്ദനം പോലേ ആ വീണ അതിൻേറ ഗാനം തുടങ്ങിക്കൊണ്ടിരുന്നു. അന്നു രാവിലേ ജീവിതാപഹമായ ആ വിധി കേട്ട ആ ഘട്ടത്തിൽക്കൂടിയും ഞാൻ ഇത്രയും ക്ഷോഭിച്ചിട്ടില്ല. ആ വിധിയാൽ, പെട്ടെന്നു് ഏററ അടിയാലെന്നപോലേ, ജാഡ്യമാണു് എനിക്കുണ്ടായതു്. അപ്പോഠം എൻേറ ഇന്ദ്രിയങ്ങഠം സ്തംഭിച്ചു പോയിരുന്നു. ഇപ്പോഠം ഈ വീണാനാദം എൻേറ ശരീരത്തിലേ സവ്വ നാഡികളിലും നൈരാശ്യവേദന ഇളക്കി വിട്ടു. തനിക്കു് ലോകത്തോടുള്ള ദുഃഖപൂണ്ണമായ സന്ദേശത്തേ കരഞ്ഞുകൊണ്ടു് വിളിച്ചു പറയുംപോലേ ആ വീണയിൽ നിന്നു് പുറപ്പെടുന്ന ഓരോ സ്വരവും എൻേറ ഹൃദയത്തേ വിറപ്പിച്ചു. രക്തസ്രുതി കൂടിയ എൻേറ ഹൃദയത്തിൽ, "അവഠം എൻേറയല്ലാ; അവഠം എൻേറയല്ലാ" എന്നിങ്ങിനേ പ്രതിധ്വനിയുണ്ടായി. ജീവിതം വെറും മരുഭൂമിയാണു്—ദീഘവും ശൈത്യമയവുമായ മൃത്യു!

ഞാൻ ഉന്മത്തനേപ്പോലേയായി. എനിക്കു് ആ പരിദേവനം ഇതിലധികം കേട്ടു നില്ക്കുവാൻ കഴിഞ്ഞില്ല. ഞാൻ സത്വരം ആ തളത്തിൽ നിന്നു് നടന്നു. മായയുടേ മുറിക്കരികേ എത്തിയപ്പോഠം വാതിൽ തുറന്നു കിടക്കുന്നതു കണ്ടു. ദുഃഖത്താൽ ഭ്രാന്തനായിത്തീന്ന ഞാൻ ബലാൽ അകത്തു കടന്നു. ജനലിന്നരികേ ഒരു കോച്ചിന്മേൽ മായ കിടക്കുന്നു. ഞാൻ അവളുടേ അരികേ ചെന്നു നിന്നു. ആ നിദ്രാവശഗമായ മുഖത്തു് എന്തൊരു സൌന്ദയ്യമാണു് കളിയാടുന്നതു്! ചന്ദ്രിക ആ മുഖത്തിന്നു ചുററും

പ്രഭാമണ്ഡലമുണ്ടാക്കിയിരിക്കുന്നു. ആ മുഖം കണ്ട ഉടനേ ഞാൻ സൎവ്വവും മറന്നു പോയി. അവൾ എന്റേതല്ലെന്നു് ഓൎക്കുവാൻ എനിക്കു് കഴിഞ്ഞില്ല. അവളുടേ സൌന്ദൎയ്യത്താൽ വശീകൃതനും, ദുഃഖത്താൽ ഭ്രാന്തനുമായ ഞാൻ—ദുഃഖത്തേ മന്ദിപ്പിക്കുവാൻ വേണ്ടി ഭോജനകാലത്തു് അളവു കവിഞ്ഞു സേവിച്ച ദ്രാക്ഷാമദ്യംകൊണ്ടു് പൂൎവ്വാധികം വൎദ്ധിച്ച ശോകോന്മാദത്തോടുകൂടി ആ നിദ്രാമഗ്നമായ മൂൎത്തിയേ കാമാൎത്തനായി ആശ്ലേഷിക്കുകയും, ചേൎത്തും ചേൎത്തും ചുംബിക്കുകയും ചെയ്തു.

ഇതു കേട്ടപ്പോൾ മേനകയ്ക്കു് പെട്ടെന്നു് ഉദ്വേഗമുണ്ടായി—„ഒരു തസ്കരനേപ്പോലേ, നിങ്ങൾ അപ്പോൾ" —അവളുടേ വാക്കുകൾ ഇടറിത്തടഞ്ഞു പോയി.

„അതേ, ഞാൻ ചെയ്തിട്ടുള്ള ഏററവും ലജ്ജാകരമായ കൃത്യമാണതു്. വേണമെങ്കിൽ നീ എന്നേ വെറുത്തു കൊള്ളുക. എന്നാൽ, ഞാനൊരു നശ്വര മൎത്ത്യനാണെന്നു് നീ ഓൎക്കണം. പക്ഷേ, ഞാൻ അന്നത്തേ സ്ഥിതിയിൽത്തന്നേയായാൽ വീണ്ടും അങ്ങിനേ ചെയ്കയില്ലെന്നു് ആരറിഞ്ഞു? എന്നാൽ—അയ്യോ, ഞാൻ അനുഭവിച്ച ദണ്ഡം, അമൎഷപൂൎണ്ണമായ ഹൃദയത്തേക്കൂടിയും ദ്രവിപ്പിക്കുന്ന ഒന്നാണു്. എന്റേ പാപത്തിന്നു തക്കവണ്ണം ഞാൻ പീഡയേററു് കഴിഞ്ഞുവെന്നു് നീ വിശ്വസിച്ചു കൊള്ളുക."

„ശരി"—എന്നു മാത്രമാണു് ആക്രന്ദനസ്വരത്തിൽ മേനകയിൽ നിന്നു് പുറപ്പെട്ട ശബ്ദം.

പിറേറന്നു രാവിലേ മായയുടേ അച്ഛൻ, തന്റേ മ

കഠം തലേന്നാഠം രാത്രി മുതൽ വല്യതായ മൂർച്ഛയാൽ വീണു കിടക്കുന്നുവെന്ന് എന്നോട്ട് പറഞ്ഞു. എൻേറ നടപടിയാൽ എനിക്കുണ്ടായ ലജ്ജയും പശ്ചാത്താപവും! എന്നാൽ ആ ലജ്ജയും പശ്ചാത്താപവും, രണ്ടും നിഷ്ഫലമായി. അവളുടേ മുമ്പിൽ ചെന്ന് ക്ഷമായാചനം ചെയ്യുവാൻ എനിക്ക് ഒരിക്കലും ശക്തിയുണ്ടായില്ല. രണ്ടുമൂന്നു നാഠംകൊണ്ട് അവഠംക്ക് സുഖം കിട്ടി. അതിൽപ്പിന്നേ ഞാൻ അവിടേ നിന്ന് അകല്യവാൻ നിശ്ചയിച്ചു.

അപ്പോഠം, അവളുടേ അച്ഛൻേറ ഭാവത്തിന്ന് അല്പമൊരു പകച്ചയുണ്ടായിട്ടുള്ളതായി ഞാൻ കണ്ടു. ആ മാന്യൻ ഏതോ കാൎയ്യത്തിൽ കിടന്നു ഞെരുങ്ങുന്നുണ്ടെന്നു തോന്നി. ഏതോ കാൎയ്യം മനസ്സിൽ വെച്ച്, അതു് പുറത്തു പറയുവാൻ ക്ലേശിക്കുന്നവനേപ്പോലേയാണ് ഞാൻ അദ്ദേഹത്തേ കണ്ടതു്. എനിക്ക് അധികനേരം അന്ധകാരത്തിൽ ഉഴലേണ്ടിവന്നില്ല. ഞാൻ പുറപ്പെടുവാൻ നിശ്ചയിച്ച അന്നുച്ചക്ക്, ഞങ്ങഠം ഇരുവരും തനിച്ചായിരുന്നപ്പോഠം, അദ്ദേഹം പെട്ടെന്നു തൻേറ മനസ്സ് തുറന്നു.

„മായയേ വിവാഹം ചെയ്യുവാൻ നിങ്ങഠം ഇപ്പോഴും ഒരുക്കം തന്നേയാണോ?”

ആകസ്മികമായി ഉണ്ടായ ഈ ചോദ്യത്താൽ ഞാൻ എത്രയേറേ വിസ്മയാകുലനായിരിക്കാമെന്ന് നീ തന്നേ ചിന്തിച്ചു നോക്കുക.

„അപ്പോഠം, മിസ്റ്റർ സേനൻ?”—എന്ന് ഞാൻ സോൽകണ്ഠം ചോദിച്ചു.

മിസ്റ്റർ ഗുപ്ത വല്ലാത്ത വിഷമതയിലായി. അദ്ദേഹ

ത്തിൻേറ മറുപടിയിൽ അല്പം ക്രോധകലൎപ്പുള്ളതായി കണ്ടു.

„വിവാഹത്തേപ്പററി ഇതുവരേ തൻേറ പിതൃജന ത്തോട് ആലോചിക്കയുണ്ടായില്ലെന്ന് ശശി പറയുന്നു. ഇപ്പോൾ ആലോചിച്ചതിൽ, അവൎക്ക് സമ്മതമല്ലെന്ന് അറിയുന്നുവത്രെ. അതുകൊണ്ടു് ആയാൾ മായയേ വിവാഹം ചെയ്യുവാൻ ഇഷ്ടപ്പെടുന്നില്ല."

എന്നേ സ്വൎഗ്ഗത്തിലേക്ക് എടുത്തതുപോലേ അത്രയും സന്തോഷം എനിക്കുണ്ടായിയെന്ന് ഞാൻ പറയേണ്ടതില്ലല്ലോ. ഏതാനും നാൾ കഴിഞ്ഞപ്പോൾ ഞാനും മായാവിനിയും തമ്മിൽ വിവാഹം നടന്നു.

൩.

ഞാൻ എൻേറ കഥ ഇവിടേ നിൎത്തി. എന്നാൽ, മേനകയ്ക്കു് അതു് മതിയായില്ല.

„പിന്നേ എന്തുണ്ടായി?" എന്ന് അവൾ ഉൽകണ്ഠയോടേ ചോദിച്ചു.

പിന്നേ എന്തുണ്ടായിയെന്നോ! ഈ ലോകത്തിൽ ഒരിക്കലും ഒരിടത്തും സുഖമില്ലെന്നുള്ളതു് എത്ര ശരിയാണ്! ഞാൻ ഏതൊരുവളേ നേടുവാൻ വേണ്ടി അത്യധികം അഭിലഷിച്ചുവോ, ഏതൊരുവളുടേ സാന്നിധ്യം ഈ ലോകത്തിൽ ഏററവും മഹത്തായ കാൎയ്യമെന്ന് ഞാൻ ഗണിച്ചുവോ, അവളേ പ്രാപിച്ചിട്ടും എനിക്ക് സുഖമുണ്ടായില്ല.

എൻേറ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിന്ന് ഒരു വാരം മാത്രം ബാക്കിയായി. അത്രയും ദിവസങ്ങൾ ഗര

ഗാതീരത്തിലേ ഒരു ഉദ്യാന മന്ദിരത്തിലാണ് ഞങ്ങഠം പാൎത്തതു്. അവിടേ പ്രകൃതി അതി സുന്ദരമായിരുന്നു. സുഖം കൊള്ളാത്ത ഹൃദയത്തിന്നു് ആ പ്രകൃതിസൌന്ദൎയ്യം ഒട്ടും രമണീയമായിത്തോന്നിയില്ല. മായയ്ക്കു് സന്തോഷമില്ലാതായി. അവഠം സദാ ദുഃഖിതയായിത്തീൎന്നു. എന്റേ പരിലാളനം അവളുടേ ദുഃഖഭാവത്തേ ഒട്ടുനേരത്തേക്ക് അകററി നിൎത്തുമെങ്കിലും, പിന്നീട്ടു് അതു് പൂൎവ്വാധികം ഉഗ്രതരമായി വൎദ്ധിക്കയാണു് ചെയ്യുക. അവളുടേ നേത്രങ്ങഠം എപ്പോഴും അശ്രുപൂൎണ്ണമായിരിക്കുന്നതു് ഞാൻ കണ്ടു. അതു് എന്നേ മറയ്ക്കുവാനായി പതുക്കേ അവഠം മുഖം തിരിക്കാറുണ്ടു്. തന്റേ ഈ ഭാവം എന്നേ വേദനിപ്പിക്കുന്നുണ്ടെന്നറിഞ്ഞു് അവഠം എന്നോട്ടു് ചിലതു് സംസാരിക്കുവാൻ പണിപ്പെട്ടു നോക്കിയെങ്കിലും, തന്റേ മനസ്സിലുള്ളതു് തുറന്നു കാണിക്കുവാൻ അവഠം ശക്തയായില്ല. അവഠംക്കു് ശശിയിൽ ഇപ്പോഴും രാഗമുണ്ടെന്നല്ലാതേ മറെറന്താണു് ഞാൻ ധരിക്കേണ്ടതു്! ഞാൻ നരകദുഃഖം അനുഭവിച്ചു തുടങ്ങി.

ചന്ദ്രികാ വിലസിതവും സുന്ദരവുമായ ഒരു രാത്രി ഞങ്ങളിരുവരും നദീതീരത്തിൽ സ്ഥിതി ചെയ്കയായിരുന്നു. പൂൎണ്ണചന്ദ്രൻ ആകാശത്തേ ഉജ്വലിപ്പിക്കയും, കീഴേ ജലത്തിൽ തന്റേ തരളബിംബത്തേ പ്രതിഫലിപ്പിക്കയും ചെയ്തു. എത്ര സമ്മോഹനമായിരുന്നു ആ കാഴ്ച! ഇരുപുറത്തും തടിച്ച നിഴൽക്കൂട്ടം പരത്തി, ഉരുകിയ വെള്ളിപോലേ നീണ്ടൊഴുകുന്ന ജലത്തിൽ ഓരായിരം ചന്ദ്രകിരണങ്ങഠം തിളങ്ങിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടേ ഹൃദയം

ഇരുണ്ടുകൊണ്ടാണിരുന്നതെങ്കിലും, അവിടേ ഒരു മങ്ങിയ വെളിച്ചം ഈ കാഴ്ചയാലുണ്ടായി. അപ്പോൾ, പെട്ടെന്ന് ആ നിശ്ശബ്ദപ്രവാഹത്തിന്റെ ഹൃദയത്തിൽനിന്ന് ഒരു വീണാഗാനം പുറപ്പെട്ടു. മായ വല്ലാതൊന്നു ഞെട്ടുകയും മുഖം തിരിക്കയും ചെയ്തു. തീവ്രമായ ആവേശത്താൽ ഇടറിയ സ്വരത്തിൽ അവൾ പറഞ്ഞു:—

„അന്നു രാത്രി ഇതേ ഗാനം തന്നേയാണ് ഞാൻ കേട്ടതു്. ഇതു് ആയാൾ തന്നേ!"

„ഏതാൾ?"

„ശശി. ആ ഗാനം എന്നേ വിവശയാക്കിത്തീർത്തു. എനിക്ക് നില കിട്ടിയില്ല. ഞാൻ മൂർച്ഛയിൽ വീണുപോയി. ഇതു് നിങ്ങളേ അറിയിക്കുവാൻ ഞാൻ പലപ്പോഴും ശ്രമിച്ചിട്ടുണ്ടു്. അപ്പോഴൊന്നും അതിന്നു് കഴിഞ്ഞില്ല. എനിക്ക് മാപ്പു് തരിക."

അവൾ സൂചിപ്പിച്ചതെന്തെന്നു് ഞാൻ അറിഞ്ഞു. പശ്ചാത്താപത്തിൽ ഞാൻ മുങ്ങിപ്പോയി. എന്നിട്ടും,— അന്നു് ആ ദുഷ്കർമ്മം ചെയ്ത നീചൻ ശശിയല്ലാ ഞാനാണെന്നു് അവളോടു് തുറന്നു പറയുവാൻ തക്കവണ്ണം, എനിക്ക് എന്നേ അടക്കി നിർത്തുവാൻ കഴിഞ്ഞില്ല. ലജ്ജയാൽ എന്റെ അധരങ്ങൾ നിശ്ചേഷ്ടങ്ങളായിക്കിടന്നുപോയി. അവൾ വീണ്ടും പറഞ്ഞു:—

„ഞാൻ നിങ്ങളിൽ പ്രേമപൂർണ്ണയാകയാൽ ശശിയേ വിവാഹം ചെയ്യുവാൻ കഴികയില്ലെന്നു് അന്നു് ഉച്ചയ്ക്കു് ആയാളേ അറിയിച്ചു. ഒരു വാക്കുപോലും പറയാതേ ആയാൾ എന്നേ വിട്ടു പോയി. ആയാളേയോർത്തു് ഞാ

ൻ ദുഃഖിച്ചു. ഞാൻ തന്നേത്താൽ ശപിക്കയും കരയുകയും ചെയ്തു. തൻേറ മനോവേദനയേ വെളിപ്പെടുത്തികൊണ്ടു് ആയാഠം ആ വീണയിൽ ആൎത്തനാദം പുറപ്പെടുവിച്ചപ്പോഠം എൻേറ സ്വന്തം ഹൃദയം പിളൎന്നു പോകുംപോലേ എനിക്കു് തോന്നി. ഉടനേതന്നേ ഞാൻ മൂൎച്ഛിതയായി. ഞാൻ ആയാഠംക്കു് വേണ്ടി മുക്തകണ്ഠം കരഞ്ഞു കണ്ണീരൊഴുക്കിയതിന്നു പകരമായി, ആ നില്ലജ്ജൻ, ഞാൻ നിശ്ചേഷ്ടയായി കിടക്കുമ്പോഠം എന്നേ ബലാൽ സ്പൎശിച്ചു. അതു് എൻേറ തെററല്ലായ്കയാൽ, നിങ്ങഠം ക്ഷമിക്കുക. എൻേറ പ്രേമം നിങ്ങളിലല്ലാതേ മററാരിലുമല്ല."

എൻേറ ഹൃദയം അടിത്തട്ടുവരേ ഇളകി. അവളുടേ കൈകളെ ഗ്രഹിച്ചുകൊണ്ടു്, എനിക്കുള്ള ശക്തി മുഴുവൻ പ്രയോഗിച്ചു് ധൈൎയ്യം നേടുവാൻ ഞാൻ അപ്പോഠം ശ്രമിച്ചു. "ആ നീചൻ ശരിയല്ലാ, ഞാനാണു്"—എന്നീവാക്കുകഠം പുറപ്പെടുവിക്കുവാൻ ഞാൻ തയ്യാറായി. എന്നാൽ, ആ വാക്കുകഠം എന്നെന്നേക്കും വെളിപ്പെടാതേതന്നേ അടങ്ങിപ്പോയി! മായ പെട്ടെന്നു് മൂൎച്ഛിതയാകയും, എൻേറ പാദങ്ങഠംക്കരികേ നദീജലത്തിൽ വീണു മറയുകയും ചെയ്തു. ഞാൻ ഒരു നിമിഷത്തേക്കു് നിശ്ചേഷ്ടനായി സ്തംഭിച്ചു നിന്നുപോയി. അടുത്ത ക്ഷണത്തിൽ തന്നേ അവളേ പിന്തുടൎന്നു് ഞാൻ വെള്ളത്തിൽ ചാടി.

എൻേറ അരികേ കരഞ്ഞുകൊണ്ടിരിക്കുന്ന മേനക, നേൎത്തിടറിയ സ്വരത്തിൽ "നിങ്ങഠം എന്നേ അറികയില്ലയോ?" എന്നു് ചോദിച്ചു. "ഇപ്പോഠം ചെയ്ത ഈ ചോ

ദ്യം എന്തുകൊണ്ടു് നീ ഇതിനുമ്പു് പുറപ്പെടുവിച്ചില്ല?"

എനിക്കു് എല്ലാം തെളിഞ്ഞു. എൻേറ നേത്രങ്ങളെ മറച്ചിരുന്ന യവനിക നീങ്ങിപ്പോയി. "മായ! എൻേറ ഓമൽപ്രിയതമയായ പത്നി! അവൾ നീ തന്നേ! അതു് ഇതു വരേ ഞാൻ അറിഞ്ഞില്ല."

പരസ്പരം ആലിംഗനം ചെയ്തുകൊണ്ടു് ഞങ്ങൾ ഹർഷാശ്രു വാർത്തു.

പിന്നിലെ അന്ധകാരം, ഒടുവിൽ, വിസ്മൃതമായിപ്പോയി.

---

# ലജ്ജാവതി.

അവളുടേ വാസ്തവികമായ പേർ ലജ്ജാവതിയെ ന്നല്ല. അത്യല്പമായ അപ്രിയത്താൽപോലും സങ്കോചം കൊള്ളുമാറു് അവളുടേ മനസ്സ് അത്ര്യം മൃദുലമ്യം, അത്ര്യം ചഞ്ചലവുമാണ്. അവൾ സ്നേഹിക്കുന്ന വല്ലവരിൽ നിന്നും വെറും ഒരു കൎക്കശവാക്കു പുറപ്പെട്ടു പോയാൽ, ലജ്ജയാലും വേദനയാലും അവളുടേ കമനീയമായ മുഖം അരുണീഭൂതമാകയും, അവളുടേ മഞ്ജുളനേത്രങ്ങൾ അശ്രുപൂൎണ്ണങ്ങളായി, ഹിമപാതത്തിൽ നീരാടിയ സുന്ദര സൂമംപോലേയാകയും ചെയ്യും. അസാമാന്യവ്യം രമണീയവുമായ സൌന്ദൎയ്യത്തിന്നു് വിളനിലമായ ആ ചെറു പെൺകുട്ടി തന്റേ വികാരങ്ങളേ മറയ്ക്കുന്നതിന്നു് ചിരിക്കുവാൻ ശ്രമിക്കും. വാക്കുകൊണ്ടോ, നോക്കുകൊണ്ടോ തൊട്ടമ്പോഴേക്കും വാട്ടുകകൊണ്ടു് അവളേ മററുള്ളവർ ലജ്ജാവതി (തൊട്ടാൽവാടി) യെന്നു് വിളിച്ചു തുടങ്ങി.

പിതൃജനം അവളേ പൂജിച്ചു ലാളിച്ചു വളൎത്തി വന്നു. ഗാഢപ്രേമവികാരങ്ങളാൽ സമ്പൂൎണ്ണമായ ഹൃദയത്തിൽ നിന്നു് ആവിഷ്കൃതമായതാണു് ഈ മൃദുലപ്രകൃതിയെന്നു് അവൾക്കു് നല്ലവണ്ണം അറിയാം. തനിക്കു പുറവും ധാരാളമായി ആഹ്ലാദം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന ലജ്ജാവതിയേ ആരാണു് സ്നേഹിക്കാതിരിക്കുക? അങ്ങിനേ, സൂൎയ്യാതപത്തിന്നും, ഹിമപാതത്തിന്നും ഇടയ്ക്കു് അവളുടേ ശൈശവത്തിലേ സുഭഗദിനങ്ങൾ കഴിഞ്ഞു പോയി.

പിന്നേയുണ്ടായി വലുതായ മാററം; ഏതൊരു ഹിന്തുബാലികയുടേയും ജീവിതത്തിൽ സംഭവിക്കുന്ന മാററം തന്നേയാണത്. പന്ത്രണ്ടാം വയസ്സിൽ ലജ്ജാവതി, താൻ ഭർത്താവിൻേറ പൈതൃകഗൃഹത്തിൽ സ്നുഷയായി ആരോഹണം ചെയ്തിരിക്കുന്നതായി കണ്ടു.

കഷ്ടം! ആ പാവപ്പെട്ട തൊട്ടാൽവാടിക്കുഞ്ഞ്! അപരിചിതവും നവീനവുമായ ആ പരിസരസ്ഥലങ്ങളേപ്പററി അവൾക്ക് ഒന്നും അറിഞ്ഞുകൂടാ. കതിരവൻ വിളങ്ങുന്ന വാനിൻകീഴിൽ മാത്രമേ അവളുടേ കോമളഹൃദയം വികസിക്കയും, ചുററും നറുമണം തൂകുകയും ചെയ്കയുള്ളൂ. അന്തരിക്ഷം ഹിമാവൃതമായി തണുത്തു മങ്ങിയിരിക്കയാണെങ്കിൽ അവൾ തന്നേത്താൻ സങ്കുചിതയായി, കൂമ്പിയ മുകുളം പോലേയായിത്തീരും—വികസിത ദളങ്ങളോടുകൂടി വിളങ്ങുന്നതിന്നോ, പ്രഫുല്ലകുസുമമായി വർദ്ധിക്കുന്നതിന്നോ കഴിയാത്ത മുകുളംപോലേ—

മിഥ്യാബോധം ദിനംപ്രതി വളൎന്നു. അശ്രുധാരയില്ലാതേ മറെറാന്നുമാണ് അവൾ സമാശ്വാസം കാണേണ്ടത്!

"ഇതു തന്നേ ഇവളുടേ തെററിന്നു നല്ലൊരു തെളിവാണ്. ഇവൾ നിരപരാധിനിയാണെങ്കിൽ, നിശ്ചയമായും ഇത്രയേറേ കരയുകയില്ല" എന്ന് അവളുടേ ശ്വശ്രൂ വിധിച്ചു.

അവളുടേ ഭർത്താവിന്ന് അവളിൽ അവ്യാജമായ പ്രേമമുണ്ട്. എങ്കിലും, അവളുടേ പേരിൽ ഇടവിടാതേ കുററങ്ങൾ കേട്ടുകേട്ടു് ആയാൾ കോപാകുലനായി.

അങ്ങിനേ, പന്ത്രണ്ടു ദീൎഘവൎഷം കഴിഞ്ഞു പോയി. തന്റേ ഹൃദയം തുറന്നു കാണിക്കുന്നതിന്ന് അൎഹതയോ, തന്റേ പ്രകൃതി ശരിയായി അറിയുന്നതിന്ന് ശക്തിയോ ഉള്ള ഒരാളേയും അവൾ അവിടേ കണ്ടില്ല.

ഏതൊരു ജീവതത്തിന്നും സ്വന്തമായൊരു പരിപക്വകാലമുണ്ടു്. ലജ്ജാവതിയുടേഏകാന്തവും ദുഃഖാക്രാന്തവുമായ ജീവിതത്തിന്നുകൂടിയും, ഒടുവിൽ, മാററമുണ്ടായി.

ഹേമന്തത്തിലേ ഒരു നിൎമ്മലപ്രഭാതത്തിൽ, അവൾ ഉണൎന്നെഴുന്നേല്ക്കുമ്പോൾ അല്പം വൈകിപ്പോയി. ഉജ്ജ്വലമായ ഉദയസൂൎയ്യകിരണങ്ങൾ തന്റേ മുറിയിലേ ഭിത്തിയിന്മേൽ ക്രീഡിക്കുന്നതു് അവൾ കണ്ടു. ഉടൻ അവൾ കിടക്കയിൽ നിന്നെഴുന്നേററു്, സൂൎയ്യദേവനേ കുമ്പിട്ടു തൊഴുതു്, തിടുക്കത്തിൽ കുളി കഴിച്ചു്, വേഗം അടുക്കളയിലേക്കു പോയി. വാസ്തവത്തിൽ, അവൾ അത്ര അധികം വൈകിച്ചിട്ടില്ല. അവളുടേ മൂത്ത നാത്തുൻ ഇനിയും അടുക്കളയിൽ എത്തിട്ടില്ല. ഭൃത്യജനം തീ കത്തിക്കയും, പാത്രങ്ങൾ കഴുകുകയും ചെയ്യുന്നതിന്നിടയ്ക്കു് ലജ്ജാവതിക്ക് നിൎവ്വാധം വിശ്രമിക്കുവാൻ കഴിഞ്ഞു. ഊഴപ്രകാരം അന്ന് ഭോജനം തയ്യാറേക്കണ്ടതു് അവളുടേ മൂത്ത നാത്തുനാണു്. അതുകൊണ്ടു് അവൾ കറിസ്സാമാനങ്ങളെടുത്തു് പാകം ചെയ്യുവാൻ തയ്യാറാക്കി വെച്ചു. അവളുടേ ആ ജോലി മിക്കവാറും തീരാറായപ്പോൾ, ശ്വശ്രു അടുക്കളയിൽ വന്നു. എന്തൊരത്ഭുതം! ഈ പന്ത്രണ്ടു കൊല്ലങ്ങളിൽ അന്ന് അപ്പോൾ ആദ്യമായി, ആ നിൎദ്ദയകുടുംബിനി അവളേ പുഞ്ചിരിയോടുകൂടി നോക്കി.

"കൊച്ചുമരുമകളേ, നീ കേട്ടുവോ? പുല്ലകുമാരി വരുന്നതു് നീ കേട്ടുവോ?" എന്നു് ആ ശ്വശ്രൂ ചോദിച്ചു.

കരുണാർദ്രമായ സ്വരത്തിലാണേ ഈ വാക്കുകൾ പുറപ്പെട്ടതു്! ആ നിർദ്ദയ ഗൃഹനായികയുടേ വാക്ക് ഇത്രയും മൃദുസ്വരത്തിലാകുമെന്നു് ആൎക്ക് വിശ്വസിക്കുവാൻ കഴിയും!

"പുല്ലകുമാരി വരുന്നു? നല്ലതു്!" ഹൎഷാവേശത്തിന്നിടയിൽ ലജ്ജാവതിയുടേ ചെറുവിരലിൽ മുറിവേററുപോയി. അതു് തന്റേ ശ്വശ്രൂ കാണുമോ എന്നു് പേടിച്ചു് അവൾ ചെട്ടെന്നു് തന്റേ ആ കൈ സാരിയുടേ ഉള്ളിൽ ഒളിച്ചു.

മഹത്തായ വിസ്മയമാണു് അവൾക്കുണ്ടായതു്. ലജ്ജാവതി ഈ ഗൃഹത്തിൽ വരുന്നതിന്നു് രണ്ടു കൊല്ലം മുമ്പാണു് ഭൎത്തൃസഹോദരിയായ പുല്ലകുമാരിയേ വിവാഹം ചെയ്തു കൊണ്ടു പോയതു്. ഇത്രയും കൊല്ലങ്ങളായിട്ടും അവൾ തന്റേ ആ നാത്തൂനേ കണ്ടിട്ടേയില്ല. പുല്ലകുമാരിയുടേ ശ്വശുരൻ പഴയ നടപടികൾ വിടാത്ത ഒരു വലിയ ജന്മിയാണു്. തന്നേക്കാൾ താണതരത്തിൽപ്പെട്ട ബന്ധുക്കളേ കാണുന്നതിന്നോ, അവരുടെ വീട്ടുകളിൽ ചെല്ലുന്നതിന്നോ തന്റേ സ്നുഷയ്ക്കു് അനുമതി കൊടുക്കാത്ത, അത്ര ഗൎവ്വിഷ്ഠനാണദ്ദേഹം. പഴയ ദിനങ്ങളിൽപ്പെട്ട പൂൎവ്വികജന്മിത്തറവാട്ടിലേ അംഗങ്ങൾക്കൊത്തവണ്ണം, അദ്ദേഹം, തന്റേ സ്നുഷയേ താണതരം ബന്ധുക്കളുമായി ഇടപെടുവാൻ വിടുന്നതു് തന്റേ കുടുംബത്തിന്നുള്ള അന്തസ്സിന്നു ഇടിച്ചിലായിത്തീരുമെന്നും,

അവളുടേ സ്വന്തം വീട്ടുകാർ അവളേ കാണുവാൻ ആശി ക്കുന്നുവെങ്കിൽ ആചാരമൎയ്യാദപ്രകാരം ഇങ്ങ്, അവളുടേ ഭൎത്തൃഗൃഹത്തിൽ വരട്ടേയെന്നും കരുതുന്ന ആളാണ്.

അതുകൊണ്ടു്, പുല്ലകുമാരിക്ക് തന്റേറ ശൈശവകാ ലത്തിലേ ഗൃഹത്തിലേക്ക് ഇതേവരേ തിരിച്ചുചെല്ലുവാൻ അനുജ്ഞ കിട്ടിയില്ല. ഇപ്പോഠം അവഠംക്കുള്ള കാലംവ ന്നു. ആ നിൎദ്ദയശ്വശ്രൂരൻ തന്റേറ ലൌകികഭാരത്തേ ഇ റക്കിവെക്കയാൽ, അദ്ദേഹം ഏൎപ്പെടുത്തിയ നിബന്ധന കളെല്ലാം നീങ്ങിപ്പോകുകകൊണ്ടു്, പുല്ലകുമാരിക്ക് ത ന്റേറ ജന്മഗൃഹത്തിൽ, പതിന്നാലുകൊല്ലത്തേ വേർപാ ടിന്നുശേഷം, ആദ്യമായി പ്രവേശിക്കുവാൻ ഇപ്പോഠം കഴിഞ്ഞു.

എന്തൊക്കേയാണ് സംഭവിക്കുവാൻ പോകുന്നതെ ന്ന് ലജ്ജാവതിക്ക് ദീർഘമായി ആലോചിച്ചുനോക്കുവാ ൻ ഇടകിട്ടിയില്ല. വേണ്ടുന്ന കാൎയ്യങ്ങഠംക്കെല്ലാം അവ ളുടേ ശ്വശ്രൂ ആജ്ഞകഠം കൊടുത്തുതുടങ്ങി. ആരാണ്, അന്ന് ഭോജനം തയ്യാറാക്കേണ്ടതു? മൂത്ത നാത്തൂനോ? ശരി; പുല്ലകുമാരി ഒരു ധനാഢ്യന്റേറ പത്നിയാണെന്നും, പല കൊല്ലങ്ങഠം വേർപെട്ടു വാണതിൽപ്പിന്നേ ഇപ്പോഠം ആദ്യമായിട്ടാണ് വീട്ടിലേക്ക് വരുന്നതെന്നും എല്ലാവ രും ഓൎത്തുകൊള്ളട്ടേ. യാതൊരു കുറവും ഒന്നിലും പററാ തിരിക്കുവാൻ എതൊരാളും നോക്കണം. ആ കുടുംബിനി യുടേ മകളേ സംബന്ധിച്ച സൎവ്വകാൎയ്യങ്ങളിലും സൎവ്വരും ശ്രദ്ധാലുക്കളായി വൎത്തിക്കണം.

ആജ്ഞകളെല്ലാം കഴിഞ്ഞതിൽപ്പിന്നേ ശ്വശ്രൂ

അവിടേനിന്നകന്നു. അതിൽപ്പിന്നേ, ആ സംഭവത്തേപ്പററി ചിന്തിക്കുവാൻ ലജ്ജാവതിക്ക് അവസരം കിട്ടി. അവഠം ഫുല്ലകുമാരിയേ ഒരിക്കലും കണ്ടിട്ടില്ല. എന്നാൽ, ആ നാത്തൂനേപ്പററി അവഠം ധാരാളമായി കേട്ടിട്ടുണ്ട്. ഫുല്ലകുമാരി വന്നെത്തുന്ന ആ നാഠം സുശോഭനം പുലൻ്നു. അവളുടേ ആഗമനവൃന്താന്തംതന്നേ ഇത്രയും മനസ്സുഖം വളത്തുന്നതെന്താണ്! അവഠം അനുഗ്രഹമൂത്തിയാണോ! ലജ്ജാവതി പാക്കുന്ന ആ ഗൃഹത്തിലേ പരിതസ്ഥങ്ങളെല്ലാം അന്ധകാരപൂണ്ണമായി, ദുസ്സഹമായിട്ടാണ് ലജ്ജാവതിക്ക് പലപ്പൊഴും തോന്നിയിരുന്നത്. ആ ഘോരശൈത്യമയമായ ആകാശത്തിൽ ഇതിന്മുമ്പ് കണ്ടിട്ടില്ലാത്തവണ്ണം ആ അന്ധകാരം ഇപ്പോഠം ദീപത്താൽ പ്രകാശമാനമായിത്തീന്നിരിക്കുന്നു. വിനീനതവും കൃപണവുമായ അവളുടേ ജീവൻ മഹത്തായ ആഹ്ലാദത്തോടുകൂടി ഉത്ഥാപനം ചെയ്യു. ഭത്തൃഗൃഹത്തിൽ അവഠം വന്നെത്തിയതിൽപ്പിന്നേ ഇന്നേവരേ അവഠംക്കുണ്ടായിട്ടില്ലാത്ത, അങ്ങിനേയുള്ള ആഹ്ലാദമാണത്.

൨.

ഒരു നോക്ക് കണ്ടുപോകുവാനായി എന്നെങ്കിലുമൊരിക്കൽ ഒരു മകഠം വരുമ്പൊഴത്തേപ്പോലേ അത്ര വലിയ സുഖസന്തോഷങ്ങഠം ഒരു ഹിന്ദു കുടുംബത്തിൽ മററൊരിക്കലും ഉണ്ടാകയില്ല. ഫുല്ലകുമാരി പല കാലമായി അകലേയായിരുന്നു. അവഠം ഒരു മഹാ ധനികൻറ ഭാൎയ്യയാണ്. ഈ രണ്ടവസ്ഥകളും അവളുടേ ആഗമനത്തിന്ന് പ്രാധാന്യം കൂട്ടി.

ചൌധുരിയുടേ ഗൃഹം കോലാഹലസമ്പൂൎണ്ണമായി. സ്നുഷകളും, ദാസികളും ഔത്സുക്യത്തോടും ആവേഗത്തോടുംകൂടി അവരവരുടേ ജോലികളിൽ വ്യാപൃതകളായി. ഗൃഹനായിക സൎവ്വാധികാരിയായി ആജ്ഞകൾ കൊടുത്തു. സന്നിഹിതമായ മഹാ സംഭവത്തെപ്പററി ആഹ്ലാദപൂൎവ്വം ഓരോന്നു പറഞ്ഞുകൊണ്ടു കുട്ടികൾ ഓടിച്ചാടി നടന്നു തുടങ്ങി. ഈ കുഴപ്പങ്ങൾക്കെല്ലാമിടയിൽ, പ്രതീക്ഷിതയായ ഗൃഹാഗത ഇതാ എത്തിയെന്ന മധുരസ്വരം പെട്ടെന്നു ഉയൎന്നു. സംഭ്രമം അതിന്റെ പരമകാഷ്ഠയേ പ്രാപിച്ചു. ഭൃത്യന്മാർ അവൎക്കുള്ള സ്ഥാനത്തു തയ്യാറായി നില്ക്കുവാൻ മുററത്തേക്കും, അമ്മ ആ മകളേ സ്വീകരിക്കുവാൻ കീഴ്നിലയിലേക്കും ഇറങ്ങി.

ലജ്ജാവതിക്കു ഇതിലധികം അടങ്ങി നില്ക്കുവാൻ കഴിഞ്ഞില്ല. മൂത്ത നാത്തൂനിൽ നിന്നു ഇടയ്ക്കു ഒരധിക്ഷേപം തന്നിൽ തറച്ചിട്ടും, അവളും ആ ആഗമനരംഗം കാണുവാൻ തിടുങ്ങി. ഉൽക്കണ്ഠയോടുകൂടി മുന്നോട്ടു കടന്നുചെല്ലുവാൻ തക്ക ധാൎഷ്ട്യം അവൾക്കുണ്ടായില്ല. ജനബാധ കൂടാതേ ഒഴിഞ്ഞു കിടക്കുന്ന ഒരു വാതില്ക്കൽ വന്നു അതിന്റെ പഴുതിൽകൂടി അവൾ സലജ്ജം ഒളിച്ചുനോക്കി നിന്നു.

ഹാ! അതിന്റെ തേജോവൈഭവം!

മൃദുവും കാതരവുമായ അവളുടേ ഹൃദയം മിടിക്കുവാറും നിലച്ചപോലേ തോന്നി. മഹാൎഹമായ വസ്ത്രംകൊണ്ടു ആവൃതമായി, മുമ്പിലും പിമ്പിലും രുചിര വേഷധാരികളായ ഇരണ്ടു സേവകന്മാരോടും, ഇരുപുറത്തും, പട്ടുസാരിയും, കാഞ്ചനകണ്ഠാഭരണവും ധരിച്ച ഓരോ ദാസി

യോടും കൂടിയ ഒരു പല്ല്യങ്കം പ്രവേശന ദ്വാരത്തിൽ കൊണ്ടുവന്നു.

ആ മൂടുപല്ലക്കിന്നുള്ളിൽ സ്ഥിതിചെയ്യുന്ന ആ ധന്യയുടേ നില എന്തായിരിക്കാം !

തൻേറ സ്വന്തം ക്ഷുദ്രജീവിതം എത്ര അധമവും ആപന്നവുമാണെന്ന വിചാരം ലജ്ജാവതിക്കുണ്ടായി. ഈ ഗൃഹാഗതയായ ധന്യയിൽ നിന്ന് തന്നേ വേർപെടുത്തുന്നതായ ഒരു കാഞ്ചനഭിത്തി—മൈത്രിയ്ക്ക് കയറിക്കടക്കുവാൻ ഒരിക്കലും കഴിയാത്തതായ ഒരു ഭിത്തി അവൾ കണ്ടു.

എന്നാൽ—എടോ, തൊട്ടാൽവാടിക്കുഞ്ഞേ, ഈ അവസരത്തിൽ നിനക്ക് നൈരാശ്യപ്പെടേണ്ടി വരികയില്ല. നിൻേറ ജീവിതത്തിലേ ഉൽകൃഷ്ടകാലം ഇതാ സന്നിഹിതമായിരിക്കുന്നു. നോക്കൂ. പല്ലക്കിലേ വാതിൽ തുറന്നു. അതിൽ നിന്ന് ഒരു യുവതി ഇറങ്ങുന്നു. വിനീതവേഷത്തോടും, പുഞ്ചിരിത്തൂമയോടും, മഹാനുഭാവത്തോടും, കുലീനവും ഉദാരവുമായ ഹൃദയത്തേ—മുമ്പിൽപ്പെടുന്ന ഏതൊരാളേയും തന്നിലേക്ക് ആകർഷിക്കുന്ന ഒരു ഹൃദയത്തേസവിശേഷം പ്രതിബിംബിപ്പിക്കുന്ന മുഖത്തോടും കൂടിയ ഒരു യുവതി !

ഇതു കണ്ടപ്പോൾ, വാതിലിന്നിടയിൽ തന്നെത്താൻ മറഞ്ഞുനില്ക്കുന്ന ആ ചെറു പെണ്ണ്, പെട്ടെന്ന് തൻേറ ആയുഷ്ക്കാലം അസാധാരണ സുഖംകൊണ്ട്, തികച്ചും നിറഞ്ഞിരിക്കുന്നുവെന്ന് ധരിക്കയും, തൻേറ മുമ്പിൽ പുതിയൊരു ജീവിതം തുറന്നിട്ടിരിക്കുന്നതായി കാ

ണന്നുവെന്ന് വിചാരിക്കുകയും ചെയ്തു. മുമ്പിലത്തേതിൽ നിന്ന് തീരേ വ്യത്യസ്തമായ സൃഷ്ടിയായിട്ടാണ് അവരം അടുക്കളയിൽ മടങ്ങിച്ചെന്നത്. കേളീപരമായ ബാലോചിതഭാവം ഒരിക്കൽകൂടി അവളിൽ തിരിച്ചെത്തി. ഒരു പിടി അരിയെടുത്ത്, അതു അവരം തൻെറ നാത്തൂൻെറ ചുററും വിതറി. അതിൽ ആ നാത്തൂൻ ചൊടിച്ചു കയക്കുകയാണു ചെയ്തത്. അനുചിതമായ വിനോദം അരുതെന്നും സ്വന്തം ജോലികരം ശരിക്ക് നടത്തുകയാണു വേണ്ടതെന്നും ആ സ്ത്രീ ശാസിച്ചു. പിന്നേയും, ലജ്ജാവതി ചിരിച്ചുകൊണ്ടു നില്ക്കയാൽ, അവരം ഇപ്പോരം പാക്കുന്നത് ശ്വശ്രൂഗൃഹത്തിലാണെന്ന് ആ മൂത്ത നാത്തൂൻ അവളേ കുപിതയായി ഓമ്മിപ്പിച്ചു. ഈ വക ചേഷ്ടിതങ്ങളെല്ലാം അവളുടേ പിതൃഗൃഹത്തിലേ ചേരുകയുള്ളൂ; ഇവിടേ ഇതിനൊന്നിന്നും സ്ഥാനമില്ല.

ലജ്ജാവതിയുടേ കാതരമായ മൃദുഹൃദയം അതിവേഗം അടിച്ചു തുടങ്ങി. എന്നിട്ടും, അവരം ചിരിച്ചു. അതോടുകൂടി, ഭവിതവ്യമായ ബാഷ്പകണങ്ങരം അവളുടേ കണ്ണുകളിൽ നിന്ന് ഇററിററു വീണു. പാവം! ഒരിക്കൽ കൂടി ആ നൈസർഗ്ഗികമായ ശൈശവപ്രകൃതി അവളിൽ ഉദിച്ചു. പുഞ്ചിരിയും കണ്ണീരും തമ്മിലുള്ള കൂടിക്കലപ്പ് ഒരിക്കൽകൂടി അവളിലുണ്ടായി.

ഫുല്ലകുമാരി അവളുടേ അമ്മയോടുകൂടി മുകളിലേക്ക പോയിരിക്കയായിരുന്നു. ഊണിന്നു കാലമായപ്പോരം അവരം താഴേവന്നു. അവളേ സൽകരിക്കുന്നതിൽ ആ ഗൃഹത്തിലേ സ്നേഹകരം അഹമഹമികയാ മത്സരിച്ചു

അതിവ്യയസാദ്ധ്യമായ ഭോജനം അവിടേ തയ്യാറാക്കിയിരുന്നു. സൂദകലയിൽ ആ സ്നുഷകൾക്കുള്ള പാടവമൊക്കേയും ആ വിരുന്നുകാരിയുടേ മുമ്പിൽ പ്രകടിപ്പിച്ചു.

മൂത്ത നാത്തൂനും ഫുല്ലകുമാരിയും തമ്മിൽ ഇതിനു മുമ്പുതന്നേ പരിചിതരാണ്. തന്റേ ഭ്രാതൃപത്നിയേ ഫുല്ലകുമാരി ദൃഢസൌഹൃദത്തോടുകൂടി അഭിവാദനം ചെയ്തതിൽപ്പിന്നേ, ബഹുശ്രമസിദ്ധമായ ഇത്തരം ഭോജനം തയ്യാറാക്കിയതിന്ന് സവിനയം ആക്ഷേപിച്ചു.

"എനിക്ക് നിങ്ങൾ ഇത്രയെല്ലാം ചെയ്യുവാൻ തക്കവണ്ണം ഞാൻ നിങ്ങളുടേ ആചാര്യന്റേ പത്നിയാണോ? എന്ന് അവൾ പരിഹാസപൂർവ്വം ചോദിച്ചു.

"അതു് ഏതാണ്ട് അങ്ങിനേതന്നേയാണ്. അല്ലെങ്കിൽ നിങ്ങൾ ഇത്രകാലം ഞങ്ങളേ വിട്ട് അകന്നുപോകുമോ? ഇപ്പോൾ, അവിടേ ഇരുന്ന് ഊണിന്റേ കാര്യം നോക്കൂ. അതാണ് ഞങ്ങളേ സംബന്ധിച്ച് നിങ്ങൾ ചെയ്യേണ്ട ഏററവും വലിയ അനുഗ്രഹം."—എന്നിങ്ങിനേ, മൂടുപടത്താൽ മിക്കവാറും മറഞ്ഞിരിക്കുന്ന മുഖത്തിൽ നിന്ന് മൃദുസ്വരത്തിൽ മറുപടി പുറപ്പെട്ടു.

അപ്പൊഴാണ് ഫുല്ലകുമാരി ആദ്യമായി തന്റേ ഇളയ നാത്തൂനേ കണ്ടതു്. അവൾ അപ്പോൾ മൂടുപടത്താൽ മറഞ്ഞു നില്ക്കുകയായിരുന്നു.

"ഇവൾ ആരാണ്?

"എന്തു്! നീ ഇവളേ അറിയില്ലയോ? ഇവൾ നിന്റേ കൊച്ചാങ്ങളയുടേ ഭാര്യയാണ്. അതേ, നിനക്ക് ഇവളേ എങ്ങിനേ അറിയുവാൻ കഴിയും!"

ഇങ്ങിനെ പറഞ്ഞു് ആ വൃദ്ധമാതാവു്, തൻേറ കുട്ടിയേ ഇത്രയും കാലം തനിക്ക് കാണാതാക്കിയ ആ ദുർമ്മുഖനായ ശ്വശ്രൂരൻേറ പേരിൽ നിന്ദാവഷം ചൊരിഞ്ഞു.

„നിന്നേ ഹേമൻേറ വിവാഹത്തിന്നുകൂടിയും ആ മനുഷ്യൻ ഇങ്ങോട്ടയച്ചില്ല. ഇങ്ങിനേയാണെന്നു് ആദ്യംതന്നേ ഞാൻ അറിഞ്ഞിരുന്നുവെങ്കിൽ, ഹാ, മകളേ, നിന്നേ ഞാൻ ആ വീട്ടിലേക്ക് നിശ്ചയമായും വിവാഹം ചെയ്തു കൊടുക്കയില്ലായിരുന്നു.''

ഫുല്ലകുമാരിക്ക് അവളുടേ മാതാവിൻേറ ഈ ദേഷ്യത്തിൽ ഒട്ടും ശ്രദ്ധയുണ്ടായില്ല. സലജ്ജം മാറിനില്ക്കുന്ന ആ ചെറുഗൌരവിഗ്രഹത്താൽ അവൾ ആവജ്ജിതയായിരിക്കുന്നു. അവൾ ലജ്ജാവതിയുടേ അടുത്തുചെന്നു് „ഞാൻ നിൻേറ മുഖം നോക്കട്ടെയോ?'' എന്നു് ചോദിച്ചു്, മുഖപടം നീക്കി. അപ്പോൾ നിർമ്മലവും കോമളവുമായ ഹൃദയത്തേ പ്രതിബിംബിക്കുന്ന ആ മനോജ്ഞ മുഖം കണ്ടു് അവൾ ആമോദത്തോടേ ഉൽക്രോശിച്ചു:—

„കൊള്ളാം! നല്ലൊരു പെൺകുട്ടിയാണു് നീ. എൻേറ ആങ്ങളയ്ക്കു് ഇത്രയും ലാവണ്യവതിയായ ഭാര്യയേ കിട്ടിയതിൽ ഞാൻ സന്തോഷിക്കുന്നു.''

ലജ്ജാവതിയുടേ കാതരമായ മൃദുഹൃദയത്തിൽ സൂര്യപ്രകാശം പ്രവഹിച്ചു. അവൾ, സത്വരം മൂടുപടംതാഴ്ത്തി, അവളുടേ നാത്തൂൻേറ മുമ്പിൽ ഊൺപാത്രങ്ങൾ നിരത്തി വെച്ചുതുടങ്ങി.

— ൩ —

ലജ്ജാവതി സ്വന്തം ജോലികഠം സഹഷം നിവ്വ്ഹിച്ചു വന്നു. അവളേ ഇത്രയും സുപ്രസന്നയായി ഇതിന്നുമുമ്പ് അവരാരും കണ്ടിട്ടില്ല. ഫുല്ലകുമാരിയേ വീണ്ടുംവീണ്ടും കാണുവാനായി അവഠം മുകളിലേക്ക് പോയിക്കൊണ്ടിരുന്നു. ഹാ! ആ ഹഷപൂണ്ണമായ മുഖം! ആ കരുണാർദ്രമായ വീക്ഷണങ്ങളും, ആ വാത്സല്യസമ്മിളിതമായ വാക്കുകളും അവളുടേ ഹൃദയത്തിൽ തങ്ങിനിന്നു. നവോഢയായ ബാലികയെന്നപോലേ, തൻേറ പാദങ്ങളേ ഉറന്നിനിത്തുവാൻ അവഠം ക്ലേശിക്കുകകൊണ്ട്, മുകളിലേക്ക് കയറുന്നതിന്ന് അവഠംക്ക് ഏററവും പണിപ്പെടേണ്ടിവന്നു. മുകളിൽവെച്ച് അവഠം തൻേറ മകളേകണ്ടു. കൊച്ചുറാണിയെന്നാണ് ആ കുട്ടിയുടേ ഓമനപ്പേർ. അവഠംക്ക് പത്തുവയസ്സു പ്രായമേ ആയിട്ടുള്ളുവെങ്കിലും ഈയിടേ വിവാഹം കഴിഞ്ഞിരിക്കുന്നു. നല്ലൊരുവനേ കണ്ടുകിട്ടിയാൽ, സ്വന്തം പുത്രിയേ പന്ത്രണ്ടുവയസ്സിന്നുമുമ്പുതന്നേ ഹൈന്ദവപിതൃജനം വിവാഹം ചെയ്തുകൊടുത്തേക്കും. എന്നാൽ, അങ്ങിനേ സംഭവിക്കുമ്പോഠം, മകളേ, തക്കതായ കാലമാകുന്നതുവരേ ഭത്തൃഗൃഹത്തിലേക്ക് അയയ്ക്കുയില്ല.

കൊച്ചുറാണി ചോദിച്ചു:— „അമ്മേ, എൻേറ മുടിക്കോപ്പുകളെല്ലാം ഇങ്ങു തരാമോ? അമ്മായി എൻേറ തലമുടി പിന്നിത്തരാമെന്നു പറയുന്നു.‟

ലജ്ജാവതി വല്ലാതേ സംഭ്രമിച്ചുപോയി. താൻ മേഘമണ്ഡലത്തിൽനിന്ന് കീഴേ വീണതുപോലേ അവഠംക്ക് തോന്നി.

„മുടിക്കോപ്പുകളോ, കുഞ്ഞേ? ഞാൻ അവ കണ്ടില്ലല്ലോ!

„നിങ്ങൾക്ക് ഓൎമ്മയില്ലേ അമ്മേ? നിങ്ങൾ കറിസ്സാമാനങ്ങൾ തയ്യാറാക്കുമ്പോഴല്ലേ ഞാൻ അവ നിങ്ങളുടേ കൈയിൽ തന്നത്?‟

ലജ്ജാവതിക്ക് ഒന്നും ഓൎമ്മയില്ല. „നീ അവ എന്റേ കൈയിൽ തന്നുവെന്നോ പറയുന്നത്?‟

„അതേ, ഞാൻ അമ്മയുടേ കൈയിൽത്തന്നേയാണു തന്നത്.‟

തന്റേ അനവധാനതയാൽ എങ്ങോ വെച്ചുവന്ന ആ ആഭരണങ്ങൾ കാണാതേ പോയിരിക്കുന്നുവെന്നറിഞ്ഞ ആ കുട്ടി പിതാമഹിയേയോൎത്ത് പേടിച്ച്, „അയ്യോ, അമ്മേ, ആ മുടിക്കോപ്പുകൾ ഇങ്ങുതരൂ‟ എന്ന് നിലവിളിച്ചു.

പാവപ്പെട്ട ലജ്ജാവതി! തെറ്റ് തന്റേപേരിൽത്തന്നേയെന്ന് അവൾ വിചാരിച്ചു. മറ്റൊരാളിലാണ് കുററമെന്ന് അവൾക്ക് അറിയുവാൻ കഴിഞ്ഞില്ല. അതുകൊണ്ട് അവൾ കുട്ടിയോട് ഒന്നും മിണ്ടാതേ, ആ മുടിക്കോപ്പുകൾ തിരയുവാൻ താഴേ ഇറങ്ങിപ്പോയി.

അതേസമയത്തുതന്നേ, അതിഥിക്കായുള്ള മുറിയിൽ വേണ്ടുന്നതെല്ലാം തയ്യാറാക്കുന്ന ദാസി ഗൃഹനായികയേ കണ്ട്, പുതപ്പൊഴികെ മററുള്ളതെല്ലാം ഒരുക്കിവെച്ചിരിക്കുന്നുവെന്ന് അറിയിച്ചു. തക്കതായ പുതപ്പ് വേറേയില്ലാത്തതുകൊണ്ട്, ലജ്ജാവതിയുടേ മുറിയിൽ വെച്ചിട്ടുള്ള ആ പുതിയ പുതപ്പ് എടുത്തുകൊണ്ടുവരികയാണ് നല്ലതെന്ന് ആ ദാസി നിൎദ്ദേശിക്കയും ചെയ്തു.

"ഫേമൻ ഇന്ന് വൈകുന്നേരം കൃഷിസ്ഥലത്തേക്ക പോകും. നീ പോയി അവൻെറ മുറിയിൽ ചെന്ന് ആ പുതിയ പുതപ്പ് എടുത്തുകൊണ്ടു വരിക. വേഗം ഇങ്ങു വരണം. ആ പുതപ്പിൻെറ സ്ഥാനത്ത് മറെറാന്ന് കൊണ്ടുപോയി വെക്കേണ്ടതുണ്ട്"—എന്ന് ഗൃഹനായിക ദാസിയോടു പറഞ്ഞു.

ദാസി ആ പുതപ്പോടുകൂടി മടങ്ങിവന്നു. ഒരു ഏഷണിയോടു കൂടിയാണ് അവളുടേ വരവ്.

"അയ്യോ! ആ ശ്രദ്ധയില്ലാത്ത കൊച്ചമ്മ! ഇങ്ങിനേയൊരാളേ ഞാൻ കണ്ടിട്ടേയില്ല. കൊച്ചുറാണി ആ ആഭരണങ്ങറം അവരുടേ കൈയിൽ കൊടുത്തു. അതു അവർ കളഞ്ഞിരിക്കുന്നു. എന്നിട്ട് ഇപ്പോറം അതു തിരയുകയാണ്. പുതപ്പ് ഞാൻ തന്നേ എടുക്കേണ്ടി വന്നു. അതിലൊന്നിലും അവക്ക് ശ്രദ്ധയില്ല."

"ആഭരണങ്ങളോ! എന്താഭരണങ്ങറം?"

"മുടിപ്പൂവുകറം. അമ്മേ, പൊൻമുടിപ്പൂവുകറം. ഇനി, ഞങ്ങളാണ് അതു എടുത്തതെന്ന് പറഞ്ഞു ഞങ്ങളേ കുററക്കാരികളാക്കും. ആ കൊച്ചമ്മ ഉള്ളതൊക്കേയും കളയുന്നു. എന്നാൽ, വലിയമ്മേ, അതിന്നെല്ലാം ഈ പാവപ്പെട്ട ദാസികളേ പഴിക്കാതിരിക്കണേ!"

ഗൃഹനായിക കോപാകുലയായി. മകളുടേ ആഗമനദിനമല്ലയോ അന്ന്! പല കൊല്ലങ്ങറക്കുശേഷം ഉണ്ടായിട്ടുള്ള ഏററവും വിശിഷ്ടദിനം! ഇങ്ങിനേ, ആഭരണങ്ങറം കളഞ്ഞു ആ ദിനത്തേ അശുഭമാക്കിത്തീക്കാമോ!

തൻെറ തീക്ഷ്ണവികാരങ്ങളേ വെളിപ്പെടുത്തുവാൻ

ആ സ്ത്രീ അപ്പോഠം തന്നേ, തൻേറ ജ്യേഷ്ഠസ്നുഷയുടേ മുറിയിലേക്ക് സത്വരം പോയി.

"നീ കേട്ടുവോ? എൻേറ കൊച്ചു മരുമകഠം ആഭരണങ്ങഠം കളഞ്ഞിരിക്കുന്നു. ഈയിടേയാണ് അവഠം ഒരു പട്ടുസാരി കളഞ്ഞതു്. ഇന്ന് പണ്ടങ്ങളും കളഞ്ഞു. ഒട്ടും ശ്രദ്ധയില്ലാത്ത പെണ്ണ്!

"അതു് എങ്ങിനേയോ, യദൃച്ഛയാ കാണാതേ പോയതായിരിക്കാം. അവഠം, വേണമെന്നു വെച്ച് കളഞ്ഞതല്ലല്ലോ"—എന്നിങ്ങിനേ, അപ്പോഠം അവിടേ വന്ന പുല്ലുകുമാരി മറുപടി കൊടുത്തു.

ഈ മൃദുതരമായ അപ്രിയ വാക്കുപോലും ആ ക്രുദ്ധസ്ത്രീയുടേ രോഷത്തേ വളൎത്തുകയാണ് ചെയ്തതു്.

"കുഞ്ഞേ, നി അവളേ അറികയില്ല. അറിഞ്ഞിരുന്നുവെങ്കിൽ ഇങ്ങിനേയല്ലായിരുന്നു നി പറയുക. രണ്ടു നാലു ദിവസം കഴിയട്ടേ; അപ്പോഠം നി അവളേ നല്ലവണ്ണം അറിയും. ചന്തമുള്ളൊരു മുഖം അവഠംക്കുണ്ടായിരിക്കാം. എങ്കിലും, അവളുടേ മനസ്സ് തീരേ ഇരുണ്ടിട്ടാണ്. തികച്ചും കരുതലോടുകൂടിത്തന്നേയാണ് അവഠം ഇതെല്ലാം ചെയ്യുന്നതു്. അവഠംക്ക് ഈ നഷ്ടം നിസ്സാരമായിരിക്കാം. നഷ്ടം ഞങ്ങളുടേതല്ലയോ? ഇനി ആ ആഭരണങ്ങഠം രണ്ടാമതു് ഉണ്ടാക്കേണ്ടതു് ഞങ്ങളല്ലയോ? ഇന്നു്, നീ ഇവിടേ വന്നിരിക്കുന്ന നല്ലൊരു നാളാകകൊണ്ടു്, ഇന്നു തന്നേ എന്തെങ്കിലുമൊരു ദുൎന്നിമിത്തം ഉണ്ടാക്കിവെക്കണമെന്നാണ് അവളുടേ കരുതൽ."

മൂത്ത നാത്തൂൻ ഒന്നും മിണ്ടിയില്ല. പുല്ലുകുമാരിയാ

വട്ടേ, അമ്മ പറഞ്ഞതൊന്നും വിശ്വസിച്ചില്ല. "ഏതായാലും, നമുക്ക് ചെന്ന് അന്വേഷിക്കാം" എന്നു അവരം പറഞ്ഞു.

അപരാധിയേ തിരഞ്ഞുകൊണ്ട് അവർ മൂവരും ചെന്നു. അവക്ക് ഒട്ടും അകലേ പോകേണ്ടി വന്നില്ല. താഴേയെങ്ങും തിരഞ്ഞുനോക്കീട്ടും ആഭരണങ്ങരം കണ്ടുകിട്ടാതേ ലജ്ജാവതി മുകളിലേക്ക തന്നേ കയറി വന്നു.

"നീ, പിന്നെയും എന്തു പണ്ടങ്ങളാണ് കളഞ്ഞത്?" എന്ന് ശ്വശ്രൂ ചോദിച്ചു.

പാവപ്പെട്ട ലജ്ജാവതി! അവളുടേ ജീവിത കാലത്തു് ഒരിക്കലും, ഒരാഭരണവും കളഞ്ഞിട്ടില്ല."

ആ ക്രുദ്ധയായ ഗൃഹനായിക തുടന്നു പറഞ്ഞു:—

"ഇങ്ങിനേയോരോന്ന് ചെയ്തു തുടങ്ങിയാൽ, മഹാലക്ഷ്മി ഈ വീട്ടിൽ നിശ്ചയമായും കുടികൊള്ളുകയില്ല. മൂടി ക്കോപ്പുകളില്ലാതേ ഇനി ഇവളേ ഇവളുടേ മാതാമഹന്റേ വീട്ടിലേക്ക് എങ്ങിനേയാണ് അയയ്ക്കുക! ആ ആഭരണങ്ങരം എവിടേയെന്ന് ഇവളുടേ ബന്ധുക്കരം ചോദിക്കയില്ലയോ? അങ്ങിനേ യാതൊന്നും ഇവരംക്കില്ലെന്നു് പറയുന്നതു് നമുക്ക് അപമാനമല്ലയോ?"

ഇതിന് മറുപടി കൊടുക്കത്തക്ക സാഹസം ലജ്ജാവതിക്കുണ്ടായി. അവളുടേ ജീവകാലത്തിൽ, മുമ്പും പിന്നുമുണ്ടായിട്ടില്ലാത്ത സാഹസമാണിതു്. മുഖത്തു് പകുതിയോളം വീണ മൂടുപടത്തിന്റേ പിന്നിൽ നിന്ന് അവരം ഭയചകിതയായി ഇങ്ങിനേ പറഞ്ഞു:—

"ആ പണ്ടങ്ങരം കൊച്ചുറാണിയുടേതല്ല. എന്റേ

അച്ഛൻ എനിക്ക് തന്നവയാണവ. ഞാനാണ് അവറ്റക്ക് അവ കൊടുത്തത്.''

പാവപ്പെട്ട കുട്ടി! അവറം നിശ്ശബ്ദയായി നില്ക്കുയാണ് ചെയ്തതെങ്കിൽ, അതായിരുന്നു അധികം നല്ലതു്.

അവളുടേ ശ്വശ്രൂ ഗജ്ജിച്ചു:—''കൊള്ളാം! എന്നാൽ, ഞങ്ങറം നിന്നോട്ട് മാപ്പിന്നു് അപേക്ഷിക്ക തന്നേ വേണം. നിൻേറ മൂഢകമ്മങ്ങളെ ാക്കേയും ഞങ്ങറം നിശ്ശബ്ദം സഹിക്കേണ്ടവരല്ലയോ? ദേഷ്യം വല്ലാതേ വളന്നിരിക്കുമ്പോറം, പ്രമാദത്താൽ വല്ലതുമൊരു വാക്ക് കരുതൽ കൂടാതേ അകസ്മാത്തായി എന്നിൽ നിന്നു് വെളിപ്പെട്ടുപോയാൽ ഇവറം ഇവളുടേ അച്ഛൻേറ വീടെടുത്തെറിഞ്ഞു് എൻേറ പല്ലു കൊഴിച്ചേക്കും! കേറക്കു, മകളേ, ഇവറം നിൻേറ അമ്മയേ ആക്ഷേപിക്കുന്നതു് കേറക്കു!''

ആ ആഭരണങ്ങറം ലജ്ജാവതിക്ക് അവളുടേ അച്ഛൻ കൊടുത്തതായിരുന്നാലും, അതുകൊണ്ടു് കാൎയ്യം മാറിപ്പോകയില്ലെന്നും, നഷ്ടം ഏതു നിലയിലും ഒരുപോലേതന്നേയെന്നും വാദിച്ച് മൂത്ത നാത്തൂൻ അമ്മയുടേ പക്ഷം ഉറപ്പിച്ചു. ഗൃഹനായികയുടേ ഭാവം മാറിയില്ല.

''പോകട്ടേ, എല്ലാം നശിച്ചുപോകട്ടേ.''

ഇങ്ങിനേ കരുതി അടങ്ങുകയല്ലാതേ, ആ ഗൃഹനായികക്കു് ലജ്ജാവതിയോട്ട് ഇനി ഒരു വാക്കുപോലും പറയുവാനില്ല. ആ സ്ത്രീ ഹരിമോഹന ഘോഷ്ഠൻേറ മകളാണെങ്കിൽ, ലജ്ജാവതിയേപ്പോലേയുള്ള ഒരു ചെന്നി

നേ പാപ്പിച്ചുകൊണ്ടു് ഗൃഹഭരണം നിർവ്വഹിക്കുവാൻ ഒരിക്കലും ശക്തയല്ലാ, നിശ്ചയം.

"വേരൂ, മകളേ, നമുക്കു പോകാം. ഇക്കാൎയ്യത്തിൽ നമുക്കു് ഇവിടേ ഒന്നും ചെയ്യുവാനില്ല" എന്നു പറഞ്ഞു ആ സ്ത്രീ തന്റേ മകളുടേ കൈയിൽ പിടിച്ച് അവളേ കൂട്ടിക്കൊണ്ടു് അവിടേ നിന്നുപോയി. അനന്തരം ആ വൃദ്ധ ആ വീടു മുഴുവൻ ചുററിനടന്നു്, അവിടേ നടന്ന ആ ഘോരകൃത്യത്തേപ്പററി ഓരോരുത്തരോടും പ്രത്യേകം പ്രത്യേകം പറഞ്ഞു.

കൃഷി പ്രദേശത്തേക്കു് പോകുവാൻ യാത്രോപകരണങ്ങൾ തയ്യാറാക്കേണ്ടതിലേക്കു് ലജ്ജാവതിയുടേ ഭൎത്താവു് വീട്ടിൽ തിരിച്ചുവന്നപ്പോൾ, ആയാളോടു് അമ്മയ്ക്കു് പല കാൎയ്യങ്ങളേപ്പററിയും ആലോചിക്കുവാനുണ്ടായിരുന്നുവെങ്കിലും, തന്റേ മനസ്സിൽ ഉയൎന്നു കിടക്കുന്ന വിഷയത്തേയാണു് ആ സ്ത്രീ ആദ്യം സംഭാഷണത്തിലേക്കു് എടുത്തിട്ടതു്.

"എന്റേ മകനേ, നീ ഇപ്പോൾ ഒരു ഗൃഹസ്ഥനായി കഴിഞ്ഞു. ഇനി എന്നേ കാശിയിലേക്കയയ്ക്കുകയല്ലയോ നിനക്കു് നല്ലതു്? എന്റേ ജീവിതത്തിൽ ഇനിയുള്ള കാലം ആ പുണ്യ ക്ഷേത്രത്തിൽ ശാന്തമായി കഴിക്കുവാൻ എന്നേ നീ വിട്ടയയ്ക്കുക. വാസ്തവത്തിൽ, ഈ വീട്ടിൽ നിന്നു് എനിക്കു കിട്ടുന്ന അധിക്ഷേപങ്ങൾ തീരേ ദുസ്സഹമായിത്തീൎന്നിരിക്കുന്നു."

അനന്തരം, ലജ്ജാവതിയേപ്പററി ഘോരമായ ഒരു പാപാപവാദം ആ സ്ത്രീ ചൊരിഞ്ഞു.

ഇതിൽ ജയം നേടുക ആ സ്ത്രീ തന്നേയാണ്. എന്തു കൊണ്ടെങ്കിൽ—അമ്മയേക്കാൾ മീതേയായി ഭാൎയ്യയേ കരുതുവാൻ തക്ക ധാൎഷ്ട്യം ഏതൊരു ഹിന്തുവിന്നുമില്ല. തന്റെ ഭാൎയ്യയുടേ നടപടിയാൽ ഹേമൻ കോപാകുലനായി. ആഭരണങ്ങൾ കാണാതായത്, തന്റെ യാത്രാകാലത്തു നേരിട്ട ദുൎന്നിമിത്തമാകയാൽ ആയാളുടേ ക്രോധം ഇരട്ടിച്ചു. കുറേ കഴിഞ്ഞു് ആയാൾ ലജ്ജാവതിയുടേ മുറിയിൽ ചെന്നു. യാത്രാവസരത്തിൽ കശപിശയൊന്നും നേരിടരുതെന്നു കരുതി പ്രസന്നഭാവത്തിലാണ് ആയാൾ ആ മുറിയിൽ കടന്നതെങ്കിലും, ആയാളുടേ ക്രോധം എല്ലാ അതിരുകളേയും കടന്നു നിന്നിരുന്നതു കൊണ്ടു് ഭാൎയ്യയേ കഠിനമായി ആയാൾ നിന്ദിക്കതന്നേ ചെയ്തു. ഇത്തരം ബാധകൾ ഇനിയും തുടരുകയാണെങ്കിൽ, ഇനിയിങ്ങു മടങ്ങിവരാത്തവണ്ണം വല്ല വഴിക്കും പോകയാണ് തനിക്ക് നല്ലതെന്ന് ആയാൾ പറയുകയുമുണ്ടായി.

ലജ്ജാവതി നിശ്ശബ്ദയായി നിന്നു. ആ നൈരാശ്യവിഗ്രഹത്തിന്ന്, തന്റെ ഭൎത്താവിനേ കാൎയ്യങ്ങൾ വിവരിച്ചു കേൾപ്പിക്കുവാൻ വാക്കുകളൊന്നും കിട്ടിയില്ല. ലജ്ജാവത്ത്വവും കാതരത്ത്വവും അവളേ മൂകയാക്കിത്തീൎത്തു അവൾ വല്ലതുമൊന്ന് പറഞ്ഞിരുന്നുവെങ്കിൽ എല്ലാം നേർവഴിക്ക് വരുമായിരുന്നു. അവൾ ഒന്നും മിണ്ടാതേ നില്ക്കയാൽ, ക്ഷമയേപ്പററിയാവട്ടേ, യാത്രയേപ്പററിയാവട്ടേ ഒരു വാക്കുപോലും പറയാതേ ആയാൾ അവളേ വിട്ടുപോയി. ഭൎത്താവു് പോയപ്പോൾ, അതോടുകൂടി

അവളുടേ മൃദുവും ദീനവുമായ ഹൃദയവും പോയി. അവൾ അശ്രുപ്രവാഹത്തിൽ മുഴുകി. അതാണ്, ആ മൃദുലഹൃദയയായ പെൺകിടാവിന്നു സൎവ്വ പീഡകളിലും ഒരേ സാന്ത്വനം. അവളുടേ ഹൃദയം തകരുംപോലേ തോന്നി. ഈ കുഴപ്പമൊക്കേയും ആ മൂടിക്കോപ്പുകൾക്കവേണ്ടി! കഷ്ടം! എത്രയെത്ര സ്ത്രീകളുടേ ജീവിതങ്ങൾ അന്നന്നത്തേ തുച്ഛസംഭവങ്ങളാൽ ശാപഗ്രസ്തമായിത്തീരുന്നു!

## ൰.

പൈതൃക ഗൃഹത്തിൽ ഒരിക്കൽക്കൂടി നിവസിക്കുവാൻ കഴികയാൽ ഫുല്ലകുമാരി സംതൃപ്തയായി. കാതരയും ബാലികയുമായ കൊച്ചു ഭാൎയ്യയുടേ നിലയിൽ അവളേ അവളുടേ ശ്വശുര ഗൃഹത്തിലേക്ക് കൊണ്ടുപോയിട്ട് ഇപ്പോഴേക്ക് പതിന്നാലു കൊല്ലം കഴിഞ്ഞിരിക്കുന്നു. സുഭഗയായ ബാലികയായി അവൾ വളൎന്നിട്ടുള്ള പിതൃഗൃഹത്തിൽ, കാലം, ഇപ്പോൾ പല മാററങ്ങളും ഉണ്ടാക്കീട്ടുണ്ടു്. സൌന്ദൎയ്യവതിയും, ഹൎഷപൂൎണ്ണയുമായിരുന്ന മാതാവു് ഇപ്പോൾ വൃദ്ധയും, മഹാനിദ്ധ്രയയുമായിത്തീൎന്നിരിക്കുന്നു, അവൾ യാത്രാവസരത്തിൽ ആമന്ത്രണം ചെയ്യുമ്പോൾ കേവലം ബാലികയായിരുന്ന നാത്തൂൻ ഇപ്പോൾ ഒരു പ്രൌഢയായി—അതേ, അവളേപ്പോലേ തന്നേ ഒരു പ്രൌഢയായി വളൎന്നിരിക്കുന്നു. അന്നു വളൎച്ച തികയാത്ത യുവാക്കളായിരുന്ന അവളുടേ ഭ്രാതാക്കന്മാർ ഇന്നു് ശരിയായ പുരുഷന്മാരായിത്തീൎന്നിരിക്കുന്നു. ഇതിന്നു പുറമേ, അവൾ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത

എത്ര കുട്ടികളാണിവിടേ! ഏതൊന്നും ഏററവും നവവും ഏററവും അപരിചിതവുമായി അവൾക്കു തോന്നി. എല്ലാററിലും വെച്ച് അത്ഭുതമായിരിക്കുന്നതു് ആ മഞ്ജുളാനനയായ ലജ്ജാവതിയുടേ ജീവിതമാണ്. ഹാ, ആ ലജ്ജാവതിയേ സംബന്ധിച്ച് ഈ കുടുംബത്തിൻേറ നടപടി! പ്രകാശമാനമായ ആ ശൈശവകാലം മുഴവൻ അവൾ വളന്നിട്ടുള്ള വീട് ഇതു തന്നേയോ! വീണ്ടും കാണുവാൻ അവൾ ഏററവും ആശിച്ച ആ വീടാണോ ഇതു്!. ഇതിനേപ്പററി ചിന്തിക്കുംതോറും ഫുല്ലകുമാരിയുടേ ഹൃദയം കനത്തുതുടങ്ങി.

തൻേറ ഇളയ നാത്തൂൻേറ കേസ്സിൽ വക്കാലത്തു പിടിച്ച് ഫുല്ലകുമാരി അമ്മയുടേ മുമ്പിൽ ചെന്നു് വാദിച്ചുനോക്കി. അതിൽ, കാൎയ്യം കുറച്ചുകൂടി തകരാറുകയാണ് ചെയ്തതു്. അവൾ ലജ്ജാവതിയുടേ മുമ്പിൽ ചെന്നു്, ആ പാവത്തിന്നു് കുറേ സാന്ത്വനവാക്കുകളെങ്കിലും കൊടുക്കാമെന്നു് കരുതി അതിന്നു് പുറപ്പെട്ടു. അപ്പോൾ, മുറിയിൽ നിന്നു് പുറത്തേക്കു വരുന്ന സഹോദരനേ അവൾ കണ്ടു. അകത്തു നടന്ന സംഭവം ആയാളുടേ മുഖത്തു് നല്ലവണ്ണം പ്രതിബിംബിച്ചിട്ടുണ്ടു്. തൻേറ ഭ്രാതാവിനേ തടഞ്ഞു നിൎത്തി, അവൾ അന്നു നടന്നവയേപ്പററി വിവരിച്ചു തുടങ്ങി. അമ്മയേപ്പോലേയല്ലാതേ ആയാൾ ആ വിവരണം അനുകൂല്യത്തോടേ കേട്ടു നിന്നു. ലജ്ജാവതി, ആഭരണം നഷ്ടമായതിനേ സംബന്ധിച്ച് കുററമൊന്നും ചെയ്തിട്ടില്ലെന്നു് ആയാൾ സമ്മതിക്കുവാൻ തയ്യാറാണ്. എന്നാൽ, അതിലല്ലാ, ആയാളുടേ പിടിത്തം. തൻേറ

അമ്മയോട് നിലകടന്നു സംസാരിക്കുവാൻ തക്ക ധാർഷ്ട്യം അവൾക്ക് എങ്ങിനെയുണ്ടായി എന്നാണ് ആയാളുടേ ചോദ്യം. അക്കാര്യം, ഫുല്ലകുമാരി വിശ്വാസയോഗ്യമാംവണ്ണം സൌമ്യമായി വിവരിച്ചു കേൾപ്പിച്ചു. അമ്മയോട് ലജ്ജാവതി പരുഷമായി സംസാരിച്ചിട്ടില്ല. കാര്യങ്ങൾ വ്യക്തമാക്കുവാൻ അവൾ ശ്രമിച്ചിട്ടേയുള്ളൂ. എന്നാൽ, അമ്മ വൃദ്ധയും ക്രുദ്ധയുമാകകൊണ്ടു, അവൾ പറഞ്ഞതു് അന്യഥാ ധരിച്ചുപോയി. ഇപ്പോൾ, ഭർത്താവും ആ പാവപ്പെട്ട—ആ മൃദുള ഹൃദയയായ ചെറുബാലികയോട് ഇടയുന്നു! അവൾ എത്ര വളരേ ദുഃഖിക്കുന്നുണ്ടാവാം! അതുതന്നേ, ഭർത്താവ് മറെറാരിടത്തേക്ക് ചെല്ലുവാൻ അവളേ പിരിഞ്ഞുപോകുന്ന അതേ ദിനത്തിൽ!

"എൻേറ ആങ്ങളേ, അവൾ അപരാധിയാണെന്ന് നിങ്ങൾ വാസ്തവമായി വിചാരിക്കുന്നുണ്ടോ?" എന്നു ഫുല്ലകുമാരി ചോദിച്ചു.

"ഇല്ലാ" എന്നു പറഞ്ഞു് ആയാൾ ഭാര്യയുടേ മുറിയിലേക്ക് മടങ്ങി.

ലജ്ജാവതി ശോകമോഹിതയായി കിടക്കുന്നു. ആയാൾ അവളുടേ അരികേ ചെന്നിരുന്നു.

"ലജ്ജാവതി!"

കരുണാർദ്രമായ സ്വരത്തിലാണ് ആയാൾ ഇങ്ങിനേ വിളിച്ചതു്. താൻ കാര്യമെല്ലാം അറിഞ്ഞിരിക്കുന്നുവെന്നും, ഇനിമേൽ അവളുടേ കാര്യത്തിൽ താൻ വേണ്ടുവണ്ണം മനസ്സുവെച്ചുകൊള്ളാമെന്നും, ഇപ്പോൾ തനിക്ക് മാപ്പുതരാമെങ്കിൽ, ഇനിയൊരിക്കലും താൻ അവളേ നി

ന്ദിക്കയില്ലെന്നും ആയാറം സാന്ത്വനത്തോടുകൂടി വിവരിച്ചു പറഞ്ഞു.

ഇനി, ആ രംഗത്തിൽനിന്ന് നാം മാറിയേക്കാം. അപ്പോഴത്തേ ആ ആനന്ദം ദൈവത്തിന്നേ അറിയാവൂ. തങ്ങളുടെ ലോകത്തിന്ന് അതു് അറിയുവാൻ വയ്യ. പന്ത്രണ്ടു ദീർഘവൎഷങ്ങറംക്കു ശേഷം ആ തൊട്ടാൽവാടിക്കു് തനിക്കും തന്റേ ഭൎത്താവിന്നും ഇടയിൽ തൂങ്ങി നിന്നിരുന്ന കരിങ്കാറു് ഇപ്പോറം മറഞ്ഞുപോയതായി കണ്ടു. ഇദംപ്രഥമമായി, ഭൎത്താവിൽ നിന്നു് അനുരാഗവും അനുതാപവും തൃപ്തിയാകുവോളം അവളിൽ പൊഴിഞ്ഞു.

രാത്രി, നേരം കുറേയേറേയായി. ശാന്തമായ നിശ്ശബ്ദത ആ വീടു മുഴുവൻ വ്യാപിച്ചു. ലജ്ജാവതി അപ്പോഴും ഉറങ്ങീട്ടില്ല. അനുരാഗത്തിന്നായി ദാഹിച്ചുഴറിക്കൊണ്ടിരുന്ന അവളുടേ ജീവൻ ഇന്നു് അതു് നേടിയിരിക്കുന്നു. ഇന്നു് അവറംക്കുണ്ടായിരിക്കുന്ന മഹത്തായ ജയസിദ്ധി അമൂല്യമായിട്ടുള്ളതാണു്. കൃപണൻ തനിക്കു് കിട്ടിയ നാണ്യങ്ങളേ എണ്ണിനോക്കുംപോലേ, അവറം കഴിഞ്ഞുപോയ നിമിഷങ്ങളേ, തന്റേ ഹൃദയത്തോടു് ഗാഢമായി ആശ്ലേഷിച്ചുകൊണ്ടു് വീണ്ടും വീണ്ടും നോക്കിക്കൊണ്ടിരുന്നു. „പെട്ടെന്നു് ഇങ്ങിനേയൊരു മാററം എങ്ങിനേയുണ്ടായി? അദ്ദേഹത്തോടു് ആരാണു് പറഞ്ഞതു്?"—ഇതെല്ലാം അവറംക്കു് വലിയ കുഴപ്പമായിത്തോന്നി. ഉടനേ, ചെറിയൊരു ശബ്ദം കേട്ടു് അവറം ഞെട്ടി. തല പൊക്കി നോക്കിയപ്പോറം ഫുല്ലകുമാരി അരികേ നില്ക്കുന്നതു കണ്ടു.

,, നീ ഇനിയും ഉറങ്ങിയില്ലയോ ?''

ഉറങ്ങുക! ഇല്ലാ: അതിനേപ്പററി അവൾ വിചാരിക്കപോലും ചെയ്തിട്ടില്ല. ഭർത്താവ് പോകുമ്പോൾ, ആയാളേ പടിവാതിൽ വരേക്കും അവൾ പിന്തുടന്നു ചെന്നു. പിന്നേ, മടങ്ങിവന്ന്, തറയിൽ ഒരു വെറും വിരിപ്പിന്മേൽ അവൾ കിടന്നു. അവളുടേ വികാരങ്ങൾ സ്വന്തം ദേഹിയേത്തന്നേ ഉത്തേജിപ്പിച്ചുകൊണ്ടിരുന്നു. ഈ നിലയിൽ അവൾ എങ്ങിനേയാണ് ഉറങ്ങുക! ,,ചേച്ചീ, നിങ്ങളും ഇനിയും ഉറങ്ങീട്ടില്ലല്ലോ'' എന്നാണ് അവളിൽ നിന്ന് പുറപ്പെട്ട മറുപടി.

,,ഞാൻ കിടന്നുനോക്കി; ഉറക്കം വരുന്നില്ല. നിന്നേ കാണേണമെന്നു കരുതി ഇങ്ങോട്ടുവന്നു. ലജ്ജാവതി, ഇങ്ങു വരൂ. ഞാൻ വിളക്ക് കത്തിക്കട്ടേ. നിൻേറ മുഖം ഞാൻ വ്യക്തമായി കാണട്ടേ.''

ഏല്ലുകുമാരി വിളക്ക് കത്തിച്ച്, തന്നിൽ ഗാഢപ്രേമം ചേൎത്ത ആ മനോജ്ഞവും ബാലികോചിതവുമായ മുഖത്തേ മനസ്സലിവോടുകൂടി വളരേ നേരം നോക്കിനിന്നു.

,,ലജ്ജാവതി, നിന്നേ വിവാഹം ചെയ്തിട്ട് പന്ത്രണ്ടു കൊല്ലമായെന്നു പറയുന്നതു് വാസ്തവമാണോ? നി ഇതിനുമുമ്പ് ഇപ്പോഴത്തേക്കാൾ ചെറുപ്പമായിരുന്നിട്ടുണ്ടോ? ഇന്നും, നിന്നേ കണ്ടാൽ നവോഢയാണെന്നു തോന്നത്തക്കവണ്ണം അത്രയും ചെറുപ്പമായിരിക്കുന്നുവല്ലോ!''

ഒരു ശിശുവെന്നപോലേ രജതപ്രഭ ചിതറുമാറ് ലജ്ജാവതി ചിരിച്ചു.

„നീ ഈ അസാധാരണമായ പ്രകൃതിയിലായതു് എങ്ങിനേയാണു്, പറയൂ?"

„ഏതു പ്രകൃതി?" എന്നു് വിസ്മയപൂർവ്വം നോക്കിക്കൊണ്ടു് ലജ്ജാവതി ചോദിച്ചു.

„നീ സൌമ്യയും പ്രശാന്തയുമാണു്. നിന്റേ പഴികളെപ്പോഠംകൂടിയും നീ തന്നെത്താൻ നിർദ്ദോഷീകരിക്കുവാൻ ശ്രമിക്കുന്നില്ല."

ഇതിന്നുള്ള മറുപടി ദുഃഖം കലൎന്ന സ്വരത്തിലാണു് ലജ്ജാവതിയിൽ നിന്നു് പുറപ്പെട്ടതു്.

„അതിന്നു് എനിക്കു് വയ്യ. ഞാൻ എന്റേ കാൎയ്യം വിവരിക്കുവാൻ ശ്രമിക്കുമ്പോഠം, അതു് അധികം കുഴപ്പത്തിലായിത്തീരുകയാണു് ചെയ്യുന്നതു്. ശരിയായ വാക്കുകഠം കണ്ടുപിടിക്കുവാൻ എനിക്കു് കഴിയുന്നില്ല. എന്റേ സൎവ്വതും തെററിദ്ധരിക്കുന്നതായിട്ടാണു് കാണുന്നതു്."

„എന്റേ ആങ്ങളക്കൂടിയും? എന്നാൽ, നടന്നതെന്തെന്നു് ഞാൻ വിവരിച്ചു കേഠപ്പിച്ചതിൽപ്പിന്നേ ആയാഠം കാൎയ്യമെല്ലാം ഗ്രഹിച്ചിട്ടുണ്ടു്."

ശരി; എന്നാൽ—ഫല്ലുകുമാരിയാണു് ഇതെല്ലാം ചെയ്തതു്. ഫല്ലുകുമാരിയുടേ മദ്ധ്യസ്ഥതയാണു് തന്റേ ഭൎത്താവിന്നു് തന്നിലുണ്ടായിരിക്കുന്ന ഈ പ്രേമത്തിന്റേ ഹേതുവെന്നു് ലജ്ജാവതി അറിഞ്ഞു. അവളുടേ ഹൃദയത്തിൽ കൃതജ്ഞത കവിഞ്ഞു വഴിഞ്ഞു. അവയുടേ നയനങ്ങഠം അശ്രുപൂൎണ്ണങ്ങളാകയും ചെയ്തു.

„നിങ്ങളുടേ ആങ്ങള എന്നേശകാരിക്കുമ്പോഴെല്ലാം, എനിക്കു് കരയുവാൻ മാത്രമേ കഴിയുന്നുള്ളൂ."

„അതുകൊണ്ടാണ് നാന്നേ നിൻേറ ഭത്താവിന്ന് മനസ്സിലാക്കുവാൻ കഴിയാത്തതു്."

„എന്നേ ഞാൻ എങ്ങിനേയാണ് അദ്ദേഹത്തിന്ന് മനസ്സിലാക്കിക്കൊടുക്കേണ്ടതു്? എൻേറ പേരിൽ അദ്ദേഹത്തിന്ന് ദേഷ്യമുണ്ടാകുമ്പോഠം, ആ ദേഷ്യത്തിന്ന ഹേതുവായി ഞാൻ ചെയ്തിട്ടുള്ള കാൎയ്യത്തെപ്പററി അദ്ദേഹം ഒന്നും ചോദിക്കുന്നില്ലല്ലോ."

„പോവപ്പെട്ട തൊട്ടാൽ വാടിക്കുഞ്ഞേ, നിന്നോട്ട് ആരാണ് ദേഷ്യപ്പെടുക?"

„അയ്യോ, ചേച്ചീ, കുറച്ചു നാഠം കഴിയട്ടേ. നിങ്ങഠംക്കുകൂടിയും എൻേറ പേരിലുള്ള ഈ ഭാവം പകൎന്നുപോകും. എന്നോട്ട് ദേഷ്യപ്പെടാതിരിക്കുവാൻ ആൎക്കും കഴിയുന്നില്ല."

„അല്ലാ, കൊച്ചുനിയത്തി, ഒരിക്കലും അങ്ങിനേയല്ല."

„എൻേറ തെററുകഠം നിങ്ങഠം കാണുമ്പോഴോ?"

ബാലോചിതമായ ഈ യുക്തിവാദം കേട്ട് ഫുല്ലകുമാരി പുഞ്ചിരിക്കൊണ്ടു.

„കുഞ്ഞേ, ഇപ്പൊഴത്തേപ്പോലേ എപ്പോഴും ഞാൻ നിന്നേ സ്നേഹിക്കും. മററുള്ളവർ എന്തോ ചെയ്യട്ടേ."

ലജ്ജാവതി ഫുല്ലകുമാരിയുടേ കൈയിൽ ഒന്നമൎത്തി. ഹാ, അവഠം ഇവളേ എത്രയേറേ സ്നേഹിക്കുന്നു! „ഇതു് സാദ്ധ്യമാണോ?" എന്ന് ലജ്ജാവതി ചിന്താമഗ്നയായ നിലയിൽ തന്നെത്താൻ ചോദിച്ചു.

ഫുല്ലകുമാരിയുടേ ഉദാരഹൃദയം അടിവരേ ചലിച്ചു.

അവഠം ആ മുറിയിൽ നിന്നു പോകുമ്പോഠം അവളുടേ മിഴികഠം കണ്ണീരാൽ നനഞ്ഞിരുന്നു.

ലജ്ജാവതി വീണ്ടും ചെന്നു കിടന്നിട്ടും ഉറക്കമുണ്ടായില്ല. ആ രാത്രി അവഠംക്ക് ധാരാളം നേട്ടമുണ്ടായിരിക്കുന്നു. അവളുടേ ഭത്താവിൻേറ സംപ്രീതി, അവളുടേ നാത്തൂൻേറ അലിവേറിയ വാക്കുകഠം എന്നിതെല്ലാം അവളുടേ ജീവിതത്തിൽ വന്നു കയറിയതു് പെട്ടെന്നാണു്. അതുകൊണ്ടു്, അതെല്ലാം അവഠംക്ക് സ്വപ്നമെന്നപോലേ തോന്നി. അതു് വാസ്തവം തന്നേയെന്നു് വിശ്വസിക്കുവാൻ അവഠംക്ക് കഴിഞ്ഞില്ല. സൂൎയ്യൻ ഉദിച്ചിട്ടും അവഠം കിടക്കുക തന്നേയായിരുന്നു. അവഠം എഴുന്നേല്ക്കുവാൻ ശ്രമിച്ചുവെങ്കിലും, തല ചുററുന്നുവെന്നു് തോന്നുകയാൽ വീണ്ടും കിടന്നു.

അപ്പോഠം, ഫുല്ലകുമാരി അവിടേ വന്നു. അവഠം യവനിക നീക്കി അതിന്നിടയിൽക്കൂടി നോക്കി. എഴുന്നേല്ക്കുവാനായി ലജ്ജാവതി വീണ്ടും ശ്രമിച്ചു. മുഖത്തിന്നുണ്ടായിരിക്കുന്ന വിളൎപ്പ് അവളുടേ ശരീരത്തിന്നുള്ള അസ്വാസ്ഥ്യത്തേ വെളിപ്പെടുത്തി.

„നിനക്ക് എന്തോ രോഗമുണ്ടു്. എവിടേയാണു് വേദനയുള്ളതെന്നു് പറയൂ?" എന്നു് ഫുല്ലകുമാരി ഉൽകണ്ഠയോടേ ചോദിച്ചു.

ഇല്ലാ, ലജ്ജാവതി അതു് സമ്മതിച്ചില്ല.

„നീ വിറയ്ക്കുന്നതു് നോക്കൂ. നിനക്ക് ജലദോഷമുണ്ടു്. പുതപ്പെടുത്തു് പുതക്കൂ."

എന്നാൽ, എവിടേയാണു് പുതപ്പ്? ആ തണുപ്പേറി

യ രാത്രി പുതപ്പു കൂടാതേയാണ് ലജ്ജാവതി കഴിച്ചിരുന്നതു്. അതു് എവിടേയാണ്? അതു് ദാസി എടുത്തുകൊണ്ടു പോകയുണ്ടായി. അതിൻേറ സ്ഥാനത്തു തന്നേ കൊണ്ടുപോയി വെക്കവാൻ ഗൃഹനായിക മറെറാരു പുതപ്പ് കൊടുത്തേല്പിച്ച പ്രകാരം, ആ അസമീക്ഷ്യകാരിണിയായ ദാസി ചെയ്യിട്ടില്ല.

„ലജ്ജാവതി, നീ പുതപ്പുകൂടാതേയാണോ രാത്രി മുഴവൻ കഴിച്ചതു്? എന്തുകൊണ്ടു് അങ്ങിനേ ചെയ്തു? നിൻേറ പുതപ്പെവിടേ?" എന്നു് കലശലായ ഉൽകണ്ഠയോടുകൂടി ഫല്ലകുമാരി ചോദിച്ചു.

„എനിക്കറിഞ്ഞുകൂടാ. പക്ഷേ ദാസി അതു് പൊടി തട്ടിക്കളയുവാൻ പുറത്തേക്ക് എടുത്തുകൊണ്ടു പോയിരിക്കാം. അതു് പിന്നേ, ഇവിടേ കൊണ്ടുവന്നു വെക്കവാൻ അവൾ മറന്നതായിരിക്കണം."—ഇത്രയും പറഞ്ഞുകൊണ്ടു് ലജ്ജാവതി എഴുന്നേററു.

ഫല്ലകുമാരി അവളുടേ നെററി തൊട്ടുനോക്കി.

„നോക്കു, നിനക്ക് എന്തോ രോഗമുണ്ടു്. നിൻേറ നെററി ചുടുന്നു. നീ എഴുന്നേല്ക്കേണ്ട. അവിടേത്തന്നേ കിടക്കു."

„എനിക്ക് വീട്ടുജോലികൾ പലതും ചെയ്യേണ്ടതായുണ്ടു്. ഇതു് സാരമില്ലാത്തൊരു തലവേദനയാണ്. കുളി കഴിഞ്ഞാൽ മാറിപ്പോകും."

„ഇന്നു് ഊണ് തയ്യാറാക്കേണ്ടതു നീയായിരിക്കാം. നിനക്ക വേണ്ടി അവരാരും ക്ലേശിക്കേണ്ട. അടുക്കളയിൽ നിൻേറ സ്ഥാനം ഞാൻ ഏററുകൊള്ളാം."

തന്റെ മുമ്പിൽ പെട്ടെന്ന് അശനിപാതംതന്നേയുണ്ടായാലും ലജ്ജാവതി ഇത്ര സംഭ്രമിക്കയില്ല.

„നിങ്ങറംക്ക് ബുദ്ധിഭ്രമം പിടിപെട്ടുവോ? നിങ്ങറം അടുക്കളയിൽ ഊൺ തയ്യാറാക്കുവാൻ പോകുകപോലും! എനിക്ക് പൂൎണ്ണസുഖമുണ്ട്; അങ്ങിനേയല്ലെന്ന് നിങ്ങറം ധരിക്കരുത്."

ഇങ്ങിനേ പറഞ്ഞുവെങ്കിലും, അവഠം അവിടേ ഇരുന്നു. കിടന്ന് കുറേ നേരം വിശ്രമിക്കേണമെന്ന് ഫുല്ലകുമാരി വീണ്ടും വീണ്ടും പറഞ്ഞു തുടങ്ങി. ആ ഘട്ടത്തിൽ, കാണാതായ പുതപ്പോടുകൂടി ദാസി അവിടേ വന്നു. „ഇതാ, പുതപ്പ്" എന്ന് കൂസൽ കൂടാതേ പറഞ്ഞുകൊണ്ടാണ് അവളുടേ വരവ്.

„ഇന്നലേ ഇത് ഇവിടേ കൊണ്ടുവരുവാൻ ഞാൻ മറന്നുപോയി. അടുപ്പിൽ വിറക് വെറുതേ കത്തിപ്പോകുന്നു. നിങ്ങറം ഇന്ന് വെയ്ക്കുവാൻ വരുന്നില്ലല്ലോ?"

„നീ നിന്റേ ജോലി പോയി നോക്കുക. ഞാൻ ഉടനേ വരാം" എന്ന് ലജ്ജാവതി പറഞ്ഞു.

ഇന്ന് ജോലിയൊന്നും ചെയ്യരുതെന്ന് ഫുല്ലകുമാരി വീണ്ടും തടഞ്ഞു.

„ഞാൻ പറയുന്നത് നീ കേറംക്കയില്ലയോ?"

പാവപ്പെട്ട ലജ്ജാവതി വിഷമതയിലായി. തന്റേ നാത്തുന്റേ പ്രണയം അവളുടേ ഹൃദയത്തേ അടിവരേ സ്പൎശിച്ചു. „ഞാൻ നിങ്ങളേ എങ്ങിനേയാണ് അടുക്കളയിലേക്കയയ്ക്കുക?" എന്ന് അവഠം ശോകത്തയായി ചോദിച്ചു.

„കുഞ്ഞേ, എന്തുകൊണ്ട് അത് ചെയ്തുകൂടാ? ഞാൻ

ഈ വീട്ടിൽ ഒരു അപരിചിതയല്ല. നിനക്ക് എന്തുകൊണ്ട് എന്നോട് മനസ്സു തുറന്ന് ഇടപെട്ടുകൂടാ?"

ആ നിശ്വാസംകൂടിയ ചെറു ബാലികയുടേ പേരിൽ ദേഷ്യപ്പെട്ടുകൊണ്ടു് പുഷ്പകുമാരി ആ മുറിയിൽ നിന്നു് പോകുവാൻ ആരംഭിച്ചു.

അപ്പോൾ ലജ്ജാവതി പറഞ്ഞു:—"ഞാൻ പറയുന്നതു് നിങ്ങൾക്ക് മനസ്സിലാകുന്നില്ലയോ? എൻേറ വക ജോലികൾ ചെയ്യുവാൻ ഞാൻ നിങ്ങളേ ഏല്പിച്ചാൽ, അമ്മ എൻേറ പേരിൽ ദേഷ്യപ്പെടുമെന്നു് നിങ്ങൾക്ക് അറിഞ്ഞുകൂടയോ?"

"എന്നാൽ, ഞാൻ അമ്മയേ കണ്ടു്, വേണ്ടുന്നതെല്ലാം നിശ്ചയിച്ചുകൊള്ളാം."

ലജ്ജാവതി നിശ്ശബ്ദയായി. അവൾ ഒട്ടൊന്നു് ചിന്തയിൽ മുങ്ങി. അന്നന്നത്തേ കാൎയ്യപരിപാടി ഒരിക്കലും ഒന്നുകൊണ്ടും പിഴച്ചുപോകരുതെന്നും, അതിൽ തെറ്റു പററിയാൽ അതു് ഒരു ഘോരസംഭവമാകുമെന്നുമാണു് അവൾ തൻേറ ചെറിയ ലോകത്തിൽനിന്നു് ധരിച്ചിരിക്കുന്നതു്. പരുഷമായ പെരുമാററത്തിന്നു് താൻ പാത്രമാകുമെന്ന ഭീതിയാൽ പുതിയ വല്ല നിൎദ്ദേശത്തേയും കൈക്കൊള്ളുവാൻ അവൾക്കു് വയ്യ. ഇതിന്നുപുറമേ, താൻ അന്ന്യനേ ക്ലേശിപ്പിക്കരുതെന്ന വിചാരം, അനിവാൎയ്യമായി, എല്ലാററിലും മീതേ അവളിൽ ഉയൎന്നുനിന്നു. അപ്പോൾ അവളുടേ ഇളയമുഖം ചൊകന്നുപോയി.

"അയ്യോ, നാത്തൂൻ, വയ്യാ; എനിക്കു് അതു് സമ്മതിക്കുവാൻ വയ്യ."

"അങ്ങിനേയാണോ നീ നിശ്ചയിച്ചതു്? നല്ലതു്! നിൻേറ ഇഷ്ടംപോലേ ചെയ്തുകൊള്ളുക. എന്നാൽ, ഒന്നു് ഓൎത്തുകൊള്ളണം. ഇന്നു് നീ വെച്ച ചോറു് ഞാൻ തീൎച്ചയായും ഉണ്ണുകയില്ല."

ഏതാണ്ടു് ദേഷ്യത്തോടുകൂടി പുല്ലകുമാരി ആ മുറിയിൽനിന്നു പോയി. ലജ്ജാവതി വിളിച്ചുവെങ്കിലും, അവൾ മടങ്ങിവന്നില്ല. ഭവിതവ്യത ഒടുവിൽ വന്നുചേൎന്നു. താൻ ഹാൎദ്ദമായി സ്നേഹിക്കുന്ന തൻേറ നാത്തുൻകൂടിയും, ഇവിടേ വന്നിട്ടു് ഒരു നാൾ കഴിയുംമുമ്പേ, അവളോടു് കോപിച്ചു. ലജ്ജാവതി തീരേ അസ്വാസ്ഥ്യയായി. അവളുടേ ശിരസ്സു് സ്പന്ദിച്ചു തുടങ്ങി. അവൾ ജ്വരാൎത്തയും സന്തപ്തയുമായി. പുല്ലകുമാരിക്കു് തന്നിലുള്ള വലുതായ സ്നേഹംകൊണ്ടാണു് അവൾ കോപിച്ചതെന്നു് ലജ്ജാവതി ക്കറിയാം. എന്നിട്ടും, അതു് അവളുടേ ഹൃദയത്തേ തകൎത്തു. ഇപ്പോൾ ആ മുഗ്ദ്ധബാലിക കരഞ്ഞു കരഞ്ഞു കൊണ്ടിരിപ്പായി. ലോകം ഏററവും ശുഷ്കമായി, ഏററവും നിൎജ്ജനമായി അവൾക്കു തോന്നി. തൻേറ പ്രിയപ്പെട്ട നാത്തുൻ കൂടിയും തന്നോടു് കോപിക്കയാൽ താൻ മരിക്കേണമേയെന്നു് അവൾ സങ്കല്പിതം മുറയിട്ടു.

൯.

അങ്ങിനേ അവൾക്കു് തൻേറ മുറിയിൽ അധികം നേരം വിളംബിക്കുവാൻ കഴിഞ്ഞില്ല. എന്തുതന്നേയായാലും തൻേറ ജോലികൾ താൻതന്നേ ചെയ്യേണമെന്നു് നിശ്ചയിച്ചു് അവൾ എഴുന്നേററു് അടുക്കളയിലേക്കുപോയി. അവിടേചെന്നു് നോക്കിയപ്പോൾ കണ്ടതു്, പുല്ലകു

മാരി അടുപ്പിന്നരികേ ജോലിത്തിരക്കായി നില്ക്കുന്നതാണ്. അവൾ താറുമാറായി ഓരോന്നു് ചെയ്യുന്നതിൽനിന്ന്, ഗൃഹകർമ്മത്തിലേ ഈ ശാഖയിൽ അവൾ അനഭ്യസ്തയാണെന്ന് ആൎക്കും അനായാസേന അനുമാനിക്കാം. അവളുടേ അപേക്ഷപ്രകാരം മൂത്ത നാത്തൂൻ ചിരിച്ചുകൊണ്ടു് ഓരോന്നു് പറഞ്ഞുകൊടുക്കയും, അതനുസരിച്ച് അവൾ കറിസ്സാമാനങ്ങൾ തയ്യാറാക്കുകയും ചെയ്തു. അടുപ്പിൽ ഓരോന്നു് പാകംചെയ്യുന്നതിന്നിടയ്ക്ക് ഒരു കൈയിൽ കറിപ്പാത്രവും മറേറകൈയിൽ എണ്ണപ്പാത്രവുമായി അവളുടേ രണ്ടു കൈകളും മുടങ്ങി.

„ഇവിടേ ഞാൻ എന്താണ് ചെയ്യേണ്ടത്? ഇത്ര വേഗം ഈ എണ്ണ തിളച്ചതെങ്ങിനേ? നോക്കൂ, ഇതാ, പാത്രത്തിൽനിന്ന് എണ്ണ പൊങ്ങിക്കവിയുന്നുവല്ലോ. ഇനി എന്താണ് ചെയ്യേണ്ടത്?"

സാഹായ്യം വന്നെത്തുന്നതിന്നു് അല്പം വൈകിപ്പോയി. അതിലിടയ്ക്ക് തിളച്ച എണ്ണയിൽനിന്നു് അല്പം അവളുടേ അനാവൃതപാദത്തിൽ വീണു. അപ്പോഴാണ് ലജ്ജാവതിയുടേ രംഗപ്രവേശം. ഭീതിയും മനോവേദനയും അവളിൽ അതിർകവിഞ്ഞു വളൎന്നു. അവളുടേ ഇളംമുഖം പൂൎവ്വാധികം വിളൎത്തുപോയി. പുല്ലകുമാരിയേ അകററിനിൎത്തി, ആ ജോലികളെല്ലാം തൽക്ഷണം അവൾ കൈക്കൊണ്ടു. പുല്ലകുമാരിയുടേ കാൽ പൊള്ളിയതുകൊണ്ടുള്ള വേദന ലജ്ജാവതിയാണ് അധികമായി അനുഭവിച്ചതു്. തന്റേ ആ പ്രിയനാത്തൂന്നുവേണ്ടി സൎവ്വ ദുഃഖങ്ങളും സഹിക്കുവാൻ അവൾ തയ്യാറാണ്.

എന്നാൽ,—എടോ, പാപപ്പെട്ട ബാലികേ, നിന്റെ ഗൃഹപ്പിഴയേപ്പററി എന്തു പറയട്ടേ. നീ ഏററവും പേടിക്കുന്ന ആ ദുർമ്മൂർത്തി അതാ, വാതില്ക്കൽ എത്തിയിരിക്കുന്നു. ഒരു നിമിഷത്തേക്കു് എല്ലാം നിശ്ശബ്ദമായി. ഉടനേ കോപോൽകടമായ തീക്ഷ്ണവാക്കുകൾ പ്രവഹിച്ചുതുടങ്ങി. സർവ്വരും പേടിച്ചുവിറച്ചുനിന്നു. ആ ഗൃഹനായികയുടേ മകൾ അടുക്കളപ്പണിയിൽ ഏർപ്പെട്ടിരിക്കുന്നു! ആരുടേ ആജ്ഞപ്രകാരം അങ്ങിനേ ചെയ്തു? ദുർഭാഗ്യത്താൽ അവളുടേ കാൽ പൊള്ളിയിരിക്കുന്നു! ശരി; ഇതിലെന്താണത്ഭുതം! ഇതൊക്കേയും ഈ രാജകുമാരിമാരുടേ ഉത്തരവുപോലേ നടന്നതല്ലയോ! അവരുടേ നാത്തൂന്റെ കാലുപൊള്ളിച്ചു് അതിൽ ജയം നേടിയതിൽ ഇപ്പോൾ അവർക്കു തൃപ്തിക്കൊള്ളാം! പല കൊല്ലങ്ങൾക്കശേഷം ഒന്നുരണ്ടു നാൾ മാത്രം ഇവിടേ പാർക്കുവാൻ വന്നിട്ടുള്ള മകളേയാണു് ഇവർ ഇത്രയും ചെയ്തുവിട്ടതു്—ഈ രീതിയിലാണു് ആ ക്രോധോഗ്രവാക്കുകളുടേ പ്രവാഹം.

മൂത്ത മരുമകൾ, തന്റെ ഭാഗത്തു് തെറെറാന്നുമില്ലെന്നു് വാദിച്ചു. അടുക്കളയിൽ വരരുതെന്നു് താൻ പറഞ്ഞതു് കൈക്കൊള്ളാതേ ഫുല്ലകുമാരി ബലാൽ പ്രവേശിച്ചതിൽ അവളെന്തു ചെയ്യും? ലജ്ജാവതിക്കു് പനിയാണെങ്കിൽ, അടുക്കളയിൽ അവളുടേ ജോലി താൻ തന്നേ സേച്ഛയാ വഹിക്കുവാൻ ഈ മരുമകൾ തയ്യാറാണു്. ഫുല്ലകുമാരിയോടു് അടുക്കളപ്പണിയിൽ ഏർപ്പെടുവാൻ ആരു പറഞ്ഞു?

ഇതു കേട്ടപ്പോൾ ആ ക്രുദ്ധവൃദ്ധ ഗർജ്ജിച്ചു:—

„ഓ, അതു് അങ്ങിനേയാണല്ലേ? രാജകുമാരികാം ക്ക് വാലായ്മയാണു്. അതുകൊണ്ടു് എന്റേറ മകാം വന്നു് ജോലി ചെയ്യണം! കേറംക്കു, മകളേ, നീയിങ്ങുവരു. വരി ല്ലെങ്കിൽ, ഞാൻ എന്റേറ അമ്മയാണേ, തറയിൽ അടി ച്ചു് എന്റേറ തല പൊളിക്കും. ഇങ്ങിനേയൊരു മരുമകാം ഒരിടത്തുമില്ല.''

ഫുല്ലകുമാരി ആക്ഷേപസൂചകമായി മൂത്ത നാത്തു നേ ഒന്നു നോക്കി.

„ഞാൻ ഇവിടേ വന്നതു് എന്റേറ സ്വന്തം നിലയി ലാണു്. അമ്മേ, ഇനി ഈ പാത്രം അടുപ്പിൽ നിന്നു് വാ ങ്ങി വെക്കട്ടേ, എന്നിട്ടു് ഞാൻ വരാം.''

ഈ വാക്കുകാം വെറുതേയായി. ഇതിന്നൊന്നിന്നും ഇണങ്ങുന്നവളല്ലാ ആ വൃദ്ധസ്ത്രീ.

„കൊള്ളാം! വളരേ നന്നു്! നീ അടുക്കളപ്പണി ചെ യ്യുക! അവാം അതു് നോക്കിനില്ക്കുക! ഞാൻ പറയുന്ന തു് കേറംക്കു, മകളേ. നീ അവളേ കെട്ടുകേണ്ട. ഇങ്ങിനേ യൊരു പെണ്ണിനേ ഞാൻ ഒരിടത്തും കണ്ടിട്ടില്ല.''

ഇത്രയും പറഞ്ഞു് ആ ഗൃഹനായിക തന്റേറ മകളേ പിടിച്ചു് ഉമ്മറത്തോടേ തള്ളിയകററി. അന്നു രാവിലേ മുഴു വൻ ഫുല്ലകുമാരിയേ എങ്ങും വിട്ടയയ്ക്കാതേ അവളോ ടൊന്നിച്ചുതന്നേ ആ മാതാവു് കഴിച്ചു. മകാംക്കു് അമ്മ യുടേ മുമ്പിൽ നിന്നു് അകലുവാൻ കഴിഞ്ഞില്ല.

ലജ്ജാവതി പ്രശാന്തയായി അടുപ്പിന്നരികേ നിന്നു് തന്റേറ ജോലികളെല്ലാം നിശ്ശബ്ദം ചെയ്തുതീർത്തു. ജോലി കഴിഞ്ഞതോടുകൂടി തന്നിലുള്ള ശക്തി മുഴുവൻ ഒഴിഞ്ഞ

ത്തായി അവൾക്ക് തോന്നി. അവൾ സ്വന്തം മുറിയിൽ ചെന്ന്, അവിടേ കിടന്നു. അതിഥിക്ക് ഭോജനപദാൎത്ഥങ്ങൾ വിളമ്പിക്കൊടുക്കുന്ന കാൎയ്യത്തിൽ യഥോചിതം പ്രവൎത്തിക്കുവാൻ അന്ന് ചുമതലയേററിട്ടുള്ളതു് ജ്യേഷ്ഠസ്നുഷയാണ്. കൊച്ചുറാണിക്കുഞ്ഞു് ചെന്ന് ഫുല്ലകുമാരിയേ ഉണ്ണുവാൻ വിളിച്ചു. അമ്മയും മകളും കൂടിയാണ് അവിടേ വന്നതു്. തൻേറ ഇളയ മരുമകൾ അവിടേ ഇല്ലാതിരിക്കുന്നതു് ആ അമ്മ ആദ്ര്യംതന്നേ കണ്ടു.

„ആ തമ്പുരാട്ടി എവിടേയാണ്. തിരുമനസ്സിലേക്ക് ഇവിടേ എഴുന്നള്ളുന്നതു്, അന്തസ്സിന്നു് ഹാനിയാകുമോ ?" —എന്നു് പുച്ഛിച്ചുകൊണ്ടു് പരുഷസ്വരത്തിൽ ചോദിച്ചു.

„അമ്മയ്ക്കു് പനിയാണ്. അവർ അവിടേ കിടക്കുന്നു" എന്നു് കൊച്ചുറാണി പറഞ്ഞു.

„ഇതെല്ലാം നാട്യമാണ്. വല്ല ജോലിയുമുണ്ടായാൽ അവൾ വീണുകിടക്കുക പതിവാണ്."

ഫുല്ലകുമാരിക്ക് വല്യതായ ഉൽകണ്ഠയായി. ലജ്ജാധിക്യത്താല് കഠിനമായ രോഗമില്ലെന്നിരിക്കിൽ, ഭോജനകാലത്തു് അവൾ ഇവിടേ ഉണ്ടാവാതിരിക്കയില്ലെന്ന് ഫുല്ലകുമാരി നിശ്ചയിച്ചു.

„രാവിലേ മുതല്ക്കേ അവൾക്ക് പനിയുണ്ടു്. അടുക്കളയിൽ കടന്ന് ജോലി ചെയ്തതുകൊണ്ടു് ദേഹം ക്ഷീണിച്ചിരിക്കാം. അവളുടെ ജ്വരം ഒട്ടും കഠിനമാവാതിരിക്കട്ടേ."

„ഫുല്ലകുമാരി, നീ വല്ലാത്തൊരു മട്ടിലാണ് സംസാ

രിക്കുന്നതു്. നീ എന്തിനാണു് രോഗത്തേപ്പററി, വേണ്ടാത്തതെല്ലാം വിചാരിക്കുന്നതു്? പ്രത്യേകിച്ചു്, ഈ സമയത്തു്? അവൾക്കു് പുരുക്കത്തിലൊരു തലവേദനയുണ്ടായിരിക്കാം. അതിലേക്കു് അവൾ ഇങ്ങിനേ കിടക്കുന്നതെന്തിനാണു? ഇതെല്ലാം പ്രഭു കുഡുംബത്തിലാണെങ്കിലേ ആകാവൂ. ഞങ്ങളുടേ സ്ഥിതിയിലുള്ളവക്കു് ഇത്തരം സമ്പ്രദായങ്ങളൊന്നും പററുകയില്ല.''

ഫുല്ലകുമാരി നിശ്ശബ്ദയായി. പ്രാതൽ കഴിഞ്ഞതിൽപ്പിന്നേ അവൾ ലജ്ജാവതിയുടേ മുറിയിലേക്കു പോയി. അവളുടേ അമ്മ സ്വേച്ഛയാ അവളേ പിന്തുടന്നു.

ലജ്ജാവതിയുടേ നെററിയിൽ ഫുല്ലകുമാരി കൈവെച്ചു നോക്കി.

"ഇവളുടേ നെററി തീപ്പോലേ പൊള്ളുന്നു. തണുപ്പുകൊണ്ടു് ഇവൾ വിറയ്ക്കുന്നു. ഇവളുടേ പുതപ്പു് പിന്നേയും കാണുന്നില്ലല്ലോ. ഇന്നലേ രാത്രി ഇവൾക്കു് പുതപ്പേയുണ്ടായിരുന്നില്ല. രാത്രി മുഴുവൻ ഇവൾ തണുപ്പേററിട്ടുണ്ടു്. അതുകൊണ്ടായിരിക്കാം ഇവൾ ഇന്നു് ഇങ്ങിനേ മെത്തയിൽ കിടപ്പിലായതു്''—എന്നിങ്ങിനേ മനസ്സിളകിക്കൊണ്ടു് ഫുല്ലകുമാരി പറഞ്ഞു.

ലജ്ജാവതിക്കു്, വാസ്തവത്തിൽ, രോഗമുണ്ടെന്നു് ഗൃഹനായിക ഇപ്പോൾ അറിഞ്ഞു. എന്നിട്ടും, ആ സ്ത്രീ കഠോരചിത്തയായിരുന്നതേയുള്ളു.''

"ഞാൻ കൊടുത്ത പുതപ്പു് ഈ രാജകുമാരി മടക്കിയയച്ചു. സ്വന്തം പുതപ്പില്ലാതേ ഒരു രാത്രിപോലും ഇവൾക്കു് കഴിച്ചുകൂട്ടുവാൻ കഴിയുമോ! ഇവളുടേ പുതപ്പെടു

ത്തു് അതിന്നു പകരം മററൊന്നു കൊടുത്തതുകൊണ്ടു് ഇവറം രോഗത്തിൽ വീണുപോയി!"

പുതപ്പിൻേറ ഏല്പ്പാടിനേപ്പററി പാവപ്പെട്ട ലജ്ജാവതി ഒരു വാക്കുപോലും കേട്ടിട്ടില്ല. രാവിലേ കിടയ്ക്ക മടക്കിവെക്കുമ്പോറം അവറം അവിടേ ഒരു പുതപ്പു കിടക്കുന്നതു കണ്ടു. അതു് തൻേറതല്ലായ്കയാൽ, ദാസി വേറേയേതോ ഒന്നു് തെററായി എടുത്തുകൊണ്ടു വന്നു് വെച്ചതായിരിക്കാമെന്നു് കരുതി, അതു് കൊച്ചുറാണി വഴിക്കു് തിരിച്ചയയ്ക്കയാണുണ്ടായതു്.

ഇതിനേപ്പററി മററൊന്നും കേറംക്കുവാൻ പുല്ലുകുമാരിക്കു് ഇഷ്ടമുണ്ടായില്ല.

"അക്കാൎയ്യം വിട്ടുകളയുക. കാണാതേയായിരിക്കുന്ന പുതപ്പു് എവിടേയാണെന്നു് അന്വേഷിക്കമാത്രം ചെയ്താൽ മതി."

അവളുടേ അമ്മ ആ മുറിയിൽ നിന്നുപോയി. ആ രണ്ടു നാത്തൂൻമാർ മാത്രം അവിടേ തനിച്ചായി. മനോജ്ഞമെങ്കിലും പാണ്ഡുരമായ ആ മുഖം കണ്ടപ്പോറം പുല്ലുകുമാരിക്കു് വലുതായ മനോവേദനയുണ്ടായി.

"കഷ്ടം! അടുക്കളയിൽ കടക്കുന്നതിൽ ഞാൻ നിന്നേ എന്തുകൊണ്ടു് തടഞ്ഞില്ല! അങ്ങിനേ ചെയ്തിരുന്നുവെങ്കിൽ നീ ഇപ്പോറം ഇങ്ങിനേ രോഗത്തിലാകയില്ലായിരുന്നു."

ലജ്ജാവതിയുടേ മഞ്ജുളനയനങ്ങറം നനഞ്ഞു.

"അല്ലാ, ചേച്ചീ, അല്ലാ. അതല്ലാ എൻേറ രോഗത്തിൻേറ കാരണം. നിങ്ങറം ഇനിയൊരിക്കലും എന്നോടു്

ദേഷ്യപ്പെട്ടുകയില്ലെന്നു് പറയൂ. നിങ്ങൾ കോപിച്ചിരിക്കുന്നുവെന്നു് വിചാരിക്കുവാൻ എനിക്കു് ശക്തിയില്ലാ; ഒട്ടും ശക്തിയില്ല."

ആ കൊച്ചു വിലോല വിഗ്രഹത്തേ ഫുല്ലകുമാരി കെട്ടിപ്പുണരുകയും, തൻേറ കണ്ണീരാൽ അവളുടേ കവിൾത്തടം നനയ്ക്കുകയും ചെയ്തു.

"ഇല്ലാ, ഒരിക്കലും നിന്നോടു് കോപിക്കയില്ല. അതിന്നു് എനിക്കു് എപ്പോഴെങ്കിലും കഴിയുമോ? എൻേറ കുഞ്ഞേ, നീ പറയൂ: ഞാൻ നിന്നേ ദുഃഖിപ്പിച്ചുവോ ?" .

ലജ്ജാവതി, പിന്നെയൊന്നും മിണ്ടിയില്ല. അവൾ തൻേറ കൈ ഫുല്ലകുമാരിയുടേ മാറിടത്തിൽ വെച്ചു്, മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത വിധം അത്രയും കരഞ്ഞുതുടങ്ങി. അതേ; എടോ, പാവപ്പെട്ട കുട്ടി, നീ കരയുക; നിനക്കു് മതിയാകുവോളം കരയുക! നിൻേറ ഈ ചുരുങ്ങിയ ജീവിത കാലത്തു് വളരേ കണ്ണീർ നീ ഒഴുക്കീട്ടുണ്ടു്. എന്നാൽ, ഇത്രയും പരിശുദ്ധവും സത്യാത്മകവുമായ ഹൃദയത്തിൻേറ മുമ്പിൽ നീ ഒരിക്കലും കരഞ്ഞിട്ടില്ല. അതുകൊണ്ടു്, ഇപ്പോൾ കരഞ്ഞുകൊള്ളുക. ഇനി നിനക്കു് കരയേണ്ടി വരികയില്ല.

അവളുടേ ഭർത്താവും ഫുല്ലകുമാരിയും അവൾക്കു് വാക്കുകൊടുത്തതുപോലേ തന്നേ ഒടുവിൽ കലാശിച്ചു. ഫുല്ലകുമാരിക്കു് അവളോടു്, പിന്നീടു്, ഒരിക്കലും കോപിക്കേണ്ടി വന്നില്ല. അവളുടേ ഭർത്താവിന്നു് അവളേ, അതിൽപ്പിന്നേ, ഒരിക്കലും ശകാരിക്കേണ്ടിവന്നതുമില്ല. ഏതാനും നാൾ കഴിഞ്ഞപ്പോൾ, ശീതളമയമായ ഒരു വിഗ്രഹത്തേ

അതിൻേറ വിശ്രാമസ്ഥാനം കാണുവാൻ വീട്ടിൽ നിന്ന് ചിതയിലേക്ക് എടുത്തുകൊണ്ടുപോയി. ആ തൊട്ടാൽവാടികുഞ്ഞു് കഥാവശേഷയായിയെന്നു് ലോകം അറിഞ്ഞു.

ആ ഹൃദയശൂന്യയായ ശത്രു! ഈ സംഭവം, ഒട്ടക്കം, ആ സ്ത്രീയുടേ ഹൃദയത്തേ സ്പൎശിച്ചുവോ? ആരറിഞ്ഞു! തീവ്രമായ പരിദേവനത്തിന്നു് ആ സ്ത്രീ ഇടയുണ്ടാക്കിത്തീൎത്തിട്ടും, വീണ്ടും, ആ മൃതബാലികയേ പഴിച്ചു. ആ ഗൃഹനായിക പാടിക്കൊണ്ടിരുന്നതു് എപ്പോഴും ഒന്നു തന്നേ.

„സ്വന്തം കുററംകൊണ്ടു തന്നേ അവൾ സ്വന്തം ജീവിതം നശിപ്പിച്ചു. കോപവൃത്തികൊണ്ടു് അവൾ പുതപ്പെടുത്തു് ഉപയോഗിച്ചില്ല. അവൾ ജ്വരത്താൽ കിടപ്പിലായിട്ടും, അതു് ഞങ്ങളേ അറിയിക്കാതിരിക്കുവാൻ തക്കവണ്ണം അത്ര താന്തോന്നിയായിരുന്നു അവൾ.‟

ഈ അഭിപ്രായം, ആ സ്ത്രീയുടേ ഇപ്പൊഴത്തേ ഏക്കസ്നുഷയിൽ മാറെറാലിക്കൊണ്ടു. പരിദേവനത്തിൽ സഹകരിച്ചാ പങ്കുകൊണ്ട ഭൃത്യവൎഗ്ഗം ആ ശത്രുവിൻേറ വാക്കുകളേ ആവൎത്തിച്ചു.

ഏല്ലകുമാരിയോ? ഹാ, തൊട്ടാൽ വാടികുഞ്ഞേ, ജീവിതം നിനക്ക് ഒരനുഗ്രഹം തന്നിട്ടുണ്ടു. ഈ ലോകത്തേ വെടിഞ്ഞുപോകുന്നവർ, അവൎക്കായി ചൊരിഞ്ഞിട്ടുള്ള ഹാൎദ്ദമായ ശോകാശ്രു ധാരയിൽ സ്വാസ്ഥ്യം കാണും. അങ്ങിനേ, ലജ്ജാവതിയുടേ ജീവിതത്തിന്നു് അതു് അൎഹിക്കുന്ന പ്രതിഫലം കിട്ടും. സത്യശുദ്ധവും, സ്ഥിരപ്രേമപൂൎണ്ണവുമായ ഹൃദയത്തിൽനിന്നു മാത്രം ഉണ്ടാകാ

വുന്ന അത്തരം കണ്ണീർ ഒരു സ്ത്രീ അവൾക്കായി കരഞ്ഞു ചൊരിഞ്ഞിട്ടുണ്ട്. പരിദേവന ഘോഷത്തിൽ പുല്ലകുമാരി ചേരുകയുണ്ടായില്ല. തീവ്രശോകമാണ് അവളേ ബാധിച്ചിരുന്നതു്. അതുകൊണ്ടു്, അവൾ ഒരിടത്തു് തനിയേയിരുന്നു.

ഹാ, എന്തുകൊണ്ടു്? എന്തുകൊണ്ടു്? ഞാൻ എന്തുകൊണ്ടു് വിരോധിച്ചില്ല? അടുക്കളയിൽ കടക്കുവാനും ജോലി ചെയ്യുവാനും ആ രോഗിണിയായ ബാലികയേ ഞാൻ എന്തുകൊണ്ടു് വിട്ടയച്ചു? എനിക്കു് മാപ്പുതരുവാനായി ഒന്നു ചോദിക്കുന്നതിന്നെങ്കിലും ആ ഇളയ വിലോലവിഗ്രഹത്തേ എന്റേ ഹൃദയത്തോടു് ചേർത്തു് ആശ്ലേഷിക്കുവാൻ—ഇങ്ങോട്ടു് അത്യധികം സ്നേഹിക്കയും, അതിന്നു് പകരമായി അല്പം മാത്രം സ്നേഹം ലഭിക്കയും ചെയ്തിട്ടുള്ള—പ്രേമത്തിന്നായി ദാഹിച്ചുഴറിയ അവളേ അന്ത്യമായി ഒന്നു് പുണരുവാൻ, ഹാ, എനിക്കു് കഴിയുമോ? എന്നീ ചോദ്യങ്ങൾ പുല്ലകുമാരിയുടേ ഹൃദയത്തിൽ ഉയർന്നു.

ഇങ്ങിനേയാണു് പുല്ലകുമാരിയുടേ ഗൃഹാഗമനം കലാശിച്ചതു്. ലജ്ജാവതിയുടേ ഹൃദയത്തിൽ അതു് ഹർഷോന്മാദം നിറച്ചു. നിശ്ശബ്ദം പീഡിതമായിക്കൊണ്ടിരുന്ന ആത്മാവിന്നു് അതു് നിത്യശാന്തിയുണ്ടാക്കി. കഷ്ടം! ആ ഗൃഹാഗമനം അങ്ങിനേ ശോകത്തിൽ കലാശിച്ചു. ആ ശോകം പുല്ലകുമാരിയേ അവളുടേ അന്ത്യദിനംവരേക്കും പിന്തുടരും.

---

Mb

B79

17 DEC 1942